VI. ധനകാര്യം

2005-06 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിനെക്കുറിച്ചുള്ള പൊതു ചർച്ച

[അദ്ധ്യക്ഷവേദിയിൽ ശ്രീ. എം. എം. ഹസ്സൻ]

മി. ഡെപ്യൂട്ടി സ്പീക്കർ : ഞാൻ ഈ ബഡ്ജറ്റിനെ സ്വാഗതം ചെയ്യുന്നു. 1972-നു ശേഷം ഒരു സമ്പൂർണ്ണ ബഡ്ജറ്റ് പാസ്സാക്കാനുള്ള ഭാഗ്യം നമുക്ക് ലഭിച്ചിരിക്കുന്നു. ഇതിന് മുൻകൈയെടുത്ത ഗവൺമെന്റിനേയും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയേയും അഭിനന്ദിക്കാതിരിക്കാൻ സാധ്യമല്ല. ഈ ബഡ്ജറ്റ് സാധാരണക്കാർക്ക് ഒരു പ്രത്യേക നികുതിഭാരം അടിച്ചേൽപിക്കാത്ത ബഡ്ജറ്റാണ്. ഇത് സാധാരണക്കാരെ കഴിയുന്നിടത്തോളം നികുതിയിൽനിന്നും ഒഴിവാക്കിയിട്ടുള്ള ബഡ്ജറ്റാണ്. പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് ചെയ്യാവുന്ന പരമാവധി കാര്യങ്ങൾ.ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ ധനകാര്യ വകുപ്പുമന്ത്രി ശ്രമിച്ചിട്ടുണ്ട്. ഈ ഫുൾ ബഡ്ജറ്റിലൂടെ സംസ്ഥാനത്ത് നേട്ടങ്ങളുണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുന്നു. പ്രത്യേകിച്ച് വികസന പ്രവർത്തനങ്ങൾക്ക് സഹായകരമായിരിക്കും. ഇതിനുമുൻപ് മാർച്ച് മാസത്തിലാണ് വികസനം തകൃതിയായി നടക്കുന്നത്. അത് ഒഴിവാക്കണം. ഇതിൽ പല നല്ല നിർദ്ദേശങ്ങളും അടങ്ങിയിട്ടുണ്ട്. അതിൽ ഒന്ന് കാർഷിക മേഖലയ്ക്ക് നൽകിയിട്ടുള്ള ഊന്നലാണ്.

സർ, തരിശിട്ടിരിക്കുന്ന പതിനായിരം ഹെക്ടർ നെൽപ്പാടങ്ങളിൽ കൃഷി ആരംഭിക്കാൻ പോകുകയാണ്. യുവാക്കൾക്ക് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാൻ വേണ്ടിയാണിത്. അത് നല്ല കാര്യമാണ്. അതുപോലെതന്നെ 'പശുഗ്രാമം' പദ്ധതി, തലസ്ഥാനത്തിന് നൽകിയിട്ടുള്ള പ്രാധാന്യം, കുടുംബശ്രീ പദ്ധതിക്ക് കൊടുത്തിട്ടുള്ള പ്രാധാന്യം, പഞ്ചായത്തുതോറും വൃദ്ധസദനങ്ങൾ, നഗരത്തിൽ ഒരു നാട്ടിൻപുറം പദ്ധതി തുടങ്ങിയ നിരവധി നല്ല നിർദ്ദേശങ്ങൾ ബഡ്ജറ്റിലുണ്ട്. ഇത്തരം നല്ല നിർദ്ദേശങ്ങളെല്ലാമുണ്ടെങ്കിലും ഒരു കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇത് പ്രാവർത്തികമാക്കാനും പൂർത്തിയാക്കാനുമുള്ള ആർജ്ജവം ഗവൺമെന്റിനുണ്ടാകണം. സാമ്പത്തിക നില ഭദ്രമാണെന്ന് അവകാശപ്പെടാൻ പറ്റാത്ത അവസ്ഥയാണുള്ളത്. അതെല്ലാവർക്കും അറിയാം. റവന്യൂ വരവും റവന്യൂ ചെലവും റവന്യൂ കമ്മിയും നോക്കുമ്പോൾ ഇത് വളരെ വ്യക്തമാണ്. പ്രഖ്യാപിച്ച പദ്ധതിച്ചെലവുകൾ 61.94 കോടി രൂപയോളം വരുന്നുണ്ട്. ഈ സാഹചര്യത്തിൽ ചില പ്രധാനപ്പെട്ട കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ടത്, ...

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ഡെപ്യൂട്ടി സ്പീക്കർ പ്രസംഗിക്കുമ്പോൾ കേരള നിയമസഭയുടെ ചരിത്രത്തിൽ സ്പീക്കറല്ലാതെ വേറൊരാൾ അദ്ധ്യക്ഷം വഹിച്ചിട്ടില്ല. ഇതൊരു നടപടി പിശകാണ്. അങ്ങനെ അനുവദിക്കുന്നത് മോശമാണ്. ഡെപ്യൂട്ടി സ്പീക്കർ പ്രസംഗിക്കുമ്പോൾ സ്പീക്കർ തന്നെ അദ്ധ്യക്ഷം വഹിക്കണം. അങ്ങ് ചെയർമാനായി അദ്ധ്യക്ഷപദവി വഹിക്കുന്നത് ശരിയല്ല. അങ്ങയോടുള്ള അനാദരവ് കൊണ്ടല്ല, അങ്ങനെയുണ്ടായിട്ടില്ല. ഒരു പ്രൊസീഡുവറാണ് പറയുന്നത്.

ശ്രീ. എൻ. സുന്ദരൻ നാടാർ: സർ, ഞാൻ അത് സൂചിപ്പിക്കേണ്ടതാണ്. ഈ സാഹചര്യത്തിൽ ചില പ്രധാനപ്പെട്ട കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ടത് റവന്യൂ വരുമാനം കൂട്ടണം, റവന്യൂ ചെലവ് കുറയ്ക്കണം.

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തികമായ അച്ചടക്കം കർശനമായി പാലിക്കണം. പല തട്ടുകളിലായി നികുതിയിനത്തിലും മറ്റിനത്തിലുമായി സർക്കാരിന് കിട്ടേണ്ട തുക കിട്ടാതിരിക്കുന്ന അവസ്ഥ നിലവിലുണ്ട്. ഉദാഹരണമായി, നമ്മുടെ ചെക്ക് പോസ്റ്റുകളിലെ ചോർച്ചയെപ്പറ്റി നാം പലപ്പോഴും ചർച്ച ചെയ്തിട്ടുള്ളതാണ്. ഇതുവരെ പരിഹാരം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. റവന്യൂ വരുമാനം കൂട്ടുന്നതോടൊപ്പം ചെലവ് ചുരുക്കുന്നതിനുള്ള നടപടികളും ശുഷ്ക്കാന്തിയോടുകൂടി സ്വീകരിക്കണം. ഉന്നതതലത്തിലുള്ളവർ സാമ്പത്തിക അച്ചടക്കം പാലിക്കുന്ന കാര്യത്തിൽ മാതൃക കാണിച്ചുകൊടുക്കണം. സ്വർണ്ണ വ്യാപാര രംഗത്ത് നിന്നും ഗവൺമെന്റിന് ലഭിക്കേണ്ട ന്യായമായ നികുതി ഇന്ന് ലഭിക്കുന്നില്ലായെന്നുള്ളത് പരിശോധിക്കേണ്ടതാണ്. സ്വർണ്ണ വ്യാപാരികളിൽ നിന്നുള്ള ചോർച്ച ഇവിടെയുണ്ട്. എല്ലാവർക്കും അറിയാവുന്നതാണ്. ഗവൺമെന്റിന് കിട്ടേണ്ട നികുതിയും കിട്ടുന്നില്ല; സ്വർണ്ണത്തൊഴിലാളികൾക്ക് തൊഴിലും നഷ്ടപ്പെടുകയാണ്. അവർ തൊഴിലില്ലാതെ അലയുകയാണ്. ഇന്ന്, യഥാർത്ഥത്തിൽ സ്വർണ്ണ വ്യാപാരികളുടെ ജോലി മാർവാഡികളിൽ നിന്നും സാധനമെടുത്തുകൊണ്ടുവന്ന് കൊള്ള ലാഭം ഉണ്ടാക്കുന്ന ഏർപ്പാടാണ്. അത് ഗവൺമെന്റ് മനസ്സിലാക്കണം. അവർ നൽകിക്കൊണ്ടിരിക്കുന്ന ടാക്സ് ഇന്ന് ഒരു ശതമാനമായി കുറച്ചിരിക്കുന്നു. അതെനിക്ക് മനസ്സിലാകുന്നില്ല. അത് പഴയ രീതിയിലാക്കണം. ഒരു ശതമാനം എന്നുള്ളത് മാറ്റി പഴയതിലോട്ട് പോകണം. വലിയ തുകകൾക്ക് സ്റ്റേ കൊടുക്കരുത്. ക്ഷേമപ്രവർത്തനങ്ങൾ നല്ലതാണ്. ഇൻഡ്യയിലെ ഒരു മാതൃകാ സ്റ്റേറ്റ് കേരളമാണ്. പക്ഷേ വരവും ക്ഷേമപ്രവർത്തനങ്ങളും തമ്മിൽ പൊരുത്തപ്പെടണം. ക്ഷേമപ്രവർത്തനങ്ങൾക്ക് നൽകുന്ന തുക അർഹതയുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തണം. ഭൂരിപക്ഷം വരുന്ന അസംഘടിതരായ പാവപ്പെട്ടവരെ അവഗണിച്ചുകൊണ്ട് സംഘടിത വിഭാഗങ്ങൾക്കുമാത്രം നൽകുന്ന ആനുകൂല്യങ്ങൾ, ആ ശൈലിക്ക് മാറ്റം കൂടിയേ തീരൂ. തൊഴിലില്ലാതെ നിത്യവൃത്തിക്ക് നിവൃത്തിയില്ലാതെ കിടപ്പാടം പോലുമില്ലാതെ കഴിയുന്ന ലക്ഷക്കണക്കിനാളുകൾ ഇവിടെയുണ്ട്. അത്തരക്കാരെ മറക്കരുത്. കഴിഞ്ഞ ഡിസംബർ 26-ാം തീയതി അപ്രതീക്ഷിതമായുണ്ടായ സുനാമി ദുരന്തം നേരിടുന്നതിൽ നാം കാണിച്ച ഒരുമ മാതൃകാപരമാണ്. എല്ലാം മറന്ന് സർക്കാർ ജീവനക്കാരും ഗവൺമെന്റും പൊതുപ്രവർത്തകരും രാഷ്ട്രീയ പ്രവർത്തകരുമടക്കമുള്ളവർ കാഴ്ചവച്ച പ്രവർത്തന ശൈലി നാം ഓർക്കേണ്ടതാണ്. മറ്റെല്ലാ രംഗങ്ങളിലും അത് അനുകരിക്കേണ്ടതാണ്. ഇത്തരമൊരു പ്രവർത്തനശൈലി കേരളത്തിന്റെ പുരോഗതിക്ക് ഒരു മുതൽക്കൂട്ടായിരിക്കും. കാർഷികമേഖലയിൽ, കാർഷികോൽപ്പാദനത്തിലും കൃഷിയിൽ നിന്നുള്ള വരുമാനത്തിലും നാം പിന്നോക്കം പോയിക്കൊണ്ടിരിക്കുന്നു. കാർഷികരംഗത്ത് തകർച്ചയാണ് പ്രകടമാകുന്നത്. ഇക്കണോമിക് റിവ്യൂവിൽ അത് പ്രത്യേകം ചൂണ്ടിക്കാണിക്കുന്നു. എങ്കിലും ഈ ബഡ്ജറ്റിലൂടെ നമുക്ക് ഇതിനെ അതിജീവിക്കാൻ കഴിയണം. കൃഷിയെപ്പറ്റി ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള ചില കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുകയാണ്. തൊഴിൽ രഹിതരായ യുവതീ-യുവാക്കളെ കാർഷിക രംഗത്തേയ്ക്ക് ആകർഷിച്ച് തൊഴിൽ ലഭ്യമാക്കുന്ന വാഗ്ദാനം നല്ലതാണ്. ഇത്തരം വാഗ്ദാനങ്ങൾ ഇതിനു മുമ്പും ഉണ്ടായിട്ടുണ്ട്. ആയിരം രൂപ വീതം ഒരു ലക്ഷം യുവാക്കളിൽ നിന്ന് വാങ്ങി ബാങ്കിൽ ഇടുകയും ഇതുവരെ തൊഴിൽ ലഭിക്കാതിരിക്കുകയും ചെയ്യുന്ന സ്ഥിതിപോലെയാകരുത്.

LIBRARY ARCHIVES Kerala Legislative Assembly

ഈ വാഗ്ദാനം പ്രായോഗികമാക്കാനുള്ള ആർജ്ജവം ഗൺമെന്റിനുണ്ടാകണം. തരിശിട്ടിരിക്കുന്ന പതിനായിരം ഹെക്ടർ നെൽപ്പാടങ്ങൾ യുവശക്തി ഉപയോഗപ്പെടുത്തി കൃഷി ചെയ്യുമെന്ന് പറഞ്ഞിട്ടുണ്ട്. അതിനുള്ള ഇച്ഛാശക്തി ഗവൺമെന്റ് കാണിക്കണം. പ്രഖ്യാപനങ്ങളിൽ ഒതുങ്ങരുത്. ഒരു പ്രധാനപ്പെട്ട കാര്യം കാർഷിക മേഖലയെക്കുറിച്ച് പറയാൻ ആഗ്രഹിക്കുന്നു. കാർഷികവിള എന്നാൽ നാം എടുത്തിരിക്കുന്നത് നാണ്യവിളകളെയാണ്. അതിനാണ് പ്രാധാന്യം കൊടുക്കുന്നത്. ആ തെറ്റായ ധാരണ വച്ചുപുലർത്തരുത്. അതു മാറണം. നാണ്യ വിളകൾക്ക് കൊടുക്കുന്ന പ്രാധാന്യം ഭക്ഷ്യ വിളകൾക്കും നൽകണം. ഭക്ഷ്യ കാര്യത്തിൽ അന്യ സംസ്ഥാനങ്ങളെയാണ് നാം ആശ്രയിച്ചുകഴിയുന്നത്. കാർഷിക മേഖലയ്ക്കുവേണ്ടി കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ കോടിക്കണക്കിന് രൂപ നൽകുന്നു. ഈ ആനുകൂല്യങ്ങൾ അർഹതയുള്ള കൃഷിക്കാർക്ക് കിട്ടുന്നില്ല. അത് അർഹതയുള്ള കൃഷിക്കാർക്ക് കിട്ടണമെങ്കിൽ വിവിധ ഏജൻസികളിലൂടെ നൽകുന്ന ആനുകൂല്യങ്ങൾക്ക് ഒരു കോ-ഓർഡിനേഷൻ ഉണ്ടാകുകയും ഇതിനെക്കുറിച്ച് പരിശോധിക്കുകയും വേണം. ഇനി തെങ്ങു കൃഷിയുടെ കാര്യമാണ് പറയാനുള്ളത്. ഒരു കാലഘട്ടത്തിൽ ഇൻഡ്യയിൽ 60% നാളികേരവും വിളയുന്നത് കേരളത്തിലായിരുന്നു. ഇന്ന് പലവിധ രോഗങ്ങൾമൂലം തെങ്ങുകൃഷി തകർന്നുകൊണ്ടിരിക്കുകയാണ്. കാറ്റുവീഴ്ചയാണ് ഒരുദാഹരണം. കാറ്റുവീഴ്ച കണ്ടുപിടിക്കുന്നതിനുവേണ്ടി ഗവേഷണം നടത്തിയതിന് ചെലവായ തുക എത്രയാണെന്ന് ഗവൺമെന്റ് വ്യക്തമാക്കണം. കോടിക്കണക്കിന് രൂപ ഇതിനായി ചെലവായിട്ടുണ്ട്. അവസാനം ഒരു ലക്ഷ്യത്തിൽ നമ്മളെത്തി. പോസ്റ്റ്മോർട്ടം നടത്തി അത് വെട്ടിമുറിച്ചുകളയണമെന്നുള്ളതിൽ നാം എത്തിയിരിക്കുകയാണ്. 'നഗരത്തിൽ ഒരു നാട്ടിൻപുറം' എന്ന പദ്ധതിയെ സ്വാഗതം ചെയ്യുന്നു. പക്ഷേ ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കണം. സ്ക്കൂളുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും യുവതലമുറയെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനായി സ്ക്കൂൾ വളപ്പുകളിലും വീടുകളിലും കൃഷിയെ പ്രോൽസാഹിപ്പിക്കാനുള്ള പദ്ധതിക്ക് ഊന്നൽ നൽകണം. കാർഷിക വരുമാനം കുറഞ്ഞപ്പോൾ കാർഷികേതര വരുമാനം വർദ്ധിപ്പിക്കാനാണ് നാം കാലിവളർത്തൽ പദ്ധതി ആരംഭിച്ചത്. അങ്ങേയ്ക്ക് അതിനെക്കുറിച്ച് പ്രത്യേകിച്ച് അറിയാം. അങ്ങ് അന്ന് കൃഷിവകുപ്പുമന്ത്രിയായിരുന്നു. സ്വിറ്റ്സർലന്റിന്റെ സഹായത്തോടുകൂടി ഒരു ധവള വിപ്ലവം ആരംഭിച്ചപ്പോൾ പലരും അതിനെ കൂകി വിളിച്ചിരുന്നു. പക്ഷേ അത് ഇന്നൊരു വലിയ ശക്തിയാണ്. 15 ലക്ഷം കൃഷിക്കാരും മൂവായിരത്തോളം സംഘങ്ങളും പതിനായിരത്തിലേറെ ജീവനക്കാരുമുള്ള ഒരു സംസ്ഥാനം. പക്ഷേ ഇന്ന് അത് തകർച്ചയിലാണ്; പ്രതിസന്ധിയിലാണ്. ഗുണമേന്മയില്ലാത്ത പാൽ അന്യ സംസ്ഥാനങ്ങളിൽ നിന്ന് ഇവിടെ കൊണ്ടുവന്ന് വില കുറച്ച് വിറ്റഴിക്കുന്നു. അതു പരിശോധിക്കണം; തടയണം. കാലാകാലങ്ങളായി തലസ്ഥാന നഗരിയെ അവഗണിച്ചിരിക്കുകയായിരുന്നു. അതിനൊരു മാറ്റം വരുത്താൻ ധനകാര്യവകുപ്പുമന്ത്രി കാണിച്ച തന്റേടവും താൽപ്പര്യവും പ്രശംസനീയമാണ്. ഭക്ഷ്യരംഗത്തെക്കുറിച്ച് ഒരു കാര്യം പറയാനുണ്ട്. നമ്മുടെ സംസ്ഥാനത്തെ റേഷൻകടകൾ തുറക്കാത്ത പതിവുണ്ട്; ദിവസേന ഞാൻ കാണുന്നതാണ്. പക്ഷേ റേഷൻ വാങ്ങുന്നത് പാവപ്പെട്ടവരാണ്. കിട്ടുന്ന അരിയുടേയും ഗോതമ്പിന്റേയും മണ്ണെണ്ണയുടേയും തൂക്കം കുറയ്ക്കാതെ കൊടുക്കണം. അതുപോലെ പൊതുവിദ്യാഭ്യാസം. പൊതു വിദ്യാഭ്യാസത്തിന് ഭാരിച്ച തുകയാണ് നാം

LIBRARY ARCHIVES Kerala Legislative Assembly

ചെലവാക്കുന്നത്. അത് എത്രത്തോളം പ്രയോജനപ്പെടുത്തുന്നു എന്നുള്ള കാര്യം ഗവൺമെന്റ് വിലയിരുത്തണം. അക്കാര്യം ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇന്ന് ഗവൺമെന്റ് സ്ക്കൂളുകളിലും എയ്ഡഡ് സ്ക്കൂളുകളിലും ഡിവിഷൻ ഫാൾ ഉണ്ടാകുന്നു. അൺ-എയ്ഡഡ് സ്ക്കൂളുകൾ തഴച്ചുവളരുന്നു. ഇതെന്താണെന്ന് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ? ഡിപ്പാർട്ട്മെന്റിനെക്കൊണ്ട് ഇത് ചെയ്യിച്ചിട്ടുണ്ടോ? ഡിവിഷൻ ഫാൾ തടയണം. കാരണം, ഡിവിഷൻ ഫാൾ ഉണ്ടാകുമ്പോൾ പാവപ്പെട്ട, അർഹതയുള്ള, വിദ്യാഭ്യാസം ചെയ്യാൻ കഴിവുള്ള, പണമില്ലാത്തതിന്റെ പേരിൽ കഷ്ടപ്പെടുന്ന കുട്ടികൾക്ക് ഗവൺമെന്റ് സ്ക്കൂളും എയ്ഡഡ് സ്ക്കൂളും ഉണ്ടായാലേ പറ്റൂ. അവർ അൺ-എയ്ഡഡ് സ്ക്കൂളിൽ പോകാൻ നിവൃത്തിയില്ലാത്തവരാണ്. അതിനെക്കുറിച്ച് അന്വേഷിക്കണം; അതു തടയണം. ഡിവിഷൻ ഫാൾ എന്തുകൊണ്ട് ഉണ്ടാകുന്നു? 1958-ൽ ജോസഫ് മുണ്ടശ്ശേരി വിദ്യാഭ്യാസവകുപ്പു മന്ത്രിയായിരുന്നപ്പോഴാണ് യുവജനോൽസവ പദ്ധതിക്ക് ഇൻഡ്യയിൽ തുടക്കം കുറിച്ചത്. ആ പദ്ധതി ഇന്ന് വളരുകയാണ്. പക്ഷേ ഒരു കാര്യം മറന്നിരിക്കുകയാണ്. സകല ഭാഷകൾക്കും അതിൽ പങ്കെടുക്കാം. നമ്മുടെ രാഷ്ട്രഭാഷയായ ഹിന്ദിയെ ഒഴിവാക്കിയതെന്താണെന്ന് മനസ്സിലാകുന്നില്ല. അടുത്ത വർഷമെങ്കിലും ഹിന്ദിയെ ഉൾപ്പെടുത്തണം. ഇപ്പോൾ ഹിന്ദിയെ ഉൾപ്പെടുത്തിയിട്ടില്ല. ആ അപാകത ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. അതുപോലെ തന്നെ, കലാകായിക രംഗങ്ങളിൽ ഗ്രാമപ്രദേശങ്ങളിലെ കുട്ടികൾക്ക് കഴിവുണ്ടാകണമെങ്കിൽ ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചറും മ്യൂസിക് അദ്ധ്യാപകരും ഉണ്ടാകണം. ഗവൺമെന്റ് കോടിക്കണക്കിന് രൂപ ചെലവഴിക്കുമ്പോൾ ഇത്തരം അദ്ധ്യാപകരെ ഒഴിവാക്കുന്നത് എന്തിനാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. അതു മാറ്റണം. എന്റെ മണ്ഡലത്തിലെ ചില കാര്യങ്ങൾ എനിക്ക് ഈ അവസരത്തിൽ മാത്രമേ പറയാൻ പറ്റുകയുള്ളൂ. അയിര ഹൈസ്ക്കൂളും തിരുപുറം ഹൈസ്ക്കൂളും പ്ലസ് ടൂ ആക്കി ഉയർത്തണം. 120 കൊല്ലം പഴക്കമുള്ള കൊടവിളാകം എൽ.പി.എസ്. പാഠശാലയിലുണ്ട്, അത് യു.പി.എസ്. ആയി ഉയർത്തണം. പൊറ്റയിൽക്കട, നെടുവാൻവിള, തിരുപുറം എന്നിവിടങ്ങളിലെ അൺഎയ്ഡഡ് സ്ക്കൂളുകൾക്ക് അംഗീകാരം കൊടുക്കണം. കുളത്തൂർ ടെക്ക്നിക്കൽ ഹൈസ്ക്കൂളിനെ ടെക്ക്നിക്കൽ ഹയർ സെക്കണ്ടറിയായി ഉയർത്തണം. എക്സൈസ് വകുപ്പിനെപ്പറ്റി ഒന്നുരണ്ട് കാര്യങ്ങൾ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. എക്സൈസ് വകുപ്പിന്റെ നവീകരണം പൂർത്തിയാക്കണം. ഇന്ന് എക്സൈസ് അക്കാഡമി വിഭാവനം ചെയ്തിട്ടുണ്ട്. അതിനെക്കുറിച്ച് ചില കാര്യങ്ങൾ പറയാതെ പോകുന്നത് ശരിയല്ല. എന്റെ നിയോജകമണ്ഡലത്തെപ്പറ്റി അങ്ങേയ്ക്കറിയാം. ഈ സംസ്ഥാനത്ത് കൂടുതൽ വ്യാജച്ചാരായവും സ്പിരിറ്റും കടത്തുന്നത് പാറശ്ശാലയിൽക്കൂടിയാണ്. അത് തടഞ്ഞേപറ്റൂ. ഞാൻ എം.എൽ.എ. ആയിരുന്നപ്പോഴും അതുപോലെതന്നെ ഇപ്പോഴും നിരവധി പരാതികൾ എക്സൈസ് കമ്മീഷണർക്ക് കൊടുത്തിട്ടുണ്ട്. പക്ഷേ ഒരു കാര്യവും നടന്നില്ല. ഇവിടെ മണിച്ചൻ സംഭവങ്ങളുണ്ടാകാതിരിക്കാൻ വേണ്ടി പല നടപടികളും ചെയ്യേണ്ടിയിരിക്കുന്നു. നിരവധി സ്പിരിറ്റ് ലോറികൾ ചെക്ക്പോസ്റ്റിൽക്കൂടി പോവുകയാണ്. അവർക്ക് മൊബൈൽ പൈലറ്റുകൾ മുമ്പേ പോകും. പോലീസും എക്സൈസും നാലഞ്ചുമൈൽ ഇപ്പുറത്തുവച്ച് എന്തെങ്കിലും ആക്സിഡന്റുണ്ടാകുമ്പോൾ മാത്രമാണ് പിടിക്കുന്നത്. അതിനുവേണ്ട ഏർപ്പാട്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യണം. അങ്ങ് ഈ വകുപ്പ് കൈകാര്യം ചെയ്യുമ്പോൾ ഇത്തരം കാര്യങ്ങൾ ചെയ്യണം. എക്സൈസ് വകുപ്പിനെമാത്രം കുറ്റം പറഞ്ഞിട്ട് കാര്യമില്ല. ആവശ്യത്തിന് strength ഇല്ല, ആവശ്യത്തിന് weapon ഇല്ല. മറ്റുള്ളതിനൊക്കെ വാരിക്കോരി കൊടുക്കുന്നുണ്ട്. ഒരു ഐ.ജി.യുടെ സ്ഥാനത്ത് ഇപ്പോൾ നൂറായിരം ഐ.ജി.മാരാണ്. ഒരു ഡിവൈ.എസ്.പി.യുടെ സ്ഥാനത്ത് കുറെ ഡിവൈ.എസ്.പി.മാർ. ജനങ്ങൾക്ക് പ്രയോജനകരമായ എക്സൈസ് വകുപ്പിൽ ആളില്ല. പി.എസ്.സി. ലിസ്റ്റുണ്ട്. അവരെ നിയമിക്കണം. എന്റെ നിയോജക മണ്ഡലത്തിന്റെ ബോർഡറിലുള്ള മുഴുവൻ കള്ളുഷാപ്പിലും സ്പിരിറ്റും വ്യാജച്ചാരായവും വിൽക്കുകയാണ്. പരാതി കൊടുത്താൽ അന്വേഷിക്കാൻ ഇവിടെയാരുമില്ല. എക്സൈസ് അസിസ്റ്റന്റ് കമ്മീഷണറോട് ചോദിച്ചപ്പോൾ എനിക്ക് മറുപടി തന്നത് അങ്ങനെയൊന്നും നടക്കുന്നില്ലെന്നാണ്. ഞാനിന്നലെ ഉച്ചക്കടയിൽക്കൂടി പോകുമ്പോൾ കൊല്ലങ്കോടു മുതൽ വിഴിഞ്ഞം വരെയുള്ള മത്സ്യത്തൊഴിലാളികൾ കൂടിച്ച് മദോന്മത്തരായി റോഡിൽ കിടക്കുകയാണ്. അന്വേഷിക്കാൻ പറ്റില്ല, സ്പിരിറ്റ് കൂടിയാണ്. അതിനെക്കുറിച്ചൊക്കെ അന്വേഷിക്കണം. അതുപോലെതന്നെ ഇപ്പോൾ പത്രങ്ങളിൽ വായിച്ചതാണ്, നേമം പോലീസ് സ്റ്റേഷനിലും പാറശ്ശാല പോലീസ് സ്റ്റേഷനിലും സൂക്ഷിച്ചിരുന്ന സ്പിരിറ്റ് കടത്തിക്കൊണ്ടുപോയപ്പോൾ ആക്സിഡന്റിൽപ്പെട്ട് പിടിച്ചു; രക്ഷപ്പെടാനുള്ള പഴുതുംകൂടി കൊടുത്തിട്ടുണ്ട്. അത് നിർത്തണം. പാറശ്ശാല ബോർഡറായതുകൊണ്ട് അവിടെ ഒരു എക്സൈസ് റേഞ്ച് ഓഫീസ് ആരംഭിക്കണമെന്ന് ഞാൻ മന്ത്രിയോട് ആവശ്യപ്പെടുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ പൊഴിയൂർ മേഖലയിൽ ഏതാണ്ട് 7000-ൽപ്പരം മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഇന്ന് മുഴുപട്ടിണിയിലാണ്. സുനാമിയുണ്ടായി മരണപ്പെട്ടില്ലെങ്കിലും, 6 ദിവസം അവർക്ക് താമസിക്കാനുള്ള സൗകര്യം ഗവൺമെന്റ് ഏർപ്പെടുത്തി. എല്ലാ വിഭാഗം ആളുകളുടേയും സഹായവുമുണ്ടായി. അവരുടെ മത്സ്യോപകരണങ്ങളും വീടുകളും നഷ്ടപ്പെട്ടു. തൊട്ടടുത്ത തമിഴ്നാട്ടിൽ 3000 രൂപ കൊടുത്തപ്പോൾ ഇവർക്ക് ഒന്നും കൊടുത്തില്ല. അവർക്ക് 1000 രൂപ കൊടുക്കണം. അവർക്ക് മീൻപിടിക്കാൻ നിവൃത്തിയില്ല, പട്ടിണിയാണ്. അതുകൊണ്ട് 6 മാസത്തെ സൗജന്യ റേഷൻകൂടി കൊടുക്കണം. പരുത്തിയൂർ-പൊഴിക്കര റോഡ്, ഉച്ചക്കട-പൊഴിയൂർ റോഡ്, പൊഴിയൂർ-തെക്കേകൊല്ലങ്കോട് റോഡ്,. പൊഴിയൂർ പി.എച്ച്.സി. കല്ലുവിള റോഡ് തുടങ്ങി മുഴുവൻ റോഡുകളും നഷ്ടപ്പെട്ടിരിക്കുകയാണ്. അതുപോലെതന്നെ കല്ലടുക്കുകളെല്ലാം ഇളകിപ്പോയി. കല്ലടുക്കുണ്ടാക്കണം, പുലിമുട്ട് സ്ഥാപിക്കണം. കല്ലടുക്കിനകത്തും പുറത്തും താമസിക്കുന്ന 250-ഓളം കുടുംബങ്ങളുണ്ട്. അവർക്ക് പുതിയ വീടുകളുണ്ടാക്കി കൊടുക്കണം. Rehabilitation പദ്ധതിയനുസരിച്ച് പൊഴിയൂർ-കൊല്ലംകോട്, പരുത്തിയൂർ-കൊല്ലംകോട് ഏരിയാകളിൽ സ്ഥലമെടുക്കുന്നതിന് 18 ലക്ഷം രൂപ മൂന്നു കൊല്ലമായി കളക്ടറേറ്റിൽ സൂക്ഷിച്ചിരിക്കുകയാണ്. ആ ഫണ്ടുപയോഗിച്ച് എന്തുകൊണ്ട് വീടുവയ്ക്കാനുള്ള സ്ഥലം വാങ്ങുന്നില്ല? അതിനുള്ള ഏർപ്പാടുണ്ടാക്കി കൊടുക്കണം. ആരോഗ്യമേഖലയെപ്പറ്റി പറയുമ്പോൾ നമുക്കെല്ലാവർക്കുമറിയാം, സർക്കാർ ആശുപത്രിയിലെ ശോച്യാവസ്ഥ. അത് കണ്ടില്ലെന്ന് നടിക്കരുത്. പാവപ്പെട്ടവരെ ചികിത്സിക്കാനുള്ള ആശുപത്രികളില്ല. ഇപ്പോൾ സ്വകാര്യ

LIBRARY ARCHIVES Kerala Legislative Assembly

ആശുപത്രികൾ തഴച്ചുവളരുന്നു. അതിന് ആരൊക്കെ പ്രേരണ കൊടുക്കുന്നു എന്നുള്ളത് എനിക്കറിയില്ല. ഗവൺമെന്റ് ആശുപത്രിയിലെ ചികിത്സാ സൗകര്യം വർദ്ധിപ്പിക്കണം. എന്റെ മണ്ഡലത്തിൽ 8 പി.എച്ച്. സെന്ററുകളുണ്ട്. ജനങ്ങൾ സൗജന്യമായി കൊടുത്ത സ്ഥലത്ത് കെട്ടിടം കെട്ടി പൂട്ടി താക്കോലുംകൊണ്ട് പോയിരിക്കുകയാണ്. അത് തുറന്നു പ്രവർത്തിപ്പിക്കണം. അവ ഐ.പി. യൂണിറ്റായി ഉയർത്തണം. ഇപ്പോൾ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി കരയാത്ത ആളുകളില്ല. പൊഴിയൂരിലെ പി.എച്ച്.സി.യിൽ ഒരു ഗൈനക്കോളജിസ്റ്റിനെ പോസ്റ്റ് ചെയ്യണമെന്ന് നിരവധി തവണ പറഞ്ഞതാണ്. ഇതുവരെ പോസ്റ്റ് ചെയ്തിട്ടില്ല. അവിടെ ഗൈനക്കോളജിസ്റ്റിനെ പോസ്റ്റ് ചെയ്യണം. അതുപോലെ പാറശ്ശാല പരശുവയ്ക്കൽ വില്ലേജിൽ ഒരു Midwifery Centre ഉണ്ട്. ചികിത്സാ സൗകര്യങ്ങളൊന്നുമില്ല. അത് പി.എച്ച്.സി. ആയി ഉയർത്തണം. പാറശ്ശാല മത്സ്യത്തൊഴിലാളികളും പനകയറ്റ തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന സ്ഥലമാണ്. അവിടെ ഒരു മർമ്മ ആശുപത്രിയും സിദ്ധ ആശുപത്രിയും തുറക്കണം. ആയുർവേദ ആശുപത്രിയില്ലാത്ത കുളത്തൂർ, കൊല്ലയിൽ എന്നീ പഞ്ചായത്തുകളിൽ ഓരോ ആയുർവേദ ആശുപത്രി തുറക്കണം. കെ.എച്ച്.ആർ.ഡബ്ലിയു.എസ്-ന്റെ ഒരു ജനതാ പേവാർഡ് പാറശ്ശാല ആശുപത്രിയിൽ തുടങ്ങണം. അങ്ങയുടെ കാലത്താണ് പാറശ്ശാല ആശുപത്രി താലൂക്ക് ആശുപത്രിയാക്കിയത്. അത് ഉയർത്താനുള്ള സൗകര്യമുണ്ടാകണം. ബഹുമാനപ്പെട്ട എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ ഒരു ഫയർ സ്റ്റേഷൻ അനുവദിച്ചു. പഞ്ചായത്തിന്റെ സഹായത്തോടുകൂടി അവിടെ ഷെഡും കെട്ടി ഫയർ സ്റ്റേഷൻ ആരംഭിച്ചിരിക്കുകയാണ്. ബഡ്ജറ്റിൽ ഇപ്പോൾ അതിന് തുക കൊള്ളിച്ചിട്ടുണ്ട്. ഫയർ സ്റ്റേഷന്റെ പണി ആരംഭിക്കണം. മറ്റൊരു കാര്യം സ്വാതന്ത്ര്യം കിട്ടിയതിനുശേഷം വളരെയധികം പുരോഗതി ഈ നാട്ടിലുണ്ടായിട്ടുണ്ട് എന്നഭിമാനിക്കുന്നവരാണ് ഞാനും നിങ്ങളും. 1947 വരെ പാറശ്ശാലയിൽ കോടതിയുണ്ടായിരുന്നു. ആ കോടതി അവിടെനിന്നും മാറ്റി. ഇന്നും അവിടുത്തെ റോഡിന്റെ പേര് കോടതി റോഡ് എന്നാണ്. പാറശ്ശാലയിൽ കോടതി ആരംഭിക്കണം. അങ്ങയുടെ കാലത്തെങ്കിലും മലമുതൽ കടൽവരെ വ്യാപിച്ചു കിടക്കുന്ന പാറശ്ശാല ആസ്ഥാനമായി ഒരു താലൂക്ക് രൂപീകരിക്കണം. ഒന്നുരണ്ട് കാര്യങ്ങൾ ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തുകയാണ്. വ്യവസായ മേഖല ഇന്ന് തകർന്നുകൊണ്ടിരിക്കുകയാണ്. പരമ്പരാഗത വ്യവസായ മേഖലയെ പാടെ അവഗണിച്ചു. അത് ശക്തിപ്പെടുത്തിയാൽ മാത്രമേ ജനങ്ങൾക്ക് തൊഴിൽ ലഭിക്കുകയുള്ളു. പനകയറ്റ തൊഴിലാളികളെ സംരക്ഷിക്കുന്നതിനുവേണ്ടി 1984-ൽ ഒരു "KELPALM" ഉണ്ടായിരുന്നു, പന വിഭവ തൊഴിലാളി കോർപ്പറേഷൻ. മുൻ ഗവൺമെന്റ് 25 ലക്ഷം രൂപ അതിന് ഗ്രാന്റായി കൊടുത്തുകൊണ്ടിരുന്നു. നമ്മൾ വന്നപ്പോൾ ഒന്നും കൊടുക്കുന്നില്ല. പൂട്ടിയിട്ടിരിക്കുകയാണ്. ആ തുക കൊടുക്കണം. അതിന്റെ മന്ത്രിപോലും recommend ചെയ്ത് അയച്ചിട്ട് അങ്ങ് ഇതുവരെ ഒപ്പിട്ടില്ലെന്നാണ് ഞാൻ അറിഞ്ഞത്. അത് ഒപ്പിട്ടുകൊടുക്കണം. ചാരായ കച്ചവടം ചെയ്തു ജീവിച്ച പാവപ്പെട്ട ആളുകളെ പുനരധിവസിപ്പിക്കണം. പുനരധിവാസത്തിനായി നെയ്യാറ്റിൻകര പവർലൂം എന്റെ നിയോജക മണ്ഡലത്തിലുമുള്ള ഉച്ചക്കടയിലാരംഭിച്ചു. 17 ഏക്കർ സ്ഥലമെടുത്തു. കോടിക്കണക്കിന് രൂപ ചെലവായി. തൊഴിലാളികളെന്നു പറയുമ്പോൾ, ജനങ്ങളുമായി

LIBRARY ARCHIVES Kerala Legislative Assembly

ബന്ധമില്ലാത്ത, അവരെ പുച്ഛിച്ചു തള്ളുന്ന കുറെ ഐ.എ.എസ്. ഉദ്യോഗസ്ഥന്മാർ വ്യവസായ വകുപ്പിലും ഡയറക്ടറേറ്റിലുമുണ്ട്. അത് പറയാതിരിക്കാൻ പറ്റില്ല. കാരണം അവരെല്ലാം ഇന്ന് സ്വർണ്ണക്കരണ്ടിയിലാണ് ആഹാരം കഴിക്കുന്നത്. തൊഴിലാളി ആരാണെന്ന് അവർക്ക് അറിയില്ല. ആ തൊഴിലാളികളെ ദ്രോഹിക്കാൻവേണ്ടി, ബഡ്ജറ്റിൽ ഗവൺമെന്റ് അനുവദിച്ച തുക, ഇതുവരെ withdraw ചെയ്യുന്നില്ല. 200 പവർലൂം അവിടെയുണ്ട്. പ്രവർത്തനമില്ല. തൊഴിലാളികൾ ഇന്ന് പട്ടിണിയിലാണ്. ഇന്ന് ആത്മഹത്യ ചെയ്യാത്തത് ഒരു കുറ്റമാണെന്നു പറഞ്ഞാൽ ചിലപ്പോൾ അവരും ആത്മഹത്യ ചെയ്തുവെന്നുവരും. ആത്മഹത്യ ചെയ്താലല്ലേ ഇവിടെ അനങ്ങൂ. ഈ അവഗണന അവസാനിപ്പിച്ചേ പറ്റൂ. ഇന്നലെ ബഡ്ജറ്റ് വായിച്ചപ്പോൾ, എന്റെ സുഹൃത്ത് ശ്രീ. കെ. എം. മാണിക്ക് പാലായിൽ 26 കോടി രൂപയുടെ ഒരു സ്പിന്നിംഗ് മിൽ അനുവദിച്ചു എന്ന റിഞ്ഞപ്പോൾ ഞാൻ ചിരിച്ചു പോയി. അങ്ങ് ഒന്ന് മനസ്സിലാക്കണം ബാലരാമപുരം സ്പിന്നിംഗ് മില്ലിന്റെ ഗതി അതിനു വരരുത്. 1958-ൽ ആനയും അമ്പാരിയുമായി തുടങ്ങിയതാണ്. ഇപ്പോൾ വിറ്റു കാശാക്കിയിരിക്കുകയാണ്. തമിഴ്നാട്ടിലൊക്കെ സ്പിന്നിംഗ് മില്ലുകൾ അടച്ചുപൂട്ടിക്കൊണ്ടിരിക്കുകയാണ്. പാറശ്ശാലയിൽ ഏഴു പഞ്ചായത്തുകളുണ്ട്. അവിടെ വാട്ടർ സപ്ലൈ സ്കീമുണ്ട്. പൈപ്പു കുറ്റിയും ഓടയുമെല്ലാമുണ്ട്. പക്ഷേ വെള്ളമില്ല. നബാർഡിന്റെ സഹായത്തോടുകൂടിയുള്ള ഒരു പദ്ധതിയാണ് കാളിപ്പാറ സ്കീം. അത് ഇക്കൊല്ലം ആരംഭിക്കണം നബാർഡിന്റെ സഹായത്തോടുകൂടി 21 ഏക്കർ വിസ്തീർണ്ണമുള്ള ചെങ്കൽ പഞ്ചായത്തിലെ വലിയ കുളത്തിൽ വാട്ടർ സപ്ലൈ സ്കീം ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള 59 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഓഫീസിൽ പൊതിഞ്ഞുകെട്ടി വച്ചിരിക്കുകയാണ്. അതാരംഭിക്കണം. കാരോട് പഞ്ചായത്തിൽ ഐരകുളത്തിനെയും നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 35 ലക്ഷം രൂപയാണ് എസ്റ്റിമേറ്റ്. കുടുംബശ്രീ പദ്ധതികളെപ്പറ്റി 8-ാം പഞ്ചവൽസര പദ്ധതി തൊട്ട് പാടിപ്പുകഴ്ത്തുകയാണ്. പാവപ്പെട്ട കുട്ടികൾ തൊഴിലിനുവേണ്ടി ആത്മാർത്ഥമായി പരിശ്രമിക്കുകയാണ്. 28 ലക്ഷം അംഗങ്ങൾ ഇന്നുണ്ട്. ഇവിടത്തെ പ്രശ്നം കുത്തക മുതലാളിമാരുടെ കടന്നുകയറ്റമാണ്. ഇവരുണ്ടാക്കുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കാതിരിക്കുവാൻ വേണ്ടി കുത്തക മുതലാളിമാർ റേഡിയോയിലൂടെയും മറ്റും നടത്തുന്ന പ്രചരണം, കുത്തക മുതലാളിമാർ ഉണ്ടാക്കുന്ന സോപ്പു തേച്ചാൽ മാത്രമേ അഴുക്കു പോകൂ എന്നാണ് പറയുന്നത്. ഈ കുടുംബശ്രീക്കാർ ഉല്പാദിപ്പിക്കുന്ന സാധനങ്ങൾ സർക്കാർ ഏറ്റെടുത്ത് വിറ്റഴിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കണം. തൊഴിലിനെപ്പറ്റി പറയുമ്പോൾ, അങ്ങേയ്ക്കറിയാം, 1954-ലാണ് എസ്. കെ. ഡേ എന്നു പറയുന്ന Development Minister കേന്ദ്രത്തിൽ ഉണ്ടായിരുന്നപ്പോൾ, ശ്രീ. ബി.പി. നാരായണൻ നായർ ഒരു പ്രോജക്ട് ഓഫീസർ ആയിരുന്നു. അന്ന് ധനുവച്ചപുരം പോറ്റി 17 ഏക്കർ സ്ഥലം I.T.I.യ്ക്കുവേണ്ടി സൗജന്യമായി കൊടുത്തു. അന്ന് അഞ്ചു ട്രേഡ് ആരംഭിച്ചു. നമ്മുടെ മുഖ്യമന്ത്രിയും തൊഴിൽ വകുപ്പുമന്ത്രിയും ഞാനും വളരെ ആർഭാടത്തോടുകൂടി I.T.I. സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു. അന്നവിടെ വച്ചു പ്രഖ്യാപിച്ച നാലു പുതിയ ട്രേഡുകൾ, Electronics-Consumer Electronics, Computer Hardware mechanic, Health and Sanitation Inspector, Driver-cum-mechanic അത് ഇക്കൊല്ലം

LIBRARY ARCHIVES Kerala Legislative Assembly

ആരംഭിക്കുമെന്നാണ് പറഞ്ഞത്. അതു ഇക്കൊല്ലം തന്നെ ആരംഭിക്കണം. വനിതാ ഐ.ടി.ഐ. അന്നു പ്രഖ്യാപിച്ചതാണ്. മറ്റൊരു പ്രഖ്യാപനം നടത്തിയത് Central Training Institute തുടങ്ങുമെന്നാണ്. നിർഭാഗ്യവശാൽ നമ്മുടെ ഉദ്യോഗസ്ഥന്മാർ ട്രെയിനിംഗിനു പോകുന്നത് മറ്റു സ്റ്റേറ്റുകളിലേക്കാണ്. അതുകൊണ്ട് ഇവിടെ ഒരു ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഇക്കൊല്ലം തന്നെ ആരംഭിക്കണം. കുട്ടികൾക്ക് ഒരു സൗകര്യവുമില്ല. Administrative block -ന്റെ പണി ഉടൻ ആരംഭിക്കണം. P.W.D. മിനിസ്റ്ററുടെ പിതാവ് തുടങ്ങി വച്ച പല കാര്യങ്ങളും മുടങ്ങിക്കിടക്കുകയാണ്. അതു ശ്രീ. എം. കെ. മുനീർ പൂർത്തിയാക്കുമെന്നുള്ള വിശ്വാസം എനിക്കുണ്ട്. നബാർഡിൽ ഉൾപ്പെടുത്തി തിരുപുറം-ചെങ്കൽ പഞ്ചായത്തിനെ യോജിപ്പിക്കുന്ന കിഴയംമൂലക്കടവ് പാലത്തിന് ഭരണാനുമതി ലഭിച്ചു. Alignment പൂർത്തിയാക്കി Rough cost estimate–ഉം കഴിഞ്ഞു. ഇക്കൊല്ലം തന്നെ അതാരംഭിക്കണം. അതിനാവശ്യമായ പണം അനുവദിക്കണം. അതുപോലെതന്നെ ഉദിയൻകുളങ്ങര-കുളത്തൂർ-ചാവടി റോഡ്, നബാർഡിന്റെ ഒരു പദ്ധതിയാണ്. അതുപോലെ ടെൻഡർ വിളിച്ചിട്ടുള്ള നിരവധി റോഡുകളുണ്ട്. പാറശ്ശാലയിൽ ഒരു ഫയർ സ്റ്റേഷന്റെ പണി ആരംഭിക്കുന്നതിനുള്ള തുക ഈ ബഡ്ജറ്റിൽ വക കൊള്ളിക്കണം. കുളത്തൂർ ടെക്നിക്കൽ ഹൈസ്ക്കൂളിന്റെ Administrative block – ന്റെ പണി ആരംഭിക്കണം. ഇലക്ട്രിസിറ്റി മിനിസ്റ്ററുടെ ശ്രദ്ധയിൽ ഒരു കാര്യം കൊണ്ടുവരാനുണ്ട്. പാറശ്ശാല ഉച്ചക്കടയിൽ ഇലക്ട്രിസിറ്റി സെക്ഷൻ ഓഫീസ് അനുവദിക്കാമെന്നു പറഞ്ഞു. അതിനാവശ്യമായ കടലാസ്സൊക്കെ ശരിയാക്കിയതാണ്. അതു ഇത്തവണ അവിടെതന്നെ ആരംഭിക്കണം. 21 ഏക്കർ വിസ്തീർണ്ണമുള്ള ചെങ്കൽ പഞ്ചായത്തിലെ വലിയ കുളത്തെ ഒരു ടൂറിസ്റ്റുകേന്ദ്രമാക്കി ഉയർത്തണം. എനിക്കു വേദനയോടുകൂടി പറയാനുള്ള മറ്റൊരു കാര്യം, ഇലക്ഷൻ വരുമ്പോൾ നമ്മൾ ചില പ്രകടന പത്രികകളൊക്കെ ഇറക്കും. പെൻഷൻകാരുടെ കാര്യത്തെ സംബന്ധിച്ച് ഈ ബഡ്ജറ്റിൽ ഒന്നും ഉൾപ്പെടുത്തിയിട്ടില്ല. നമ്മൾ കൊടുത്ത വാഗ്ദാനങ്ങൾ പാലിക്കപ്പെടണം. പലരും മരിച്ചുകൊണ്ടിരിക്കുകയാണ്. അവരെ കൈവിടരുത്. ഈ ബഡ്ജറ്റിലെ പ്രധാന ഭാഗമെന്നു പറയുന്നത് നികുതി സമ്പ്രദായത്തിന്റെ അലകും പിടിയും മാറ്റുകയാണ്. മൂല്യവർദ്ധിത നികുതി സമ്പ്രദായത്തിലേക്ക് നാം കടക്കാൻ പോകുകയാണ്. ചെറുകിട കച്ചവടക്കാർക്ക് ഈ പുതിയ സമ്പ്രദായം ദോഷകരമാകുമെന്ന് പലരും ആശങ്ക പ്രകടിപ്പിച്ചിട്ടുള്ള കാര്യം ബഹുമാനപ്പെട്ട ധനകാര്യമന്ത്രി തന്നെ പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. അഴിമതിക്ക് സാദ്ധ്യതയുള്ള മേഖലയായി ഇതു വളരാതിരിക്കാൻ ശ്രദ്ധിക്കണം. ഉദ്യോഗസ്ഥന്മാരിൽ ഒരു കണ്ണു വേണം. മറ്റൊരു കാര്യം പറയാനുള്ളത്, ഗവൺമെന്റ് ജീവനക്കാരും നമ്മളെപ്പോലെ തന്നെയാണ്. രാജി വച്ച് ഇലക്ഷനു നിന്നാൽ അവർ ജയിച്ചു വരും. ആ പാവപ്പെട്ട ഉദ്യോഗസ്ഥന്മാർ കടയിൽ കയറി പരിശോധിക്കുമ്പോൾ, റൗഡികളും ഗുണ്ടകളും അവരെ വളയും. അവരുടെ തടി രക്ഷിക്കുവാൻ മന്ത്രി പ്രത്യേകം ശ്രദ്ധിക്കണം. ബഹുമാന്യനായ, കരുത്തനായ ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിനെ ഒന്നുകൂടി പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

2/2308/2012/DTP.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. രാജൻ: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. ബഹുമാന്യനായ ധനകാര്യമന്ത്രി ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ, അദ്ദേഹം പ്രതിപക്ഷങ്ങൾക്ക് നന്ദി രേഖപ്പെടുത്തി. അഖിലേന്ത്യാ തലത്തിൽ വർഗ്ഗീയശക്തികളെ പരാജയപ്പെടുത്തുന്നതിൽ പിന്തുണ നൽകിയതിന് ഞാൻ പ്രതിപക്ഷത്തിരിക്കുന്ന എന്റെ സുഹൃത്തുക്കളെ അഭിനന്ദിക്കുന്നു എന്നു പറയുകയുണ്ടായി. അതിന് മറ്റൊരു വശം കൂടിയുണ്ട്. കഴിഞ്ഞ മൂന്നര വർഷക്കാലം ഈ സംസ്ഥാനം ഭരിച്ച ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ദുർഭരണത്തിൽ, അവരുടെ നയങ്ങളിൽ, പ്രവർത്തനങ്ങളിൽ ജനങ്ങൾ മടുത്തു കഴിഞ്ഞു. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിന്റെ ഒരൊറ്റ എം.പി.യെപ്പോലും കേരളത്തിലെ ജനങ്ങൾ തെരഞ്ഞെടുത്തില്ല. അതിനു കേരളത്തിലെ ജനങ്ങൾക്കാണ് അദ്ദേഹം അഭിനന്ദനം രേഖപ്പെടുത്തേണ്ടത്. നമ്മുടെ ബഹുമാന്യനായ ഡെപ്യൂട്ടി സ്പീക്കർ ഇവിടെ ചർച്ച ആരംഭിച്ചപ്പോൾ അദ്ദേഹം ഗവൺമെന്റിനെ ഉപദേശിക്കുകയുണ്ടായി. പ്രഖ്യാപനങ്ങളിൽ മാത്രം ഒതുങ്ങരുതെന്നും പ്രഖ്യാപനങ്ങൾ പ്രാവർത്തികമാക്കണമെന്നും ആവശ്യപ്പെടുകയുണ്ടായി. ബഡ്ജറ്റ് വായിച്ചപ്പോൾ എനിക്കു വളരെയധികം അതിശയം ഉണ്ടാക്കിയ ഒരു പ്രഖ്യാപനം ഉണ്ടായിരുന്നു. 'പശുഗ്രാമം പദ്ധതി' നടപ്പിലാക്കുന്നതിനായി 15 ഗ്രാമപഞ്ചായത്തുകളിൽ 50 ഗുണഭോക്താക്കൾക്കായി രണ്ടു പശുക്കൾ വീതമുള്ള ഡയറി യൂണിറ്റുകൾ സ്ഥാപിക്കും എന്ന്. 50 ഗുണഭോക്താക്കൾക്ക് 100 പശുക്കൾ, 16,623.27 കോടി രൂപ റവന്യൂ വർദ്ധനവു പ്രതീക്ഷിക്കുന്ന ഈ ബഡ്ജറ്റിൽ 100 പശുക്കളെ വീതം വളർത്തിയാൽ ഈ സംസ്ഥാനത്തിന്റെ അഭിവൃദ്ധി എവിടെയെത്തിച്ചേരും? അതുപോലെ നമ്മുടെ സംസ്ഥാനത്ത് എരുമകളുടെ എണ്ണം ക്രമാതീതമായികുറഞ്ഞു വരുന്നു. എരുമ വളർത്തൽ പ്രോൽസാഹിപ്പിക്കാൻ ഒരു പൈലറ്റ് പദ്ധതി ആരംഭിക്കണം. നമ്മുടെ നാട്ടിലെ ഗ്രാമപഞ്ചായത്തുകളിൽ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാരാണ് ബഡ്ജറ്റ് അവതരിപ്പിക്കുന്നത്. ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് അവർ പ്രഖ്യാപിക്കാറുണ്ട്. നമ്മുടെ പത്തു പതിനഞ്ചു വാർഡുകളിൽ പശുക്കളുടെ എണ്ണത്തിൽ കുറവുണ്ട്. അവർക്ക് ലോൺ കൊടുക്കണം, സഹായിക്കണമെന്നൊക്കെ തീരുമാനമെടുക്കാറുണ്ട്. അതുപോലെ തെരുവു നായ്ക്കളുടെ ശല്യം വർദ്ധിക്കുന്നു, അതിനെ നമുക്കു നശിപ്പിക്കണം. ഇങ്ങനെയൊക്കെ തീരുമാനമെടുക്കുന്നതുപോലെയാണോ 16,623 കോടി രൂപ വർദ്ധനവു പ്രതീക്ഷിക്കുന്ന ഒരു ബഡ്ജറ്റ്? അതിശയം തോന്നുന്നു. അതുപോലെ പ്രധാനപ്പെട്ട ഒരു കാര്യമാണ് നമ്മുടെ പൊതുവിതരണ സമ്പ്രദായം. 1964-ൽ കമ്മ്യൂണിസ്റ്റു ഗവൺമെന്റ് ആരംഭിച്ച Statutory Rationing സമ്പ്രദായം ഇന്ത്യക്ക് ആകെ മാതൃകയായി തുടർന്നു വന്ന Statutory Rationing സമ്പ്രദായം, ഇന്ന് എവിടെ എത്തിയിരിക്കുന്നു? പാവപ്പെട്ടവന് റേഷനില്ല. വില കുറച്ച് അരിയും മറ്റു സാധനങ്ങളും വിൽക്കണമെന്ന ഉദ്ദേശത്തിലാണ് മാവേലി സ്റ്റോറുകൾ ആരംഭിച്ചത്. ബി.പി.എൽ. ലിസ്റ്റിൽ ഉള്ളവർക്കു മാത്രമായി റേഷനും മറ്റും ചുരുങ്ങുന്നു. മാവേലി സ്റ്റോറുകൾ തകർക്കുന്നതിനുള്ള ശ്രമങ്ങൾ ഇവിടെ ആരംഭിച്ചു കഴിഞ്ഞു. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് ബി.പി.എൽ.-ൻ കീഴിലുള്ളവർക്ക് 28 ശതമാനം എന്നത് 48 ശതമാനമായി വർദ്ധിപ്പിച്ചു. ഓരോ വർഷവും 200 കോടി രൂപ അവർക്കുവേണ്ടി സഹായം ചെയ്ത ഒരു ഗവൺമെന്റായിരുന്നു അത്. ഇന്ന് പൊതു വിതരണ സമ്പ്രദായം തകർക്കപ്പെട്ടിരിക്കുന്നു. കേരളത്തിലെ ഏറ്റവും വലിയ പ്രശ്നം തൊഴിലില്ലായ്മ പ്രശ്നമാണ്. ഈ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

അധികാരത്തിൽ വന്നപ്പോൾ, കേരളത്തിലെ 15 ലക്ഷം യുവജനങ്ങൾക്ക് തൊഴിൽ കൊടുക്കുമെന്ന് പറഞ്ഞവർ, ഇന്നു അഞ്ചാമത്തെ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ, ശ്രീ. വക്കം പുരുഷോത്തമൻ അവതരിപ്പിച്ച ബഡ്ജറ്റിൽ കേരളത്തിലെ ഒരു ലക്ഷം ചെറുപ്പക്കാർക്ക് തൊഴിൽ അവസരങ്ങൾ കൊടുക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. അതെങ്ങനെയാണ്? പതിനായിരത്തോളം ഹെക്ടർ തരിശു ഭൂമി ഏറ്റെടുത്ത് കൃഷി ചെയ്ത് അവരുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുമെന്നാണ് പറയുന്നത്. 11.30 a.m.] അതുപോലെതന്നെ കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ താമസിക്കുന്ന 34 ലക്ഷത്തോളം വരുന്ന ആളുകൾ കുടുബശ്രീയിൽ അംഗങ്ങളാണ്. ബി.പി.എൽ-നു താഴെയുള്ള എല്ലാ കുടുംബങ്ങളേയും ഈ പദ്ധതിയിൽ കൊണ്ടുവരുമെന്ന് ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞതാണ്. ഇന്ന്, ഗവൺമെന്റിന്റെ നയപ്രഖ്യാപനവും ബഡ്ജറ്റും തമ്മിൽ ഒരു തരത്തിലും പൊരുത്തപ്പെട്ടുപോകുന്നില്ല. ബി.പി.എൽ-ന് താഴെയുള്ള എല്ലാ കുടുംബങ്ങളേയും ഈ പദ്ധതിയിൽ കൊണ്ടുവരണം. നമ്മുടെ സംസ്ഥാനത്ത് ഏറ്റവും പ്രധാനപ്പെട്ട കൂട്ടായ്മയോടുകൂടി വന്ന ഒരു പ്രസ്ഥാനമാണ് ഇത്. അവർക്കുവേണ്ടി 350 ബ്രീഡഡ് നഴ്സറികളുണ്ടാക്കി 20,000 പേർക്ക് തൊഴിൽ നൽകുമെന്നാണ് ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നത്. ബി.പി.എൽ-ന് താഴെയുള്ളവരെ സഹായിക്കുന്ന പദ്ധതിയാണോ ഇത്? അതുപോലെ തൊഴിലില്ലായ്മയുടെ കാര്യം; കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 40 ലക്ഷത്തോളം ചെറുപ്പക്കാരും ചെറുപ്പക്കാരികളും ആറ് മാസത്തെ നിയമനം കിട്ടുന്നതിനുവേണ്ടി പേരു രജിസ്റ്റർ ചെയ്ത് കാത്തിരിക്കുകയാണ്. അവരെ സഹായിക്കുന്നതിന് ഒരു പദ്ധതിയും ഇതുവരെ കണ്ടിട്ടില്ല. പരമ്പരാഗത മേഖലയാകെ തകർന്നിരിക്കുകയാണ്. അവരെ സഹായിക്കാൻ യു.പി.എ. ഗവൺമെന്റ് വരെ ആലോചിച്ചുവരികയാണ്. കേന്ദ്ര ഗവൺമെന്റ് ചില പാക്കേജുകൾ ഏർപ്പെടുത്തിക്കഴിഞ്ഞു. ഗ്രാമീണത്തൊഴിലാളികൾക്ക് വർഷത്തിൽ നൂറുദിവസമെങ്കിലും തൊഴിൽ കൊടുക്കുന്നതിനുള്ള നിയമനിർമ്മാണങ്ങളെക്കുറിച്ച് യു.പി.എ. ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അതൊന്നും കേരളത്തിലെ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന് ബാധകമല്ല. കയർ, കൈത്തറി, കശുവണ്ടി തുടങ്ങിയ പരമ്പരാഗത തൊഴിൽ മേഖലകൾ ഇന്ന് എവിടെ നിൽക്കുന്നു. മൂന്നര ലക്ഷത്തോളം വരുന്ന കശുവണ്ടിത്തൊഴിലാളികൾ ഈ രംഗത്ത് പണിയെടുക്കുന്നുണ്ട്. നാൽപ്പതി നായിരത്തോളം ആളുകൾ പൊതുമേഖലാ സ്ഥാപനങ്ങളായ കാപ്പെക്സിലും കെ.എസ്.ഐ.ഡി.സി-യിലും പണിയെടുക്കുന്നു. അവരെ സഹായിക്കുന്ന ഒരു പദ്ധതിയുമില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് വർഷത്തിൽ 220 ദിവസം മുതൽ 250 ദിവസംവരെ പണി കൊടുത്ത സ്ഥാപനങ്ങളാണ് പൊതുമേഖലാ സ്ഥാപനങ്ങൾ. ഇന്ന് അതൊക്കെ പൂട്ടി. ഇടയ്ക്കുവച്ച് 15 ദിവസം ജോലികൊടുത്തിട്ട് നിർത്തിവച്ചു. അവരെ സഹായിക്കാൻ വേണ്ടിയുള്ള ഒരു പദ്ധതിയും ഈ ബഡ്ജറ്റിൽ ഇല്ല. സ്വകാര്യമേഖലയിലുള്ള നൂറുകണക്കിന് കശുവണ്ടി ഫാക്ടറികളെ സഹായിക്കുന്നതിന്, അവർക്ക് കശുവണ്ടി വ്യവസായം തുടങ്ങുന്നതിന് ഒരുപാധിയുമില്ലാതെ ലൈസൻസ് കൊടുക്കുന്നു. 98 ശതമാനവും സ്ത്രീ തൊഴിലാളികളാണ് ഈ രംഗത്തുള്ളത്. ഇവർക്ക് നിയമനിഷേധം നടത്താൻവേണ്ടി അവർക്ക് എല്ലാ സഹായവും ചെയ്തുകൊടുക്കുന്നു. എൻഫോഴ്സ്മെന്റുകാർ പരാജയപ്പെടുന്നു. വിവിധ ക്ഷേമപദ്ധതികളിലായി 47,41,756 പേർ ഉണ്ടെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

ഇക്കണോമിക് റിവ്യൂവിൽ പറയുന്നത്. ഒരു കുടുംബത്തിൽ നിന്ന് മിനിമം മൂന്നുപേരെ വീതം കൂട്ടിയാൽത്തന്നെ കേരളത്തിലെ ജനസംഖ്യയുടെ പകുതിയിലധികം വരുന്ന ജനങ്ങളാണ് ഇവർ. ഇവരെ സഹായിക്കുന്നതിന് ഒരു പദ്ധതിയുമില്ല. ഉദാഹരണമായി. കേരളത്തിലെ കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ്. 18 ലക്ഷംപേർ ഇതിൽ അംഗങ്ങളാണ്. കഴിഞ്ഞ മൂന്നരവർഷമായി 2001 മുതൽ 60 വയസ്സ് കഴിഞ്ഞവർക്ക് കൊടുക്കേണ്ട ആനുകൂല്യങ്ങൾ കൊടുക്കുന്നില്ല. ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി പറഞ്ഞത് തൽക്കാലം നിർത്തിവച്ചിരിക്കുന്നു എന്നാണ്. 60 വയസ്സ് കഴിഞ്ഞവർക്കുള്ള ആനുകൂല്യമാണ്. അവരിൽ പലരും ഇപ്പോൾ ജീവിച്ചിരിപ്പില്ല. അതിനുവേണ്ടി ഒരു പൈസ പോലും ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടില്ല. എന്നാൽ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിലിരുന്നപ്പോൾ അഞ്ചു കോടി രൂപ ഗ്രാന്റായി ബഡ്ജറ്റിൽ വകകൊള്ളിച്ചതിന്റെ ഫലമായിട്ടാണ് ഈ രണ്ടര മൂന്നു വർഷക്കാലം അവർക്ക് ആനുകൂല്യങ്ങൾ അല്പമെങ്കിലും കൊടുത്തിരുന്നത്. തൊഴിലാളികളെ സഹായിക്കുന്നതിനുള്ള ഒരു പദ്ധതിപോലും ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. അതുപോലെത്തന്നെ 300 കോടി രൂപയോളം പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കാനുണ്ട്. 22 ക്ഷേമ പദ്ധതികളിലും പെൻഷനും ആനുകൂല്യങ്ങളും കുടിശ്ശിക വരുത്തിയിരിക്കുകയാണ്. കഴിഞ്ഞ മൂന്നര വർഷത്തിനിടയിൽ പതിനായിരത്തിലധികം കോടി രൂപയുടെ പൊതുകടം വരുത്തിവച്ചു. കേരളത്തിലെ ജനസംഖ്യയുടെ പകുതിയിലധികം വരുന്ന മനുഷ്യരെ സഹായിക്കുന്നതിനുവേണ്ടി ഒരു പദ്ധതിപോലും ആവിഷ്ക്കരിക്കാൻ മൂന്നര വർഷം ഭരിച്ച ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ നയപ്രഖ്യാപന പ്രസംഗവും ബഡ്ജറ്റും തമ്മിൽ ഒരു ബന്ധവുമില്ല. നയപ്രഖ്യാപനത്തിൽ പറഞ്ഞതാണ് ശമ്പള പരിഷ്ക്കരണം ഈ ഗവൺമെന്റ് ഒരു വർഷത്തിനുള്ളിൽ ആരംഭിക്കുമെന്ന്. അതിനുവേണ്ടി ഒരു പൈസപോലും ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. അതിനേക്കാൾ വലിയ ദോഷമാണ് സർക്കാർ ജീവനക്കാരുടെ ശമ്പള വിതരണത്തിന് ഇനിമുതൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത്. ഇനി മുതൽ കാശുണ്ടെങ്കിലേ ശമ്പളം കിട്ടുകയുള്ളൂ എന്ന സ്ഥിതിയാണ്. ടി.എ.യും മെഡിക്കൽ റീഇംബേഴ്സ്മെന്റും വാങ്ങുന്നതുപോലെ subject to availability of fund എന്നുപറയുന്നതുപോലെ പൈസയുണ്ടെങ്കിൽ മാത്രമേ കേരളത്തിലെ ലക്ഷക്കണക്കിനു വരുന്ന ഉദ്യോഗസ്ഥൻമാർക്ക് ശമ്പളം കൊടുക്കുകയുള്ളൂ എന്ന് പുതിയ ഉത്തരവിലൂടെ പറഞ്ഞിരിക്കുകയാണ്. അതുപോലെ കോൺട്രിബ്യൂട്ടറി പെൻഷൻ സ്കീം കൊണ്ടുവന്നിരിക്കുന്നു. പണ്ട് ശ്രീ. എൽ.കെ. അദ്വാനി കൊണ്ടുവന്ന ഉത്തരവിലൂടെ പാർലമെന്റിൽ നടപ്പിലാക്കിയതാണ്. അന്ന് കേരളത്തിലെ ഒരു ജീവനക്കാരൻപോലും അതിന് അനുകൂലമായിരുന്നില്ല. അവരെല്ലാപേരും അന്നേ അവരുടെ പ്രതിഷേധം അറിയിച്ചതാണ്. ആ ഒരു തീരുമാനമാണ് കേരളത്തിലെ ഉദ്യോഗസ്ഥൻമാർക്ക് വരാൻ പോകുന്നത്. ഈ ഗവൺമെന്റ് 1-4-2005 മുതൽ നിയമനം കൊടുക്കുമെന്നാണ് പറയുന്നത്.....

മി. ചെയർമാൻ : പ്ളീസ്.....അങ്ങയുടെ സമയം കഴിഞ്ഞു. മൂന്ന് മിനിറ്റ് കൂടുതൽ അനുവദിച്ചു.

ശ്രീ. എൻ. രാജൻ : സർ, ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു. ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മുഹമ്മദാലി: സർ, ഞാൻ ഈ ബഡ്ജറ്റിനെ പിൻതാങ്ങുകയാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് യാഥാർത്ഥ്യബോധത്തോടു കൂടിയുള്ള വിലയിരുത്തലാണ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഈ ബഡ്ജറ്റിൽ നടത്തിയിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതി നമുക്കെല്ലാപേർക്കും അറിയാം. റവന്യു വരുമാനം 11.7 ശതമാനവും ചെലവ് 14.7 ശതമാനവുമാണ്. ഈയൊരു സാഹചര്യത്തിലും ജനങ്ങൾക്ക് ദ്രോഹകരമല്ലാത്ത ഒരു ബഡ്ജറ്റ് ഇവിടെ അവതരിപ്പിക്കുവാൻ കഴിഞ്ഞത് അഭിനന്ദനമർഹിക്കുന്ന കാര്യമാണ്. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന്റെ ചുവടുപിടിച്ചുകൊണ്ടു തന്നെയാണ് ഈ ബഡ്ജറ്റ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ബഡ്ജറ്റിൽ പരാമർശിക്കാത്ത പല കാര്യങ്ങളും നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. ഗവൺമെന്റ് ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണത്തിന് കമ്മീഷനെ നിയമിച്ച കാര്യം നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞതാണ്. അതിന്റെ ചുവടുപിടിച്ചുകൊണ്ടാണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതിയെക്കുറിച്ച് പരിശോധിക്കുമ്പോൾ മാറിമാറി വരുന്ന ഗവൺമെന്റുകൾക്കെല്ലാം അതിന്റെ ഉത്തരവാദിത്വമുണ്ട്. ട്രാക്ക് മാറിപ്പോകാൻ കാരണമായതിനും എല്ലാപേരുടേയും സംഭാവന ഈ രംഗത്തുണ്ട്. ശമ്പളം, പെൻഷൻ, പലിശ എന്നീ ഇനങ്ങൾക്ക് റവന്യു വരുമാനത്തിന്റെ 91 ശതമാനവും നമുക്ക് ചെലവാക്കേണ്ടി വരുന്നു. ഈ സാഹചര്യത്തിലാണ് വികസന പ്രവർത്തനങ്ങൾക്കും മറ്റും പണം കണ്ടെത്താൻ വളരെ പ്രയാസപ്പെടുന്നത്. അതുപോലെത്തന്നെ ക്ഷേമപ്രവർത്തനങ്ങളിൽ, സാധാരണ ജനങ്ങളുടെ പ്രത്യേകിച്ച് ബി.പി.എൽ.-ൽ വരുന്നവരുടെയെല്ലാം ക്ഷേമകാര്യങ്ങളിൽ താൽപര്യമെടുക്കുന്നതിൽ ഒരു വീഴ്ചയും ധനകാര്യവകുപ്പു മന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല. ബഡ്ജറ്റ് പ്രസംഗത്തിൽ ഇതെല്ലാം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പാവപ്പെട്ട ജനങ്ങളുടെ പ്രത്യേകിച്ച് പ്രായാധിക്യം വന്നവരുടെ കാര്യത്തിൽവരെ ഗവൺമെന്റ് വളരെയധികം താൽപര്യം കാണിക്കുകയുണ്ടായി. ഇപ്പോൾ സംസ്ഥാനത്തെ ഒരു നിക്ഷേപ സൗഹൃദ മേഖലയായി മാറ്റുവാനുള്ള ലക്ഷ്യവുമായി ഈ ഗവൺമെന്റ് മുന്നോട്ടു പോകുകയാണ്. ശ്രീ. എ. കെ. ആന്റണി ഗവൺമെന്റ് അധികാരത്തിൽവന്ന അന്നുമുതൽ ആ ശ്രമങ്ങൾ നടക്കുകയാണ്. ആ ശ്രമങ്ങളെല്ലാം ഇന്നും തുടർന്നുകൊണ്ടിരിക്കുകയാണ്. കേന്ദ്ര നിക്ഷേപം നമ്മുടെ സംസ്ഥാനത്തുണ്ടാകാനുള്ള സാദ്ധ്യതയുണ്ടായിട്ടുണ്ട്. നമ്മൾ വളരെ കാലങ്ങളായി കാത്തിരിക്കുന്ന വല്ലാർപാടം പ്രോജക്ടിന്റെ ശിലാസ്ഥാപനം നടക്കാൻ പോകുന്നു. അതുപോലെ എൽ.എൻ.ജി. പദ്ധതിക്കും അംഗീകാരം ലഭിച്ചു. അതുപോലെതന്നെ ഏറെ ചർച്ച ചെയ്യപ്പെടുന്ന സ്മാർട്ട് സിറ്റി അതും യാഥാർത്ഥ്യമാകാൻ സാദ്ധ്യതയുണ്ട്. മറ്റുപല സാദ്ധ്യതകളും തെളിഞ്ഞതോടെ, ഇന്ന് നമ്മുടെ സംസ്ഥാനം ശുഭകരമായ സാഹചര്യങ്ങളുമായി മുന്നോട്ടു പോകുകയാണ്. ഇന്നത്തെ സാമ്പത്തിക സാഹചര്യങ്ങൾക്കകത്തുനിന്നുകൊണ്ട് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി എല്ലാ രംഗത്തും പണം നീക്കിവയ്ക്കാൻ ശ്രമിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിനുവേണ്ടി 575 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. അത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. പൊതുമരാമത്ത് വകുപ്പിൽ ഊർജ്ജസ്വലമായ പ്രവർത്തനം നടക്കുന്നുണ്ട്. അതുപോലെ നാളികേര കർഷകരുടെ കാര്യങ്ങളിൽ താൽപ്പര്യമെടുത്തുകൊണ്ട് അതിനുവേണ്ടി 64.55 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. കുരുമുളക് കർഷകർക്കായി

20 കോടി രൂപ നീക്കി വയ്ക്കാൻ ശ്രമിച്ചിട്ടുണ്ട്. അതുപോലെ വിദ്യാഭ്യാസമേഖലയിൽ സെക്കന്ററി വിദ്യാഭ്യാസത്തിന് വളരെ പ്രാധാന്യം നൽകി 35.10 കോടി രൂപ അതിനുവേണ്ടി നീക്കി വയ്ക്കാം എന്നുള്ള ഉറപ്പ് ഈ ബഡ്ജറ്റിലൂടെ വന്നിരിക്കുന്നു. അതുപോലെ സെക്കന്ററി വിദ്യാഭ്യാസ മേഖലയിൽ ലാബ് സൗകര്യം വർദ്ധിപ്പിക്കുക, അത്യാവശ്യ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, ഇൻഫ്രാസ്ട്രക്ചറിനും മറ്റുമൊക്കയായി വളരെയേറെ കാര്യങ്ങൾ ചെയ്യുവാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ് എന്ന് ബഡ്ജറ്റിലൂടെ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇന്നുള്ള ഈ സാഹചര്യത്തിൽ അടിസ്ഥാന മേഖലയിലുള്ള വികസനത്തിന് ഊന്നൽ നൽകും. അങ്ങനെ ഒരു കാലത്തും ഉണ്ടാകാത്ത രീതിയിൽ ദേശീയപാത 47-ലും 17-ലും അതുപോലെയുള്ള മറ്റു ദേശീയപാതകളുടെ വികസനത്തിനുംവേണ്ടി മൂവ്വായിരം കോടിയിലേറെ രൂപ നമുക്ക് നൽകാമെന്ന ഉറപ്പ് ലഭിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനവുമായി മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. പ്രധാനപ്പെട്ട റോഡുകളൊക്കെ തന്നെ നാലുവരി ആക്കി മാറ്റാനുള്ള നീക്കം നടക്കുന്നു. ഇപ്പോൾ 12-ാം ധനകാര്യ കമ്മീഷന്റെ ശുപാർശ വന്നു. നമുക്ക് നേട്ടം കൈവരിക്കാൻ കഴിഞ്ഞ മേഖലയ്ക്ക് സഹായം നൽകില്ല എന്നുള്ള ധാരണ ഇന്ന് വളർന്നു വന്നിരിക്കുകയാണ്. ആരോഗ്യവും വിദ്യാഭ്യാസവും നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള മേഖലകളാണ്. ധനകാര്യ കമ്മീഷന്റെ ശുപാർശകളിൽ ഈ മേഖലകളിൽ സംസ്ഥാനത്തിന് സഹായം നൽകില്ല എന്ന ശുപാർശ വന്നിരിക്കുകയാണ്. അത് ശരിയായ രീതിയാണെന്ന് തോന്നുന്നില്ല. നമുക്ക് നമ്മുടേതായ സംഭാവനകളുടെ ഫലമായി നേട്ടം ഉണ്ടായിട്ടുള്ള മേഖലയിൽ കേന്ദ്ര സഹായം ലഭിക്കാതെ വരുന്ന സ്ഥിതി ഒഴിവാക്കാൻവേണ്ടി എങ്ങനെ രാഷ്ട്രീയ സമ്മർദ്ദം ചെലുത്താൻ കഴിയും എന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കണം എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുപോലെ തന്നെ ഇപ്പോൾ തൊഴിലില്ലായ്മയുടെ കാര്യം പറഞ്ഞു. എല്ലാപേരും വൈറ്റ്കോളർ ഉദ്യോഗത്തെക്കുറിച്ചാണ് ചിന്തിക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി തരിശുഭൂമി കൃഷി ചെയ്യാൻ വേണ്ടിയുള്ള പദ്ധതിയുടെ കാര്യവും അതിൽ ചെറുപ്പക്കാരുടെ പങ്കാളിത്തത്തെക്കുറിച്ചുമൊക്കെ പറഞ്ഞപ്പോൾ പലരും അതിനെ പുച്ഛത്തോടുകൂടി സമീപിച്ചത് ശരിയല്ല എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. വൈറ്റ്കോളർ ഉദ്യോഗം കൊണ്ടുമാത്രം കേരളത്തിലെ തൊഴിലില്ലായ്മ പരിഹരിക്കാൻ കഴിയുന്നതല്ല. പുതിയ പുതിയ മേഖലകൾ കണ്ടെത്താൻ കഴിയണം. സ്വയം തൊഴിൽ കണ്ടെത്താൻ കഴിയണം. അതിന് കഴിഞ്ഞെങ്കിൽ മാത്രമേ കേരളത്തിലെ തൊഴിലില്ലായ്മയ്ക്ക് പരിഹാരമുണ്ടാക്കാൻ കഴിയുകയുള്ളൂ. അതുപോലെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തലസ്ഥാന നഗരിയുടെ വികസനത്തിനുവേണ്ടി വളരെയേറെ കാര്യങ്ങൾ പ്രഖ്യാപിച്ചിരിക്കുന്നത് പ്രശംസനീയമാണ്. ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു. പക്ഷേ ഞങ്ങൾ എറണാകുളത്തുനിന്നും വരുന്നവരാണ്. കേരളത്തിലെ റവന്യൂ വരുമാനത്തിന്റെ വലിയ ഒരു വിഹിതം കിട്ടുന്നത് എറണാകുളം-കൊച്ചി മേഖലയിൽ നിന്നാണ്. കൊച്ചിയെ അവഗണിച്ചു എന്ന് ഞാൻ പറയുന്നില്ല; നിർഭാഗ്യവശാൽ അതിനെ ഗൗരവമായി പരിഗണിച്ചില്ല. ആ തെറ്റ് തിരുത്താൻ ഇതിന്റെ മറുപടി പ്രസംഗത്തിൽ എന്തെങ്കിലും ഉണ്ടാകുമെന്ന് കരുതുന്നു. കൊച്ചിയുടെ വികസനവുമായി ബന്ധപ്പെട്ട പല പദ്ധതികളുണ്ട്. സീപോർട്ട് എയർപോർട്ട് റോഡ് പദ്ധതി വളരെ കാലങ്ങളായി

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങിയതാണ്. കൊച്ചിയുടെ വികസനത്തിനുവേണ്ടി വലിയ പങ്ക് വഹിക്കേണ്ട പദ്ധതിയാണ്. ഞാൻ ധരിച്ചത് അതിലേക്ക് കുറച്ച് പണം നീക്കിവയ്ക്കും എന്നാണ്. ഭൂമി പൊന്നുംവിലയ്ക്ക് എടുക്കുന്ന കാര്യത്തിലെങ്കിലും കുറേ പണം അതിനുവേണ്ടി നീക്കിവയ്ക്കുമെന്നു കരുതി. നിർഭാഗ്യവശാൽ ആ കാര്യത്തിൽ താൽപ്പര്യമെടുത്തില്ല. എന്തുകൊണ്ടോ വിട്ടു പോയി. അത് ഉൾപ്പെടുത്താൻ കഴിയുമോ എന്ന് പരിശോധിക്കണം. കേരളത്തിന്റെ വികസനത്തിലും വളർച്ചയിലും വളരെയേറെ പങ്ക് വഹിക്കുന്ന കൊച്ചി മേഖലയെ പരിഗണിക്കാതെ പോയത് ശരിയല്ല എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അവിടെ വലിയ പ്രതിഷേധവും അമർഷവും ഒക്കെ ഉണ്ടായിട്ടുണ്ട്. കൊച്ചിയെ പരിഗണിക്കണം; പരിഗണിക്കാതെ പോകുന്നത് ശരിയല്ല എന്നാണ് എനിക്ക് തോന്നുന്നത്. കേരളത്തിൽ മൊത്തത്തിൽ ഉണ്ടാകേണ്ട സാമ്പത്തിക വളർച്ചയിൽ പ്രധാനപ്പെട്ട പങ്ക് വഹിക്കാൻ പോകുന്ന വികസന പ്രവർത്തനങ്ങൾ നടക്കുമ്പോൾ അതിന് അനുകൂലമായ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് സംസ്ഥാന ഗവൺമെന്റിന് നിർബന്ധമായും താൽപ്പര്യമുണ്ടാകണം എന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. കെ. പി. രാജേന്ദ്രൻ: കൊച്ചിയുടെ കാര്യം അങ്ങ് താൽപ്പര്യപൂർവ്വം പറയുകയുണ്ടായി. തൃശ്ശൂരിനേയും ശക്തമായി അവഗണിച്ചതുകൊണ്ട് വലിയ അഭിപ്രായങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. പ്രാദേശിക സന്തുലിതാവസ്ഥ പ്രധാനപ്പെട്ട ഘടകമാണ്. മെട്രോപൊളിറ്റൻ സിറ്റികളെ തലസ്ഥാന നഗരിയിൽ കേന്ദ്രീകരിച്ചുകൊണ്ട് വികസനം എന്ന ഒരു പദ്ധതി വരുന്നത് ശ്രീ. ചന്ദ്രബാബു നായിഡുവും ശ്രീ. എസ്. എം. കൃഷ്ണയുമൊക്കെ ഗ്രാമീണ മേഖലയിൽ നാട്ടിൻ പുറങ്ങളെ മറന്നുകൊണ്ടുള്ള വികസന സ്വപ്നങ്ങളുമായിട്ടാണ് വലിയ പദ്ധതികൾ കൊണ്ടുവന്നത്. ഈ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ രണ്ടുപേർക്കും കിട്ടിയ അനുഭവവും നമ്മുടെ മുമ്പിൽ ഇല്ലേ?

ശ്രീ. കെ. മുഹമ്മദാലി: നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം നഗരവും ഗ്രാമവും എന്നുള്ള വ്യത്യാസമില്ല. വികസന കാര്യങ്ങളിൽ സംസ്ഥാനത്തെ മൊത്തത്തിൽ കാണണം. പക്ഷേ ചില പ്രത്യേക മേഖലകൾക്ക് വികസന സാദ്ധ്യതകൾ വർദ്ധിക്കും. സംസ്ഥാനത്തിന്റെ മൊത്തമായ പുരോഗതിക്ക് അത് ആവശ്യമാണ്. കൊച്ചിയ്ക്ക് സ്വാഭാവികമായ ചില പ്രശ്നങ്ങളുണ്ട്. അവിടെ അടിസ്ഥാനസൗകര്യം ഉണ്ടാകണം. വല്ലാർപാടം പ്രോജക്ട് വരുന്നു. അവിടെ ആവശ്യമായ അടിസ്ഥാനസൗകര്യം ഉണ്ടാകേണ്ടത് ആവശ്യമാണ്. അപ്പോൾ ആ നിലയിൽ അതിനെ സമീപിക്കണം. കേരളത്തിലെ പ്രത്യേകമായ ചില മേഖലകളിൽ നമുക്ക് താൽപ്പര്യമെടുക്കേണ്ടി വരുന്നതിന്റെ കാരണവും അതുതന്നെയാണ്. അങ്ങയുടെ ഉദ്ദേശശുദ്ധിയിൽ എനിക്ക് ഒരു സംശയവുമില്ല. തൃശ്ശൂരിനും പരിഗണന വേണം.

ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): അദ്ദേഹം ചോദിച്ചത് തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ട കാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മുഹമ്മദാലി: രാഷ്ട്രീയ സാഹചര്യങ്ങളാണ് തെരഞ്ഞെടുപ്പിൽ ജയവിജയങ്ങൾ നിശ്ചയിക്കുന്നത്. വികസന പ്രവർത്തനങ്ങളും മറ്റു കാര്യങ്ങളുമൊക്കെ നടത്തിയതുകൊണ്ടുമാത്രം വിജയിക്കണമെന്നില്ല. തെരഞ്ഞെടുപ്പു കാലത്തെ രാഷ്ട്രീയ സാഹചര്യങ്ങളാണ് തെരഞ്ഞെടുപ്പിന്റെ ജയവിജയങ്ങൾ നിർണ്ണയിക്കുന്നത്. ഞാൻ അതിലേക്കൊന്നും പോകുന്നില്ല. ഇവിടെ സ്മാർട്ട് സിറ്റിക്കും മറ്റു കാര്യങ്ങൾക്കുംവേണ്ടി വളരെയെറെ ഭൂമി പൊന്നും വിലയ്ക്ക് എടുക്കേണ്ടി വരുന്നു. പത്തഞ്ഞൂറ് കോടി രൂപ മുടക്കി ഭൂമി എടുത്ത് പ്രോജക്ടുകൾ കൊണ്ടുവരാൻ ശ്രമിക്കുന്നു, എന്ന് പറഞ്ഞാൽ വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. ഭൂമി പൊന്നും വിലയ്ക്ക് എടുക്കുമ്പോൾ വരുന്ന ചെലവ് വളരെ വലുതാണ്. അതുകൊണ്ട് മറ്റു രീതിയിൽ ലാന്റ് ലഭ്യമാക്കാൻ കഴിയുമോ എന്നതിനെക്കുറിച്ച് ഗൗരവമായി പരിശോധിക്കണം. ഇപ്പോൾ സ്മാർട്ട് സിറ്റിക്ക് സ്ഥലം വേണം. വല്ലാർപാടം പ്രോജക്ടിന്റെ അടിസ്ഥാന സൗകര്യങ്ങൾക്ക് സ്ഥലം വേണം. മറ്റു കാര്യങ്ങൾക്ക് സ്ഥലം വേണം. കൊച്ചിയെ സംബന്ധിച്ചിടത്തോളം എഫ്.എ.സി.റ്റി.യുടെ വളരെയേറെ സ്ഥലങ്ങളുണ്ട്. എഫ്.എ.സി.റ്റി.യുടെ വികസനം ഇനിയും വലിയ രീതിയിൽ മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കുകയില്ല. എഫ്.എ.സി.റ്റി. നിലനിർത്താൻ തന്നെ ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. എഫ്.എ.സി.റ്റി.യുടെ കൈവശം വളരെയേറെ സ്ഥലങ്ങളുണ്ട്. അതുപോലെ തന്നെ എച്ച്.എം.ടി. ക്ക് 900 ഏക്കർ സ്ഥലമുണ്ട്. കൊച്ചി സിറ്റിയുമായി ബന്ധപ്പെട്ടു കിടക്കുന്ന സ്ഥലമാണ്. കൊച്ചിയുടെ അടുത്ത് നാഷണൽ ആർമി ഡിപ്പോ ആയി ഉപയോഗിച്ചുവരുന്ന ഡിഫൻസിന്റെ കയ്യിലുണ്ട് ആയിരക്കണക്കിന് ഏക്കർ സ്ഥലം അവിടെ ഒന്നും ചെയ്യാൻ കഴിയുന്നില്ല. ഒരു വികസന പ്രവർത്തവും അവിടെ നടക്കുന്നില്ല. അതിൽ ഏറെ സ്ഥലവും കൊച്ചിയുടെ ഹൃദയഭാഗത്ത് വെറുതെ കിടക്കുമ്പോൾ അത് ഉപയോഗിക്കാൻ നമുക്ക് കഴിയുന്നില്ല. അതേസമയത്ത് സെന്റിന് രണ്ടും മൂന്നും ലക്ഷം രൂപ വില വരുന്ന ലാന്റ് പൊന്നും വിലയ്ക്ക് എടുത്ത് പ്രോജക്ടുകൾ കൊണ്ടുവരാൻ ശ്രമിക്കുക എന്ന് പറഞ്ഞാൽ അത് വിജയകരമാകുമെന്ന് കരുതുന്നില്ല. അപ്പോൾ അത്തരം ഭൂമികൾ സംസ്ഥാനത്തിന്റെ പുരോഗതിക്കുവേണ്ടി ഉപയോഗപ്പെടുത്താൻ കേന്ദ്രഗവൺമെന്റുമായിട്ട് ആലോചിച്ച് അതിന് ഒരു തീരുമാനം എടുക്കണം. അതിന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയും മുഖ്യമന്ത്രിയുമൊക്കെ ശ്രദ്ധിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. ആയിരക്കണക്കിലേറെ ഏക്കർ ഭൂമിയുണ്ട്. അങ്ങനെയുള്ള ലാന്റ് നമുക്ക് എങ്ങനെ ഉപയോഗപ്പെടുത്താൻ കഴിയും എന്നതിനെക്കുറിച്ച് ആലോചിക്കേണ്ടിയിരിക്കുന്നു. നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി അപകടകരമായ അവസ്ഥയിലേക്ക് എത്തിയിരിക്കുന്നു. പൊതുകടം വളരെയേറെ വർദ്ധിച്ചിരിക്കുന്നു. ഇത് ഇപ്പോൾ പുതിയതായിട്ടുള്ള ഒരു പ്രവണതയല്ല. എല്ലാപേരുടെയും സംഭാവനകൾ ഈ കാര്യങ്ങളിലുണ്ട്. ഇങ്ങനെയുള്ള സ്ഥിതിക്ക് പല കാരണങ്ങളുമുണ്ട്. ഇപ്പോഴുള്ള അറിവ് അനുസരിച്ച് 221 കോടി രൂപയുടെ നഷ്ടമാണ് പൊതുമേഖലാ സ്ഥാപനങ്ങൾ വരുത്തിയിരിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങൾ എന്തുകൊണ്ട് ഈ നിലയിലേക്ക് പോകുന്നു എന്നതിനെക്കുറിച്ച് ഒരു ആത്മപരിശോധനയ്ക്ക് നാം തുനിയണം. കാരണം പൊതുമേഖലാ സ്ഥാപനങ്ങൾ ഈ സ്ഥിതിയിലേക്ക് എത്തുന്നത് തൊഴിലാളികളുടെ കുറ്റംകൊണ്ടുമാത്രമല്ല, ഇത് കൈകാര്യം ചെയ്യുന്നതിൽ മാനേജുമെന്റ് പല വീഴ്ചകളും വരുത്തുന്നുണ്ട്. വളരെ മോശക്കാരായ ആളുകളെയാണ് അതിന്റെ ചുമതലക്കാരായി

LIBRARY ARCHIVES Kerala Legislative Assembly

ഏൽപ്പിക്കുന്നത്. ഗവൺമെന്റ് അത് ഗൗരവമായി പരിശോധിക്കണം. വിജിലൻസ് കേസുകളുള്ള, സ്ഥിരമായി കുഴപ്പങ്ങളുണ്ടാക്കുന്ന, സ്ഥിരലാവണമായി പൊതുമേഖലയെ കാണുന്ന കുറേ ആളുകളെ വച്ച് ധൂർത്തും അഴിമതിയും നടത്തി പൊതുമേഖലാ സ്ഥാപനങ്ങളെ ഇന്നത്തെ സ്ഥിതിയിൽ എത്തിച്ചു എന്നുള്ളത് മനസ്സിലാക്കാനും അംഗീകരിക്കാനും ഗവൺമെന്റ് തയ്യാറാകണം. അതിനൊക്കെ മാറ്റം ഉണ്ടാക്കിയാൽ മാത്രമേ സാമ്പത്തിക മേഖലയിൽ ഊർജ്ജസ്വലത നേടാൻ നമുക്ക് കഴിയുകയുള്ളൂ എന്ന കാര്യത്തിൽ സംശയമില്ല.

സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് നാം ശ്രമിക്കുമ്പോൾ, ദേശീയ തലത്തിൽ നമ്മുടെ സാമ്പത്തിക വളർച്ച വളരെ നല്ല നിലയിലാണ്, പ്രതീക്ഷ നൽകുന്നതുമാണ്. പക്ഷെ നമ്മുടെ സംസ്ഥാനത്തിന് ദേശീയ തലത്തിലുള്ള ആ നിലയിലേക്ക് പോകാൻ പല നിലയിലും കഴിയുന്നില്ല. ദേശീയതലത്തിൽ ഉണ്ടാകുന്ന നല്ല സാഹചര്യം നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകാൻ കഴിയാതെ പോകുന്നതിനുള്ള ഘടകങ്ങൾ എന്താണെന്നും എങ്ങനെ അതിന് മാറ്റം വരുത്താൻ കഴിയും എന്നതിനെക്കുറിച്ചുമൊക്കെ പരിശോധനയ്ക്ക് എല്ലാവരും തയ്യാറായെങ്കിൽ മാത്രമേ ഈ സംസ്ഥാനം രക്ഷപ്പെടൂ. നമുക്കറിയാം ടെയിൽ എന്റിലാണ് നമ്മുടെ സംസ്ഥാനം നിൽക്കുന്നത്. പല കാരണത്താലും നമുക്ക് പ്രത്യേകമായ പരിഗണന കേന്ദ്ര ഗവൺമെന്റ് നൽകേണ്ടതായുണ്ട്. ഓയിലിനും ഡീസലിനും ഒക്കെ വിലവർദ്ധനവ് ഉണ്ടാകുമ്പോൾ അത് ഏറ്റവും കൂടുതൽ ബാധിക്കുന്നത് നമ്മുടെ സംസ്ഥാനത്തെയാണ്. കാരണം നമ്മൾ ഇങ്ങോട്ടുയറ്റത്തായതുകൊണ്ട് അത്യാവശ്യ നിത്യോപയോഗ സാധനങ്ങളും മറ്റും കൊണ്ടു വരുന്നതിനുള്ള ഗതാഗതത്തിനും മറ്റു കാര്യങ്ങൾക്കും വേണ്ടി നമുക്ക് വളരെയേറെ ബുദ്ധിമുട്ട് അനുഭവിക്കേണ്ടി വരുന്നു. വളരെയേറെ ബാദ്ധ്യത നമുക്ക് ഉണ്ടാകുന്നു. ഈ പ്രത്യേകതകൾ കേന്ദ്ര ഗവൺമെന്റിനെ ധരിപ്പിച്ചുകൊണ്ട് പ്രത്യേകമായ സഹായം നമ്മുടെ സംസ്ഥാനത്തിന് ലഭിക്കാൻ കഴിയുന്ന തരത്തിൽ, ബീഹാറിലും മറ്റും ലഭിച്ച പാക്കേജ് പോലെയല്ലെങ്കിൽപ്പോലും ഏതെങ്കിലും നിലയിലുള്ള പ്രത്യേകമായ അസിസ്റ്റൻസ്, നമ്മുടെ സംസ്ഥാനത്തിന്റെ ഈ നിലയിലുള്ള പ്രത്യേകമായ സാഹചര്യം ചൂണ്ടിക്കാണിച്ചുകൊണ്ട് വാങ്ങിയെടുക്കുവാൻ കഴിയുമോ എന്ന് പരിശോധിക്കണം. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നുള്ളത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ടൂറിസം നമുക്ക് വളരെ മെച്ചമുണ്ടാക്കാവുന്ന മേഖലയാണ്. അപ്പോൾ ആ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാകണം. നല്ല റോഡുകൾ ഉണ്ടാകണം, അതുപോലുള്ള നല്ല സൗകര്യങ്ങൾ ഉണ്ടാകണം. ഈ സൗകര്യങ്ങൾ ഉണ്ടാകുമ്പോൾ സ്വാഭാവികമായും നിക്ഷേപങ്ങൾ നടത്തുവാൻ നമ്മുടെ സംസ്ഥാനത്തേക്ക് പുറത്തുനിന്നും മറ്റു ഭാഗങ്ങളിൽനിന്നും ആളുകൾ വരും എന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ നിക്ഷേപകർ വരുമ്പോൾ ചതിക്കുഴികൾ ഇല്ലാതെ നോക്കുക എന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇപ്പോൾ നമുക്കറിയാം വ്യവസ്ഥാപിതമായ ഏജൻസികൾ നൽകുന്ന സഹായത്തിന് ബദലായി അതിനെക്കാൾ ചുരുങ്ങിയ പലിശയ്ക്ക് പണം നൽകാമെന്ന് പറഞ്ഞുകൊണ്ട് പലരും രംഗത്ത് വരുന്നുണ്ട്. അങ്ങനെയുള്ള ആളുകളുടെ ആക്ച്വലായിട്ടുള്ള പ്രവർത്തികളെക്കുറിച്ച്, പരിശോധിക്കുവാൻ നമുക്ക് കഴിഞ്ഞുവെങ്കിൽ മാത്രമേ ശരിയായ രീതിയിലുള്ള നിക്ഷേപം നമ്മുടെ സംസ്ഥാനത്ത്

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാക്കാൻ കഴിയൂ. 50,000 ത്തോളം കോടിരൂപയുടെ നിക്ഷേപം സംസ്ഥാനത്ത് ഉണ്ടായെങ്കിൽ മാത്രമേ സംസ്ഥാനത്ത് ഇന്ന് ഉണ്ടായിരിക്കുന്ന മാന്ദ്യതയ്ക്ക് മാറ്റം വരുത്തി ഊർജ്ജസ്വലത ആ രംഗത്ത് കൈവരിക്കുവാൻ സാധിക്കൂ. ഏതായാലും ധനകാര്യമന്ത്രി കേരളത്തിന്റെ സാമ്പത്തിക സാഹചര്യങ്ങൾ ശരിയായ രീതിയിൽ പരിശോധിക്കാനും യഥാർത്ഥമായ സ്ഥിതി മനസ്സിലാക്കുവാനും ഒക്കെ തയ്യാറായിട്ടുണ്ട്. അതോടൊപ്പംതന്നെ ഒരു കാര്യം കൂടി സൂചിപ്പിക്കുന്നു. ഞാൻ നേരത്തെ പറഞ്ഞ കാര്യം തന്നെയാണ്. കൊച്ചിയുടെ കാര്യത്തിൽ വന്നുപോയിരിക്കുന്ന ഈ വീഴ്ചകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): കൊച്ചിയിലും കോഴിക്കോടും വികസനത്തിനു വേണ്ടിയുള്ള സംവിധാനം ഉണ്ടാക്കുന്നതാണ് എന്ന് ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ളത് ഓർക്കുന്നുണ്ടോ?

ശ്രീ. കെ. മുഹമ്മദാലി: അത് അങ്ങയുടെ പൊതുപ്രസ്താവനയാണ്. ഇക്കാര്യം അതിനകത്തില്ല. വീഴ്ച വന്നുപോയിട്ടുണ്ട്. ആ വീഴ്ചയ്ക്ക് പരിഹാരം ഉണ്ടാക്കാൻ വേണ്ടി, കൊച്ചിയുടെ ഏറ്റവും അടിയന്തിര പ്രാധാന്യമുള്ള മേഖലയ്ക്കുവേണ്ടി, അങ്ങ് മറുപടി പ്രസംഗത്തിലെങ്കിലും എന്തെങ്കിലും പറഞ്ഞില്ലായെങ്കിൽ ഞങ്ങൾക്കൊക്കെ കൊച്ചിയിലേക്ക് പോകാൻ പ്രയാസം ഉണ്ടാകും എന്ന് ധരിപ്പിക്കാൻ ആഗ്രഹിക്കുന്നു. ഞാൻ ഈ ബഡ്ജറ്റിനെ പിൻതാങ്ങുന്നു.

ശ്രീ. ടി. പി. എം. സാഹിർ: സർ, ഒരു സിസ്റ്റം ട്രാൻസിഷൻ പീരിയഡിൽ ഉന്നതമായ ലക്ഷ്യബോധത്തോടെ, ഇനിയുള്ള കാലങ്ങളിൽ കേരളം കൂടുതൽ സാമ്പത്തിക ഭദ്രത നേടണം എന്ന ആഗ്രഹം മനസ്സിൽ വച്ച് അങ്ങ് ഇവിടെ അവതരിപ്പിച്ച ഈ ബഡ്ജറ്റിനെ ഞാൻ പിൻതാങ്ങുന്നു. 1990 മുതൽ കേന്ദ്ര ഗവൺമെന്റ് ആവിഷ്കരിച്ച 'വാറ്റ്' സിസ്റ്റത്തിലേക്ക് 2005-ലാണ് നമ്മൾ പ്രവേശിക്കുന്നത്. കഴിഞ്ഞ മൂന്നുവർഷമായി നാം അതിന് ഒരുങ്ങി, റവന്യൂ വർദ്ധനവിനു വേണ്ടി ശ്രമിച്ചു അതിൽ വിജയിച്ചു. 'വാറ്റി'ന്റെ കണ്ടീഷൻ അനുസരിച്ച് ആദ്യവർഷം റവന്യൂ ലോസിന്റെ 100 ശതമാനവും കേന്ദ്ര ഗവൺമെന്റ് നികത്തും എന്നുള്ളതാണ്. അതിൽ നമുക്ക് നേട്ടം ഉണ്ടാക്കാൻ കഴിഞ്ഞു. മൂന്നു വർഷവും ശ്രമിച്ചതിന്റെ ഫലമായി റവന്യൂ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് റവന്യൂ ലോസിൽ കേന്ദ്രത്തിൽ നിന്നുള്ള വരുമാനം അടുത്ത വർഷം കൂടുതൽ കിട്ടും എന്നുള്ളത് ഒരു ആശാവഹമായ സംഗതി തന്നെയാണ്. 'വാറ്റ്' സിസ്റ്റത്തിൽ ഇന്ന് വ്യാപാരി വ്യവസായി സമൂഹം സംതൃപ്തരാണ്. അവർ സമരത്തിനെല്ലാം ഒരുങ്ങുന്നുണ്ട്, അത് സംഘടനയുടെ നിലനിൽപ്പിന് സമരം വേണം എന്നുള്ളതുകൊണ്ടു മാത്രമാണ്. കാരണം 70 ശതമാനം വ്യാപാരികൾക്കും സെൽഫ് അസസ്സ്മെന്റ് മുഖേന റിട്ടേൺസ് സമർപ്പിക്കാൻ സാധിക്കും എന്നുള്ളതാണ്. എത്രയോ വർഷങ്ങളായി വ്യാപാരി സമൂഹം ആവശ്യപ്പെടുന്നതാണ് ഈ സിസ്റ്റം. അതായത് ഇൻകംടാക്സിൽ ഉള്ളതുപോലെ തന്നെ വ്യാപാരികളുടെ ഓഫീസുകൾ റെയ്ഡ് ചെയ്ത് സെയിൽസ് ടാക്സ് ഇൻസ്പെക്ടർമാർ നോട്ടീസ് കൊടുത്ത് ഇതിന് തീർപ്പ് കൽപ്പിക്കാൻ മാസങ്ങളും വർഷങ്ങളും എടുക്കും. അതിൽ വരുന്ന ഇന്ററസ്റ്റും ഇവിടെ പറയുന്ന ഒരു സംഗതിയാണ്. വർഷങ്ങളായുള്ള ഇന്ററസ്റ്റ് റേറ്റ് 24 ശതമാനം ആയിരുന്നു അത് ഇന്ന് 12 ശതമാനമാക്കി കുറച്ചു. അങ്ങനെ ഫാക്ടറികളുടെ എന്തെല്ലാം പ്രശ്നങ്ങൾ,

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ കുറേ വർഷങ്ങളായി അവരുടെ സംഘടനകൾ ആവശ്യപ്പെട്ടോ അതിൽ ഇന്ന് 70 ശതമാനവും പൂർത്തീകരിച്ചു. അതായത് മൊത്തം വ്യാപാരികളിൽ 70 ശതമാനവും 5 ലക്ഷത്തിനും 50 ലക്ഷത്തിനും ഇടയിൽ ടേണോവർ ഉള്ളവരാണ്. അവർക്കാണ് ഇന്ന് ഒരു ശതമാനം ടാക്സ് കൊടുത്തുകൊണ്ട് സെൽഫ് അസ്സെസ്മെന്റ് രീതി നടപ്പിലാക്കുന്നത്. അതുകൊണ്ടുതന്നെ 70 ശതമാനം വ്യാപാരികളുടെയും പ്രശ്നങ്ങൾ ഇന്ന് അവസാനിച്ചിരിക്കുകയാണ്. കമ്പ്യൂട്ടർ, മെഡിസിൻ മുതലായ വസ്തുക്കൾക്ക് ഈ ബഡ്ജറ്റിലൂടെ വില കുറയും എന്ന് പത്രങ്ങൾ മുഖേന നാം ഇവിടെ കണ്ടതാണ്. അതുപോലെ തന്നെയാണ് 'വാറ്റ്' ഐഡന്റിറ്റി കാർഡ് 'വാറ്റ്' സിസ്റ്റത്തിൽ എല്ലാവരും കമ്പ്യൂട്ടർ വാങ്ങി സ്വന്തം ബിസിനസ്സ് സ്ഥാപനം കമ്പ്യൂട്ടർ വൽക്കരിക്കുകയാണെങ്കിൽ 'വാറ്റ്' ഐഡന്റിറ്റിയിലൂടെ അവർക്ക് അടയ്ക്കേണ്ടത് ടാക്സ് എത്രയാണ് എന്ന് ഓഫീസിൽ പോകാതെതന്നെ അങ്ങോട്ടും ഇങ്ങോട്ടും ആശയ വിനിമയത്തിലൂടെ അറിയാനുള്ള ഏർപ്പാട് എന്തുകൊണ്ടും നല്ലതുതന്നെയാണ്. പക്ഷെ ഇതിനെല്ലാം പുറമേ നമുക്ക് ചില പോരായ്മകൾ ഇനിയും നികത്തേണ്ടതുണ്ട്. ഇവിടെ ഇപ്പോൾ ടെക്നിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കും എന്നുപറഞ്ഞിട്ടുണ്ട്. അത് സ്വാഗതാർഹമാണ്. പക്ഷെ ഹയർ എഡ്യൂക്കേഷനിൽ നമ്മുടെ ആർട്സ് ആന്റ് സയൻസ് കോളേജുകൾ ഇന്ന് നോക്കുകുത്തികളായി മാറുന്ന ഒരു അവസ്ഥയിലേക്ക് മാറിക്കൊണ്ടിരിക്കുകയാണ്. അവിടെ പുതിയ കോഴ്സുകൾ അനുവദിക്കുകയാണെങ്കിൽ, ഇലക്ട്രോണിക്സ് കോഴ്സ് ആണെങ്കിൽത്തന്നെ കമ്പ്യൂട്ടർ വാങ്ങാനുള്ള ഫണ്ടിങ് അവിടെ ഇല്ല. കോഴിക്കോട് ആർട്സ് ആന്റ് സയൻസ് കോളേജ് സ്ഥാപിച്ചിട്ട് 25 വർഷമായി. അവിടെ കമ്പ്യൂട്ടർ സയൻസിൽ എം.എസ്സ്.സി. ഫിസിക്സ് അനുവദിച്ചു, പക്ഷെ കമ്പ്യൂട്ടർ വാങ്ങാനൊന്നും പണമില്ല. രണ്ടു കോടിയിലധികം ഉറുപ്പിക കമ്പ്യൂട്ടറിന്റെ എല്ലാ ഉപകരണങ്ങളും വാങ്ങി ആ കോഴ്സ് നടത്താൻ ആവശ്യമാണ്. ഇപ്പോൾ ഹയർ എഡ്യൂക്കേഷൻ ടെക്നിക്കൽ യൂണിവേഴ്സിറ്റി വരുന്നതിനു പുറമേ നിലവിലുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുകയും അത് നടത്താൻ ആവശ്യമായ പണം കണ്ടെത്തുകയും ചെയ്തില്ലെങ്കിൽ എല്ലാ ആർട്സ് ആന്റ് സയൻസ് കോളേജുകളും നോക്കുകുത്തികളായി മാറിക്കൊണ്ടിരിക്കും. കാരണം പണമില്ല, അവർക്ക് കോഴ്സുകളുടെ പുനരുദ്ധാരണത്തിനുവേണ്ട പണം ലഭിക്കാത്തതുമൂലം ഇന്ന് വിഷമിക്കുകയാണ്. അതുപോലെതന്നെ പി.ഡബ്ലിയു.ഡി. യിൽ പണി തീർത്ത പാലങ്ങളുടെ അപ്രോച്ച് റോഡ് ഇല്ല. അപ്രോച്ച് റോഡ് ഇല്ലാതെ വർഷങ്ങളായി കോന്നി, പള്ളിക്കൽ പാലത്തിനുവേണ്ടി മുറവിളി കൂട്ടുന്നു. അപ്രോച്ച് റോഡിനുവേണ്ടി നീക്കിവച്ച പണം ലഭ്യമാകണമെങ്കിൽ നമ്മുടെ അക്വിസിഷൻ നടപടി പൂർത്തിയാകണം അതിനും പണം ആവശ്യമാണ്. അതുപോലെ പൂർത്തീകരിച്ച പദ്ധതികൾക്ക് ഒരുപാട് ഇൻവെസ്റ്റ്മെന്റ് ചെയ്തിട്ട് പിന്നെ ഇൻവെസ്റ്റ്മെന്റ് ചെയ്യാതെ ഇരിക്കുമ്പോൾ ഗവൺമെന്റിന് വൻനഷ്ടം സംഭവിക്കുന്നുണ്ട്. അതുകൊണ്ട് പൂർത്തീകരിച്ച പാലങ്ങൾക്കുള്ള അപ്രോച്ച് റോഡ്, അല്ലാത്തത് എന്നിങ്ങനെ ഒരു പട്ടിക പ്രത്യേകമായി ഉണ്ടാക്കി അത് പൂർത്തീകരിക്കുന്നതിന് ഒരു സംവിധാനം പി.ഡബ്ലിയു.ഡി. യിൽ ഉണ്ടാക്കിയാൽ, ഇൻവെസ്റ്റ് ചെയ്ത പണം യൂസ് ചെയ്യുന്നതിന് വളരെ ഉപകാരപ്രദമായിരിക്കും എന്ന് ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. സ്റ്റേറ്റിൽ ഏതെല്ലാം പാലങ്ങൾ നിർമ്മിച്ചു അതിന് അപ്രോച്ച് റോഡ് ഇല്ലെങ്കിൽ അതിനെത്ര ഫണ്ട് വേണം എന്ന തരത്തിൽ കണക്കാക്കി ഒരു പ്രത്യേക ഹെഡ്ഡ് തുടങ്ങണം എന്ന് ഞാൻ സൂചിപ്പിക്കുകയാണ്. സർ, അതുപോലെതന്നെ കോഴിക്കോട് മെഡിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

കോളേജിൽ 1992-ൽ ആരംഭിച്ച സൂപ്പർ സ്പെഷ്യാലിറ്റി ബിൽഡിംഗിന്റെ വർക്ക് തീർക്കുമെന്ന് ബഡ്ജറ്റിൽ പ്രത്യേകം പറഞ്ഞിട്ടുണ്ട്. ആശുപത്രിയിൽ ബിൽഡിംഗ് പണി മാത്രം പൂർത്തീകരിക്കുന്നില്ല. അത് രോഗികളെ കിടത്തി ചികിൽസിക്കുന്ന ഒന്നാക്കി മാറ്റണമെന്നുണ്ടെങ്കിൽ ഇരുന്നൂറ് കോടി രൂപ ആവശ്യമാണ്. അതിനുള്ള ഒരു പ്രോജക്ട് കഴിഞ്ഞവർഷം ഇവിടെ അവതരിപ്പിച്ചതാണ്. 1992 മുതൽ ഇൻവെസ്റ്റ് ചെയ്ത പതിനാല് കോടി രൂപകൊണ്ട് എട്ടു നില സമുച്ചയം ഉണ്ടാക്കിയതുകൊണ്ട് ഒരു കാര്യവും ഇല്ല. അതുകൊണ്ട് അതിന് കുറച്ചുകൂടി പണം വേണം. 200 കോടി ഉറുപ്പികയുടെ പ്രോജക്ട് മെഡിക്കൽ കോളേജും, ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷനും മുഖേന ഗവൺമെന്റിൽ സമർപ്പിച്ചതാണ്. അതിന് 50 കോടി രൂപയെങ്കിലും ഈ വർഷം അനുവദിക്കണം. കാരണം കോഴിക്കോട് സൂപ്പർ സ്പെഷ്യാലിറ്റി സമുച്ചയം പണികഴിക്കുമെന്ന് അങ്ങ് ബഡ്ജറ്റിൽ പ്രത്യേകം പറഞ്ഞതാണ്, മൊസൈക്ക് പണി കഴിഞ്ഞു. വയറിംഗ് കഴിഞ്ഞു, പക്ഷെ എക്കിപ്മെന്റ്സും ലബോറട്ടറിയും കിടക്കകളുമില്ലാതെ എങ്ങനെയാണ് ആശുപത്രിയാകുക? അതുകൊണ്ട് ഏഴ് തട്ടുള്ള ഈ ബിൽഡിംഗിന് ഒരു തുടക്കമെന്ന നിലയിൽ, അൻപത് കോടി രൂപയെങ്കിലും ഈ വർഷം അനുവദിച്ചാൽ നാലു വർഷംകൊണ്ട് ആ ഇരുന്നൂറ് കോടി പൂർത്തിയാക്കാം. അങ്ങനെ ഒരു തുടക്കം അതിലില്ലെങ്കിൽ ആ സൂപ്പർ സ്പെഷ്യാലിറ്റി കോംപ്ലക്സ് ഒരു നോക്കുകുത്തിയാകും. അത് നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. നമ്മുടെ കാലാകാലങ്ങളിലുള്ള ടാക്സ് റവന്യൂ കൂട്ടാൻ മാർഗ്ഗമില്ലാത്ത അവസ്ഥയിൽ നമുക്ക് ഇനി പുതിയതായി ആലോചിക്കാനുള്ള ഒരു മാർഗ്ഗമാണ് ഈ അഡ്വർടൈസിംഗ്. റേഡിയോയിൽ കൂടിയും ടി.വി. ചാനലിൽ കൂടിയുമാണ് ഇന്ന് അഡ്വെർടൈസിംഗ് പോകുന്നത്. അതിൽ നിന്ന് നമുക്ക് ഒരു ടാക്സും കിട്ടില്ല. മുമ്പാണെങ്കിൽ പത്രദ്വാരാ പരസ്യം പോകുന്നുണ്ടായിരുന്നു. അപ്പോൾ നമുക്ക് കുറച്ച് സെയിൽടാക്സ് ഈടാക്കാൻ പറ്റുമായിരുന്നു. ഇന്ന് ബ്രോഡ്കാസ്റ്റ് സിസ്റ്റത്തിലും മറ്റുമായി ഇത് മാറിപ്പോകുന്ന അവസ്ഥയിൽ അതിനുവേണ്ടി ഒരു നിർദ്ദേശംവച്ചു എന്നുമാത്രം. ടി.വി.യിൽ കൂടിയുള്ള അഡ്വർടൈസ്മെന്റിനും ബ്രോഡ്കാസ്റ്റ് സിസ്റ്റത്തിനും കേരളം കൂടുതൽ കൺസ്യൂമർ സ്റ്റേറ്റായതുകൊണ്ട് വിവിധ സ്ഥാപനങ്ങൾ ഇന്ന് അഡ്വർടൈസ് ചെയ്യുന്നത് ഈ മാർഗ്ഗത്തിൽക്കൂടിയാണ്. അതിനുവേണ്ടി ഒരു ഇൻകം ഞാൻ ഇവിടെ സജസ്റ്റ് ചെയ്തതാണ്. ഏതായാലും ലക്ഷ്യബോധത്തോടെയുള്ള ഈ ബഡ്ജറ്റ് അവതരിപ്പിക്കാൻ ഗവൺമെന്റ് മുന്നോട്ടുവന്ന ഈ സാഹചര്യത്തിൽ, വാറ്റ് ഇൻട്രോഡ്യൂസ് ചെയ്യാൻ പോകുന്ന സമയത്ത് സമരത്തിനായി ഇറങ്ങുന്ന ഒരു പ്രവണതയുണ്ട്. അത് സംഘടനയുടെ വെറും നിലനിൽപ്പിന് വേണ്ടിമാത്രമാണെന്ന് അതിന്റെ നേതാക്കൾ തന്നെ പറഞ്ഞിട്ടുണ്ട്. എഴുപത് ശതമാനം വ്യാപാരികളുടേയും പ്രശ്നങ്ങൾ കാര്യമായി സെൽഫ് അസസ്മെന്റിൽക്കൂടി പരിഹരിച്ചുപോകുന്നതുകൊണ്ടും നമ്മുടെ വ്യാപാരികൾക്ക് ഇനിയുള്ള ബുദ്ധിമുട്ടുകൾ എന്താണെന്ന് മനസ്സിലാക്കാൻവേണ്ടി വർഷങ്ങളായി അവർ സംഘടനയിൽ നേടിയെടുത്ത ഒരുപാട് പ്രശ്നങ്ങളുണ്ടായിരുന്നു. അതു മുഴുവൻ തട്ടിക്കളഞ്ഞിട്ടില്ല. ബഡ്ജറ്റ് സ്പീച്ചിൽ തന്നെ ഒരു പ്രത്യേക കോളത്തിൽ എടുത്തുപറഞ്ഞിട്ടുണ്ട്. ഈ ഗവൺമെന്റ് എല്ലാ വിധേനയും മുൻ കാലങ്ങളിൽ വ്യാപാരികളുമായി ഉണ്ടാക്കിയ കരാറുകൾ പാലിക്കുന്നതുകൊണ്ട് തന്നെ അവർക്ക് ആശങ്കയ്ക്ക് വഴിയില്ലെങ്കിലും ഗവൺമെന്റുമായിട്ടുള്ള ഒരു ആശയവിനിമയത്തിലൂടെ പ്രശ്നങ്ങൾ തീർക്കണമെന്ന് അഭിപ്രായപ്പെട്ടുകൊണ്ട് ഈ ബഡ്ജറ്റിനെ ഞാൻ പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ്: സർ, വളരെ സന്തോഷത്തോടുകൂടിയാണ് ഞാൻ ഈ പുതിയ ബഡ്ജറ്റിനെ അനുകൂലിച്ചുകൊണ്ട് പ്രസംഗിക്കുന്നത്. ഇതിൽ ഒരുപാട് നല്ല കാര്യങ്ങൾ ഉണ്ടെന്നതിന്റെ അടിസ്ഥാനത്തിലല്ല. ഏതായാലും പണ്ട് പലരും നോക്കിയിട്ട് നടക്കാതെ പോയത് ബഹുമാനപ്പെട്ട വക്കം പുരുഷോത്തമൻ നടത്തിയെന്നുള്ളതാണ് കാരണം. ഒരു കൊല്ലം കൊണ്ട്; പൂർണ്ണമായി 12 മാസംകൊണ്ട് പണം ചെലവഴിക്കാനുള്ള സാധ്യതയും സൗകര്യവും ബഡ്ജറ്റിൽക്കൂടി കിട്ടിയത് ഇപ്പോഴാണ്. ഇതിനു മുൻപുള്ള എല്ലാ ബഡ്ജററും ചില്ലറ വിൽപ്പനയായിരുന്നു. ഒരുപാട് ആളുകൾ ഇവിടെ തന്റേടങ്ങൾ പറയാറുണ്ടെങ്കിലും 12 മാസവും നിലനിൽക്കുന്ന ഒരു ബഡ്ജറ്റ് പാസാക്കിക്കഴിഞ്ഞാൽ അത് ചെലവഴിക്കാൻ 12 മാസവും കിട്ടുന്ന ഒരു സമയം ഇപ്പോൾ മാത്രമാണ് ഉണ്ടാക്കിത്തന്നത്. ഞാൻ അതിനുവേണ്ടിയാണ് അദ്ദേഹത്തെ പ്രത്യേകമായി അനുമോദിക്കുന്നത്. ഗ്രാമവികസനം അല്ലെങ്കിൽ നാടിന്റെ വികസനമെന്ന് പറയുമ്പോൾ എന്നെപ്പോലുള്ള സാധാരണക്കാരൻ കാണുന്നത് പ്രധാനമായിട്ടും മൂന്നു തരത്തിലുള്ള വികസനങ്ങളാണ്. ഞാൻ അതിനെ മൂന്നു "വി" എന്നാണ് പറയുന്നത്. വെള്ളം, വെളിച്ചം, വഴി, ഇത്രയും കാര്യങ്ങൾ ചെയ്തില്ലെങ്കിൽ പിന്നെ തത്വജ്ഞാനങ്ങൾ പറഞ്ഞതുകൊണ്ടും അവിടേയും ഇവിടേയുമൊക്കെ വലിയ ഭാഷയിൽ സംസാരിച്ചതുകൊണ്ടും പ്രയോജനമില്ല. മനുഷ്യന് നടക്കാൻ വഴി വേണം, കുടിക്കാൻ വെള്ളം വേണം, അതു കാണാൻ കണ്ണും, വെളിച്ചവും വേണം. ഇതു മൂന്നും ഉണ്ടാക്കിക്കൊടുക്കാൻ ഇതുവരെ, ഈ കാലമത്രയും സർക്കാരുകൾ ചീട്ടുകളിയിലെ ചീട്ടു മാറുന്നതുപോലെ മാറി മാറി വന്നിട്ടും ആർക്കും കഴിഞ്ഞില്ല എന്നുള്ളതാണ് വളരെ കഷ്ടം. അതുകൊണ്ട് ഈ ബഡ്ജറ്റിൽ ഞാൻ ആകമാനം കാണുന്ന ഒരു കുറവ് അത്യാവശ്യമുള്ള കാര്യങ്ങൾ ചെയ്യുന്നില്ല എന്നു തോന്നിപ്പോകുന്നു. മറ്റൊന്ന് ഗാന്ധിജിയുടെ പേരും പടവും വച്ചാണല്ലോ നമ്മുടെ വീടൊക്കെ അലങ്കരിക്കുന്നത്. ഗാന്ധിജി പറഞ്ഞ വല്ലതും നമ്മൾ കേൾക്കാൻ തയ്യാറായിട്ടുണ്ടോ? നിങ്ങൾ ഗ്രാമത്തിലേക്ക് ചെല്ലുക അവിടെ നിങ്ങൾക്ക് ആ ആത്മാവ് കണ്ടെത്താമെന്നാണ് പറഞ്ഞത്. ഇവിടെയിപ്പോൾ കൊച്ചിയെക്കുറിച്ച് പറയുന്നതുകേട്ടു, കൊച്ചിക്കു കൊടുത്തത് പോരെന്നാണ് പറഞ്ഞത്. അങ്ങനെ പട്ടണങ്ങളിൽ മാത്രം എന്നും ചെലവഴിച്ച്, സാധാരണക്കാരന് വികസനമെന്നുള്ളത് ഒരുപക്ഷെ ദൂരെനിന്ന് മാത്രം നോക്കിക്കാണാൻ ഭാഗ്യമുള്ള ഹതഭാഗ്യൻമാരിൽ ഒരാളാണ് ഞാനും. ഞാൻ ഒരു കുഗ്രാമവാസിയാണ്. അവിടെ ഈ പറയുന്ന വലിയ പരിഷ്ക്കാരങ്ങളൊന്നുമില്ല. പക്ഷെ അതൊക്കെ ചെയ്യുന്നത് പട്ടണങ്ങളിലാണ്. പട്ടണക്കാർക്ക് എന്നിട്ടും പോരാ. ഇവിടുത്തെ ഭൂരിപക്ഷം ജനങ്ങളും, 90 ശതമാനം ജനങ്ങളും ഗ്രാമീണവാസികളാണ്. അതുകൊണ്ട് അവർക്ക് ഈ ബഡ്ജറ്റിനെ ഒന്ന് തൊടാനും സുഖിക്കാനും ഒന്ന് ആസ്വദിക്കാനുമുള്ള അവസരമുണ്ടാക്കിക്കൊടുക്കേണ്ടതാണ്. ശ്രീ. വക്കം പുരുഷോത്തമനെങ്കിലും അത് ചെയ്യുമെന്ന് ഞാൻ വിചാരിച്ചു. അദ്ദേഹം പട്ടണത്തിന്റെ പ്രാന്തപ്രദേശങ്ങളിലൂടെ തപ്പി തപ്പി നടക്കുകയായിരുന്നു. കാര്യങ്ങളൊക്കെ നടന്നിട്ടുണ്ട്. പക്ഷെ എന്റെ സങ്കടം ഗ്രാമത്തെക്കുറിച്ച് ചിന്തിക്കുന്നില്ല എന്നുള്ളതാണ്. ഗ്രാമത്തെപ്പറ്റി ചിന്തിക്കുന്ന ധനമന്ത്രി ഇനിയെന്നുണ്ടാകുമോയെന്ന് ഈ കേരളത്തിൽ നിന്ന് പലപ്പോഴും ഞാൻ ഓർത്തുപോകുകയാണ്.

ശ്രീ. പി. സി. ജോർജ്: അദ്ദേഹം കേരള കോൺഗ്രസിന് ജന്മം കൊടുത്ത നേതാവാണ്. ബഡ്ജറ്റിലെ മുപ്പത്തിയാറാം പേജിൽ, മൊത്തം കാർഷികാദായം 40,000 രൂപയിൽ കവിയാത്തപ്പോൾ ടാക്സില്ല. മൊത്തം കാർഷികാദായം 40,000 രൂപയിൽ കൂടുതലും 60,000 രൂപയിൽ കവിയാതെയും വരുമ്പോൾ 40,000 രൂപയിൽ കൂടുതൽ വരുന്ന വരുമാനത്തിന്റെ 10 ശതമാനം. അഞ്ചു ഹെക്ടർ വരെയുള്ള കൃഷിക്കാരനെ കാർഷികാദായ നികുതിയിൽനിന്നും ഒഴിവാക്കിയിട്ടുള്ളതാണ്. ഇൻകം ടാക്സുണ്ട്. നിലവിൽ കേരള കോൺഗ്രസിന് പങ്കാളിത്തമുള്ള ഗവണ്മെന്റിൽ ഒരു ഏക്കർ ഭൂമിയുള്ള പാവപ്പെട്ട റബ്ബർ കൃഷിക്കാരനെപ്പോലും കാർഷികാദായ നികുതിയുടെ പരിധിയിൽ കൊണ്ടുവരുന്നത് ശുദ്ധ മര്യാദകേടല്ലേ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ബഹുമാനപ്പെട്ട പി.സി. ജോർജ് പറഞ്ഞതിനോട് പൂർണ്ണമായും യോജിക്കുന്നു. കർഷകന്റെ മേലുള്ള ഈ തടിച്ച നികുതിഭാരം മാറ്റേണ്ടതാണ്. എല്ലാപേരും കൃഷിക്കാരനെന്ന് പറയുന്നതല്ലാതെ അവന്റെ ചാറ് ഊറ്റിയെടുക്കുന്നതല്ലാതെ അവനെ സന്തോഷിപ്പിക്കാനോ, സഹായിക്കുവാനോ കേരളത്തിൽ ആർക്കും കഴിഞ്ഞിട്ടില്ല; ചിലരൊക്കെ കർഷകരുടെതന്നെ ആളുകളാണെങ്കിൽപ്പോലും.

ശ്രീ. വക്കം പുരുഷോത്തമൻ: ഈ സിസ്റ്റം കൊണ്ടുവന്നത് കഴിഞ്ഞ വർഷത്തേക്കാൾ കൃഷിക്കാരനെ സഹായിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി, രണ്ടു കോടി രൂപ നഷ്ടപ്പെടുത്തികൊണ്ടാണ്. ഇത് വേണ്ട പഴയ സിസ്റ്റം മതിയെന്നാണോ ബഹുമാനപ്പെട്ട മെമ്പർ പറയുന്നത്?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഇതിൽ കൂടുതൽ നികുതിയിളവുകൾ കർഷകന് വേണമെന്ന അടിസ്ഥാനത്തിലാണ് ശ്രീ. പി.സി. ജോർജ് സംസാരിച്ചത്. ഞാൻ ആദ്യം പറഞ്ഞ ഭാഗത്തേക്കു കടന്നുവരികയാണ്. ഗാന്ധിജി അതേ അർത്ഥത്തിലാണ് ഗ്രാമത്തിലുള്ള ജീവിതം കണ്ടുപഠിച്ചത്. ആ രീതിയിൽ ഇവിടത്തെ ഗ്രാമത്തെ കാണാൻ ഇവിടത്തെ മന്ത്രിമാർക്കോ, മന്ത്രിസഭകൾക്കോ, സർക്കാരുകൾക്കോ കഴിഞ്ഞിട്ടുണ്ടോ? ഒന്നുമില്ല. പറയുമ്പോൾ ഗ്രാമമെന്ന് പറയുന്നതല്ലാതെ ഗ്രാമങ്ങൾക്കുവേണ്ടി പണം ചെലവഴിക്കാനോ പുതിയ ആശയങ്ങൾ ഗ്രാമങ്ങളിലേക്ക് കൊണ്ടുവരാനോ ആരും ഒന്നും ശ്രമിക്കുന്നില്ല. ബഹുമാനപ്പെട്ട ആലുവ മെമ്പർ വളരെ സങ്കടത്തോടുകൂടി പറയുന്നതു കേട്ടു, 'കൊച്ചി, കൊച്ചി' എന്ന്. പണ്ടൊക്കെ കൊച്ചിക്ക് നല്ല പേരുണ്ടായിരുന്നു. 'കൊച്ചി കണ്ടവന് അച്ചി വേണ്ട'. അത്ര മനോഹരമായിരുന്നു കൊച്ചി. ആ രീതിയിൽ കൊച്ചിയെ മാത്രം കണ്ടാൽ മതിയോ? ഇനിയുള്ള ബഡ്ജറ്റ് രൂപീകരണത്തിൽ 80 ശതമാനവും ഗ്രാമത്തിന്റെ കാര്യങ്ങളെപ്പറ്റിയുള്ളതായിരിക്കണം എന്ന എന്റെ അഭിപ്രായം പറഞ്ഞു എന്നു മാത്രമേയുള്ളൂ. ബഡ്ജറ്റിൽ അദ്ദേഹം വേണ്ടത്ര കാര്യങ്ങൾ ചെയ്യുന്നില്ല എന്നു പറയുന്നില്ല. ആരോ പറഞ്ഞതുപോലെ അവിടെ ഒരുപാട് ബുദ്ധിമുട്ടുകളുണ്ട്. അവിടെ പഞ്ചായത്തുകൾക്കാണെങ്കിൽ പൈസയില്ല. പഞ്ചായത്തുകൾക്ക് വഴിവിളക്കിടാൻ പണം കൊടുക്കാറുണ്ടോ? ആകപ്പാടെ കൊടുക്കുന്നത് മുപ്പത്തിയഞ്ചു കോടി രൂപ. അതും റോഡ് വെട്ടാനും എല്ലാംകൂടി. പഞ്ചായത്തിന്റെ ആകെ വരുമാനം അതാണ്. ആ രീതിയിൽ മുമ്പോട്ടു പോയാൽ അവിടേയും ഇവിടേയും ചില പട്ടണങ്ങളുണ്ടാകുമെന്നല്ലാതെ ഗ്രാമവും ഗ്രാമവികസനവും ഒന്നും ഉണ്ടാകില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അതിനെപ്പറ്റി ആലോചിക്കേണ്ടതാണ്. പഞ്ചായത്തുകളിൽ ചെല്ലുമ്പോൾ, ഒരു വർഷത്തിൽ റോഡ് പണിയുന്നതിന് ഒരു ലക്ഷം രൂപപോലും ഒരു

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തംഗത്തിന് കിട്ടുന്നില്ല എന്നു പറഞ്ഞുകേട്ടത് വളരെ ശരിയാണ്. ആ വക കാര്യങ്ങൾക്ക് പട്ടണത്തേക്കാൾ ഗ്രാമങ്ങൾക്ക് കൂടുതൽ പണം കൊടുക്കണം. പ്രത്യേകിച്ച് വഴി സൗകര്യത്തിനും അതുപോലെ വെള്ളത്തിന്റെ സൗകര്യത്തിനും. എത്രയോ കാല മായി പൈപ്പ് ലൈനിൽകൂടി വെള്ളം കൊടുക്കാൻ തുടങ്ങിയിട്ട്. ഒരു മാസംകൂടി കഴി ഞ്ഞാൽ കേരളത്തിലെ പകുതിയിൽ കൂടുതൽ ആളുകൾ വെള്ളം കിട്ടാതെ കഷ്ടപ്പെടും. എവിടെയാണ് ഈ പരിഷ്ക്കാരങ്ങൾ പോയിക്കിടക്കുന്നതെന്നുള്ള ആവലാതിയാണ്. 10-22 കൊല്ലമായി നടത്തുന്ന ജലവിതരണമാണ്. എന്നാൽ അത് ആർക്കും കിട്ടുന്നില്ല. അതൊക്കെ സമഗ്രമായി പഠിച്ച് ഓരോ ജില്ലയിൽനിന്നും രണ്ടു മൂന്ന് ഗ്രാമങ്ങൾവീതം തെരഞ്ഞെടുത്ത്, എല്ലാപേർക്കും വെള്ളം കിട്ടുന്നതിനുള്ള സംവി ധാനമുണ്ടാക്കണം. കാർഷിക രംഗത്ത് വളരെ ആവേശകരമായ മാറ്റങ്ങൾ വരുത്താൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രമിച്ചിട്ടുണ്ട്. അത് പോരാ എന്നു മാത്രമേ ഞാൻ പറഞ്ഞിട്ടുള്ളൂ. കാർഷിക രംഗത്തും വ്യാവസായിക രംഗത്തും ധാരാളം കാര്യ ങ്ങൾ ചെയ്യുന്നുണ്ട്. തൂമ്പാ എടുത്ത് കിളയ്ക്കുന്നവനാണ് നാരായണക്കുറുപ്പ്. ഞങ്ങ ളൊക്കെ കൃഷി ചെയ്യുന്നവരാണ്. അതുകൊണ്ട് പഞ്ചായത്ത് ലെവലിലുള്ള പരിഷ്ക്കാ രങ്ങൾക്ക്, ചെലവുകൾക്കുവേണ്ടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഒന്നുകൂടി ആലോചിച്ച് ഒരു പഞ്ചായത്തംഗത്തിന് ഒരു ലക്ഷം രൂപയെങ്കിലും കൂടുതലായി ചെലവാക്കത്തക്കവിധത്തിൽ കൊടുത്തെങ്കിൽ മാത്രമേ ഗ്രാമീണ റോഡുകളൊക്കെ നന്നാക്കി എടുക്കാൻ കഴിയുകയുള്ളൂ. ഇപ്പോൾ ഒരു ഭാരംകൂടി ഞങ്ങൾ ഏറ്റെടുത്തിരി ക്കുകയാണ്. ഓരോ പഞ്ചായത്തിനും ശരാശരി പത്തും പതിനഞ്ചും റോഡ് ടാർ ചയ്യേണ്ടിയിരിക്കുന്നു. ആരുടെയൊക്കെ കാല് പിടിച്ചിട്ടാണ് അത് ചെയ്യുന്നതെന്ന് ഞങ്ങൾക്കു മാത്രമേ അറിയൂ. അതുകൊണ്ട് ഗ്രാമീണ മേഖലയ്ക്കുള്ള സഹായം അൽപം കൂട്ടി കൊടുക്കണം. കാർഷിക രംഗത്തെ അദ്ദേഹം കാര്യമായി കാണുന്നതിൽ സന്തോഷമുണ്ട്. അത് പോരായെന്ന് ഞാൻ പറയുകയാണ്. ഈ ബഡ്ജറ്റിൽ ഞാൻ കണ്ട ഒരു പ്രത്യേകത, ധാരാളം പുതിയ തൊഴിലവസരങ്ങൾ ഉണ്ടാക്കിക്കൊടുത്തിട്ടുണ്ട്. അതാണല്ലോ ഇവിടെ ആവശ്യം. എല്ലാപേർക്കും വൈറ്റ് കോളർ ജോലിയുണ്ടെങ്കിലേ രസിക്കൂ. കൂടുതൽ ആളുകൾക്ക് തൊഴിലും കൂലിയും കിട്ടുമല്ലോ? അങ്ങനെ കാണാൻ ഇന്നും മലയാളികൾക്ക് കഴിഞ്ഞിട്ടില്ല. ജോലിയെന്ന് പറഞ്ഞാൽ ഓഫീസിൽ പോയി ഇരിക്കുന്ന ജോലി മാത്രമേ ചെയ്യൂ. അല്ലാത്തതൊന്നും ജോലിയല്ല എന്നാണ് മലയാളികളുടെ വിചാരം. മലയാളികളല്ലാത്ത മറ്റെല്ലാപേർക്കും എന്തെങ്കിലും തൊഴിൽ കിട്ടിയാൽ മതി. അപ്പോൾ കൂടുതൽ തൊഴിലവസരങ്ങൾ ഈ ബഡ്ജറ്റിലൂടെ കൊടുക്കാൻ അദ്ദേഹം ശ്രമിച്ചിട്ടുണ്ട്. കർഷകരെ ഒന്നുകൂടി സ്നേഹമസൃണമായി കാണാനും, പഞ്ചായത്തുകൾക്ക് കുറേക്കൂടി ആനുകൂല്യങ്ങൾ കൊടുക്കാനും കഴിയുമെ ങ്കിൽ അത് ചെയ്യണമെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ. ഞാൻ ഒരു പഞ്ചായത്ത് ജീവിയാണ്. പത്തുപതിനെട്ട് കൊല്ലക്കാലം പഞ്ചായത്ത് വളർത്തി എടുത്തവനാണ്. അതിന്റെ വേദന എനിക്കറിയാം. അതുകൊണ്ടാണ് ഞാൻ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞത്. ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ പഞ്ചായത്തിനെ ഓർമ്മിക്കണം. കാർഷിക മേഖലയിൽ കൂടുതൽ ഉൽപാദക ശേഷി ഉണ്ടാകത്തക്ക വിധത്തിൽ സാഹചര്യം ഉണ്ടാക്കണമെന്നുമാത്രമേ എനിക്ക് പറയാനുള്ളൂ. ഞാൻ നിർത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി.കെ. നാണു: ഇന്ന് കാലത്ത് ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ മഞ്ഞപ്പിത്തബാധമൂലം കേരളത്തിലുണ്ടായ മരണത്തെ സംബന്ധിച്ചും, മഞ്ഞപ്പിത്തബാധയുടെ വ്യാപനത്തെ സംബന്ധിച്ചും ഇവിടെ അടിയന്തിര പ്രമേയത്തിൽ വ്യക്തമാക്കി. ഇവിടെ മഴക്കാലത്ത് ഇഷ്ടംപോലെ വെള്ളം ലഭിക്കുന്നുണ്ടെങ്കിലും 41 നദികളും അതുപോലെ മുന്നെണ്ണം കിഴക്കോട്ടും ഒഴുകുന്ന നദികളുള്ള ഒരു സംസ്ഥാനമാണ് കേരളം. പ്ലാനിംഗ് കമ്മീഷൻ 2002-ൽ പുറത്തിറക്കിയ പഠനത്തിൽ ഇൻഡ്യാ രാജ്യത്ത് കുടിവെള്ളം വളരെ മോശമായി ലഭിക്കുന്ന സംസ്ഥാനമാണ് കേരളം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതിന്റെ അപകടങ്ങളെ സംബന്ധിച്ച് പ്ലാനിംഗ് കമ്മീഷൻ വ്യക്തമാക്കിയിട്ടുണ്ട്. അപ്പോൾ ഏറ്റവും പ്രധാനമായി കുടിവെള്ളം ലഭിക്കുന്നതിന് സഹായകരമായ രൂപത്തിൽ കുടിവെള്ള പദ്ധതികൾ കൂടുതലായി തുടങ്ങുന്നതിനുള്ള വ്യക്തമായ ഒരു പദ്ധതിയും ഇതിൽ കാണാനില്ല. പ്ലാനിംഗ് കമ്മീഷന്റെ ഈ സമീപനം, വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ഇൻഡ്യാ ഗവൺമെന്റുമായി ബന്ധപ്പെട്ടുകൊണ്ട് കുടിവെള്ള ലഭ്യതയുടെ കാര്യത്തിൽ കൂടുതൽ സഹായം അനുവദിച്ചിട്ടില്ലെന്നാണ് എനിക്ക് തോന്നുന്നത്. രണ്ടാമത്തേത് കൈത്തറി മേഖല. ഇവിടെ ചോദിച്ച ചോദ്യത്തിന് കിട്ടിയ മറുപടി, ഒരു കോടിയിലധികം രൂപ വടകര അസംബ്ലി മണ്ഡലത്തിലെ കൈത്തറി സൊസൈറ്റികൾക്ക് നൽകാനുണ്ട്. അത് ലഭിക്കാത്തതിന്റെ ഫലമായി നൂൽ വാങ്ങാൻ കഴിയുന്നില്ല. തൊഴിലാളികൾക്ക് തൊഴിലില്ല. മുഴുപ്പട്ടിണിയിലാണ്. ഞാനൊരു ഉദാഹരണമാണ് പറഞ്ഞത്. കൈത്തറി വ്യവസായത്തെ പ്രോത്സാഹിപ്പിക്കണമെന്ന് പറയുന്നില്ല, നിലനിർത്തണം. കൈത്തറി വ്യവസായത്തെ നിലനിർത്താൻ ആവശ്യമായ ഫലപ്രദമായ എന്തെങ്കിലും നടപടികൾ വേണ്ടേ? അതിന് പ്രധാനമായും കൊടുക്കാനുള്ള പണം ഉടൻതന്നെ കൊടുത്തുതീർക്കാൻ സർക്കാർ സന്നദ്ധമായാൽ കാലികമായ പഠനങ്ങളുടെയൊക്കെ അടിസ്ഥാനത്തിൽ കൈത്തറിയെ കാലോചിതമായി പരിഷ്ക്കരിച്ച് മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കും. കുടിൽ വ്യവസായങ്ങൾ നിലനിർത്തുന്നതിൽ കൈത്തറി വ്യവസായം ഒരു ഉദാഹരണമാണ്. സമയക്കുറവ് കൊണ്ട് ഒരു പ്രസംഗം നടത്താൻ സാധിക്കില്ല. പട്ടികജാതി പട്ടികവർഗ്ഗം, നമ്മുടെ സമൂഹത്തിലെ ഏറ്റവും പാവപ്പെട്ടവർ, നമ്മൾ വലിയ വലിയ കാര്യങ്ങളെ സംബന്ധിച്ച് ആലോചിക്കുമ്പോൾ അവരെപ്പറ്റി ഒന്ന് ആലോചിക്കണം. ഇപ്പോഴുള്ള പ്രശ്നം, ഹരിജൻ ഹോസ്റ്റലുകൾ എന്റെ മണ്ഡലത്തിലെ പല സ്ഥലത്തുമുണ്ട്. അവിടുത്തെ പ്രശ്നമെന്താണ്? അവ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലാണ്. അവർക്ക് ഭക്ഷണ സാധനങ്ങൾ കൊടുക്കാനുള്ള റേഷന്റെ പണം പോലും കൊടുക്കുന്നില്ല. അതിന്റെ ഫലമായി ഹോസ്റ്റലുകളിലെ കുട്ടികൾക്ക് ഒന്നോ രണ്ടോ ദിവസം ഭക്ഷണം ലഭിക്കാത്ത അവസ്ഥ വന്നാൽ ബുദ്ധിമുട്ടായിരിക്കും. ഹരിജൻ ഹോസ്റ്റലുകളിലെ കുട്ടികൾക്ക് ഭക്ഷ്യധാന്യം നൽകണം. അവർക്ക് അവശ്യസാധനങ്ങൾ വിതരണം ചെയ്യുന്നതിൽ എന്തെങ്കിലും തകരാർ വരുന്നുണ്ടെങ്കിൽ അത് പരിഹരിക്കാനുള്ള നപടപടികളുണ്ടാകണം. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒരു ഗവൺമെന്റ് കോളേജിലും ഇതുവരെയായി പുതിയ പോസ്റ്റ് ഗ്രാഡുവേറ്റ് കോഴ്സ് അനുവദിച്ചിട്ടില്ല. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 5 കൊല്ലത്തിനിടയ്ക്ക് ഗവൺമെന്റ് കോളേജുകളിൽ രണ്ടും മൂന്നും പോസ്റ്റ് ഗ്രാഡുവേറ്റ് കോഴ്സുകൾ അനുവദിച്ചു. സാധാരണക്കാരന്റെ കുട്ടികൾ പഠിക്കുന്നത് ഗവൺമെന്റ് കോളേജിലാണ്. ഗവൺമെന്റ് കോളേജിൽ സാധാരണക്കാരുടെ

LIBRARY ARCHIVES Kerala Legislative Assembly

കുട്ടികൾ പഠിക്കുമ്പോൾ അതിന് സഹായം ഉണ്ടാക്കിക്കൊടുക്കണമെങ്കിൽ കോഴ്സുകൾ അനുവദിക്കേണ്ടേ? ഗവൺമെന്റിന്റെ സമീപനത്തിന്റെ ചൂണ്ടുപലകയല്ലേ ഇത്? അതുകൊണ്ട് അത് തിരുത്താൻ ഗവൺമെന്റിന് സാധിക്കുമോ എന്ന് പരിശോധിക്കണം. സാമ്പത്തിക മേഖലയിലെ പല പ്രശ്നങ്ങളെ സംബന്ധിച്ചും പറഞ്ഞു. ചില കണക്കുകളിൽ 1,50,000 കോടിയിലധികം രൂപ നമ്മുടെ നാട്ടിലെ ദേശസാൽകൃത ബാങ്കുകളിൽ നിന്ന് ഇൻഡ്യാ രാജ്യത്തിലെ വൻകിട കുത്തകക്കാർ കടം വാങ്ങിയിട്ട് തിരിച്ചടയ്ക്കാതെ കിടക്കുന്നു. കേരളത്തിന്റെ വികസനത്തിന് വേണ്ടി പല മേഖലകളെ സംബന്ധിച്ചിടത്തോളവും നമ്മൾ ആലോചിക്കുന്നു. ഏത് സ്വകാര്യ മുതലാളി അല്ലെങ്കിൽ കുത്തകക്കാർ എന്നുപറയുന്നവർ നമ്മുടെ നാട്ടിൽ വന്നാലും ഇൻഡ്യയിലെ ഏത് സ്റ്റേറ്റിൽ വന്നാലും അവർ പണം കടം വാങ്ങിക്കുന്നത് നമ്മുടെ നാട്ടിലെ ദേശസാൽകൃത ബാങ്കുകളിൽ നിന്നാണ്. ഉദാഹരണത്തിന് ടെൽകോമിൽ ടാറ്റാ ഷെയർ എടുത്തത് അതിന്റെ ചെയർമാനാകാൻ രത്തൻ ടാറ്റയ്ക്ക് സാധിച്ചതും ഇവിടുത്തെ ദേശസാൽകൃത ബാങ്കുകളിൽനിന്ന് ഷെയർ എടുത്തത് കൊണ്ടാണ്. അതിൽ നിന്നുള്ള പണംകൊണ്ട്, അദ്ദേഹം മുടക്കിയതിനേക്കാളും കൂടുതൽ പണം ഉപയോഗിച്ചുകൊണ്ട് ടെൽകോമിന്റെ ഷെയർ എടുത്ത് ടാറ്റയുടെ സ്ഥാപനത്തിന് ഉപയോഗിക്കാൻ അദ്ദേഹത്തിന് സാധിച്ചു. ഈ സാഹചര്യമാണുള്ളത്. ഉയർന്ന രൂപത്തിലുള്ള വികസനത്തെ സംബന്ധിച്ച് ആലോചിക്കുമ്പോൾ സ്വകാര്യമേഖലയെ മാത്രമേ നമുക്ക് സമീപിക്കാൻ സാധിക്കുകയുള്ളു. ഇന്ന് കേരളത്തിലെ സഹകരണ ബാങ്കുകളിലും, ദേശസാൽകൃത ബാങ്കുകളിലും സംസ്ഥാനത്തിലെ ജനങ്ങളുടെ നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഇവിടെ മുതൽമുടക്കാൻ ദേശസാൽകൃത ബാങ്കുകൾക്കും സഹകരണ മേഖലയ്ക്കും സാധിക്കുന്ന അവസ്ഥയുണ്ട്. വൻകിട വ്യവസായങ്ങൾ കേരളത്തിലേക്ക് വരാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങളുണ്ടാക്കാൻ ബാങ്കിംഗ് ഏജൻസിയുടെ സഹായം സ്വീകരിച്ചുകൊണ്ട് ആ രൂപത്തിൽ സംസ്ഥാന ഗവൺമെന്റ് തന്നെ നമ്മുടെ സ്റ്റേറ്റിന്റെ വിഭവങ്ങളെ മുഴുവൻ പരമാവധി ഉപയോഗിക്കാനുള്ള സാഹചര്യങ്ങളെപ്പറ്റി ആലോചിക്കണം. അതിനു പകരം ആ മേഖലയിലടക്കം സ്വകാര്യമേഖലയെ വരുത്തി അവസാനം മഹാരാഷ്ട്രയിൽനിന്ന് എൻറോൺ പോയപോലെ; എൻറോൺ അമേരിക്കയിലെ വലിയ കമ്പനി മഹാരാഷ്ട്രയിൽ വൈദ്യുതി പ്രോജക്റ്റുണ്ടാക്കിയിരുന്നു. അവസാനം എൻറോൺ പോയ അവസരത്തിൽ എന്താണ് ഉണ്ടായത്? സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ അടക്കമുള്ള വൻകിട ബാങ്കുകളിൽനിന്ന് കോടിക്കണക്കിന് രൂപ കടം വാങ്ങിച്ചിട്ടാണ് എൻറോൺ പോയത്. ഒരു പരിധി വരെ, ഒന്നുരണ്ട് കൊല്ലം ബാങ്കിന്റെ പ്രവർത്തനം നഷ്ടത്തിലാക്കാനും അത് കാരണമായി. അങ്ങനെയുള്ള ഒരു സാഹചര്യം ഉള്ളപ്പോൾ എനിക്ക് ചോദിക്കാനുള്ളത്, ധനകാര്യവകുപ്പ് ഇത്തരം പ്രശ്നങ്ങളെ സംബന്ധിച്ച് ഗൗരവമായി ആലോചിക്കുമ്പോൾ നമുക്ക് ദേശസാൽക്കൃത ബാങ്കുകളിൽനിന്നും ഇവിടുത്തെ മറ്റ് ബാങ്കിംഗ് ഏജൻസികളിൽ നിന്നും ലഭിക്കാനുള്ള പണത്തെ കേരളത്തിന്റെ ഏത് മേഖലയിലുള്ള വികസനത്തിനാണ് ഉപയോഗിക്കുന്നത് എന്നു തീരുമാനിക്കുന്നതിന് ആവശ്യമായ രൂപത്തിലുള്ള പഠനം നമ്മുടെ മുമ്പിലുണ്ടോ? പൊതുമേഖലാ സ്ഥാപനങ്ങൾ എന്നുപറയുന്നത് പണ്ഡിറ്റ് ജവഹർലാൽ നെഹ്രുവിന്റെ കാലഘട്ടത്തിലെ മാത്രം സംഭവമായി മാറ്റുകയും പൊതുമേഖലയെ സംബന്ധിച്ച് ഇനി നമ്മളാരും ആലോചിക്കേണ്ട എന്നാണോ? കൂടിവെള്ളം വിറ്റുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ 10 കൊല്ലത്തിനിടയ്ക്ക് കേരളത്തിൽനിന്ന് മൾട്ടിനാഷണൽ കോർപ്പറേഷൻസ് കോടിക്കണക്കിന് രൂപ ഉണ്ടാക്കിയതിന്റെ കണക്കുകൾ വളരെ വിദഗ്ദ്ധമായി പറയുന്ന നമ്മൾ പോലും സ്വകാര്യ മേഖല മൾട്ടിനാഷണൽ കോർപ്പറേഷനുകൾക്കും തീറെഴുതി കൊടുത്തതിനുപകരം ഇവിടുത്തെ ധനകാര്യസ്ഥാപനങ്ങളെ നമ്മുടെ സ്റ്റേറ്റിന് ഉപയോഗിക്കാൻ സാധിക്കുന്ന, വികസനമേഖലയിൽ ഉപയോഗിക്കാനുള്ള ഒരു സമീപനം നമ്മുടെ മുമ്പിലുണ്ടോ? അതിന് നമ്മൾ സന്നദ്ധമാകുമെങ്കിൽ കാർഷികമേഖലയിലെ പുരോഗതിക്കും ചെറുകിട വ്യവസായ മേഖലയുടെ പുരോഗതിക്കും സഹായകരമായ രൂപത്തിൽ എൻ.ആർ.ഐ. മുഖേനയും മറ്റെല്ലാ രൂപത്തിലും ഉണ്ടാക്കിയെടുക്കാൻ സാധിക്കുന്ന സമ്പത്തിനെ വിലയിരുത്തിക്കൊണ്ടുള്ള ഒരു സമീപനം ഉണ്ടാകണം. ചെറിയ ചെറിയ രൂപത്തിലുള്ള സമീപനങ്ങളിലേക്ക് പോകുമ്പോൾ നമ്മൾ നമ്മുടെ നാടിന്റെ ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നില്ല. പട്ടികജാതി/പട്ടികവർഗ്ഗത്തിന്റെ പ്രശ്നങ്ങളും ചെറുകിട മേഖലയുടെ പ്രശ്നങ്ങളും ഗവൺമെന്റ് കാണുന്നില്ല. കുടിവെള്ളത്തിന്റെ പ്രശ്നം വരുന്ന അവസരത്തിൽ അതിനാവശ്യമായ പണം മുടക്കുന്നത് സംബന്ധിച്ചുള്ള ഗൗരവമായ ഒരു ചിന്ത നമ്മളെ സംബന്ധിച്ചിടത്തോളം ഇല്ല. ധനകാര്യമന്ത്രി ഉദ്ദേശിച്ചത് എന്താണെന്ന് എനിക്കറിയില്ല. പക്ഷേ 20 കോടി രൂപ നീക്കിവച്ച് കേരളത്തെ ലോട്ടറിമുക്ത സംസ്ഥാനമാക്കുന്നു എന്നുപറഞ്ഞത് ലോട്ടറിക്കാരായ പാവങ്ങളുടെ ഇടയിൽ ഭയപ്പാടുണ്ടാക്കി. ലോട്ടറി നിരോധിച്ചതിന് ശേഷം മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമെല്ലാം ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ വളരെ വേഗം ആ നിരോധനം മാറ്റാനുള്ള സാഹചര്യമുണ്ടാക്കി എന്ന് വ്യക്തമാക്കിയിട്ട്, ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രസംഗം വായിച്ച അവസരത്തിൽ അതിൽ ഊന്നി നിന്നുകൊണ്ടുള്ള ഒരു സമീപനം ഇല്ലാത്തതുകൊണ്ട് ആശങ്ക ഉണ്ടാക്കിയിട്ടുണ്ട്. വളരെ പരിചയമുള്ള ഒരു രാഷ്ട്രീയനേതാവായിട്ടാണ് ഈ സ്ഥിതിയിലേക്ക് വന്നത്. നമ്മുടെ സ്റ്റേറ്റിന് വരുമാനം ഉണ്ടാക്കിക്കൊടുക്കാൻ സാധിക്കാത്ത വലിയ ഒരു വിഭാഗം, വികലാംഗർ അടക്കമുള്ള ആളുകളെ നമ്മൾ കാണണം. പത്ത്, മുപ്പത്തിയെട്ട് കൊല്ലമായി സർക്കാരിന്റെ സഹായമില്ലാതെ കഞ്ഞി കുടിക്കുന്നവരാണ്. അവരെ സഹായിക്കാനുള്ള നടപടി സ്വീകരിക്കണം. ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു.

ശ്രീ. എ. എൻ. രാജൻബാബു: സർ, ഞാൻ ഈ ബഡ്ജറ്റിനെ പിന്താങ്ങുകയാണ്. സാമ്പത്തികരംഗത്ത് പുരോഗതിയുടെ ചക്രങ്ങൾ ഉരുണ്ടുതുടങ്ങിയിരിക്കുകയാണ്. ഇത് പുതിയ മുന്നേറ്റ ദിശയുടെ ഒരു ടേക്ക് ഓഫ് ഘട്ടമാണ്. മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിയുടെയും മുൻ ധനകാര്യവകുപ്പുമന്ത്രി ശ്രീ. ശങ്കരനാരായണന്റെയും നേതൃത്വത്തിലുള്ള സാമ്പത്തികരംഗത്തുള്ള നടപടികളുടെ ഭാഗമായി ഇന്ന് ഈ ദിശയിലേക്ക് എത്തിയിരിക്കുന്നു. ഈ ബഡ്ജറ്റിനെ കാണുമ്പോൾ പ്രധാനമായും ഓർക്കുന്നത് റവന്യൂ കമ്മി ഇവിടെ കുറഞ്ഞിട്ടുണ്ട്. 2002-03-ൽ 4,116.66 കോടി രൂപയായിരുന്നു റവന്യൂ കമ്മി. 2003-04-ൽ 3680.30 കോടി രൂപയായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെതന്നെ നികുതി പിരിവിൽ കാര്യക്ഷമത വരുത്തിയ ഗവൺമെന്റാണിത്. ഓൺ ടാക്സ് റവന്യൂ കൂടിയിട്ടുണ്ട്. 2000-01-ൽ 5870 കോടി രൂപയും 2001-02-ൽ 7302 കോടി രൂപയും 2003-04-ൽ 8022 കോടി രൂപയും വരുമാനത്തോടുകൂടി ഓൺ ടാക്സ് റവന്യൂ കൂട്ടാൻ സാധിച്ചിട്ടുണ്ട്. നികുതി വിഹിതമായും ഗ്രാന്റായും കൂടുതൽ കേന്ദ്രവിഹിതം നേടിയെടുക്കാൻ ഗവൺമെന്റിന് കഴിഞ്ഞു. 2001-02-ൽ 2589 കോടി രൂപയാണെങ്കിൽ 2003-04-ൽ 2986 കോടി രൂപയായി അത് വർദ്ധിപ്പിക്കാൻ കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ഈ അനുപാതത്തിൽ പോയാൽ ബഡ്ജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ചതുപോലെ ഈ സംസ്ഥാനത്തിന്റെ ആഭ്യന്തര ഉല്പാദന വളർച്ചാ നിരക്ക് യഥാർത്ഥത്തിൽ 6.5 ശതമാനമാകുമെന്നുള്ളത് ശരിയാണ്. അത് ഏറ്റവും വലിയ നേട്ടമായി ഈ ഗവൺമെന്റിന് കരുതാവുന്നതാണ്. സംസ്ഥാനത്തിന്റെ പൊതുകടം 31-3-2004-ൽ 37,452 കോടി രൂപയായി വർദ്ധിച്ചു എന്നുള്ളത് ശരിയാണ്. എന്നാൽ ഈ വർദ്ധനവ് ഓരോ കാലഘട്ടത്തിന്റേയും വർദ്ധനവിന്റെ കണക്കുകൾ നോക്കിയാൽ ഇത് കുറവാണ്. 1998 - 99 കാലഘട്ടത്തിൽ 22 ശതമാനം കടത്തിൽ വന്ന വർദ്ധനവ്, 1999-00-ൽ 28.06 ശതമാനം കണക്കിൽ വന്ന വർദ്ധനവ്, 2000-01-ൽ 18.6 ശതമാനം കടത്തിൽ വന്ന വർദ്ധനവ്, ഇവയെല്ലാം കൂടി 37,000 കോടി വന്നിട്ടും 2001-02-ൽ 12.7 ശതമാനവും 2002 - 03-ൽ 15.02 ശതമാനവും മാത്രമാണ് കടബാധ്യതയായിട്ടുള്ളത്. ഈ 37,000 കോടി രൂപ വന്നു എന്ന് ചിലർ ആക്ഷേപിക്കുമ്പോൾ തന്നെ ഇത് എങ്ങനെ വന്നു എന്നു കൂടി മനസിലാക്കണം. ഇവിടെ പ്ലാൻ ഔട്ട്ലേ വർദ്ധിപ്പിച്ചതാണ് പ്രധാന കാരണം. പദ്ധതി വിഹിതം വർദ്ധിപ്പിച്ചതാണ്. കൂടാതെ ഇലക്ട്രിസിറ്റി ബോർഡിന്റെ ബാധ്യത ഗവൺമെന്റ് ഏറ്റെടുത്തു. കെ.എസ്.ഇ.ബി.യുടെ വരുമാനം കമ്മി കുറച്ചു കൊണ്ട് ഗവൺമെന്റ് ആ ബാധ്യത ഏറ്റെടുത്തതുകൊണ്ട് കുറെ കോടികൾ അതിന്റെ പേരിൽ കടം വാങ്ങേണ്ടി വന്നിട്ടുണ്ട്. സർക്കാർ ഉദ്യോഗസ്ഥന്മാരുടെ ഡി.എ. 11 ശതമാനം വർദ്ധിപ്പിച്ചു. ആ ഇനത്തിൽ 8 ശതമാനം കൊടുത്തു കഴിഞ്ഞു. 3 ശതമാനം അവസാന ഗഡു ഈ മാർച്ച് മാസത്തിലെ ശമ്പളത്തോടുകൂടി കൊടുക്കും. പഴയ ഗവൺമെന്റ് എന്താണ് ചെയ്തിരുന്നത്. ശമ്പള വർദ്ധനവ് കൂടിയതിന്റെ ഒരു നയാപൈസ പോലും കൊടുക്കാതെ ഈ ഗവൺമെന്റിന്റെ തലയിലേക്ക് മാറ്റിവയ്ക്കുകയായിരുന്നു. ആ പണം ഈ ഗവൺമെന്റ് കൊടുക്കേണ്ടി വന്നു. അതുമാത്രമല്ല രണ്ടായിരത്തോളം ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകരുടെ ശമ്പളം ഈ കുടിശ്ശികയെല്ലാം കൊടുത്തു തീർത്തപ്പോഴാണ് ഈ 37,000 കോടി രൂപ വന്നത്. അതുപോലെ തന്നെ കേന്ദ്രത്തിൽ നിന്നു 2,717 കോടി രൂപ വായ്പ 13 ശതമാനത്തിന് വാങ്ങിയതിൽ കുറഞ്ഞ പലിശ നിരക്കിൽ കൊടുക്കേണ്ടി വന്ന സാഹചര്യമുണ്ടായി. ഈ സാഹചര്യത്തിൽ പദ്ധതി അടങ്കലാണെങ്കിൽ ഈ കഴിഞ്ഞ പത്തു വർഷത്തേക്കാൾ ഏറ്റവും കൂടുതലായി 5,369 കോടി രൂപയായി. അതുപോലെ തന്നെ ഈ ബഡ്ജറ്റിന്റെ പ്രധാന സവിശേഷതകളിൽ ഒന്ന് ഇത് വികസനോന്മുഖമാണ്, രണ്ട് എംപ്ലോയ്മെന്റ് ഓറിയന്റഡാണ്. ഈ സംസ്ഥാനത്തെ 70 ശതമാനം വരുന്ന കാർഷിക വികസനം അടിസ്ഥാനപരമായ വികസനത്തിനു നാന്ദികുറിച്ചിട്ടുണ്ട്. അതിനനുസരിച്ചുള്ള വികസനം കാർഷിക രംഗത്തു കൊണ്ടുവന്നു. കാർഷിക രംഗത്തോട് ഒരു ആഭിമുഖ്യം ഉണ്ടാക്കാൻ ഈ ഗവൺമെന്റിന്റെ പ്രവർത്തനം കൊണ്ട് സാധിച്ചിട്ടുണ്ട്. ആഗോളവൽക്കരണത്തിന്റെ ദുഷ്യഫലത്തിന് പരിഹാരമായി ഡോക്ടർ സ്വാമിനാഥൻ കമ്മീഷന്റെ ശുപാർശകൾ മിക്കതും നടപ്പിലാക്കുന്നതിനു വേണ്ടി ആരംഭം കുറിച്ചിട്ടുണ്ട്. വെർച്വൽ സർവ്വകലാശാലയും അഗ്രോ എക്സ്പോർട്ട് സോണിന്റെ ഭാഗമാണ്. 30 ലക്ഷം തെങ്ങുകൾക്ക് മരുന്നു തളിക്കാനും 4.5 കോടി തെങ്ങുകൾക്ക് വളം നൽകുന്നതിനും 131 കൊപ്രാ ട്രേകൾ സ്ഥാപിക്കാനും കഴിഞ്ഞിട്ടുണ്ട്. അതുപോലെതന്നെ കുരുമുളകിന്റെ റീപ്ലാന്റിംഗ്, കേരോല്പന്ന നിർമ്മാണത്തിന്റെ ഉദ്ഘാടനം ഇതെല്ലാം കഴിഞ്ഞു. കയർ രംഗത്ത് റാട്ട് വിതരണത്തിലൂടെ, 60,000 കയർ തൊഴിലാളികൾക്ക് റാട്ട് വിതരണം ചെയ്തുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനും വരുമാനം കൂട്ടാനും ശ്രമിച്ചിട്ടുണ്ട്. ഞാൻ ഇത് എംപ്ലോയ്മെന്റ് ഓറിയന്റഡ് എന്നു പറയാൻ കാരണം, സിൽക്ക് ഇൻഡസ്ട്രിയൽ യൂണിറ്റ് ലവലിൽ 40,000 രൂപയും ഓട്ടോമൊബൈൽ വർക്ക്സ് സെന്ററിലെ ട്രെയിനിംഗിന് ആയിരം രൂപയും കുടുംബശ്രീയുടെ മൈക്രോ ഫൈനാൻസിലൂടെയുള്ള പരിപാടികളിലൂടെ 40,000 രൂപയും കയർ രംഗത്ത് ഒരു ലക്ഷവും കൂടാതെ വല്ലാർപാടം കണ്ടെയ്നറിന്റെയും സ്മാർട്ട് സിറ്റിയുടെയും പ്രവർത്തനം പൂർത്തീകരിക്കുന്നു. ലക്ഷക്കണക്കിന് തൊഴിലവസരങ്ങളുണ്ടാക്കാൻ സാധ്യതയുണ്ടെന്നുള്ളത് വെറും പ്രഖ്യാപനം മാത്രമല്ല. അത് പ്രായോഗികമായിട്ട് വരുകയാണ്. എന്നാൽ എനിക്ക് പറയാനുള്ളത് ഇവിടെ ലോട്ടറി നിരോധിച്ചതുമൂലം അവരുടെ പുനരധിവാസം നടക്കുമെന്നു പറഞ്ഞു. വളരെ സങ്കടകരമായ ഒരു കാര്യം പറയാതിരിക്കാൻ വയ്യ. യു.ഡി.എഫ്.-ന്റെ പ്രകടന പത്രികയിൽ ഉണ്ടായിരുന്നത് കേരള ഹൈക്കോടതി നടപ്പിലാക്കണമെന്നു പറഞ്ഞ ചാരായ തൊഴിലാളികളുടെ പുനരധിവാസവും ഓരോ സമരം കൊണ്ടും ഈ ഗവൺമെന്റിന്റെ നയം കൊണ്ട് 4,000 കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ കഴിയുമായിരുന്നെങ്കിൽ ഏറ്റവും വലിയ നേട്ടമാകുമായിരുന്നു. യു.ഡി.എഫ്.-ന്റെ നയമാണ്. കേരള ഹൈക്കോടതി വിവിധ കേസുകളിൽ പറഞ്ഞിട്ടുപോലും, രണ്ടു മാസത്തിനുള്ളിൽ ചാരായ തൊഴിലാളികളെ പുനരധിവസിപ്പിക്കണമെന്നു നിർദ്ദേശം കൊടുത്തിട്ടുപോലും ഇന്നുവരെ അത് പൂർണ്ണമായി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല എന്നുള്ള ഒരു ദുഃഖകരമായ അവസ്ഥയുണ്ട്. ഈ അവസ്ഥ മാറണം. കാരണം തൊഴിലാളികളെ പുനരധിവസിപ്പിക്കാൻ തയ്യാറായില്ലെങ്കിൽ ലൈസൻസ് ഉടമകൾ അവർക്കുള്ള ശമ്പളം കൊടുക്കാൻ തയ്യാറാകണം. അതിനുള്ള തീരുമാനം മുഖ്യമന്ത്രിയുടെയും മന്ത്രിയുടെയും അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനിച്ചിട്ടുള്ളതാണ്. എത്രയും വേഗം അത് നടപ്പിലാക്കണം. എങ്കിൽ മാത്രമെ പുനരധിവാസത്തെക്കുറിച്ചുള്ള ഒരു വിശ്വാസ്യത, വിശ്വാസ്യത പ്രഖ്യാപിച്ചാലെ വിശ്വാസ്യത ജനങ്ങൾക്ക് കിട്ടുകയുള്ളു. അതുകൊണ്ട് ചാരായ തൊഴിലാളികളുടെ പുനരധിവാസം ഏറ്റവും പ്രത്യേകമായി ചെയ്യണം. ഞാൻ ഇവിടെ സൂചിപ്പിച്ചതുപോലെ സുനാമി ദുരന്തത്തിൽ ഏറ്റവും കൂടുതൽ ബാധിച്ച പ്രദേശമാണ് എന്റെ നിയോജകമണ്ഡലം. 170 പേരുടെ മരണം കേരളത്തിൽ സംഭവിച്ചപ്പോൾ 131 പേരുടെ മരണവും 1020 പേരുടെ പരിക്കും 35,000 പേരെ 34 ക്യാമ്പുകളിൽ പ്രവേശിപ്പിക്കപ്പെട്ട ഗതികേടാണ് എന്റെ നിയോജകമണ്ഡലത്തിനുണ്ടായിട്ടുള്ളത്. ആദ്യ രംഗം വളരെ കാര്യക്ഷമമായി നടത്തി. 18 കിലോമീറ്റർ നീളമുള്ള ഒരു പഞ്ചായത്താണ് ആലപ്പാട്ട് പഞ്ചായത്ത്. അതിന്റെ തെക്കേ അറ്റത്ത് 3 കിലോമീറ്റർ വടക്ക് ഭാഗത്തു മാത്രമാണ് ഒരു പാലമുള്ളത്. 15 കിലോമീറ്ററോളം പാലബന്ധമില്ലാതെ കിടക്കുകയാണ്. ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള ആലപ്പാട്ട് മണ്ഡലത്തിലെ 16 കോടി രൂപ ചെലവഴിച്ചുകൊണ്ട് ടെൻഡർ ക്ഷണിച്ചിട്ടുള്ള പാലത്തിന്റെ പണി യുദ്ധകാലാടിസ്ഥാനത്തിൽ ചെയ്തു തീർക്കുകയും അതുപോലെതന്നെ ബഡ്ജറ്റ് വർക്കുകളിലുള്ള കല്ലുമൂട്ട് പാലത്തിന്റെ പണി എത്രയും വേഗം പൂർത്തീകരിക്കണമെന്നാണ് പറയാനുള്ളത്. നിലവിലുള്ള കുടിവെള്ള പദ്ധതി, 4 പഞ്ചായത്തുകളുടെ കുടിവെള്ള പ്രശ്നം ശാശ്വതമായി പരിഹരിക്കാവുന്ന ഓച്ചിറ കുടിവെള്ള പദ്ധതി; 34 കോടി രൂപ കഴിഞ്ഞ ദിവസം ഗവൺമെന്റ് ക്ലീയർ ചെയ്തു എന്നുപറഞ്ഞു. ഏറ്റവും വേഗം ആ പദ്ധതി പൂർണ്ണമായി നടപ്പിലാക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ഈ ബഡ്ജറ്റിനെ പിന്താങ്ങി എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[12.30 P. M.]

ശ്രീ. ജോണി നെല്ലൂർ : സർ, ഏതാണ്ട് മൂന്നു പതിറ്റാണ്ടുകൾക്കുശേഷം കേരളത്തിൽ ആദ്യമായി ഒരു സമ്പൂർണ്ണ ബഡ്ജറ്റ് അവതരിപ്പിക്കാൻ ഭാഗ്യം ലഭിച്ച ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ആ ബഡ്ജറ്റ് ഇവിടെ അവതരിപ്പിച്ചപ്പോൾ സമ്മിശ്രവികാരങ്ങളോടുകൂടിയാണ് ആ ബഡ്ജറ്റിനെ വിശേഷിപ്പിക്കാൻ പറ്റുന്നത്. കുറെയേറെ പദ്ധതികൾ വളരെ സ്വാഗതാർഹമായിട്ടുണ്ട് എന്നുള്ളത് അംഗീകരിക്കുന്നതോടൊപ്പം തന്നെ സേവനമേഖലയെ കാര്യമായി പരിഗണിച്ചിട്ടുണ്ടോ എന്നുള്ള സംശയം ഉന്നയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ ഗ്രാമീണ മേഖലയെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. തലസ്ഥാന നഗരവികസന കാര്യങ്ങളെകുറിച്ചും പ്രതിപാദിച്ചു. ആകെ ബഡ്ജറ്റ് നോക്കുമ്പോൾ ഗ്രാമങ്ങളിലുള്ള ഒരു അഭിപ്രായം, ജനങ്ങളുടെ ഒരു അഭിപ്രായം, അങ്ങ് ഒരു പക്ഷേ കേട്ടുകാണും, ഇവിടെ കാലാകാലങ്ങളായി ബഡ്ജറ്റുകൾ അവതരിപ്പിക്കുമ്പോൾ മന്ത്രിക്കു വേണ്ടിയുള്ള ബഡ്ജറ്റാണ് എന്നുള്ള പൊതുവായ ഒരു ധാരണയുണ്ട്. അത് ഒന്നു മാറ്റിയെടുക്കണം. അങ്ങയുടെ കാലത്തെങ്കിലും അത് മാറ്റിയെടുക്കുമെന്നുള്ള പ്രതീക്ഷയായിരുന്നു. സാധാരണഗതിയിൽ ഈ ബഡ്ജറ്റും ആകെ ഒന്നു പരിശോധിക്കുമ്പോൾ ഏതാനും ചില മന്ത്രിമാരുടെ സ്വാധീനവലയം ഇതിനകത്തു കടന്നുകൂടിയിട്ടുണ്ടോയെന്നു തോന്നത്തക്കവിധത്തിലുള്ള ഒരു ബഡ്ജറ്റായി പോയി എന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ആ ധാരണ മാറ്റിയെടുക്കണം. ഇപ്പോൾ മാത്രമല്ല ഈ പ്രവണത കഴിഞ്ഞ കുറെ നാളുകളായിട്ടുള്ളതാണ്. ഇവിടെ ഗ്രാമീണ മേഖലയ്ക്ക് നമ്മൾ കുറേക്കൂടി ഊന്നൽ കൊടുക്കണം. ആയുർവേദ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളുണ്ട്, ഹോമിയോ ഡിസ്പെൻസറി ഇല്ലാത്ത പഞ്ചായത്തുകളുണ്ട്. മുൻകാലങ്ങളിലൊക്കെ ഇവിടെ പുതിയ പുതിയ ഡിസ്പെൻസറികൾ തുടങ്ങുമെന്ന് പ്രഖ്യാപിക്കാറുണ്ട്; പക്ഷേ ഇന്നുവരെ നടപ്പിലായിട്ടില്ല. എല്ലാ പഞ്ചായത്തുകളിലും വേണമെന്നു ഞാൻ പറയുന്നില്ല; ഘട്ടം ഘട്ടമായിട്ടെങ്കിലും ഈ ആയുർവേദ-ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ ഈ വർഷം തന്നെ ഒന്നാം ഘട്ടമെന്നുള്ള നിലയിൽ കുറെ സ്ഥലത്തെങ്കിലും തുടങ്ങാൻ നടപടി സ്വീകരിക്കുമെന്നു അതിനുള്ളപണം നീക്കിവയ്ക്കുമെന്നും ഈ ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ അങ്ങ് പറയുമെന്നും ഞാൻ പ്രതീക്ഷിക്കുകയാണ്. അതുപോലെ തന്നെ പൊതുവിതരണ രംഗത്തിനുവേണ്ടി കുറെ കാര്യങ്ങൾ അങ്ങ് ഇതിൽ പറഞ്ഞിട്ടുണ്ട്. നമ്മുടെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനത്തെ പാടേ അങ്ങ് അവഗണിച്ചുവെന്നു തോന്നുകയാണ്. ഒരു പൈസപോലും സിവിൽ സപ്ലൈസ് കോർപ്പറേഷനുവേണ്ടി വകയിരുത്തിയതായി കാണുന്നില്ല. അത് ഒന്നു പരിശോധിച്ചാൽ കൊള്ളാം. കെ.എസ്.ഡി.പി.ക്കുവേണ്ടി സ്ഥലമെടുപ്പിനായി 575 കോടി രൂപ വച്ചതായി കണ്ടു. കഴിഞ്ഞ നയപ്രഖ്യാപന വേളയിൽ പറഞ്ഞ ആ കാര്യം ധനമന്ത്രിയുടെ ശ്രദ്ധയിൽ ഒരിക്കൽക്കൂടി കൊണ്ടുവരാൻവേണ്ടി ഞാൻ ആവർത്തിക്കുകയാണ്. ഞാൻ മനസ്സിലാക്കുന്നത് കെ.എസ്.ഡി.പി. പദ്ധതി അനുസരിച്ച് സ്ഥലം ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്ക് അതിന്റെ നഷ്ടപരിഹാരം കൊടുക്കുന്നത് ട്രഷറി ബാനിന്റെ പരിധിയിൽ വരില്ല എന്ന മന്ത്രിസഭാ തീരുമാനം ഉള്ളതായി മനസ്സിലാക്കുന്നു. ഏതായാലും നമ്മുടെ പ്രദേശത്ത് ഈ പദ്ധതി അനുസരിച്ച് സ്ഥലം വിട്ടുകൊടുക്കുന്ന ആളുകൾ ചെക്ക് കിട്ടിയിട്ട് 'പട്ടിക്ക് മുഴുവൻതേങ്ങ കിട്ടിയതുപോലെ' നടക്കുകയാണ്. ട്രഷറി ബാൻ ഒഴിവാക്കുമെന്ന് പറയുകയും ട്രഷറി ബാനിന്റെ കുരുക്കിൽപ്പെട്ട് പാവപ്പെട്ട ഭൂവുടമകൾ

LIBRARY ARCHIVES Kerala Legislative Assembly

ചെക്കുമായി അലഞ്ഞു നടക്കുകയും ചെയ്യുന്ന കാഴ്ച പരമദയനീയമാണ്. വികസന കാര്യങ്ങൾക്കുള്ള സ്ഥലമെടുപ്പ് നടത്തുമ്പോൾ അതിനെ ട്രഷറി ബാനിൽനിന്ന് ഒഴിവാക്കിക്കൊണ്ടുള്ള പ്രഖ്യാപനം നടത്തണം. അതുപോലെ എം.എൽ.എ. ഫണ്ട് 60 ലക്ഷമാക്കി വർദ്ധിപ്പിച്ചു. ഞാൻ അത് സ്വാഗതം ചെയ്യുകയാണ്. ജനകീയാസൂത്രണം വന്നതിനുശേഷം ഞങ്ങളെപ്പോലുള്ള എം.എൽ.എ.മാർക്ക് ജനമദ്ധ്യത്തിൽ അൽപ്പമെങ്കിലും മുന്നോട്ടു പോകാൻ കഴിയുന്നത് എം.എൽ.എ. ഫണ്ടുകൊണ്ടാണ്. അത് ഒരു കോടി രൂപയായിട്ട് വർദ്ധിപ്പിക്കണം. ഒരു വർഷക്കാലത്തെ സമ്പൂർണ്ണ ബഡ്ജറ്റാണിത്. ഇനി ഒരു ബഡ്ജറ്റ് നമുക്ക് ഇംപ്ലിമെന്റേഷനുവേണ്ടി കിട്ടുകയില്ല. അടുത്ത വർഷത്തെ ബഡ്ജറ്റ് കേവലം അവതരിപ്പിക്കുമെന്നു മാത്രമല്ല, അതിന്റെ ഇംപ്ലിമെന്റേഷൻ മാറി വരുന്ന ഗവൺമെന്റിനാണ്. അതുകൊണ്ട് ഈ ഗവണ്മെന്റിന്റെ കാലത്ത് ഇംപ്ലിമെന്റ് ചെയ്യാനുള്ള പദ്ധതികൾ എന്ന നിലയിൽ ഈ വരുന്ന ഒരു വർഷക്കാലം എന്തെങ്കിലും ഞങ്ങൾക്ക് ചെയ്യണമെങ്കിൽ 60 ലക്ഷം എന്നുള്ളത് 40 ലക്ഷം കൂടി കൂട്ടി ഒരു കോടി രൂപയാക്കി തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. പാലായിൽ ഒരു സ്പിന്നിംഗ് മിൽ തുടങ്ങാനുള്ള തീരുമാനം, ഞാൻ വ്യക്തിപരമായി പാലായോടോ പാലാ മെമ്പറോടോ വിരോധമുള്ള ആളല്ല. നമ്മുടെ സംസ്ഥാനത്തെ സ്പിന്നിംഗ് മില്ലുകളുടെ അവസ്ഥ എന്താണ്? എല്ലാം അടച്ചുപൂട്ടൽ ഭീഷണിയിലാണ്. അങ്ങനെയുള്ള മില്ലുകൾക്ക് അൽപ്പം ധനസഹായം കൊടുത്ത് അത് സംരക്ഷിക്കാൻ കഴിയുമോ എന്ന് ആരായുന്നതിനു പകരം പുതിയ ഒരു സ്പിന്നിംഗ് മിൽ കൂടി അനുവദിച്ചു. എന്തിനാണ്? അതാണ് ഞാൻ തുടക്കത്തിൽ പറഞ്ഞത് ഇതൊക്കെ വായിക്കുമ്പോൾ ആളുകൾക്ക് തോന്നുന്നത് ഏതാനും ചില മന്ത്രിമാർക്കു വേണ്ടിയാണ് ബഡ്ജറ്റിലെ ചില പ്രോജക്ടുകൾ എന്ന്.

ശ്രീ. പി. സി. ജോർജ്ജ്: സർ, കോൺഗ്രസ്സിലെ സീനിയർ ലീഡർ ശ്രീ. കെ. കരുണാകരൻ, ഉമ്മൻചാണ്ടി ഗവണ്മെന്റ്, ഏറ്റവും ജനദ്രോഹ ഗവണ്മെന്റാണെന്നും ഏതു നിമിഷവും ഈ ഗവൺമെന്റിനെ മറിച്ചിടാൻ ആര് ശ്രമിച്ചാലും കൂട്ടുനിൽക്കുമെന്നും പറഞ്ഞിട്ടുണ്ട്. അങ്ങയുടെ പാർട്ടി, സീനിയർ നേതാവ് ശ്രീ. കെ. കരുണാകരന്റെ അഭിപ്രായത്തോട് യോജിക്കുന്നുണ്ടോ?

ശ്രീ. ജോണി നെല്ലൂർ: കോൺഗ്രസ്സിന്റെ സീനിയർ നേതാവ് ശ്രീ. കെ. കരുണാകരൻ പറഞ്ഞ കാര്യത്തെക്കുറിച്ച് കോൺഗ്രസ്സിന്റെ രണ്ട് പ്രമുഖ നേതാക്കൾ ഇനി പ്രസംഗിക്കുന്നുണ്ട്. അപ്പോൾ അവരോട് ചോദിക്കുന്നതായിരിക്കും നല്ലത്. ഏതായാലും ബഹുമാന്യനായ ശ്രീ. എ. കെ. ആന്റണിയുടെ ഗവൺമെന്റ് അങ്ങ് അദ്ധ്യക്ഷവേദിയിൽ ഇരുന്ന സമയത്ത് ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ ഇവിടെ ഏതാനും ചില ഫയർ സ്റ്റേഷനുകൾ തുടങ്ങാനുള്ള അനുമതി നൽകി. എന്റെ മണ്ഡലത്തിലുമുണ്ട് അതിൽ ഒരെണ്ണം. രണ്ടു കൊല്ലമായിട്ടും ഇന്നുവരെ അതിന് ഭരണാനുമതി നൽകിയിട്ടില്ല. ശ്രീ. എ. കെ. ആന്റണിയുടെ ഗവണ്മെന്റ് അനുവദിച്ച ആ ഫയർ സ്റ്റേഷനുകൾ തുടങ്ങാനുള്ള ഭരണാനുമതി അടിയന്തിരമായി നൽകണം. അത് വലിയ ഒരു പോരായ്മയായി നിൽക്കുകയാണ്. അംഗവൈകല്യമുള്ള ആളുകൾക്കുള്ള പെൻഷൻ 110 രൂപയിൽ നിന്ന് 150 രൂപയാക്കി വർദ്ധിപ്പിക്കുമെന്ന് കഴിഞ്ഞ ബഡ്ജറ്റിൽ ശ്രീ. കെ. ശങ്കരനാരായണൻ പറഞ്ഞതാണ്. ഒരു വർഷം കഴിഞ്ഞു. 40 രൂപ വർദ്ധിപ്പിച്ചത് ഇതുവരെ കൊടുത്തിട്ടില്ല. അംഗവൈകല്യമുള്ള

LIBRARY ARCHIVES Kerala Legislative Assembly

ആളുകൾ അതിനുവേണ്ടി ഞങ്ങളോട് പറയുകയാണ്. കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിന്റെ പ്രഖ്യാപനം അനുസരിച്ച് ആ തുക എത്രയും പെട്ടെന്ന് കൊടുക്കാനുള്ള നടപടി സ്വീകരിക്കണം. മലയാള മനോരമ പോലുള്ള പത്രങ്ങൾ എഴുതി 'ജലസേചന വകുപ്പിനെ അവഗണിച്ച ഒരു ബഡ്ജറ്റാണ്' ഇതെന്ന്. ഞാൻ അങ്ങനെയൊന്നും പറയുന്നില്ല. എറണാകുളം ജില്ലയിലാണ് ഏറ്റവും കൂടുതൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുള്ളത്. പിന്നീട് തൃശ്ശൂർ ജില്ലയിലാണുള്ളത്. പക്ഷേ നമ്മുടെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പലതും മുടങ്ങിക്കിടക്കുകയാണ്. പഴയ മോട്ടോറുകൾ മാറ്റി സ്ഥാപിക്കുമെന്നൊക്കെ ആന്റണി ഗവൺമെന്റിന്റെ കാലത്ത് ഇവിടെ പറയുകയുണ്ടായി. അതിനുള്ള നടപടികൾ എടുക്കുന്നുണ്ടെന്ന് പറയുകയുണ്ടായി. എന്റെ നിയോജകമണ്ഡലത്തിലെ ഏതാനും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ഇപ്പോൾ പരിപൂർണ്ണമായി മുടങ്ങിക്കിടക്കുകയാണ്. മോട്ടോറുകളെല്ലാം കേടാണ്. അതുകൊണ്ട് എന്നെപ്പോലുള്ളവർക്ക് അവിടെ ചെല്ലാൻ കഴിയാത്ത ഒരു സാഹചര്യമുണ്ട്. അടിയന്തിരമായി മോട്ടോറുകൾ മാറ്റി സ്ഥാപിച്ച് ജലസേചന സൗകര്യം ഉണ്ടാക്കാനാവശ്യമായ പണം അനുവദിച്ചുകൊടുക്കണം എന്നുമാത്രമേ എനിക്ക് അഭ്യർത്ഥിക്കാനുള്ളൂ. ശ്രീ. കെ. നാരായണക്കുറുപ്പ് പ്രസംഗിച്ചപ്പോൾ അങ്ങ് ചോദ്യരൂപേണ ഇവിടെ പറഞ്ഞു, ബഡ്ജറ്റിന്റെ 36-ാം പേജിൽ പാരഗ്രാഫ് 155—ഇവിടെ നിലവിലുണ്ടായിരുന്ന നിയമം അനുസരിച്ച് 5 ഹെക്ടർ വരെ കൃഷിയുള്ള കർഷകരെ കാർഷികാദായ നികുതിയിൽനിന്ന് ഒഴിവാക്കിയിരിക്കുന്നു. അങ്ങ് ഇത് കൊണ്ടുവന്നപ്പോൾ ഞങ്ങളൊക്കെ മനസ്സിലാക്കുന്നത്, കൃഷിക്കാർ ആകെ ധരിച്ചു വച്ചിരിക്കുന്നത്, കൃഷിക്കാരോട് വളരെ പകയുള്ള ഒരു വിഭാഗമാണ് സിവിൽ സർവ്വീസിന്റെ തലപ്പത്തിരിക്കുന്നവർ എന്നാണ്. അവർ എന്നും ഗൂഢാലോചനയിലാണ്. കൃഷിക്കാരെ എങ്ങനെ ഞെക്കിപ്പിഴിയാം, എങ്ങനെ കവർച്ച ചെയ്യാം, എങ്ങനെ ചൂഷണം ചെയ്യാം ആ വിധത്തിലുള്ള ചിന്താഗതിയാണ്. ഇതിപ്പോൾ മിഠായിയിൽ പൊതിഞ്ഞ മധുരമുള്ള ഗുളികപോലെ തോന്നുന്നു. അങ്ങയുടെ വാചകം വായിച്ചാൽ 5 ഹെക്ടർ വരെ ഒഴിവാക്കപ്പെട്ടിരുന്ന ഏർപ്പാട് ഇല്ലാതായിരിക്കുകയാണ്. അത് ഒഴിവാക്കിയിരിക്കുന്നു. അതിൽ ഉദ്യോഗസ്ഥന്മാർക്ക് കൃഷിക്കാരെ വീണ്ടും ദ്രോഹിക്കാനും ..... ഇല്ല എന്ന് അങ്ങ് കളിയാക്കി. അപ്പോൾ അങ്ങ് ഒന്നു പറഞ്ഞാൽ മതി.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, എന്റെ ഉത്തരവാദിത്തമാണ്. എന്തിനാണ് അവരെ പറയുന്നത്? തിരുത്തണമെങ്കിൽ ഞാൻ തിരുത്താം.

ശ്രീ. ജോണി നെല്ലൂർ: അങ്ങനെ ആകാം. ഉദ്യോഗസ്ഥന്മാർ കൃഷിക്കാരോട് ദ്രോഹം ചെയ്യാൻ തുടങ്ങി. ബഡ്ജറ്റ് പ്രസംഗം വന്നപ്പോൾ തന്നെ റബ്ബറിന് വില കൂടുതലുണ്ടോ എന്നൊക്കെ ചോദിക്കുന്നു. കൃഷിക്കാരന്റെ ബുദ്ധിമുട്ട് മനസ്സിലാക്കേണ്ടേ? 50,000 രൂപ ഒരു ഏക്കറിൽ നിന്ന് വരുമാനമുണ്ടെന്ന് പറഞ്ഞാൽ അവരുടെ ചെലവിനെക്കുറിച്ച്.....

ശ്രീ. വക്കം പുരുഷോത്തമൻ: പലരും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, ഇതാണ് കൃഷിക്കാർക്ക് കൂടുതൽ സൗകര്യവും സഹായകരവും എന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ എന്റെ ഉത്തരവാദിത്തത്തിലാണ് ഇത് ചെയ്തത്. ഞാൻ ഇപ്പോഴും ധരിച്ചുവച്ചിരിക്കുന്നത് ഇതുകൊണ്ട് ഗവൺമെന്റിന് 2 കോടി രൂപ നഷ്ടമാണെന്നാണ്. അത് വേണ്ട എന്നാണെങ്കിൽ പഴയതിലേക്ക് പോകാൻ ഞാൻ തയ്യാറാണ്. എനിക്ക് ഒരു നിർബ്ബന്ധവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോണി നെല്ലൂർ: ധനകാര്യമന്ത്രി പറഞ്ഞത് ഉൾക്കൊണ്ടുകൊണ്ട് പറയട്ടെ ആദ്യം പറഞ്ഞിരുന്ന 5 ഹെക്ടർ വരെ ഒഴിവാക്കിയിട്ടുണ്ടായിരുന്ന അവസ്ഥ ഇപ്പോൾ നിലനിൽക്കുന്നുണ്ടോ? അങ്ങ് ക്ലാരിഫൈ ചെയ്താൽ മതി കൺഫ്യൂഷൻ തീരും. തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന് കുടുംബശ്രീയുടെ സാന്ത്വനം ഉൾപ്പെടെയുള്ള പദ്ധതികളെക്കുറിച്ച് പറഞ്ഞു. അത് പ്രഖ്യാപനം മാത്രമായി മാറരുത്. അത് നടപ്പാക്കണം. കാർഷിക മേഖലയിൽ തൊഴിലവസരങ്ങൾ ഉണ്ടാക്കാനുള്ള പദ്ധതികൾ എത്രമാത്രം നടപ്പാകുമെന്ന് സംശയമുണ്ട്. നെൽക്കൃഷി പുനരാരംഭിക്കും എന്നൊക്കെ പറയുന്നത് നല്ല ആശയമാണ്. പക്ഷേ കേരളത്തിലെ യുവജനങ്ങൾ അതിലേക്കൊന്നും വരില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ശ്രീ. വക്കം പുരുഷോത്തമൻ അവതരിപ്പിച്ച ബഡ്ജറ്റ് നിർദ്ദേശങ്ങളെ ഞാൻ പിന്താങ്ങുന്നു. ഈ ബഡ്ജറ്റിനെ വിമർശിക്കുന്നവർ പരമ്പരാഗതമായി പല ബഡ്ജറ്റുകളേയും സമീപിച്ചതുപോലെ ഈ ബഡ്ജറ്റിനേയും സമീപിച്ചതുകൊണ്ടാണ് ഇതിനെ വിമർശിക്കുന്നതെന്നാണ് എനിക്ക് മനസ്സിലാകുന്നത്. നമ്മുടെ ഭരണഘടനയിൽ ബഡ്ജറ്റ് എന്നുള്ള പദം ഇല്ല. നേരെ മറിച്ച്, ആനുവൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് എന്നാണ് പറയുന്നത്. ഒരു വർഷത്തെ വരവ് ചെലവ് കണക്കുകളെ സംബന്ധിക്കുന്ന കൃത്യമായ വിവരമാണ് യഥാർത്ഥത്തിൽ ബഡ്ജറ്റ്. പിന്നീട് അത് ബഡ്ജറ്റ് പ്രസംഗം ആവും. അതാത് കാലത്തെ ഗവണ്മെന്റുകളുടെ നയങ്ങളെ പ്രതിഫലിപ്പിക്കുന്ന ഒരു രേഖയായി അത് മാറുകയും ചെയ്യും. അതോടൊപ്പം തന്നെ നിലവിലിരിക്കുന്ന അനുകൂല സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള കൃത്യമായ വിവരങ്ങൾ കൊടുക്കുന്ന ഒന്നായി ബഡ്ജറ്റ് മാറുകയും ചെയ്തു. അവിടെനിന്നും കടന്ന് നമ്മുടെ ബഡ്ജറ്റുകൾ വലിയ കവല പ്രസംഗങ്ങൾ പോലെ മാറുന്ന കാഴ്ച പല കാലഘട്ടങ്ങളിലും കണ്ടിട്ടുണ്ട്. ഞാൻ ഈ ബഡ്ജറ്റിനെ പിൻതാങ്ങുന്നത് ഈ ബഡ്ജറ്റ് rhetoric അല്ലാത്ത, യാഥാർത്ഥ്യത്തോടുകൂടി കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയെ സമീപിക്കുന്ന ഒരു ബഡ്ജറ്റ് എന്ന നിലയിലാണ്. ഇവിടെ നമുക്കറിയാം ഈ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ മുൻപുണ്ടാകാത്ത സാഹചര്യങ്ങൾ ഇവിടെ നിലവിലിരിക്കുന്നു. ഒന്ന്, ഏപ്രിൽ ഒന്നാം തീയതി മുതൽ മൂല്യ വർദ്ധിത നികുതി സമ്പ്രദായം വരാൻ പോകുന്നു. ധനകാര്യമന്ത്രിക്ക് ഒരുപാട് പരിമിതികളുണ്ട്. കാരണം നമ്മുടെ നികുതി നിർദ്ദേശങ്ങൾ മൂന്നുനാല് ഷെഡ്യൂളുകളാക്കി മാറ്റിയിരിക്കുന്നു. പണ്ട് ഉണ്ടായിരുന്നതു പോലെ നികുതി വ്യവസ്ഥയിൽ കാര്യമായ മാറ്റം വരുത്താനുള്ള സ്വാധീനം ധനകാര്യമന്ത്രിക്ക് നഷ്ടപ്പെട്ടിരിക്കുന്നു. നമ്മുടെ പന്ത്രണ്ടാം ധനകാര്യ കമ്മീഷന്റെ ശുപാർശകളെക്കുറിച്ചുള്ള കൃത്യമായ വിവരം ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ നമുക്ക് ഇപ്പോഴും ലഭ്യമല്ല. പലിശ നിരക്കുകളിലുള്ള fluctuations, അത് റീസ്ട്രക്ച്ചറിങ്ങുമായി ബന്ധപ്പെട്ടുള്ള ചില കണക്കുകൾ ഇത്തരം പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടാണ് ഈ ബഡ്ജറ്റ് തയ്യാറാക്കിയത്. കഴിഞ്ഞ അഞ്ചെട്ട് വർഷക്കാലമായി നമ്മുടെ ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിൽ കണ്ടുവരുന്ന ഒരു ട്രന്റെന്നു പറയുന്നത് വളരെ അപകടകരമായ ട്രന്റാണ്. നമുക്കറിയാം റവന്യൂ വരുമാനം കുറയുകയും റവന്യൂ ചെലവ് അധികരിക്കുകയും ചെയ്തിരിക്കുകയാണ്. വലിയ റവന്യൂ കമ്മി എല്ലാ സംസ്ഥാനങ്ങളിലും ഉണ്ടാകുന്നു. ആ റവന്യൂ കമ്മിയുണ്ടാകുമ്പോൾ പൊതുകടമെടുക്കുന്നു. ആ കടമെടുക്കുന്നതോടുകൂടി ധനകമ്മി കൂടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പൊതുകടമെന്നു പറയുന്നത് മൂലധന നിക്ഷേപത്തിനുവേണ്ടി പ്രയോജനപ്പെടുത്താതെ റവന്യൂ എക്സ്പെന്റിച്ചറിനുവേണ്ടി ചെലവാക്കുന്നു. അവസാനം വലിയ കമ്മിയിൽ എത്തിച്ചേരുന്നു. ഈ സാമ്പത്തിക നില എല്ലാ സംസ്ഥാനങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുന്നു. നമ്മുടെ സംസ്ഥാനവും വളരെ അപകടകരമായ സ്ഥിതിവിശേഷത്തിലാണ് നിലനിന്നിരുന്നത്. അതിന്റെ തുടക്കത്തിൽ നമ്മുടെ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ 2001-ൽ ഐക്യജനാധിപത്യമുന്നണി അധികാരത്തിൽ വന്നപ്പോൾ ഉണ്ടായിരുന്ന അവസ്ഥയെക്കുറിച്ച് നമുക്ക് കൃത്യമായി അറിയാം. അതിൽനിന്നും വ്യത്യസ്തമായി വലിയ വിപ്ലവകരമായ മുന്നേറ്റം നടത്താൻ കഴിഞ്ഞുവെന്ന് ഞാൻ അവകാശപ്പെടുന്നില്ല. എങ്കിലും നമ്മുടെ സമ്പദ്ഘടനയിൽ അത്യാവശ്യം അപകടകരമായ സ്ഥിതിവിശേഷത്തെ ഒഴിവാക്കാൻ കഴിഞ്ഞു. സമ്പദ്ഘടനയ്ക്ക് സുസ്ഥിരത നൽകാൻ കഴിഞ്ഞ മൂന്നര വർഷക്കാലം ഭരിച്ച ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റിനും ഇപ്പോൾ തുടരുന്ന ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റിനും കഴിഞ്ഞിട്ടുണ്ട് എന്ന് വിശ്വസിക്കുന്ന ആളാണ് ഞാൻ. നമ്മുടെ ധനകാര്യ സൂചകങ്ങളെക്കുറിച്ച് ഞാൻ സൂചിപ്പിക്കുമ്പോൾ റവന്യൂ കമ്മി 2002-03 വർഷത്തേക്കാൾ ഇവിടെ കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന് എന്റെ പ്രിയ സുഹൃത്ത് ശ്രീ. രാജൻ ബാബു പറഞ്ഞു. ഞാൻ അതിലേക്കൊന്നും കൂടുതൽ കടന്നു പോകുന്നില്ല. പൊതുകടം വർദ്ധിച്ചിട്ടുണ്ട്. വൈദ്യുത ബോർഡിന്റെ റവന്യൂ കമ്മി നികത്താനും നമ്മുടെ plan outlay വർദ്ധിപ്പിക്കാനും തുക ചെലവഴിച്ചത് കൊണ്ടാണ് പൊതുകടം വർദ്ധിച്ചത്. അതുപോലുള്ള കാര്യങ്ങൾ ബഡ്ജറ്റിൽ സൂചിപ്പിച്ചിട്ടുണ്ട്. കടമെടുക്കുന്ന പണം ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റിന് പ്രയോജനപ്പെടുത്താതെ അത് റവന്യൂ ചെലവുകൾക്കുവേണ്ടി വിനിയോഗിക്കുന്ന പ്രവണതയാണ് നമ്മുടെ ഇടയിൽ കണ്ടുവരുന്നത്. ഇത് നല്ല പ്രവണതയല്ലെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഞാൻ ചില റവന്യൂ സൂചകങ്ങളിലേക്ക് കടന്നുപോകുകയാണ്. സുസ്ഥിര സമ്പദ്ഘടനക്ക് സാമ്പത്തികമായ പുരോഗതിയുണ്ടാകാനും ശ്രദ്ധാപൂർവ്വം കാര്യങ്ങൾ ചെയ്യാനും നല്ല സാമ്പത്തിക മാനേജ്മെന്റ് നടപ്പിലാക്കാനും കഴിഞ്ഞ കാലത്ത് നമ്മുടെ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടെന്ന് സൂചിപ്പിക്കുന്ന കാര്യങ്ങൾ ഞാൻ ഇവിടെ പറയുകയാണ്. 2003-2004 ലെ ബഡ്ജറ്റ് എസ്റ്റിമേറ്റിലെ റവന്യൂ കമ്മിയെന്നു പറയുന്നത് 4,512 കോടിയായിരുന്നുവെങ്കിൽ അത് 3,680 കോടി രൂപയായി കുറയ്ക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ലോക്കൽ ബോഡീസ് കൊടുത്തത് കുറച്ചുകഴിഞ്ഞാൽ നമുക്ക് കുറേകൂടി കടംകൂടും. അതു കാരണം ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ് പോയിരിക്കുകയാണ്. റവന്യൂ കമ്മിയാണ് യഥാർത്ഥത്തിൽ നമ്മുടെ കണക്കിൽ കുറച്ചിട്ടുള്ളത്. അതുപോലെ നമ്മുടെ സ്റ്റേറ്റിൽ ടാക്സ് റവന്യൂവിൽ 800 കോടി രൂപയുടെ വർദ്ധനവാണ് കഴിഞ്ഞ വർഷം ഉണ്ടായിട്ടുള്ളത്. 2002-2003 വർഷം 7,302 കോടി രൂപ ഉണ്ടായിരുന്ന ടാക്സ് റവന്യൂ 2003-2004-ൽ 8,888 കോടി രൂപ വർദ്ധിച്ചിരിക്കുന്നു. ഒരു വർഷം 2800 കോടി രൂപയുടെ വർദ്ധനവ് നോൺ ടാക്സ് റവന്യൂവിൽ ഉണ്ടായി. 2002-2003 ൽ 681 കോടി രൂപയുണ്ടായിരുന്നത് ഈ കഴിഞ്ഞ വർഷം 806 കോടി രൂപയായി വർദ്ധിച്ചു. 125 കോടി രൂപയാണ് നോൺ ടാക്സ് റവന്യൂ. നമ്മൾ സ്റ്റാമ്പ് ഡ്യൂട്ടി കുറച്ചും, ഫെയർ വാല്യൂ ഏർപ്പെടുത്തിയതുകൊണ്ടും 300 കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുകൂടിയാണ് 126 കോടി രൂപയുടെ വർദ്ധനവ് നോൺ ടാക്സ് റവന്യൂ ഇനത്തിൽ കാണിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞത്. 2003-2004-ൽ നോൺ പ്ലാൻ എക്സ്പെന്റിച്ചർ 14,412 കോടി രൂപയായിരുന്നത് 14,308 കോടിയാക്കി കുറയ്ക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. കാരണം ബഡ്ജറ്റ് എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്ന നോൺ പ്ലാൻ എക്സ്പെന്റീച്ചറിനേക്കാൾ കൂടുതൽ എല്ലാ വർഷവും ചെലവാക്കിയുള്ളശീലം നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുമ്പോൾ വളരെ വർഷങ്ങൾക്കുശേഷം ആദ്യമായി നമുക്ക് ബഡ്ജറ്റ് എസ്റ്റിമേറ്റിനേക്കാൾ കുറച്ച് നോൺ പ്ലാൻ എക്സ്പെന്റീച്ചറിനുവേണ്ടി ചെലവാക്കാൻ കഴിഞ്ഞിരിക്കുന്നുവെന്നുള്ളത് വളരെ പ്രശംസനീയമാണ്. കുറേ വർഷങ്ങൾക്കുശേഷം ഇവിടെ ചില സാമ്പത്തിക സൂചകങ്ങൾ കാണിക്കുന്ന, ഏറ്റവും അഭിമാനത്തോടെ പറയാൻ കഴിയുന്ന കാര്യം 2002-03-ൽ ഉണ്ടായിരുന്ന ക്യാപ്പിറ്റൽ എക്സ്പെന്റീച്ചറാണ്. ഒരു ക്വാളിറ്റി എക്സ്പെന്റീച്ചറിനെ കാണിക്കുന്നതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് ക്യാപ്പിറ്റൽ എക്സ്പെന്റീച്ചർ. നമ്മുടെ നാട്ടിൽ റവന്യൂ എക്സ്പെന്റീച്ചർ വർദ്ധിച്ചു വരികയാണ്. ക്യാപ്പിറ്റൽ എക്സ്പെന്റീച്ചർ കുറഞ്ഞു വരികയാണ്. 2002-2003-ൽ 948 കോടി രൂപയായിരുന്നു ക്യാപ്പിറ്റൽ എക്സ്പെന്റീച്ചറെങ്കിൽ കഴിഞ്ഞ വർഷം അത് 1931 കോടി രൂപയായി അതായത് ഇരട്ടിയിൽ അധികമായി ക്യാപ്പിറ്റൽ എക്സ്പെന്റിച്ചർ വർദ്ധിപ്പിക്കാൻ കഴിഞ്ഞുവെന്നുള്ളത് ഞാൻ വീണ്ടും ആവർത്തിച്ച് അടിവരയിട്ട് പറയുന്നു. ക്വാളിറ്റി എക്സ്പെന്റീച്ചറിനെ കാണിക്കുന്ന ഒന്നാണ് ക്യാപ്പിറ്റൽ എക്സ്പെന്റീച്ചറിൽ ഉണ്ടായ ടോട്ടലായ വർദ്ധനവ്. നോൺ ടാക്സ് റവന്യൂവും ടാക്സ് റവന്യൂവും ഒരുമിച്ച് ചേർന്നുള്ള നമ്മുടെ റവന്യൂ വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിരിക്കുന്നു. 2000-01-ൽ ഐക്യ ജനാധിപത്യ മുന്നണി അധികാരം ഏറ്റെടുക്കുമ്പോൾ ഉണ്ടായിരുന്ന മൊത്തം വരുമാനം 8,731 കോടി രൂപയാണെങ്കിൽ 2003-04-ൽ അത് 11,815 കോടി രൂപയായി. അതായത് മൂന്നു വർഷം കൊണ്ട് നമ്മുടെ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 3084 കോടി രൂപയാക്കി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതൊന്നും കാണാതെ പോകരുത്. 1997-98-ൽ 7124 കോടി രൂപയായി രുന്നു വരുമാനം. എൽ.ഡി.എഫ്.-ന്റെ കാലത്ത് ഉണ്ടായ വർദ്ധനവ് 1600 കോടി രൂപയാണ്. നാല് വർഷം കൊണ്ട് 1600 കോടി രൂപയുടെ ടാക്സ് റവന്യൂ വർദ്ധനവ് ഗവൺമെന്റ് കളക്ഷനിൽ ഉണ്ടാക്കിയപ്പോൾ മൂന്നു വർഷംകൊണ്ട് ഐക്യ ജനാധിപത്യമുന്നണി റവന്യൂ കളക്ഷനിൽ ഉണ്ടാക്കിയ വർദ്ധനവ് 3084 കോടി രൂപയാണ്. ഞങ്ങളുടെ ഗവൺമെന്റിന്റേത് ശരാശരി ഓരോ വർഷവും ആയിരം കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിക്കൊണ്ടിരിക്കുന്നു. എൽ.ഡി.എഫ്.-ന്റെ കാലത്തുണ്ടായ ശരാശരി വർദ്ധനവ് 400 കോടി രൂപ മാത്രമായിരുന്നു. കഴിഞ്ഞ മൂന്നു കൊല്ലമായി ഈ ഗവൺമെന്റിനെതിരെ ടാക്സ് കളക്ഷന്റെ കാര്യത്തിൽ ആക്ഷേപം ഉന്നയിക്കുന്നവരോട് ഞാൻ ഒന്നുകൂടി ആവർത്തിച്ചു പറയാൻ ആഗ്രഹിക്കുന്നത് ഞങ്ങൾ ഓരോ വർഷവും ആയിരം കോടി രൂപ കൂടുതൽ ടാക്സ് കളക്ഷനിൽ വരുമാനമുണ്ടാക്കി കൊണ്ടിരിക്കുകയാണ്. ഞാൻ ഇവിടെ സൂചിപ്പിച്ചു ആദ്യമായി ധനകാര്യമന്ത്രി ഒരു ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾതന്നെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന മൂല്യ വർദ്ധിത നികുതി സമ്പ്രദായം സംസ്ഥാനത്ത് വരാൻ പോകുന്നു എന്നു പറഞ്ഞു. അതിൽനിന്ന് നമുക്ക് ഒഴിഞ്ഞുമാറാൻ കഴിയില്ല. ഇതിൽനിന്ന് ഒഴിഞ്ഞു മാറണമെന്ന് ആഗ്രഹിക്കുന്ന എല്ലാവർക്കുമറിയാം ബംഗാളിലെ ധനകാര്യമന്ത്രിയും, നമ്മുടെ സംസ്ഥാനത്തെ ധനകാര്യ മന്ത്രിയായിയിരുന്ന ശ്രീ. ശങ്കരനാരായണനുമെല്ലാം ചേർന്ന കമ്മിറ്റിയാണ് ഇതിന്റെ തീരുമാനങ്ങളെടുത്തത്. കമ്മിറ്റിയുടെ ചെയർമാൻ

LIBRARY ARCHIVES Kerala Legislative Assembly

ബംഗാളിലെ ധനകാര്യമന്ത്രി ശ്രീ. അസീംദാസ് ഗുപ്തയായിരുന്നു. ഏറ്റവും ഫലപ്രദമായ നിർദ്ദേശങ്ങൾ നമ്മുടെ സംസ്ഥാനത്തുനിന്നാണ് അവതരിപ്പിക്കപ്പെട്ടത്. സംസ്ഥാനങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടിയിട്ടുള്ള നല്ല തീരുമാനങ്ങൾ സജസ്റ്റ് ചെയ്യപ്പെട്ടത് ഈ സംസ്ഥാനത്തുനിന്നാണെന്ന് സന്തോഷത്തോടുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. പക്ഷെ പുതിയ സിസ്റ്റം ഉണ്ടാകുമ്പോൾ പ്രാഥമികമായ ഒരുപാട് ബുദ്ധിമുട്ടുകൾ നമുക്കുണ്ടാകും. എനിക്ക് ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിയോട് സൂചിപ്പിക്കാനുള്ളത് നമ്മുടെ പുതിയ സിസ്റ്റം കടന്നു വരുമ്പോൾ, കേന്ദ്രീകൃതമായ ഒരു സംവിധാനം വരുമ്പോൾ ഒരു കൺസ്യൂമർ സ്റ്റേറ്റ് എന്ന നിലയിൽ കേരളത്തിൽ പുതിയ നികുതി സമ്പ്രദായം നമ്മുടെ താൽപര്യങ്ങളെ എങ്ങനെ ഹനിക്കപ്പെടും, നമ്മുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ കഴിയുമോ എന്നുള്ള വിശദമായ പഠനം കൂടി നമുക്ക് ആവശ്യമാണ്. നമ്മുടേത് വ്യവസായ സംസ്ഥാനമൊന്നുമല്ല. പക്ഷെ ചെറുകിട വ്യവസായങ്ങൾ ഒരുപാടുണ്ട്. ഉദാഹരണമായി പെയിന്റ് ഇൻഡസ്ട്രിയുണ്ട്; ബിസ്ക്കറ്റ് ഇൻഡസ്ട്രിയുണ്ട്; ഒരുപാട് സ്ഥാപനങ്ങളുണ്ട്. പെയിന്റ് ഇൻഡസ്ട്രിക്കുള്ള ടാക്സെന്നു പറയുന്നത് 17.25% ആണ്. ഏഷ്യൻ പെയിന്റ്, ബർജർ പെയിന്റ് പോലുള്ള വൻകിട പെയിന്റ് കമ്പനികളുമായി നമ്മുടെ ചെറുകിട സംരംഭങ്ങൾ കോംപീറ്റ് ചെയ്യുമ്പോൾ ഈ ഗവൺമെന്റ് അവർക്ക് ടാക്സ് റിലാക്സേഷൻ കൊടുത്തിട്ടുണ്ട്. വൻകിട കമ്പനികൾ പതിനേഴേകാൽ ശതമാനം കൊടുക്കുമ്പോൾ നമ്മുടെ ചെറുകിട സ്ഥാപനങ്ങൾ 9.25% കൊടുത്താൽ മതി. പക്ഷെ വാറ്റ് സമ്പ്രദായം വരുമ്പോൾ ഈ വൻകിട പെയിന്റ് കമ്പനിയും ചെറുകിട സ്ഥാപനങ്ങളും ഒരേ ഷെഡ്യൂളിൽ വരാൻ പോകുന്നു. 12.5% വരാൻ പോകുന്നു. ആയിരക്കണക്കിന് കോടി രൂപ അഗ്രസ്സീവ് കാംപെയിനുകളുടെ അകമ്പടിയോടുകൂടി നടത്തി വലിയ മാർക്കറ്റ് പിടിച്ചുനിൽക്കുന്ന നമ്മുടെ നാട്ടിലെ ചെറുകിട സംരംഭങ്ങൾ എങ്ങനെ പിടിച്ചുനിൽക്കും. അവർ ഇപ്പോൾ കൊടുക്കുന്ന 12% നികുതി പന്ത്രണ്ടര ശതമാനമായി കൊടുക്കുമ്പോൾ അവരോട് കോംപീറ്റ് ചെയ്യുന്ന വൻകിട കമ്പനികൾക്ക് പതിനേഴേകാൽ എന്നുള്ളത് പന്ത്രണ്ടര ശതമാനമായി കുറയ്ക്കാൻ പോകുന്നു.

ഞാൻ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നത്, നമ്മുടെ നാട്ടിലെ ചെറുകിട സംരംഭങ്ങളെ പിടിച്ചുനിർത്താൻവേണ്ടി ഈ വാറ്റ് സമ്പ്രദായത്തിൽ ഇൻസെന്റീവ്സ് എന്നൊരു പ്രൊവിഷനുണ്ട്. അത് എങ്ങനെ നമ്മുടെ നാട്ടിലെ വ്യവസായങ്ങളെ, ചെറുകിടസംരംഭങ്ങളെ പിടിച്ചുനിർത്താൻവേണ്ടി പ്രയോജനപ്പെടുത്താൻ കഴിയും എന്നുള്ളതിനെപ്പറ്റി ഒരു ഗൗരവമായ പഠനം നടത്തണം. വാറ്റിന്റെ അമന്റ്മെന്റ് കൊണ്ടുവരുമ്പോൾ ആ കാര്യം ഗൗരവമായി പരിശോധിക്കണം എന്ന അഭ്യർത്ഥനകൂടി മുന്നോട്ട് വയ്ക്കുന്നു. സർ, ഈ ബഡ്ജറ്റിൽത്തന്നെ 5 ലക്ഷം രൂപ മുതൽ 50 ലക്ഷംരൂപവരെ ടേൺഓവറുള്ള വ്യവസായ കച്ചവടങ്ങൾക്ക് ഒരു ശതമാനം ടേൺഓവർ ടാക്സ് ഏർപ്പെടുത്തിയിരിക്കുന്നു എന്നാണ് സൂചിപ്പിക്കുന്നത്. 5 ലക്ഷം രൂപ ടേൺഓവർ ഒരു വർഷം എന്നു പറഞ്ഞാൽ നമ്മുടെ നാട്ടിൽ ഇൻഫ്ളേഷനുള്ളതുകൊണ്ട്, ഒരു പെട്ടിക്കടക്കാരൻ ഒരു ദിവസം 1500 രൂപ കളക്ഷനുള്ള ആളും ഈ 5 ലക്ഷം രൂപയുടെ വാർഷിക ടേൺഓവറിൽപ്പെടും. അതിനർത്ഥം ഇതുവരെ ടാക്സ് കൊടുക്കാതിരുന്ന ഒരാൾ, ഇതുവരെ ടാക്സ് സമ്പ്രദായത്തിൽ ടാക്സിന്റെ നെറ്റ് വർക്കിൽ ഇല്ലാതിരുന്ന ഒരാൾ ആദ്യമായി ടാക്സിന്റെ നെറ്റ് വർക്കിലേയ്ക്ക് വരുന്നു. 1500 രൂപ ഡെയിലി കളക്ഷനുള്ള ഒരു പെട്ടിക്കടക്കാരൻ അയാൾക്ക് 5000 രൂപ ഒരുവർഷം ഈ കണക്കനുസരിച്ച് ടാക്സ് കൊടുക്കേണ്ടിവരും. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയോടഭ്യർത്ഥിക്കുന്നു, 5 ലക്ഷം മുതൽ 50 ലക്ഷംവരെ എന്നുള്ളത് 10 ലക്ഷം മുതൽ 50 ലക്ഷംവരെ എന്നാക്കണം. നമ്മുടെ സംസ്ഥാനത്ത് നിലവിലുള്ള സ്ഥിതിയനുസരിച്ച് 5 ലക്ഷം എന്നത് വളരെ വലിയ തുകയാണ്. അവരെ സംബന്ധിച്ചിടത്തോളം ടാക്സിന്റെ നെറ്റ് വർക്കിൽ കൊണ്ടുവരിക എന്നുള്ളത് വളരെ അപകടകരമാണ്. എല്ലാപേരും സൂചിപ്പിക്കുന്നു നമ്മുടെ വരുമാനത്തിന്റെ വലിയൊരു ഭാഗം ചെലവഴിക്കുന്നത് ശമ്പളത്തിനും പെൻഷനും പലിശയ്ക്കും വേണ്ടിയാണ്. നമ്മുടെ ബഡ്ജറ്റിൽത്തന്നെ സൂചിപ്പിക്കുന്നുണ്ട്. ശമ്പളം 11% വർദ്ധനവ്, പെൻഷൻ 18% വർദ്ധനവ് debt service. നമ്മൾ 3000-4000 കോടി രൂപ പലിശകൊടുക്കുന്നു. ഇപ്പോൾ പറയുന്നത് പെൻഷൻ കാൽക്കുലേറ്റ് ചെയ്യുമ്പോൾ അടുത്ത 10 വർഷത്തിനകം ശമ്പളത്തേക്കാൾ പെൻഷൻ കൂടുമെന്നാണ് പറയുന്നത്. പക്ഷേ, നമ്മുടെ നാട്ടിൽ അത് ഒരു യാഥാർത്ഥ്യമാണ്. ശമ്പളം, പെൻഷൻ എന്നിവ കൊടുക്കരുതെന്ന് പറയാൻ ഞാൻ ആളല്ല. നമുക്ക് എന്നും ശമ്പളം, പെൻഷൻ എന്നിവ കൊടുക്കാൻ വേണ്ടിമാത്രം ഒരു സർക്കാർ ഭരിക്കേണ്ട ആവശ്യമില്ല. അതുകൊണ്ട് ജീവനക്കാരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കണം. അവരുടെ ആനുകൂല്യങ്ങൾ കവർന്നെടുക്കരുത്. അവർക്ക് ശമ്പളവും, റിട്ടയർ ചെയ്യുമ്പോൾ പെൻഷനും കൊടുക്കാൻ കഴിയണം. പക്ഷേ സാമ്പത്തികമായ ബദൽ നിർദ്ദേശങ്ങൾ ഉണ്ടാകണം. ഇങ്ങനെപോയാൽ നമ്മുടെ സമ്പദ്വ്യവസ്ഥ എവിടെപ്പോയി നിൽക്കും? നമ്മുടെ റവന്യൂ എക്സ്പെന്റിച്ചർ വർദ്ധിച്ചു വരികയാണ്. ആ റവന്യൂ എക്സ്പെന്റിച്ചറിന്റെ ഏറ്റവും വലിയൊരു ശതമാനം ഇതിനുവേണ്ടി ചെലവഴിക്കുമ്പോൾ ജീവനക്കാരുടെയും പെൻഷൻകാരുടെയും താൽപ്പര്യങ്ങൾക്ക് കോട്ടം വരുത്താത്ത രീതിയിലുള്ള, കോൺട്രിബ്യൂട്ടറി പെൻഷൻ സമ്പ്രദായത്തെക്കുറിച്ചൊന്നും സൂചിപ്പിക്കുന്നില്ല. പക്ഷേ ആ സമ്പ്രദായം ഇവിടെ ആവിഷ്ക്കരിക്കുകയാണെങ്കിൽപോലും അവർക്ക് ദോഷകരമല്ലാത്തരീതിയിൽ അത് ചെയ്യണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പിന്നെ എനിക്ക് ഈ ബഡ്ജറ്റിൽ പ്രയാസമുണ്ടാക്കിയ ഒരു കാര്യം പറയാതെ കടന്നുപോകുന്നത് ശരിയല്ല. സർ, മരിക്കുന്ന കർഷകർക്ക് ധനസഹായം കൊടുക്കും എന്നൊരു വാചകം ഈ ബഡ്ജറ്റിലുണ്ട്. അതിനേക്കാൾ നല്ലത് ആത്മഹത്യ ചെയ്യുന്ന കർഷകർക്ക് 25000 രൂപ പാരിതോഷികം കൊടുക്കും എന്നുപറയുന്നതായിരിക്കും. മരിക്കുന്ന കർഷകർക്ക് ആശ്വാസം കൊടുക്കും എന്നുപറഞ്ഞാൽ അവന്റെ കടം എഴുതിത്തള്ളുമെന്ന് ഈ ബഡ്ജറ്റിൽ അങ്ങ് പ്രഖ്യാപിച്ചാൽ കടം ഉള്ള ആളുകൾ, കടം വാങ്ങിയത് തിരികെ കൊടുക്കാൻ യാതൊരു നിവൃത്തിയുമില്ലാത്തവർക്ക് പ്രത്യേകിച്ച് കേരളത്തിൽ, ഏറ്റവും എളുപ്പത്തിലുള്ള വഴി മരിക്കുക എന്നതാണ്. ഒന്ന്, നിങ്ങൾക്ക് മരിക്കാൻ പാടില്ലേ എന്ന് വീട്ടുകാർ കുടുംബനാഥനോട് ചോദിക്കാനുള്ള ഒരു അവസ്ഥയുണ്ട്. അതുകൊണ്ട് മരിക്കുന്ന വ്യക്തിയുടെ കടം മുഴുവനും എഴുതിത്തള്ളുമെന്നുള്ള വാക്ക് അങ്ങ് പിൻവലിക്കണം. മറിച്ച് ദു:ഖം അനുഭവിക്കുന്ന, പ്രയാസം അനുഭവിക്കുന്ന, കാലാവസ്ഥയുടെ വ്യതിയാനങ്ങൾ കൊണ്ട്, വരൾച്ചകൊണ്ട്, പേമാരികൊണ്ട്, കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ് ഒക്കെ കൊണ്ട് ബുദ്ധിമുട്ട് അനുഭവിക്കുന്ന കർഷകരെ സഹായിക്കാനുള്ള സ്കീമുകൾ അങ്ങ് പ്രഖ്യാപിക്കണം എന്നും ഞാൻ അഭ്യർത്ഥിക്കുന്നു. ഐ.ടി., ബി.ടി, മൈന്റ് സെറ്റ് ഇതൊക്കെ നല്ല വാക്കുകളാണ്. അതെല്ലാം വേണം. പക്ഷെ നമ്മുടെ പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കാൻ, അതിനെ നവീകരിക്കാൻ—ഇടതുപക്ഷം ആവശ്യപ്പെടുന്നതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

കൈത്തറി, കശുവണ്ടി, എന്നിവയ്ക്കും സബ്സിഡിയും, ഗ്രാന്റും കൊടുക്കണമെന്നല്ല. കൈത്തറി മേഖലയിൽ സർക്കാർ കൊടുക്കുന്ന ഗ്രാന്റ് ആരാണ് അടിച്ചുകൊണ്ടു പോകുന്നത് എന്നതിന്റെ ദൃക്സാക്ഷിയായിട്ടുള്ള ഒരാളാണ് ഞാൻ. അതുകൊണ്ട് സബ്സിഡിയും, ഗ്രാന്റും കൊടുത്തല്ല പരമ്പരാഗത വ്യവസായങ്ങളെ പിടിച്ചു നിർത്തേണ്ടത്. മറിച്ച് ആ വ്യവസായങ്ങൾ നവീകരിക്കാൻ, കാലാനുസൃതമായ മാറ്റങ്ങൾ വരുത്താൻ മാർക്കറ്റിംഗ് നന്നാക്കാൻ മറ്റ് കമ്പനികളുമായി മൽസരിപ്പിക്കാൻ അവരെ സന്നദ്ധമാക്കേണ്ട ഒരു കർത്തവ്യം നമുക്കുണ്ട്. അതുപോലെ പ്രധാനപ്പെട്ടതാണ് എം.എൽ.എ. ഫണ്ട് 50 ലക്ഷം എന്നുള്ളത് 60 ലക്ഷം രൂപയാക്കിയത് നല്ല കാര്യം. പക്ഷേ 50 ലക്ഷം രൂപ പണ്ട് കിട്ടിയത് ഇപ്പോൾ പി.ഡബ്ല്യു.ഡി. ഷെഡ്യൂൾ റിവൈസ് ചെയ്തു. 30% വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. അപ്പോൾ അങ്ങ് 50 ലക്ഷം രൂപ വാല്യൂ മെയിന്റെയിൻ ചെയ്യണമെങ്കിൽത്തന്നെ 65 ലക്ഷം രൂപ തരണമായിരുന്നു. അത് വർദ്ധിപ്പിക്കണമെന്നാണ് എന്റെ അഭിപ്രായം. നമ്മുടെ സംസ്ഥാനത്തിന് ഏറ്റവും കൂടുതൽ വരുമാനം ലഭിക്കുന്നത് മദ്യവ്യവസായവുമായി ബന്ധപ്പെട്ട മേഖലയിൽനിന്നാണ്. ഞാൻ ഒരു ഹിപ്പോക്രാറ്റ് അല്ല. നമ്മുടെ സംസ്ഥാനത്തിന്റെ വരുമാനത്തിന്റെ പ്രധാനപ്പെട്ട ഒരു സ്രോതസ്സാണ്. നമ്മുടെ മദ്യനയം എന്താണ്? നമുക്ക് ഒരു കോൺക്രീറ്റ് പോളിസി മദ്യവുമായി ബന്ധപ്പെട്ടുണ്ടോ? നമ്മൾ പറഞ്ഞു, സർക്കാരിന് കിട്ടുന്ന കിസ്ത്; ആ എമൗണ്ടുമായി ബന്ധപ്പെട്ട കച്ചവടങ്ങളല്ല കള്ളുഷാപ്പിൽ നടക്കുന്നത്. വ്യാജമദ്യം കൊണ്ടുവന്ന് അവിടെ വിൽക്കുന്നതുകൊണ്ടാണ് 10,000 രൂപ കിസ്ത് അടയ്ക്കുന്ന ആൾ ഒരു ലക്ഷം രൂപ കള്ളുഷാപ്പിൽ വരുമാനം ഉണ്ടാക്കുന്നത്. അതുകൊണ്ട് ഞങ്ങൾക്ക് ആ പണംവേണ്ട. അധാർമ്മികമായ പണം സർക്കാരിന് വേണ്ട. അതുകൊണ്ട് അവരാരെങ്കിലും പുറത്തുനിന്ന് വ്യാജക്കള്ള് കൊണ്ടുവന്ന് വിൽക്കുന്ന നടപടി ഏതെങ്കിലും കള്ളുഷാപ്പുകാരൻ നിർത്തിയോ? നമുക്ക് ഫലത്തിലുണ്ടായത് നമുക്ക് കിട്ടിക്കൊണ്ടിരുന്ന ഒരു വരുമാനം നിലച്ചു. ധാർമ്മികമായി വ്യാജമദ്യം നിരോധിക്കാൻ കഴിയാത്ത ഒരു അവസ്ഥയുണ്ടായി. ഒന്നുകിൽ വ്യാജമദ്യം പൂർണ്ണമായി നിരോധിക്കാനുള്ള ഒരു അവസരം ഉണ്ടാകണം; അല്ലെങ്കിൽ വ്യാജമദ്യം കേരളത്തിൽ ഒഴുകാത്ത ഒരു അവസ്ഥയുണ്ടാകണം; അല്ലെങ്കിൽ സർക്കാരിന്റെ ഖജനാവിന് പ്രധാനപ്പെട്ട വരുമാനം കിട്ടുന്ന ആ മേഖല പഴയതുപോലെ ആക്കണം. എന്റെ അഭിപ്രായത്തിൽ, റെയ്ഞ്ച് അടിസ്ഥാനത്തിൽ കള്ളുഷാപ്പുകൾ ലേലം ചെയ്തുകൊടുത്ത് നമ്മുടെ ഖജനാവിന് മുതൽക്കൂട്ടുണ്ടാക്കണം. വേണ്ട നിയന്ത്രണങ്ങൾ ഏർപ്പെടുത്തണം. സർ, ഇത് വരുമാനം കിട്ടുന്ന മേഖല എന്ന നിലയിൽ നാലേമുക്കാൽ വർഷക്കാലം റെയ്ഞ്ച് അടിസ്ഥാനത്തിൽ ലേലം നടത്തി, അതിന്റെ ലാഭം ഉണ്ടാക്കി, ഒടുക്കത്തെ പോക്ക് പോകുന്നതിന് മുമ്പ് ഞങ്ങൾ ഒരിക്കലും തിരിച്ചുവരില്ല എന്നു പറഞ്ഞ് സഹകരണസംഘത്തെക്കൂടി അതിൽ ഏർപ്പെടുത്തി കൊണ്ടുപോയ ആളുകൾ പരിഹസിക്കേണ്ട. ഞാൻ സർക്കാരിന്റെ ഖജനാവിലേക്ക് പണം വരണമെന്ന സദുദ്ദേശത്തോടുകൂടിയാണ് പറയുന്നത്. ഞാൻ ഇനിയും ദീർഘമായി സംസാരിക്കുന്നില്ല. ഒരിക്കൽക്കൂടി ഈ ബഡ്ജറ്റ് യാഥാർത്ഥ്യ ബോധത്തോടുകൂടിയുള്ള ബഡ്ജറ്റാണ് നമ്മുടെ സമ്പദ്ഘടനയെ സുസ്ഥിരമാക്കാൻപോന്ന ബഡ്ജറ്റാണ്. ഇത് പ്രശ്നങ്ങളോട് നല്ല സമീപനം കൈക്കൊള്ളുന്ന ബഡ്ജറ്റാണ്. കേരളത്തിലെ കർഷകരുടെ, പരമ്പരാഗത വ്യവസായമേഖലയിലെ ആളുകളെ, ദുർബല വിഭാഗങ്ങളെ എല്ലാപേരുടെയും പ്രശ്നങ്ങളോട് നല്ല സമീപനം കൊള്ളുന്ന ബഡ്ജറ്റാണ്. സർ, എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജറ്റും ഫിനാൻസ് ആഡിറ്റ് നടത്തുന്ന ബഡ്ജറ്റാണ്. ഞാൻ പറയുന്നു ഫിനാൻഷ്യൽ ആഡിറ്റിംഗ് നടത്തുന്നതോടൊപ്പംതന്നെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സോഷ്യൽ ഓഡിറ്റിംഗ് കൂടി ഈ ബഡ്ജറ്റിൽ നടത്തിയിട്ടുണ്ട്. കേരളത്തിലെ ദുർബലവിഭാഗങ്ങളെ രക്ഷിക്കാനുള്ള പരിപാടിയുണ്ട് എന്നുള്ളതുകൊണ്ട് ഞാൻ ഒരിക്കൽക്കൂടി ഈ ബഡ്ജറ്റിനെ പിൻതാങ്ങിക്കൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. എ. എ. അസീസ്: സർ, ഞാൻ ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെ എതിർക്കുകയാണ്. ഞാൻ ഈ ബഡ്ജറ്റിന്റെ ഉള്ളടക്കം പരിശോധിച്ചതിൽ, എനിക്ക് ഉപമിക്കാൻ കഴിയുന്നത്, പ്രശസ്ത മജീഷ്യൻ ശ്രീ. മുതുകാടിന്റെ കൺകെട്ട് വിദ്യപോലെയാണ് ഈ ബഡ്ജറ്റ് എന്നാണ്. പഴയതൊക്കെ ഉപേക്ഷിക്കുക, പുതിയ കുറെ വാഗ്ദാനങ്ങൾ ചെയ്യുക. ഞാൻ ചോദിക്കുന്നു 2004-05-ലെ ബഡ്ജറ്റ് ലോകസഭാ തെരഞ്ഞെടുപ്പിന്റെ മുന്നോടിയായി അവതരിപ്പിച്ചതായിരുന്നു. ആ ബഡ്ജറ്റിൽ 127 കോടി രൂപയുടെ എംപ്ലോയ്മെന്റ് ജനറേഷന് പദ്ധതിയുണ്ടായിരുന്നു. അതിപ്പോൾ എവിടെപ്പോയി. അതുപോലെതന്നെ സ്വയം സഹായസംഘങ്ങൾ വഴി 5000 പാട്ടക്കൃഷിസംഘങ്ങൾ രൂപീകരിച്ച് 50,000 യുവാക്കൾക്ക് തൊഴിൽ നൽകും എന്ന് പറഞ്ഞ പദ്ധതി നടപ്പാക്കിയോ? ഇപ്പോൾ പുതിയ ചില പദ്ധതികളാണ്. സർ, മറ്റൊരു കാര്യം, പരമ്പരാഗത വ്യവസായങ്ങളുടെ സംരക്ഷണമാണ്. പരമ്പരാഗത വ്യവസായങ്ങൾ നവീകരിക്കണമെന്നാണ് ഇവിടെ പറഞ്ഞത്. പരമ്പരാഗത വ്യവസായങ്ങളുടെ സംരക്ഷണം സംബന്ധിച്ച് കഴിഞ്ഞ ബഡ്ജറ്റുകളിലെല്ലാം സൂചിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ ബഡ്ജറ്റിൽ അവസാനമായി പറഞ്ഞത് 500 കോടി രൂപയുടെ പരമ്പരാഗത വ്യവസായ സംരക്ഷണ പദ്ധതി രൂപീകരിക്കുമെന്നാണ്. ഇപ്പോൾ ആ ഫണ്ട് പോയി. ഈ പറഞ്ഞ കാര്യങ്ങളെല്ലാം കടലാസ്സിൽ അന്ത്യവിശ്രമം കൊള്ളുകയാണ്. ഓരോ പ്രാവശ്യവും ബഡ്ജറ്റ് അവതരിപ്പിക്കും, അടുത്ത പ്രാവശ്യം ബഡ്ജറ്റ് വരുമ്പോൾ അതെല്ലാം ഉപേക്ഷിക്കും. വീണ്ടും ഇപ്പോൾ ഒന്നാം തരം തട്ടിപ്പാണ്. ഒരു ലക്ഷം യുവാക്കൾക്ക് നെൽകൃഷി ആരംഭിക്കാനുള്ള പുതിയ ഒരു പദ്ധതിയാണ്. ഇത് തട്ടിപ്പല്ലേ? ഇത് നടക്കാൻ പോകുന്നതാണോ? അങ്ങനെയാണെങ്കിൽ നേരത്തേ ഞാൻ സൂചിപ്പിച്ചതുപോലെ, സ്വയം സഹായ സംഘങ്ങൾ വഴി 5000 പാട്ടക്കൃഷി സംഘങ്ങൾ രൂപീകരിച്ച് 50000 യുവാക്കൾക്ക് തൊഴിൽ നൽകുമെന്ന് പറഞ്ഞ പദ്ധതി കടലാസ്സിൽ അന്ത്യവിശ്രമം കൊള്ളുമ്പോഴാണ് വീണ്ടും ഒരു ലക്ഷം യുവാക്കൾക്ക് നെൽകൃഷി ആരംഭിക്കാനുള്ള ഒരു പുതിയ പദ്ധതി പറഞ്ഞിരിക്കുന്നത്. ചെറുകിട തോട്ടം മേഖലയിലെ തൊഴിലാളികൾക്കും സ്വർണ്ണത്തൊഴിലാളികൾക്കും വാണിജ്യ സ്ഥാപനങ്ങളിൽ പണിയെടുക്കുന്നവർക്കുംവേണ്ടി ക്ഷേമ പദ്ധതി നടപ്പാക്കുമെന്ന് ഇവിടെ ബഹുമാനപ്പെട്ട ഗവർണ്ണറെക്കൊണ്ട് നയപ്രഖ്യാപനത്തിൽ പ്രസംഗിപ്പിച്ചിരിക്കുകയാണ്. കാൽ കാശ് ഈ ബഡ്ജറ്റിൽ ക്ഷേമപദ്ധതികൾക്കുവേണ്ടി വച്ചിട്ടുണ്ടോ? പെൻഷൻ കുടിശ്ശിക നൽകാൻ പണമുണ്ടോ? ഇതിൽ നീക്കിവച്ചിട്ടുണ്ടോ? സർക്കാർ ജീവനക്കാരേയും അദ്ധ്യാപകരേയും ഒരിക്കൽക്കൂടി വഞ്ചിച്ചു. സർക്കാർ ജീവനക്കാരേയും അദ്ധ്യാപകരേയും കുളിപ്പിച്ച് കുളിപ്പിച്ച് ഇപ്പോൾ കുഞ്ഞില്ലാതാക്കി. അവർക്ക് ആനുകൂല്യം നൽകുമെന്ന് ഗവർണ്ണറെക്കൊണ്ട് പറയിപ്പിച്ചു. ബഡ്ജറ്റിലൂടെ ജനങ്ങളെ വഞ്ചിക്കുന്ന, വഞ്ചിച്ചതിന്റെ പ്രഹരമല്ലേ കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ നിങ്ങൾക്ക് ഉണ്ടായത്? 17 കോൺഗ്രസ്സുകാരിൽ ഒരാൾ ജയിച്ചോ? നിങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

വിജയിപ്പിച്ചോ? ബഡ്ജറ്റിലൂടെ ജനങ്ങളെ വഞ്ചിക്കുന്നതിന്റെ ഫലമായിട്ടാണ് അതുണ്ടായത്. ഈ ബഡ്ജറ്റിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടക്കാൻ പോകുന്ന തെരഞ്ഞെടുപ്പിനെ മുന്നിൽ കണ്ടുകൊണ്ടുള്ള വാഗ്ദാനങ്ങളാണ് ഉള്ളത്. കേരളത്തിലെ ജനങ്ങൾ നിങ്ങളെ നല്ലതുപോലെ മനസ്സിലാക്കിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പുകൂടി കഴിയുമ്പോൾ നിങ്ങളുടെ അടിത്തറ തകരും. നിങ്ങളുടെ തലതൊട്ടപ്പന്മാർ പോലും നിങ്ങൾക്കിപ്പോൾ എതിരാണ്. ചില ആളുകൾ മിണ്ടാപ്രാണികളെപ്പോലെ ഇവിടെ ഇരിക്കുന്നു എന്നു മാത്രം. 'അള മുട്ടിയാൽ ചേരയും കടിക്കു'മെന്ന് ഓർത്തുകൊള്ളണം. ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുന്നു.

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുകയാണ്. നിലവിലുള്ള സാമ്പത്തിക സാഹചര്യത്തിൽ ഇതിലപ്പുറം ഒരു നല്ല ബഡ്ജറ്റ് അവതരിപ്പിക്കാൻ കഴിയുമെന്ന വിശ്വാസം എനിക്കില്ല. കേരളനിയമസഭ കേരളപ്പിറവിക്കു ശേഷവും അതിനു മുമ്പും ധാരാളം ബഡ്ജറ്റുകൾ കാണുകയും ചർച്ചകൾ നടത്തുകയും ചെയ്ത ഒരു സഭയാണ്. സാമ്പത്തിക വളർച്ചയ്ക്കും സാമൂഹ്യ സുരക്ഷയ്ക്കും പ്രാധാന്യം നൽകുന്ന ഒരു സന്തുലിത ബഡ്ജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. വക്കം പുരുഷോത്തമൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, അതിനനുകൂലമായ ഒരു ഇൻഫ്രാസ്ട്രക്ചർ വികസനത്തിന് ഉതകുന്ന ഒരനുകൂല അന്തരീക്ഷം സൃഷ്ടിക്കൽ, ഇതെല്ലാം ബഡ്ജറ്റിന്റെ സവിശേഷതയായി ഞാൻ കാണുകയാണ്. നിക്ഷേപമാണ് കേരളത്തിൽ വേണ്ടത്. നിക്ഷേപകർക്ക് ആത്മവിശ്വാസം പകരുന്ന ഒന്നാണ് ഈ ബഡ്ജറ്റ്. ദുർബ്ബല ജനവിഭാഗങ്ങൾക്ക് വളരെ പ്രയോജനം ചെയ്യുന്ന ഒന്നാണിത്. ഒരു ഇൻവെസ്റ്റ്മെന്റ് ഫ്രണ്ട്ലി സ്റ്റേറ്റായി കേരളത്തിനെ മാറ്റണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന അന്ന് മുഖ്യമന്ത്രിയായിരുന്ന ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിൽ ആരംഭിച്ച 'investment friendly atmosphere' ഉണ്ടാക്കാൻ വേണ്ടിയുള്ള ശ്രമങ്ങൾക്ക് ആക്കം കൂട്ടുന്ന ഒന്നാണ് ഈ ബഡ്ജറ്റ് എന്നാണ് എന്റെ അഭിപ്രായം. മാത്രമല്ല, വേറൊരു പ്രത്യേകതയുള്ളത്, VAT സിസ്റ്റം ഇൻട്രൊഡ്യൂസ് ചെയ്തശേഷമുണ്ടാകുന്ന ആദ്യത്തെ ബഡ്ജറ്റാണ്. ഇവിടെ പലരും ചൂണ്ടിക്കാണിച്ചതുപോലെ 30 വർഷങ്ങൾക്കുശേഷം ഒരു ധനകാര്യ വർഷത്തിന്റെ ആരംഭത്തിൽത്തന്നെ സമ്പൂർണ്ണ ബഡ്ജറ്റ് പാസ്സാക്കിയെടുക്കുന്ന ഒരു പ്രത്യേക സാഹചര്യമാണുള്ളത്. സർ, ബഡ്ജറ്റ് എന്നു പറഞ്ഞാൽ എന്താണ് സങ്കൽപ്പം? കേന്ദ്ര ബഡ്ജറ്റായാലും സംസ്ഥാന ബഡ്ജറ്റായാലും ബഡ്ജറ്റ് എന്നു പറയുമ്പോൾ സാധാരണക്കാരന് വലിയ പേടിയാണ്. ടാക്സ് എന്തെങ്കിലും വരുമോ എന്നാണ്. സാധാരണക്കാരന് അധികഭാരം അടിച്ചേൽപ്പിക്കാത്ത, വളരെ മിതമായ, എല്ലാവരും അംഗീകരിക്കുന്ന, ആർക്കും പ്രയാസമില്ലാത്ത ഒരു ബഡ്ജറ്റാണ് ധനകാര്യവകുപ്പുമന്ത്രി ഇത്തവണ അവതരിപ്പിച്ചത്. ഈ സംസ്ഥാനത്തിന്റെ യഥാർത്ഥമായ സാമ്പത്തിക സ്ഥിതി വളരെ യാഥാർത്ഥ്യബോധത്തോടുകൂടിയാണ് ഈ ബഡ്ജറ്റിൽ വിലയിരുത്തിയിരിക്കുന്നത്. അലാവുദ്ദീന്റെ അൽഭുതവിളക്കെന്നൊന്നും ഞാൻ പറയുന്നില്ല. പക്ഷേ ഒരു കാര്യം വളരെ വ്യക്തമാണ്. ഒരു മികച്ച ധനകാര്യ മാനേജ്മെന്റ്, ധനകാര്യമന്ത്രി ഒരു നല്ല financial management expertise ഈ ബഡ്ജറ്റിൽ നടത്തി എന്നത് യാഥാർത്ഥ്യമാണ്. സാമ്പത്തിക പ്രയാസങ്ങളുടെ വക്കത്തു നിൽക്കുന്ന ഒരു സംസ്ഥാനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇതുപോലുള്ള ബഡ്ജറ്റ് അവതരിപ്പിക്കാൻ ശ്രീ. വക്കം പുരുഷോത്തമന് മാത്രമേ കഴിയൂ എന്നാണ് എന്റെ അഭിപ്രായം. ഒരു 'വക്കം ടച്ച്' ഉണ്ട്. മറ്റൊന്നുമല്ല, ഒരു track record ഉണ്ട്. സ്പീക്കർ എന്ന നിലയിൽ, മന്ത്രി എന്ന നിലയിൽ, പാർലമെന്റ് കമ്മിറ്റി ചെയർമാൻ എന്നുള്ള നിലയിൽ, ഗവർണ്ണർ എന്നുള്ള നിലയിൽ എല്ലാംതന്നെ ഏറ്റെടുത്ത ഉത്തരവാദിത്വങ്ങൾ നന്നായി ചെയ്തിട്ടുള്ള ഒരാൾ എന്നുള്ള നിലയിൽ ഈ ബഡ്ജറ്റിലും 'വക്കം ടച്ച്' കാണാൻ കഴിയുന്നതാണ്. ഈ സംസ്ഥാനത്തിന്റെ പൊതുവായ താൽപ്പര്യം സംരക്ഷിക്കണം. വളരെയേറെ, വലിയ ബഹളമൊന്നും കാണിച്ചില്ലെങ്കിലും നിങ്ങൾക്ക് അതിന്റെ ഗുണം കാണാൻ കഴിയുന്നതാണ്. വളരെ നല്ലൊരു ബഡ്ജറ്റായിട്ടാണ് ഇതിനെ ഞാൻ കാണുന്നത്. നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയുടെ ഒരു ground reality, മറ്റൊന്നും ഒളിച്ചുവയ്ക്കാതെ ഈ ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നു എന്നതാണ് ഈ ബഡ്ജറ്റിന്റെ മറ്റൊരു സവിശേഷതയായിട്ട് ഞാൻ കാണുന്നത്. അതുപോലെ തന്നെ വളരെ alarming ആയിട്ടുള്ള രണ്ടു-മൂന്നു കാര്യങ്ങൾ ഉണ്ട്. നമ്മുടെ റവന്യൂ കമ്മിയെക്കുറിച്ച് ഞാൻ വിശദമായി പറയുന്നില്ല. എല്ലാവരും പറഞ്ഞുകഴിഞ്ഞു. നമ്മുടെ വരുമാനം 16,623.97 കോടി രൂപയാണ്. ചെലവ് 20,696.24 കോടി രൂപ. നമ്മുടെ കമ്മി 4072.27 കോടി രൂപ. 2004-05-ൽ കമ്മി 4565.31 കോടി രൂപയായിരുന്നു. 2005-06-ൽ പറയുന്നത് ഈ കമ്മി ഏതാണ്ട് കുറച്ചുകൊണ്ടുവരാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു എന്നാണ്. ഇത് 4072 കോടി രൂപയാക്കി മാറ്റാൻ കഴിയുമെന്നാണ് ബഡ്ജറ്റിൽ പറയുന്നത്. റവന്യൂ വരുമാനത്തിന്റേയും റവന്യൂ കമ്മിയുടേയും അനുപാതം നമുക്ക് നോക്കാം. 2000-01-ൽ 36%, 2003-ൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 31.5%, 2005-06-ൽ ഇത് 24.5% ആക്കാൻ കഴിയുമെന്നാണ് ധനകാര്യവകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നത്. ഇത് ചൂണ്ടിക്കാണിക്കുന്നത് വരുമാനം വർദ്ധിപ്പിക്കണം, ചെലവു ചുരുക്കണം എന്നുള്ളതാണ്. അതിനുള്ള യഥാർത്ഥമായ ശ്രമമാണ് ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും നടത്തുന്നത്. അതിന് തെളിവായി ഞാൻ ഇതിനെ കാണുകയാണ്. നമ്മുടെ പൊതു കടത്തിന്റെ സ്ഥിതി എന്താണ്? 2004 നവംബർ ആയപ്പോൾ നമ്മുടെ പൊതുകടം 40191.37 കോടി രൂപയാണ്. അതിവേഗം കുതിച്ചുയരുകയാണ്. അതിന്റെ അർത്ഥം ഒരു കേരളീയൻ ഇന്ന് ശരാശരി 11,752 കോടി രൂപയുടെ കടക്കാരനാണ് എന്നാണ്. ഇതിന് നമുക്കൊരു മാറ്റം വരുത്തണമെങ്കിൽ കുറച്ചുകൂടി വളരെ ശക്തമായ നടപടിക്രമങ്ങൾ, ചെലവ് വളരെ ചുരുക്കി അനാവശ്യമായ ചെലവുകൾ ഒഴിവാക്കി, അതിനുള്ള ഒരു ശക്തമായ പ്രവർത്തനമുണ്ടെങ്കിൽ മാത്രമേ നമ്മുടെ സംസ്ഥാനത്തിന് നിൽക്കാൻ കഴിയൂ. ഈ ബഡ്ജറ്റിന്റെ പ്രത്യേകത എന്താണ്? ഇളവുകൾ 63.94 കോടി രൂപയുടെയാണ്. നികുതി വെറും 10 കോടി രൂപ മാത്രം. നേട്ടങ്ങളെക്കുറിച്ച് ഇവിടെ പറഞ്ഞു. ശ്രീ. എ. എ. അസീസ് ഇവിടെ ഒരു നേട്ടവുമില്ലെന്ന് പറഞ്ഞു. വളരെ മിതമായ രീതിയിൽ വളരെ പ്രായോഗികമായി ഏതാണ്ട് നാലു ലക്ഷം ആളുകൾക്ക് തൊഴിൽ കൊടുക്കുന്ന പദ്ധതി ഇതിൽ പ്രഖ്യാപിച്ചിരിക്കുകയാണ്. പീഡിത വ്യവസായങ്ങൾ പുനരുദ്ധരിക്കുമ്പോൾ 40,000 പേർക്ക് തൊഴിൽ കൊടുക്കുന്നു. ഐ.ടി.ഐ. പാസ്സാകുന്ന കുട്ടികൾക്ക് ആട്ടോമൊബൈൽ രംഗത്ത് പരിശീലനം കൊടുത്തുകൊണ്ട് അവിടെ 20,000 പേർക്ക് തൊഴിൽ കൊടുക്കുന്നു. ലോട്ടറി മേഖലയിൽ 20,000 പേർക്ക് തൊഴിൽ കൊടുക്കുന്നു. കുടുംബശ്രീ യൂണിറ്റ് മുഖാന്തിരം 40,000 പേർക്ക് തൊഴിൽ കൊടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മൈക്രോ ഫിനാൻസ് വർഷത്തിന്റെ ഭാഗമായി 50,000 പേർക്ക് തൊഴിൽ കൊടുക്കുന്നു. സഗരസഭകളിൽ ഖരമാലിന്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി 10,000 പേർക്ക് തൊഴിൽ കൊടുക്കുന്നു. കയർ മേഖലയിൽ ഒരു ലക്ഷം പേർക്കും കാർഷിക മേഖലയിൽ ഒരു ലക്ഷം പേർക്കും തൊഴിൽ കൊടുക്കുന്നു. കേരളത്തിൽ തനതായ മാംസവിപണി ലക്ഷ്യമിട്ടുകൊണ്ട് മുന്തിയ ഇനം ആടുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പും കുടുംബശ്രീയും സംയുക്തമായി ആരംഭിക്കുന്ന നഴ്സറികളും ആടുവളർത്തൽ യൂണിറ്റുകളും മുഖേന 20,000 പേർക്ക് തൊഴിൽ കൊടുക്കുന്നു. ഇതെല്ലാംകൂടി നോക്കുമ്പോൾ നാലു ലക്ഷം പേർക്ക് പുതുതായി തൊഴിൽ കൊടുക്കുന്ന നല്ലൊരു സമീപനമാണ് ധനകാര്യവകുപ്പുമന്ത്രി ഇതിൽ സ്വീകരിച്ചിരിക്കുന്നത്. ഇതൊരു പ്രസംഗമല്ല. വളരെ പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുന്ന കാര്യങ്ങൾ വിശദീകരിക്കുന്ന ഒരേർപ്പാടാണ് ഇതിൽ കാണാൻ കഴിയുന്നത്. ഇവിടെ വികസനത്തിന്റെ കാര്യം എടുക്കാം. Capital City Development-നെ പലരും എതിർത്തു. മഹാ കഷ്ടമാണ്. തിരുവനന്തപുരം ഒരു Capital City ആണ്. ഡൽഹി പോലെ പ്രാധാന്യമുള്ള ഒരു സ്റ്റേറ്റിൽ വികസനം വേണ്ടേ? കേരളത്തിൽ ആദ്യമായി ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന സമയത്താണ് Capital City Development-നു വേണ്ടി ഒരു ക്യാബിനറ്റ് സബ് കമ്മിറ്റി രൂപീകരിച്ചത്. ഞാൻ ശ്രീ. എ. കെ. ആന്റണിയെ അഭിനന്ദിക്കുകയാണ്. കേരളത്തിൽ രാജഭരണത്തിനുശേഷം, പട്ടം താണുപിള്ളയ്ക്കുശേഷം തലസ്ഥാന വികസനത്തിനുവേണ്ടി ശക്തമായിട്ടുള്ള പ്രവർത്തനം നടത്തിയത് ശ്രീ. എ. കെ. ആന്റണിയാണ്. ഈ ഗവൺമെന്റ് അതിന്റെ continuation ആണ്. ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. വക്കം പുരുഷോത്തമനും നയിക്കുന്ന ഈ ഗവൺമെന്റ് എ. കെ. ആന്റണി ഗവൺമെന്റിന്റെ continuation ആണ്. അതുകൊണ്ടുതന്നെയാണ് ധനകാര്യവകുപ്പുമന്ത്രി പ്രത്യേക പ്രാധാന്യം കൊടുത്തുകൊണ്ട് തലസ്ഥാനവികസനത്തിന് ധാരാളം പദ്ധതികൾ വിഭാവനം ചെയ്തിട്ടുള്ളത്.

ശ്രീ. ബി. വിജയകുമാർ: സർ, തലസ്ഥാന നഗരവികസനത്തെ ഇവിടെ എതിർത്തുവെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു. അത് മാർക്സിസ്റ്റുകാരുടെ പാരമ്പര്യമാണ്. തിരുവനന്തപുരം നഗരത്തിൽ ചെങ്കൽച്ചൂള ചേരിപരിഷ്ക്കരണ പദ്ധതിക്ക് ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ 1980-ൽ തറക്കല്ലിട്ടപ്പോൾ അന്ന് അതിനെതിരായി കരിങ്കൊടി പ്രകടനം നടത്തിയ പാരമ്പര്യമുള്ളവരാണ് മാർക്സിസ്റ്റു പാർട്ടിക്കാർ. അവർ പിന്നെ ഈ വികസന പരിഷ്ക്കാരത്തെ എതിർക്കാതിരിക്കുമോ?

ശ്രീ. തമ്പാനൂർ രവി: സർ, അപ്പുറത്തിരിക്കുന്നവർ എല്ലാ കാര്യങ്ങളിലും ഈ പ്രസംഗമല്ലാതെ ഒരു കാര്യവും ചെയ്യുകയുമില്ല, മാറ്റങ്ങൾ ചെയ്യാൻ അനുവദിക്കുകയുമില്ലെന്നുള്ളത് അങ്ങേയ്ക്കറിയാമല്ലോ. അതുകൊണ്ട് അവർ പറയും, നമ്മൾ ഇതുമായി മുമ്പോട്ടുപോകും. ഇവിടെ കേരളത്തിലെ വികസന കാര്യങ്ങൾക്ക് എന്തെങ്കിലും നല്ലത് ചെയ്തിട്ടുണ്ടെങ്കിൽ അത് യു.ഡി.എഫ്.-ന്റെ കാലത്തുമാത്രമാണ്. അത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഇവിടെ തിരുവനന്തപുരം നഗരം മാത്രമല്ല, കൊച്ചി, കോഴിക്കോട് ഇവയ്ക്കെല്ലാമാവശ്യമായ പ്രൊവിഷൻ ഈ ബഡ്ജറ്റിൽ കൊടുത്തിരിക്കുകയാണ്. അതുപോലെ വാർഷിക പദ്ധതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 1375 കോടി രൂപ, റോഡ് ട്രാൻസ്പോർട്ട് പ്രോജക്ടിന് 575 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ കൊച്ചിയിൽ Metro Railway. അങ്ങനെ സമസ്ത മേഖലയിലും സമ്പൂർണ്ണ വികസനത്തിന് ഊന്നൽ നൽകുന്ന ഒരു നല്ല ബഡ്ജറ്റാണിത്. സെക്കണ്ടറി വിദ്യാഭ്യാസത്തിന് ഏതാണ്ട് 35 കോടി രൂപയും ഹയർ സെക്കണ്ടറി സ്ക്കൂളിന്റെ അടിസ്ഥാന സൗകര്യത്തിന് ഒന്നരക്കോടി രൂപയും ലാബ് സൗകര്യത്തിന് 5 കോടി രൂപയും. അങ്ങനെ ഓരോന്നായി എടുത്തുനോക്കുമ്പോൾ എല്ലാ രംഗത്തും വളരെ മെച്ചപ്പെട്ട നിലയിലുള്ള ഒരു വികസനം ലക്ഷ്യമാക്കിയാണ് ഈ ബഡ്ജറ്റ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. അതുപോലെ ലോട്ടറി വില്പനയെപ്പറ്റി ഇവിടെ പ്രസംഗിച്ചു. അവിടെ എന്താണ് സ്ഥിതി? 20 കോടി രൂപ അതിനുവേണ്ടി മാറ്റിവച്ചിരിക്കുകയാണ്. അഭ്യസ്തവിദ്യരായ വനിതകൾക്ക് ആരോഗ്യമേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കുടുംബശ്രീയിൻ കീഴിൽ 'സാന്ത്വനം' എന്ന പദ്ധതിക്കായി ഒരു കോടി രൂപയും ഭരണനവീകരണത്തിന് 285 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്.

ശ്രീ. എ. കെ. ബാലൻ: സർ, 20 കോടി രൂപ ലോട്ടറിക്കാരുടെ പുനരധിവാസത്തിനായി നീക്കിവച്ചു എന്ന് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞു. 20,000 തൊഴിലാളികൾക്ക് 10,000 രൂപവീതം നീക്കിവച്ചാൽ 20 കോടി രൂപ കറക്ടാകും. പക്ഷേ 3,50,000-ത്തോളം വരുന്ന തൊഴിലാളികൾക്ക് 20,000 രൂപവച്ചാൽ.....മുൻ ധനകാര്യ വകുപ്പുമന്ത്രി എന്റെ ചോദ്യത്തിനു നൽകിയിട്ടുള്ള ഉത്തരമാണ് ഞാൻ പറയുന്നത്. ശേഷിക്കുന്ന മൂന്നുലക്ഷത്തോളം വരുന്ന ജീവനക്കാരുടെ പ്രശ്നത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർക്ക് എന്തെങ്കിലും പറയാനുണ്ടോ?

ശ്രീ. തമ്പാനൂർ രവി: സർ, ബഹുമാന്യനായ എ. കെ. ബാലൻ, ഇത് വളരെ വിശദമായി ചർച്ചചെയ്യേണ്ട കാര്യമാണ്. മൂന്നരലക്ഷം തൊഴിലാളികളുണ്ടെന്നുള്ള കണക്ക് എവിടെനിന്നു കിട്ടി? അങ്ങനെയില്ലല്ലോ. ഇത് വെറുതെ പെരുപ്പിച്ച ഒരു കണക്കാണ്. എത്ര ടിക്കറ്റ് അച്ചടിക്കുന്നു, എത്ര ടിക്കറ്റ് വിൽക്കുന്നു എന്നുള്ളതെല്ലാം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞതല്ലേ? ഇതൊരു യാഥാർത്ഥ്യമാണ്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): ആകെ ഒരുമാസം ശരാശരി വിൽക്കുന്നത് ഒരുകോടി 40 ലക്ഷം രൂപയുടെ ടിക്കറ്റാണ്. മൂന്നരലക്ഷം ആളുകളുണ്ടെങ്കിൽ ഒരാൾക്ക് ഒരുമാസം 40 ടിക്കറ്റ് വിൽക്കാൻ കിട്ടില്ല. അത് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. തമ്പാനൂർ രവി: അതറിയാം. അങ്ങ് അടിയന്തിര പ്രമേയത്തിന്റെ മറുപടിയിൽ അത് വളരെ വ്യക്തമാക്കിയതാണ്. അന്ന് അവർ ഒന്നും മിണ്ടിയില്ല, ഇപ്പോൾ ശ്രീ. എ. കെ. ബാലൻ തർക്കിക്കുകയാണ്. അതുപോലെ കേരളത്തിലെ ഏറ്റവും വലിയ രണ്ട് പൊതുമേഖലാ സ്ഥാപനങ്ങളാണ് ഇലക്ട്രിസിറ്റി ബോർഡും കെ.എസ്.ആർ.ടി.സി.യും. ഇതുരണ്ടും Public Sector ആണ്, Public utility Service ആണ്. കേരളത്തിന്റെ ചരിത്രത്തിലാദ്യമായി കെ.എസ്.ആർ.ടി.സി.ക്ക് ഏറ്റവും കൂടുതൽ ബസുകൾ നിരത്തിലിറക്കാനും അതുപോലെ ഇലക്ട്രിസിറ്റി ബോർഡിന് വൈദ്യുതി രംഗത്തെ സ്ഥിതി മെച്ചപ്പെടുത്തുവാനും കോടിക്കണക്കിന് രൂപയാണ് ഈ ബഡ്ജറ്റിൽ വച്ചിരിക്കുന്നത്. ബഡ്ജറ്റ് രേഖയിൽ നമുക്കുള്ള 113 public sector-കളുടെ കാര്യം പറയുന്നു. അതിൽ 49 എണ്ണം ലാഭത്തിലാണ്. അവയിലെല്ലാംകൂടിയുണ്ടാകുന്ന ലാഭം

LIBRARY ARCHIVES Kerala Legislative Assembly

283.41 കോടി രൂപയാണ്. ബാക്കിയെല്ലാം നഷ്ടത്തിലാണ്. നഷ്ടമെല്ലാം കൂടി 504.99 കോടി രൂപയാണ് വരുന്നത്. അപ്പോൾ രണ്ടുംകൂടി താരതമ്യപ്പെടുത്തുമ്പോൾ ആകെയുണ്ടാകുന്ന നഷ്ടമെന്നു പറയുന്നത് 221.53 കോടി രൂപയാണ്. എനിക്ക് നിർദ്ദേശിക്കാനുള്ളത് പബ്ലിക് സെക്ടർ മാത്രം നന്നാക്കിയാൽ പരിഹാരമുണ്ടാക്കാൻ കഴിയില്ല. പബ്ലിക് സെക്ടർ നന്നാകണം. അതോടൊപ്പം പൊതുമേഖലാ സ്ഥാപനങ്ങളിലെ ധൂർത്ത്, അധികച്ചെലവ്, ഇതെല്ലാം നിയന്ത്രിക്കാൻ അടിയന്തിര നടപടി സ്വീകരിച്ചേ പറ്റുകയുള്ളൂ. സമാനസ്വഭാവമുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് അവിടെയൊക്കെ top management-ന്റെ എണ്ണം കുറച്ചുകൊണ്ട്, കുറച്ച് നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട്, കുറച്ചുകൂടി കാര്യക്ഷമമായി ഇത് കൊണ്ടുപോകാനുള്ള ഏർപ്പാടുണ്ടാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. 12-ാം ധനകാര്യ കമ്മീഷന്റെ കാര്യം ഇവിടെ പറഞ്ഞു. ആരോഗ്യം, വിദ്യാഭ്യാസം എന്നിവയ്ക്ക് നൽകുന്ന ഒരു കണക്കുണ്ട്. നമ്മെ സംബന്ധിച്ചിടത്തോളം അതിന്റെ preliminary stage കഴിഞ്ഞു. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കിയതാണ്. ഇനി നമുക്കുവരുന്നത് second generation ആണ്. Second generation എന്താണ്? Quality improvement ആണ്. Higher quality improvement in health, higher quality improvement in education. ഇതിന് ഒരു വ്യക്തമായ പരിപാടി ആവിഷ്കരിച്ചുകൊണ്ട് second generation-ന്റെ ആവശ്യങ്ങൾ ധനകാര്യ കമ്മീഷനെ ബോധ്യപ്പെടുത്തണം. 12-ാം ധനകാര്യ കമ്മീഷന്റെ അവാർഡ് വരുമ്പോൾ കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ, second generation-ന്റെ കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കിക്കൊണ്ട് quality improvement-ന്റെ ഭാഗമായി കൂടുതൽ ആനുകൂല്യങ്ങൾ നമുക്ക് അവാർഡായി വാങ്ങാനുള്ള ശ്രമമുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ ആഡംബര നികുതിയുടെ കാര്യം പറഞ്ഞു. 3000 രൂപയ്ക്കുമേൽ വാടകയുള്ള കല്യാണമണ്ഡപങ്ങളുടെ നികുതി 10% ആണെന്നുപറഞ്ഞു. അത് പൂർണ്ണമായും ഒഴിവാക്കണം. പുരനിറഞ്ഞു നിൽക്കുന്ന നമ്മുടെ സഹോദരിമാർ, കുടുംബത്തിലെ ഒരു വിവാഹമാണ്. ഇന്ന് പലതും അണുകുടുംബങ്ങളാണ്. നാട്ടിൻപുറങ്ങളിൽപ്പോലും ഇന്ന് കല്യാണം നടത്താൻ വീടുകളിൽ സ്ഥലമില്ല. എല്ലാം divide ചെയ്തുപോയി. ആ സാഹചര്യത്തിൽ ഇന്ന് പലരും കല്യാണത്തിന്റെ ഡേറ്റ് നിശ്ചയിക്കുന്നതുതന്നെ കല്യാണമണ്ഡപങ്ങളുടെ availability നോക്കിയാണ്. ഞാൻ എന്റെ മകളുടെ കല്യാണത്തിന് ഡേറ്റ് നിശ്ചയിച്ചാൽ മണ്ഡപമില്ലെങ്കിൽ ആ കല്യാണം നടത്താൻ കഴിയില്ല. ഇപ്പോൾ 10,000 രൂപയിൽ കുറഞ്ഞ കല്യാണ മണ്ഡപം കിട്ടില്ല. 200 പേർ പങ്കെടുക്കുന്ന വിവാഹത്തിന്റെ ഹാളിന്റെ വാടക 10,000 രൂപയാണ്. അതുകൊണ്ട് അത് ഒഴിവാക്കണം. ഇത്രയും നല്ലൊരു ബഡ്ജറ്റിൽ അങ്ങ് ഒരു കന്യകാശാപം ഏറ്റുപിടിക്കരുത്. അത് അങ്ങയെ ബാധിക്കും, ശ്രീ. ഉമ്മൻ ചാണ്ടിയെ ബാധിക്കും, യു.ഡി.എഫ്.-നെ ബാധിക്കും. അതുകൊണ്ട് ഈ കന്യകാ ശാപം ഒഴിവാക്കാൻ കല്യാണമണ്ഡപത്തിനേർപ്പെടുത്തിയിരിക്കുന്ന ടാക്സ് തീർച്ചയായും ഒഴിവാക്കണം. ധനകാര്യ വകുപ്പുമന്ത്രിക്ക് 10 കോടി രൂപ കണ്ടുപിടിക്കാൻ യാതൊരു പ്രയാസവുമുണ്ടാവില്ല. പണ്ട്, പഴയകാലം മുതൽ രാജാക്കന്മാർക്കും ഭരണകർത്താക്കൾക്കുമൊക്കെ കന്യകാശാപം ഏറ്റിട്ടുണ്ട്. മറ്റേതു ശാപത്തേക്കാളും വലുതാണ് കന്യകാശാപം. അതുകൊണ്ട് അത് അങ്ങേയ്ക്കുണ്ടാകരുത്, മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിക്കുണ്ടാകരുത്, യു.ഡി.എഫ്.-നുണ്ടാകരുത്. അതുകൊണ്ട് ഈ ടാക്സ് കുറയ്ക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Le Meridian Hotel, Five Star Hotel തുടങ്ങിയ വലിയ ഹോട്ടലുകളിൽ വച്ച് വിവാഹം നടത്തുകയാണെങ്കിൽ അവിടെ ടാക്സ് കൂട്ടുക. അല്ലാതെ പാവപ്പെട്ടവന്റെ പിച്ചച്ചട്ടിയിൽ കൈയിടുന്നു എന്നു പറയുന്നതുപോലെ, അതുണ്ടാകാൻ പാടില്ല.

ശ്രീ. ബി. വിജയകുമാർ: സർ, ഈ ആഡിറ്റോറിയത്തിന്റെ ടാക്സ് ഒഴിവാക്കിയിട്ട്, ഇന്നിപ്പോൾ ഒരു സാധാരണ വിവാഹത്തിന് മുന്നൂറും നാന്നൂറും അഞ്ഞൂറും പവന്റെ സ്വർണ്ണാഭരണങ്ങളാണ് ഒരു പെൺകുട്ടി ധരിക്കുന്നത്. അതുകൊണ്ട് അതിനുപകരം വിവാഹത്തിന്റെ ധൂർത്ത് ഒഴിവാക്കുന്നതിനുവേണ്ടി സ്വർണ്ണത്തിന്റെ നികുതി വർദ്ധിപ്പിക്കാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തയ്യാറാകണമെന്ന് അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ?

ശ്രീ. തമ്പാനൂർ രവി: സർ, അതിനെ സംബന്ധിച്ച് വളരെ വിശദമായ ചർച്ച സമൂഹത്തിൽ നടക്കേണ്ടതാവശ്യമാണ്. ഇപ്പോൾ അണുകുടുംബമാണ്. രണ്ടുമക്കളേ കാണുകയുള്ളൂ, ഒരു പെൺകുട്ടി മാത്രമേ കാണുകയുള്ളൂ. അപ്പോൾ അവർക്ക് വിവാഹം ഒരു പ്രധാന ആവശ്യമാണ്. വലിയ ധൂർത്ത് ഒഴിവാക്കണമെന്നുള്ളത് ഞാൻ അംഗീകരിക്കുന്നുവെങ്കിൽപ്പോലും അതിനൊരു ടാക്സ് ഒരിക്കലും നന്നാകില്ല എന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ ഗവർണ്ണറുടെ പ്രസംഗത്തിൽ Pay Commission-നെ ക്കുറിച്ച് പറഞ്ഞു. അതുകൊണ്ടാണ് ഇതിൽ പറയാത്തത്. നമുക്ക് ആ തെറ്റിദ്ധാരണ മാറ്റണം. ശമ്പളക്കമ്മിഷനെ വയ്ക്കാൻ നമുക്ക് കഴിയണം. അതിന്റെ announcement കൂടി അങ്ങയുടെ ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിലുണ്ടാകണം. എന്തെല്ലാം ആരെല്ലാം പറഞ്ഞാലും വരുമാനത്തിന്റെ 95% ശമ്പളത്തിനുവേണ്ടി ചെലവാക്കുന്നുവെങ്കിൽപ്പോലും ഈ സംസ്ഥാനത്തെ ഗവൺമെന്റ് അദ്ധ്യാപക/അദ്ധ്യാപകേതര ജീവനക്കാർ ഒരു യാഥാർത്ഥ്യമാണ്. നമുക്കു കിട്ടുന്ന വരുമാനത്തിന്റെ 95% ചെലവഴിക്കുന്നുണ്ടെങ്കിൽപ്പോലും നമ്മുടെ ഇക്കണോമിയുടെ നിലനിൽപ്പിന് ഈ ശമ്പളവും മറ്റും ഒരു പ്രധാനഘടകമാണ്. അതുകൊണ്ട് ഇനി എന്തെല്ലാം ബുദ്ധിമുട്ടുണ്ടായാലും നമുക്ക് ഈ ശമ്പളം കൊടുക്കേണ്ടിവരും. വച്ചുതാമസിപ്പിക്കാതെ ശമ്പളകമ്മിഷൻ പ്രഖ്യാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അങ്ങനെയൊരു പ്രഖ്യാപനം അങ്ങയുടെ മറുപടിയിലുണ്ടാകണമെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. ഇവിടെ എം.എൽ.എ. ഫണ്ടിന്റെ കാര്യം പറഞ്ഞു. 16,000 കോടി രൂപ റവന്യൂ ഉള്ള ഈ സംസ്ഥാനത്ത് 140 എം.എൽ.എ. മാരാണുള്ളത്. എം.എൽ.എ. ഫണ്ട് ഒരുകോടി രൂപയാക്കണം. ഈ കേരളത്തിലെ ജനങ്ങളുടെ വികാരം ഉൾക്കൊള്ളുന്ന ആളുകളാണ് അപ്പുറത്തും ഇപ്പുറത്തുമിരിക്കുന്ന എം.എൽ.എ.മാർ. ത്രിതല സംവിധാനമൊക്കെ വന്നതിനുശേഷം ആകെ റോഡ് കൊടുക്കാൻ കഴിയുന്നത്, കംപ്യൂട്ടർ വാങ്ങാൻ കഴിയുന്നത്, ആശുപത്രി കെട്ടിടം കെട്ടാൻ കഴിയുന്നത് ഈ 50 ലക്ഷം രൂപയുടെ ഫണ്ടുകൊണ്ടാണ്. അങ്ങ് ഒരു മടിയും കാണിക്കാതെ എം.എൽ.എ. ഫണ്ട് ഒരു കോടി രൂപയായി ഉയർത്താനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മൊത്തത്തിൽ ഈ കാര്യങ്ങളെ സംബന്ധിച്ച് നല്ല ഒരു സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. തീർച്ചയായും ഇന്നത്തെ പരിമിതമായ ഈ സാഹചര്യത്തിൽ കേരളം പോലെയുള്ള ഒരു സംസ്ഥാനത്തിനു ചെയ്യാൻ കഴിഞ്ഞിട്ടുള്ള, ഭംഗിയായ ഒരു ബഡ്ജറ്റാണ് അങ്ങ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. എന്റെ

LIBRARY ARCHIVES Kerala Legislative Assembly

നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ട രണ്ടു കാര്യങ്ങൾ ഞാൻ പറഞ്ഞുകൊള്ളട്ടെ. കേരളത്തിലെ ഏറ്റവും വലിയ താലൂക്കാശുപത്രിയാണ് നെയ്യാറ്റിൻകര താലൂക്കാശുപത്രി. ആ നെയ്യാറ്റിൻകര താലൂക്കാശുപത്രിയെ ഒരു ഡിസ്ട്രിക്ട് ജനറൽ ആശുപത്രിയാക്കി ഉയർത്താനുള്ള നടപടി സ്വീകരിക്കണം. കേരളത്തിലെ പല ജില്ലകളിലും റവന്യൂ ഡിവിഷണൽ ഓഫീസുകൾ ഒന്നിലധികം ഉണ്ട്. ഒരു സർവ്വേ റിപ്പോർട്ട് നടത്തിയപ്പോൾ നെയ്യാറ്റിൻകര കേന്ദ്രമാക്കി ഒരു റവന്യൂ ഡിവിഷണൽ ഓഫീസ് ആരംഭിക്കണമെന്ന് ഒരു നിർദ്ദേശമുണ്ടായിരുന്നു. ഇപ്പോൾ പ്രൊപ്പോസ് ചെയ്തിരിക്കുന്ന കാട്ടാക്കട താലൂക്ക് വന്നാൽ, ആ കാട്ടാക്കട താലൂക്കും നെയ്യാറ്റിൻകര താലൂക്കും കൂടിച്ചേർന്ന് നെയ്യാറ്റിൻകര കേന്ദ്രമാക്കി ഒരു റവന്യൂ ഡിവിഷണൽ ഓഫീസ് ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഈ ബഡ്ജറ്റിനെ അനുകൂലിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. വി. സി. കബീർ: സർ, ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുന്നു. ശ്രീ. വക്കം പുരുഷോത്തമനെ ഭരണപക്ഷത്തുനിന്നു എല്ലാവരും പുകഴ്ത്തി പറയുന്നതു കേട്ടു. അദ്ദേഹത്തിന്റെ കഴിവുകളെക്കുറിച്ച് എനിക്കു തർക്കമില്ല. പക്ഷേ 'മല എലിയെ പ്രസവിച്ചത്' പോലെയാണ് ശ്രീ. വക്കം പുരുഷോത്തമന്റെ കഴിവിനനുസരിച്ചുള്ള ഒരു ബഡ്ജറ്റായിരുന്നില്ല ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റ്. പ്രതീക്ഷകൾക്ക് അനുസരണമായിട്ടുള്ള ഒരു ബഡ്ജറ്റായിരുന്നില്ല എന്നു ഞാൻ പറയുകയാണ്. പാലക്കാട് ജില്ലയിലെ കർഷകർ നിരാശയിലാണ്, പ്രത്യേകിച്ച് നെൽക്കൃഷിക്കാർ. കൃഷിക്കാർ നരകിക്കുകയാണ്. നെൽക്കൃഷിക്കാരെ സഹായിക്കാൻ വേണ്ടി ഒരു പാക്കേജ് വേണമെന്നാണ് എനിക്ക് പറയാനുള്ളത്. അങ്ങ് ആരോഗ്യ വകുപ്പുമന്ത്രി കൂടിയായിരുന്നല്ലോ! നമ്മുടെ ആരോഗ്യമേഖലയുടെ ഇന്നത്തെ അവസ്ഥ എന്താണെന്ന് അറിയാമോ? സാമ്പത്തികമായ പരിമിതിയുണ്ട്. നാം മുൻപന്തിയിലാണെന്നു വിചാരിച്ചുകൊണ്ട് കേന്ദ്ര സർക്കാർ നമ്മുടെ പണമെടുത്തു മറ്റു സ്റ്റേറ്റുകൾക്ക് കൊടുക്കുകയാണ്. ഉദാഹരണത്തിന്, മദ്ധ്യപ്രദേശ്, ഒറീസ്സ, രാജസ്ഥാൻ, ഉത്തർപ്രദേശ് തുടങ്ങിയ സ്റ്റേറ്റുകൾക്കൊക്കെ വാരിക്കോരി ആരോഗ്യ രംഗത്തേയ്ക്കുവേണ്ടി കൊടുക്കുകയാണ്. നമുക്ക് പണം തരുന്നതുമില്ല. അത്തരമൊരു സാഹചര്യത്തിൽ ആരോഗ്യവകുപ്പിന് കുറച്ചുകൂടി പണം അനുവദിക്കേണ്ടതല്ലേ? നായനാർ ഗവൺമെന്റിന്റെ കാലത്ത് 50 പുതിയ ആയുർവ്വേദ ആശുപത്രികളുടെയും 50 പുതിയ ഹോമിയോ ആശുപത്രികളുടെയും താലൂക്കാശുപത്രികളുടെയുമെല്ലാം ഗ്രേഡുകൾ ഉയർത്തി. എന്നാൽ അഞ്ചു കൊല്ലമാകാൻ പോകുന്ന യു.ഡി.എഫ് ഗവൺമെന്റ് ഒരു പ്രൈമറി ഹെൽത്തു സെന്ററോ ഒരു ആയുർവ്വേദ ആശുപത്രിയോ ഒരു ഹോമിയോ ഡിസ്പെൻസറിയോ അനുവദിച്ചില്ല എന്നുള്ളത് ഏറ്റവും അപമാനകരമായ കാര്യമാണ്. ആ കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി എന്തെങ്കിലും തീരുമാനമെടുക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്. അതോടൊപ്പം തന്നെ ഈ യു.ഡി.എഫ്. മുന്നണി ഒരു അഗ്നി പർവ്വതമാണ്. ജപ്പാനിൽ ചില അഗ്നിപർവ്വതങ്ങളുണ്ട്. ചിലപ്പോൾ അതു പൊട്ടി ലാവ ഒഴുകും, ചിലപ്പോൾ പൊടിപടലങ്ങളുണ്ടാകും, ചിലപ്പോൾ ആ അഗ്നിപർവ്വതം പിറ്റേ ദിവസം തന്നെ താനേ കെട്ടടങ്ങിക്കൊള്ളും. അതുപോലെ ശ്രീ. കെ. കരുണാകരൻ വാ തുറന്നിട്ടുണ്ട്. അഗ്നിപർവ്വതം വാ തുറക്കുന്നതുപോലെയാണ് അദ്ദേഹം വാ തുറക്കുന്നത്. ഇത്രയും ദിവസം അദ്ദേഹം സൈലന്റായിരുന്നത് എന്തുകൊണ്ടാണെന്ന് അറിയില്ല. ഈ അഗ്നിപർവ്വതം എപ്പോൾ പൊട്ടുമെന്ന് നോക്കിയിരിക്കുകയാണ് എന്തും സംഭവിക്കാം. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

പ്രഖ്യാപനങ്ങളെല്ലാം വേഗം നടപ്പാക്കണം എന്നാണ് എന്റെ അഭ്യർത്ഥന. എന്റെ നിയോജകമണ്ഡലത്തിലെ മായന്നൂർ പാലം; 1980 മുതൽ ഞാൻ പറഞ്ഞു കൊണ്ടിരിക്കുന്ന ഒരു കാര്യമാണ്. എന്റെ കന്നി പ്രസംഗത്തിൽ തന്നെ ഞാൻ ആവശ്യപ്പെട്ട ഒരു കാര്യമാണ്. ഞാനും ശ്രീ. കെ. രാധാകൃഷ്ണൻ എം.എൽ.എ. യും കൂടി നബാർഡുകാരുടെ കാലു പിടിച്ചതിന്റെ ഫലമായി 15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആ പണം വക മാറ്റി ചെലവു ചെയ്യരുത്, പാലത്തിനുതന്നെ തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഒറ്റപ്പാലത്ത് ഒരു ഫയർ സ്റ്റേഷൻ അനുവദിച്ചിരുന്നു. ഇപ്പോഴത്തെ ബഡ്ജറ്റിൽ അതു കാണാനില്ല. എന്തിനാണ് എന്നോട് നിങ്ങൾ ഈ കൊടുംചതി ചെയ്തത് എന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ധനകാര്യ വകുപ്പുമന്ത്രിയോടും ഞാൻ ചോദിക്കുകയാണ്. ഒറ്റപ്പാലം മലബാറിന്റെ ഭാഗമായിരുന്നകാലത്തുതന്നെ വലിയ താലൂക്കായിരുന്നു. മദ്രാസ് സംസ്ഥാനത്തായിരിക്കുമ്പോൾ തന്നെ അതൊരു ഡിവിഷണൽ ഹെഡ് ക്വാർട്ടേഴ്സായി മാറിയിട്ടുണ്ട്. ഇവിടെയൊരു മിനി സിവിൽ സ്റ്റേഷൻ കഴിഞ്ഞ കൊല്ലങ്ങളിലെ ബഡ്ജറ്റുകളിലൊക്കെ ഉണ്ടായിരുന്ന കാര്യമാണ്. ഇപ്പോൾ അതിനുവേണ്ടി കേവലം അഞ്ചു ലക്ഷം രൂപയാണ് മാറ്റിവച്ചിരിക്കുന്നത്. 25 ലക്ഷം രൂപയെങ്കിലും അതിനുവേണ്ടി മാറ്റിവയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഒറ്റപ്പാലത്തിന്റെ കാര്യത്തിൽ പ്രത്യേകം താൽപര്യമെടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ഡിമാന്റുകളെ എതിർക്കുന്നു.

ശ്രീ. യു. സി. രാമൻ: സർ, ഞാൻ ഈ ബഡ്ജറ്റിനെ പിന്താങ്ങുകയാണ്. മൂന്നു പതിറ്റാണ്ടിനുശേഷമാണ് സമ്പൂർണ്ണമായൊരു ബഡ്ജറ്റ് ഈ സഭയിൽ അവതരിപ്പിച്ചത്. അതിനു ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. പ്രകൃതിയുടെ വികൃതിയിൽ, സുനാമി ദുരന്തം നമുക്ക് കഷ്ടപ്പാടിന്റെയും ഭയപ്പാടിന്റേയും വേദനയുടെയും ദുരിതത്തിന്റേയും ദിവസങ്ങളായിരുന്നു സമ്മാനിച്ചത്. ആ അവസ്ഥയിൽ നിന്നുകൊണ്ടാണ് ഈ ബഡ്ജറ്റ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. സുനാമി ബാധിത പ്രദേശത്ത്, മറ്റെല്ലാം മാറ്റിവച്ചുകൊണ്ട് മാലാഖമാരെപ്പോലെ ഓടിയെത്തി, അവിടെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ ഏറ്റെടുത്ത് പൂർത്തിയാക്കിയ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും മറ്റു വകുപ്പുമന്ത്രിമന്ത്രിമാരേയും അഭിനന്ദിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ദുരന്തം തീർത്ത ഭീകരതയുടെ യഥാർത്ഥ ചിത്രം കേന്ദ്ര ഗവൺമെന്റിനെ ബോദ്ധ്യപ്പെടുത്താനും, അവിടെനിന്നും അർഹമായ സഹായം കൈപ്പറ്റാനും കഴിഞ്ഞുവെന്നുള്ളതുതന്നെ ഈ സർക്കാരിന്റെ കഴിവിന്റെ അംഗീകാരമായി ഞാൻ വിലയിരുത്തുകയാണ്. സുനാമി ദുരന്തവും അതിൽ നിന്നുണ്ടായ വേദനയും പ്രയാസവുമൊക്കെ രാഷ്ട്രീയ വൽക്കരിക്കുന്നതിനുവേണ്ടി എൽ.ഡി.എഫ്. നേതൃത്വം കാണിച്ച രാഷ്ട്രീയക്കളി ജനങ്ങൾ തിരിച്ചറിഞ്ഞതാണ്. മൂന്നുവർഷംകൊണ്ട് കേരളത്തിന്റെ മുഖച്ഛായ തന്നെ മാറിക്കൊണ്ടിരിക്കുകയാണ്. എൽ.ഡി.എഫ്.-ന്റെ ഭരണകാലത്ത് മനുഷ്യരുടെ തലയ്ക്കും തെങ്ങിന്റെ കുലയ്ക്കും രക്ഷയില്ലാത്ത ഒരു അവസ്ഥയാണ് ഉണ്ടായിരുന്നത്. ആ അവസ്ഥ ഇന്നു മാറി. ഇന്നു മനുഷ്യന്റെ തല വിജ്ഞാനം പ്രാപിച്ച് കമ്പ്യൂട്ടറിന്റെ യുഗത്തിലാണ്. ഈ യുഗത്തിൽ തെങ്ങിൻ പൂവിനും കുലയ്ക്കും നല്ല കാലം വരാൻ പോകുകയാണ് എന്നതിന്റെ സൂചനയാണ് കാണാൻ പോകുന്നത്. എൽ.ഡി.എഫ്.ന്റെ ഭരണകാലത്ത് ട്രഷറികൾ

LIBRARY ARCHIVES Kerala Legislative Assembly

തുറക്കുന്നതു കാണാൻ കഴിയാറില്ല. മുസ്ലീങ്ങൾ നോമ്പിനും പെരുന്നാളിനും, പിറ കാണാൻ കാത്തിരിക്കുന്നതുപോലെ ആളുകൾ ട്രഷറികൾ തുറക്കുന്നത് കാണാൻ കണ്ണിലെണ്ണയൊഴിച്ച് കാത്തിരിക്കലായിരുന്നു. ജനുവരി 17-ാം തീയതി മുതൽ 31-ാം തീയതി വരെ ബില്ലുകൾക്ക് സമയം അനുവദിച്ചുകൊണ്ട് നമ്മുടെ ട്രഷറികൾ പ്രവർത്തിച്ചത് ഒരു ചരിത്ര സംഭവമാണ്. ത്രിതല പഞ്ചായത്തുകൾക്ക് അവരുടെ പദ്ധതി നിർമ്മാണത്തിൽ ഇത് സഹായകരമായ ഒരു സംഭവമാണ്. അതിന് വകുപ്പുമന്ത്രിയെ അഭിനന്ദിക്കാതിരിക്കുവാൻ നിവൃത്തിയില്ല. ഈ സർക്കാരിനെതിരെ ഒന്നു പറയാനില്ലാത്തതുകൊണ്ട് യു.ഡി.എഫ്. നേതാക്കന്മാർക്കെതിരെ വ്യക്തിഹത്യ നടത്തിക്കൊണ്ടുള്ള പ്രയോഗമാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. നമ്മുടെ എം.എൽ.എ. ആയ ശ്രീ. കെ.എൻ.എ. ഖാദർ, 18 വർഷക്കാലമായി ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗിൽ സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ എന്റെ ഒരു സുഹൃത്ത്, അദ്ദേഹത്തെ സ്വഭാവഹത്യ ചെയ്യുന്ന രൂപത്തിൽ ചില പദപ്രയോഗങ്ങൾ നടത്തുകയുണ്ടായി. നീണ്ട 18 വർഷത്തിനുശേഷമാണ് ഇദ്ദേഹത്തിനെതിരെ ഈ രൂപത്തിലുള്ള പരാമർശമുണ്ടായിരിക്കുന്നത്. സി. പി. ഐ. വിട്ടകാലത്ത് പറയാത്തത് ഇന്ന് പറയുന്നതിന്റെ രഹസ്യമാണ് മനസ്സിലാവാത്തത്. അതുപോലെ മുസ്ലീം ലീഗിന്റെ നേതാവായ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയേയും ആ രൂപത്തിലുള്ള സ്വഭാവഹത്യ നടത്തിക്കൊണ്ട്, അദ്ദേഹത്തിന്റെ രക്തം ഊറ്റിക്കുടിക്കുന്നതിനു വേണ്ടിയുള്ള ശ്രമങ്ങൾ ചില ഭാഗങ്ങളിൽ നിന്നും ഉണ്ടായി എന്നു സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇപ്രകാരം മുസ്ലീംലീഗിന്റെ നേതാക്കന്മാർക്കെതിരെ ഈ രൂപത്തിലുള്ള വ്യക്തിഹത്യ നടത്തുന്ന പ്രവർത്തനങ്ങളുമായി നടക്കുന്ന സി. പി. എം.-എൽ. ഡി. എഫ്. സംഘടനകൾ യദുകുലം മുടിഞ്ഞതുപോലെ തമ്മിൽ തല്ലി മുടിയുന്ന കാഴ്ചയാണ് നമുക്കു കാണാൻ കഴിഞ്ഞുകൊണ്ടിരിക്കുന്നത്. അതിപ്പോൾ പൂർത്തിയാകാൻ പോകുകയാണ്. അപ്പുറത്തിരിക്കുന്ന ചിലയാളുകൾ ബഡ്ജറ്റിനെ എതിർക്കുന്നതു നമുക്കു കാണാൻ സാധിച്ചു. ഇവരുടെ ഭാഗത്തുനിന്നും എല്ലാ കാലവും എല്ലാ കാര്യത്തിനും എതിർപ്പുകൾ തന്നെയാണ് ഉണ്ടായിട്ടുള്ളത്. ട്രാക്ടറിനേയും ട്രില്ലറിനേയും കമ്പ്യൂട്ടറിനേയും മഹാത്മാഗാന്ധിയേയും സ്വാതന്ത്ര്യ സമരത്തേയും എല്ലാം എതിർത്ത പരിചയമാണ് അവർക്കുള്ളത്. ഒരു കാലം കഴിയുമ്പോൾ അന്ന് എതിർത്തതെല്ലാം തെറ്റായിപ്പോയി എന്നുള്ള കുറ്റസമ്മതം ഇവർ നടത്തും. അതൊക്കെ ശരിയായിരുന്നു എന്നവർ പിന്നീടു തിരുത്തിപറയും. ഇവിടെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെ ഇവർ എതിർക്കുന്നതിൽ കുഴപ്പമില്ല. ചെറിയൊരുകാലയളവു കഴിയുമ്പോൾ ഇതൊരു നല്ല ബഡ്ജറ്റായിരുന്നുവെന്ന് അവർ തന്നെ പറയുന്ന ഒരു കാലമുണ്ടാകുമെന്ന് എനിക്കുറപ്പുണ്ട്. ഇവരുടെ മുൻകാലചരിത്രം ഇതിന് തെളിവാണ്. നമ്മുടെ നാണ്യവിളകളിൽ പ്രധാനമായിട്ടുള്ളത് തേങ്ങ തന്നെയാണ്. ഏറ്റവും കൂടുതൽ തെങ്ങുള്ള സംസ്ഥാനവും കേരളമാണ്. എന്നിരുന്നാലും ഏറ്റവും കൂടുതൽ തെങ്ങുള്ള ജില്ല തമിഴ്നാട്ടിലെ കോയമ്പത്തൂരാണ്. തെങ്ങിനുണ്ടാകുന്ന രോഗങ്ങൾ കണ്ടെത്തി, അതിനു പ്രതിവിധി ഉണ്ടാക്കുന്ന കാര്യത്തിൽ തമിഴ്നാട് ഒരുപാടു മുന്നോട്ടു പോയിട്ടുണ്ട്. പ്രതിരോധശേഷിയുള്ള മരുന്നുകൾ കണ്ടുപിടിച്ചും തെങ്ങു കൃഷിയിൽ ശാസ്ത്രീയമായ രീതികൾ അവലംബിച്ചും അവർ ഉല്പാദനം വർദ്ധിപ്പിച്ചിട്ടുണ്ട്. ബഡ്ജറ്റിൽ 64.55 കോടി രൂപ നീക്കിവച്ചിട്ടുള്ള സ്വാഗതാർഹമായ കാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതോടൊപ്പം തന്നെ സംസ്ഥാനത്ത് സാങ്കേതിക സർവ്വകലാശാലകൾ രൂപീകരിക്കുന്നതിനു തീരുമാനിച്ചിട്ടുണ്ട്. ഇതും വളരെയേറെ അഭിനന്ദനം അർഹിക്കുന്നുണ്ട്. ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ വിദ്യാഭ്യാസ കാര്യം വളരെ പ്രധാനപ്പെട്ടതാണ്. നേരത്തെ ഇതു സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലായിരുന്നു. അതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലേയ്ക്കു മാറ്റി. അതും അഭിനന്ദനം അർഹിക്കുന്ന കാര്യമാണ്. അതോടൊപ്പം തന്നെ ഇത് ഫലപ്രദമായി നടത്താനാവശ്യമായ പ്രവർത്തനങ്ങൾ ഉണ്ടാകണം. അതിനകത്തൊരു വീഴ്ചയും ഉണ്ടാകരുത്. അതിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രത്യേകം ശ്രദ്ധിക്കണം. സമൂഹത്തിലെ താഴെക്കിടയിലുള്ള ഏറ്റവും പാവപ്പെട്ട ആളുകൾക്ക് മാരകമായ രോഗങ്ങൾ ഉണ്ടാകുമ്പോൾ, അവർക്ക് ചികിത്സ നടത്താൻ സാധിക്കാത്ത ഒരു അവസ്ഥയുണ്ടാകാറുണ്ട്. ജീവകാരുണ്യ പ്രവർത്തകരും സന്നദ്ധ സംഘടനകളുമൊക്കെ അവരെ സഹായിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും സംസ്ഥാന സർക്കാരിന്റെയും വിവിധ രൂപത്തിലുള്ള ചികിൽസാ സഹായവും അവർക്ക് കിട്ടാറുണ്ട്. എന്നിരുന്നാലും, ഈ ഭാരിച്ച ചികിൽസാ ചെലവ് പൂർണ്ണമായും താങ്ങാൻ കഴിയാതെ, ചികിത്സയുമായി മുന്നോട്ടുപോകാൻ കഴിയാതെ പലർക്കും മരണത്തിനു മുന്നിൽ കീഴടങ്ങേണ്ട അവസ്ഥയുമുണ്ടാകാറുണ്ട്. അങ്ങനെയുള്ള, ഒരു നിവൃത്തിയുമില്ലാത്ത ആളുകളുടെ ചികിത്സ പൂർണ്ണമായും ഏറ്റെടുത്ത് പൂർത്തിയാക്കാനാവശ്യമായ ഒരു പദ്ധതിക്ക് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി രൂപം നൽകണമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയശാപം എന്നു പറയുന്നത് മുൻകാല ഗവൺമെന്റുകളുടെ പാപഭാരം ഏറ്റെടുക്കേണ്ടിവന്നു എന്നുള്ളതാണ്. ഇവിടെ +2 അദ്ധ്യാപകന്മാരെ നിയമിച്ചു. +2 അദ്ധ്യാപകന്മാരുടെ ശമ്പള കുടിശ്ശിക കൊടുത്തുതീർക്കുന്നതിനുവേണ്ടി 300 കോടി രൂപയാണ് ഈ സർക്കാരിന്റെ ബാദ്ധ്യതയായി വന്നത്. അതുപോലെതന്നെ മൈത്രി ഗുണഭോക്താക്കളായവർ ഉള്ള കൂര പൊളിച്ച് അടുത്ത ഗഡു കിട്ടുന്നതിനുവേണ്ടി കാത്തിരുന്ന് നിരാശരാവുകയുണ്ടായി. മൈത്രി ഭവനപദ്ധതിയുടെ തുക വകമാറ്റി ചെലവഴിച്ചതിന്റെ പേരിൽ പാവങ്ങളെയാകെ പ്രയാസത്തിലാക്കി-ഇത് പരിഹരിക്കാൻ 400 കോടി രൂപ അധികം കണ്ടെത്തേണ്ട അവസ്ഥയും ഈ സർക്കാരിനുണ്ടായിട്ടുണ്ട്.

അങ്ങനെ കഴിഞ്ഞ ഗവൺമെന്റിന്റെ പാപഭാരം മുഴുവൻ ഏറ്റെടുക്കേണ്ടി വന്നതുകൊണ്ടാണ് ഈ ഗവൺമെന്റിന് പ്രതിസന്ധിയുണ്ടായിട്ടുള്ളത്. ജിം വലിയൊരു വിപ്ലവമാണ്. 40,000 കോടി രൂപയുടെ മുതൽ മുടക്കാണ് നമ്മുടെ സംസ്ഥാനത്തുണ്ടായിട്ടുള്ളത്. ഏകദേശം 7300-ൽപ്പരം ആളുകൾക്ക് പ്രത്യക്ഷമായി തൊഴിൽ കിട്ടുകയാണ്. ഒരു കുഞ്ഞു പിറന്നുവീണാൽ പിറ്റേന്നു തന്നെ പി. ടി. ഉഷയേയും ബീനമോളേയും പോലെ ആ കുഞ്ഞും ഓടണമെന്ന് ശാഠ്യം പിടിക്കുന്നതുപോലെയുള്ള ഒരു മനോഭാവമാണ് എൽ. ഡി. എഫ്. ഇതിനോട് കാണിക്കുന്നത്. ഇതൊരു തുടക്കം മാത്രമാണ്. ബഡ്ജറ്റ് പ്രസംഗത്തിൽ 25 എ.സി ബസ്സുകളും 600 ബസ്സുകളും വാങ്ങാൻ തീരുമാനിച്ചതായി കാണുന്നുണ്ട്. അത് പ്രഖ്യാപനമായി മാറാതെ എത്രയും പെട്ടെന്ന് യാഥാർത്ഥ്യമാക്കണം. അതുപോലെ ഞങ്ങളുടെയൊക്കെ പ്രദേശത്ത് പ്രത്യേകിച്ച് മലയോരമേഖലകളിൽ വളരെ രൂക്ഷമായ ഗതാഗതപ്രശ്നം നിലനിൽക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ആ അപാകതകളൊക്കെ പരിഹരിക്കാമെന്ന് സൂചിപ്പിച്ചിരുന്നതാണ്. ആ മേഖലകളിലേയ്ക്ക് കൂടുതൽ ബസ്സ്

LIBRARY ARCHIVES Kerala Legislative Assembly

അനുവദിക്കാനുള്ള ശ്രമമുണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. എക്സൈസ് വകുപ്പിന്റെ നവീകരണത്തിന് 100 ലക്ഷം രൂപ നീക്കിവച്ചത് നന്നായി. എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥൻമാർക്ക് ആധുനികരീതിയിലുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനും കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും അത് അത്യാവശ്യമാണ്. അതിനോടനുബന്ധിച്ച് എനിക്ക് സൂചിപ്പിക്കാനുള്ളത് ധനകാര്യ വകുപ്പുമന്ത്രിയോട് നേരത്തെ പറഞ്ഞ കാര്യമാണ്, രേഖകളെല്ലാമുള്ളതാണ്. എന്റെ മണ്ഡല ആസ്ഥാനമായ കുന്ദമംഗലത്ത് തകർന്ന് നിലംപൊത്താറായ ഒരു കെട്ടിടമാണു എക്സൈസ് വകുപ്പിനുള്ളത്. ഇത് വാടകകെട്ടിടവുമാണ്. സ്ഥലം ഡിപ്പാർട്ടുമെന്റ് കണ്ടെത്തിയിട്ടുണ്ട്. ആ സ്ഥലത്ത് നല്ലൊരു ബിൽഡിംഗ് ഉണ്ടാക്കുന്നതിനാവശ്യമായ തുക കൂടി എത്രയും പെട്ടെന്ന് അനുവദിക്കണം. കോഴിക്കോട് മെഡിക്കൽകോളേജ് ആശുപത്രിയിലെ സൂപ്പർ സ്പെഷ്യാലിറ്റി കോംപ്ലക്സിന്റെ പ്രവർത്തനം എത്രയും പെട്ടെന്ന് പൂർത്തിയാക്കുമെന്ന് നയപ്രഖ്യാപന പ്രസംഗത്തിലുണ്ട്. അത് കാലതാമസമില്ലാതെ എത്രയും പെട്ടെന്ന് യാഥാർത്ഥ്യമാക്കാനുള്ള സത്വര നടപടിയുണ്ടാകണം. മെഡിക്കൽ കോളേജുകളിൽ സീറ്റ് വർദ്ധിപ്പിച്ചത് എന്തുകൊണ്ടും നല്ല കാര്യമാണ്. അത് മെഡിക്കൽ വിദ്യാർത്ഥികൾക്ക് വലിയ സഹായകരമാണ്. എന്നാൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ സീറ്റ് വർദ്ധിപ്പിച്ചതായി കാണുന്നില്ല. അത് പരിശോധിക്കണം. പോലീസിന്റേയും ഫയർഫോഴ്സിന്റേയും പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് തുക ബഡ്ജറ്റിൽ വച്ചിട്ടുണ്ട്. അത് വളരെ അടിയന്തിര പ്രാധാന്യമുള്ളതാണ്. ഇതോടൊപ്പം രണ്ട് ഫയർസ്റ്റേഷനുകൾ നമ്മുടെ സംസ്ഥാനത്ത് നിർമ്മിക്കുന്നുണ്ട്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി മുക്കം കെ. എസ്. എഫ്. ഇ. ശാഖ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് അവിടെ വന്ന സമയത്ത് ചടങ്ങിൽവച്ചു പറഞ്ഞതാണ് മുക്കം ആസ്ഥാനമായി ഒരു ഫയർഫോഴ്സിന്റെ ഓഫീസ് ഉണ്ടാക്കുമെന്ന് അത് ഈ പ്രഖ്യാപനത്തിനകത്ത് കാണുന്നില്ല. അതുകൊണ്ട് മുക്കത്ത് ഫയർ ഫോഴ്സിന്റെ ഓഫീസ് ഉണ്ടാക്കാനുള്ള നടപടി സ്വീകരിക്കണം. കുടുംബശ്രീയുടെ പ്രവർത്തനം മാതൃകാപരമായ രീതിയിൽ മുന്നോട്ട് നീങ്ങുന്നുണ്ട്. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് ഗ്രാമപഞ്ചായത്തുകളിൽ ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങുന്നതിനുവേണ്ടി ഓരോലക്ഷം രൂപയാണ് വാങ്ങിയിട്ടുള്ളത്. ആ പണം തിരിച്ചുകൊടുത്തിട്ടില്ല. അവിടെ ഫോട്ടോസ്റ്റാറ്റ് മെഷീനും കൊടുത്തിട്ടില്ല. അതുകൊണ്ട് എത്രയും പെട്ടെന്ന് പഞ്ചായത്തുകൾക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ കൊടുക്കുന്നതിനുള്ള നടപടിയുണ്ടാകണം. പഞ്ചായത്തുകളെ കമ്പ്യൂട്ടർവൽക്കരിക്കുവാനുള്ള നടപടി ഊർജ്ജിതപ്പെടുത്തണം. ഞങ്ങളുടെയൊക്കെ മണ്ഡലങ്ങളിൽ വികസന പ്രവർത്തനങ്ങളിൽ പങ്കാളിത്തം ഉറപ്പുവരുത്താൻ കഴിയുന്ന വലിയൊരു ഘടകമാണ് എം.എൽ.എ-മാരുടെ പ്രാദേശിക വികസന ഫണ്ട്. നേരത്തെ ചർച്ചയിൽ പങ്കെടുത്ത പലരും സൂചിപ്പിച്ചതാണ്. ഞാൻ അത് അടിവരയിട്ട് പറയുകയാണ് ഒരു കോടി രൂപയായി എം.എൽ.എ -മാരുടെ പ്രാദേശിക ഫണ്ട് വർദ്ധിപ്പിക്കണം. ആദിവാസി സമൂഹത്തിന് 7693 ഹെക്ടർ വനഭൂമി പതിച്ചുനൽകുമെന്ന് ബഡ്ജറ്റ് പ്രഖ്യാപനത്തിൽ കാണുന്നുണ്ട്. ആ പ്രഖ്യാപനം എത്രയും പെട്ടെന്ന് യാഥാർത്ഥ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കണം. എസ്.സി./എസ്.ടി. മേഖലകൾക്ക് ഗുണകരമായിട്ടുള്ള പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത് യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്താണ്.

LIBRARY ARCHIVES Kerala Legislative Assembly

അതിനോടനുബന്ധിച്ച് എനിക്ക് സൂചിപ്പിക്കാനുള്ളത് പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭൂമി നൽകുന്നതുപോലെതന്നെ ഈ സമൂഹത്തിലെ പല പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ആളുകളും ഭൂമിയില്ലാതെ കഷ്ടപ്പെടുന്നുണ്ട്. സ്വന്തം ഭൂമിയില്ലാത്തതുകൊണ്ട് ബന്ധുക്കളുടെ വീട്ടിൽ അഭയം പ്രാപിച്ചിട്ടുള്ളവരായ ആളുകളുമുണ്ട്. അവർക്കും സർക്കാരിന്റെ കീഴിലുള്ള പുറംപോക്ക് ഭൂമി പതിച്ചുകൊടുക്കാനാവശ്യമായ സംവിധാനമുണ്ടാകണം. ഏഴ് സബ്ട്രഷറികൾ നമ്മുടെ സംസ്ഥാനത്ത് പുതുതായി ആരംഭിക്കുമെന്ന് ബഡ്ജറ്റ് പ്രഖ്യാപനത്തിൽ പറഞ്ഞു. ഞാൻ അടിവരയിട്ട് സൂചിപ്പിക്കട്ടെ എന്റെ നിയോജകമണ്ഡലമായ മുക്കം ആസ്ഥാനമായി സബ്ട്രഷറി ആരംഭിക്കാനാവശ്യമായ നടപടിയുണ്ടാകണം. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഒരു ചോദ്യത്തിന് മറുപടിയായി എത്രയും പെട്ടെന്ന് മുക്കം ആസ്ഥാനമായി ട്രഷറി സ്ഥാപിക്കുമെന്ന് മറുപടി തന്നതാണ്. അങ്ങയുടെ മറുപടി പ്രസംഗത്തിൽ ഇത് സൂചിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഭവന നിർമ്മാണ രംഗത്ത് 'ആശ്രയ പദ്ധതി' മുഴുവൻ പഞ്ചായത്തുകളിലേയ്ക്കും വ്യാപിപ്പിക്കണം. മുസ്ലീം വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങളും സ്കോളർഷിപ്പും എട്ട് വർഷമായി ലഭിക്കുന്നില്ല. അതുകൂടി നൽകാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. ജോർജ് ജെ. മാത്യു:</u> സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുകയാണ്. കാരണം ധനകാര്യ വകുപ്പുമന്ത്രി വളരെ സത്യസന്ധമായി, യാഥാർത്ഥ്യബോധത്തോടുകൂടിയാണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. ഇതിലേയ്ക്ക് നോക്കുകയാണെങ്കിൽ അദ്ദേഹം വളരെ കാര്യക്ഷമതയോടുകൂടി, ധൈര്യത്തോടുകൂടി ഒരു കാര്യം പറഞ്ഞു. നിയമസഭ പാസ്സാക്കിയ 2003-ലെ കേരള സാമ്പത്തിക ഉത്തരവാദിത്വ ആക്ട് അനുസരിച്ച് 2007 ആകുമ്പോൾ റവന്യു കമ്മി പൂർണ്ണമായും ഇല്ലാതാകേണ്ടതാണ്. അതിന് അദ്ദേഹം രണ്ടു വർഷംകൂടി സമയം വേണ്ടിവരുമെന്നുള്ള സത്യം തുറന്നു പറഞ്ഞിരിക്കുകയാണ്. സാധാരണഗതിയിൽ ഇങ്ങനെയുള്ള കാര്യങ്ങൾ ആരും പറയാറില്ല. അതുപോലെതന്നെ പലരും ഇവിടെ ആവർത്തിച്ചു പറഞ്ഞതാണ്; റവന്യു വരുമാനത്തിന്റെ 91 ശതമാനവും ഏതാണ്ട് ശമ്പളം, പെൻഷൻ, പലിശ എന്നീ മൂന്നിനങ്ങളിലായി ചെലവാക്കിപ്പോകുകയാണ്. തീർച്ചയായിട്ടും നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി നോക്കുകയാണെങ്കിൽ ഈ ദുഃസ്ഥിതിക്ക് ഒരു പരിഹാരമുണ്ടാകാതെ നമുക്ക് മേൽഗതിയുണ്ടാകുമെന്ന് തോന്നുന്നില്ല. അതുപോലെതന്നെ അദ്ദേഹം കോൺട്രിബ്യൂട്ടറി പെൻഷനെക്കുറിച്ച് പ്രതിപാദിക്കുകയുണ്ടായി. ഇന്ന് നിലവിലുള്ള ജീവനക്കാർക്ക് ആ പ്രശ്നമുണ്ടാകാൻ പോകുന്നില്ല. മറിച്ച് 1-4-2005 മുതൽ പുതുതായി സർവ്വീസിൽ കയറുന്ന ആളുകൾക്കാണ് ഈ പ്രശ്നം വരാൻ പോകുന്നത്. അദ്ദേഹം എം.എൽ.എ. മാരുടെ കാര്യം പറഞ്ഞിട്ടില്ല. എന്താണ് പറയുകയെന്നുള്ളത് എനിക്കറിയില്ല. എനിക്കു തോന്നുന്നു ഇത് ബാധകമാകുമ്പോൾ 2006-ൽ വരുന്ന പുതിയ എം.എൽ.എ. മാർക്കും ബാധകമാകേണ്ടതല്ലേ? ഞാൻ തമാശ പറഞ്ഞതേയുള്ളൂ. ഏതായാലും ഈ കാര്യത്തിൽ സെൻട്രൽ ഗവൺമെന്റിന്റെ പാറ്റേൺ അനുസരിച്ചാണ് ഗവൺമെന്റ് മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കുന്നത്. തീർച്ചയായിട്ടും ഇത് പൂർണ്ണമായി സ്വാഗതാർഹമാണെന്ന് ഞാൻ പറയുന്നില്ലെങ്കിലും ഇങ്ങനെയൊരു നടപടിയില്ലാതെ കാര്യങ്ങൾ മുന്നോട്ടു പോകുകയില്ലെന്നുള്ള കാര്യം വളരെ വ്യക്തമാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ വാറ്റ് 1-4-2005-ൽ നടപ്പാക്കാൻ പോകുകയാണ്. വാറ്റ് നിയമം നടപ്പിലാക്കുമ്പോൾ കൃഷിക്കാരെ സംബന്ധിച്ച് വലിയ ആശങ്കകൾ നിലനിൽക്കുന്നുണ്ട്. VAT-ന്റെ ആദ്യ പേജിൽ Agriculture-നെക്കുറിച്ച് ഒരു definition കൊടുത്തിട്ടുണ്ട്. "Agriculture" with all its grammatical variations and cognate expressions, includes floriculture, horticulture, the raising of crops, grass or garden produce, and also grazing; but does not include dairy farming, poultry farming, stock breeding, the mere cutting of wood or grass, gathering of fruit, raising of man made forest or rearing of seelings or plants. ഇത് വളരെ അവ്യക്തമാണ്. കാരണം ഇപ്പോൾ ഒരാൾക്ക് അയാളുടെ ഭൂമിയിൽ എന്തെങ്കിലും പഴവർഗ്ഗങ്ങൾ കൃഷി ചെയ്യുകയാണെങ്കിൽ അത് ഹാർവെസ്റ്റ് ചെയ്യുന്നത് അഗ്രിക്കൾച്ചറൽ ഓപ്പറേഷൻ അല്ലെന്നാണ് പറയുന്നത്. അതുപോലെതന്നെ ആ കർഷകന് ഭൂമിയുണ്ടെങ്കിൽ അവന്റെ ഭൂമിയിൽ നിൽക്കുന്ന മരങ്ങൾ ആ മരം വെട്ടിക്കൊടുക്കുകയാണെങ്കിൽ അത് കാർഷികവൃത്തിയുമായിബന്ധമില്ലെന്നാണ് പറയുന്നത്. ഉദാഹരണം പറയുകയാണെങ്കിൽ റബ്ബർ കൃഷിക്കാരെല്ലാം 20-ഉം 25-ഉം വർഷം, അല്ലെങ്കിൽ വർഷങ്ങൾക്കുമുമ്പ് അവനവന്റെ പുരയിടത്തിൽ റബ്ബർ ആവർത്തന കൃഷി പ്രകാരം നട്ടറബ്ബർ മരം, അത് വെട്ടിമാറ്റി പുതിയ ഇനം വയ്ക്കേണ്ടതാണ്. ഏതാണ്ട് ഏഴ് വർഷത്തേയ്ക്ക് അവർക്ക് ഒരു വരുമാനവും ലഭിക്കുകയില്ല. അപ്പോൾ റബ്ബർ തടി വെട്ടിക്കൊടുക്കുന്നത് കാർഷികവൃത്തിയുടെ ഭാഗമല്ല എന്ന് പറയുകയാണെങ്കിൽ സ്വാഭാവികമായിട്ടും ഇത് അനീതിയാണ്. കാരണം ഏഴ് വർഷത്തേയ്ക്ക് അതിൽ ആദായമില്ല. അവരെ സംബന്ധിച്ച് മരം വെട്ടി കൊടുത്തശേഷം അതിൽ റീ-പ്ലാന്റിംഗ് നടത്തണം. ഏഴ് വർഷത്തേയ്ക്ക് ആ ചെലവ് എല്ലാം നടത്തണം. അത് കൃഷിക്കാരുടെ കാർഷികവൃത്തിയുടെ ഭാഗമായിട്ട് അവർക്ക് ലഭിച്ച ഒരു ആദായം മാത്രമാണ്. അതുകൊണ്ട് തീർച്ചയായും റബ്ബർ തടിയുടെ കാര്യത്തിൽ, അല്ലെങ്കിൽ വാറ്റിന്റെ പരിധിയിൽ വരുന്ന ആ ടാക്സിൽ നിന്നും അവരെ ഒഴിവാക്കണം എന്നാണ് എനിക്ക് പ്രത്യേകമായിട്ട് നിർദ്ദേശിക്കാനുള്ളത്. അതുപോലെ എന്റെ സുഹൃത്തുക്കൾ ഇവിടെ സംസാരിച്ചപ്പോൾ അഗ്രിക്കൾച്ചറൽ ഇൻകം ടാക്സിനെക്കുറിച്ച് കുറെ ആശങ്കകൾ ഇവിടെ പ്രകടിപ്പിക്കുകയുണ്ടായി. ധനകാര്യ വകുപ്പുമന്ത്രി ഇവിടെ ചെയ്തിരിക്കുന്ന കാര്യങ്ങൾ കൃഷിക്കാരെ സംബന്ധിച്ച് വളരെ വളരെ നല്ല കാര്യമാണ്. പക്ഷേ അതിൽ ചെറിയ ഒരു ക്ലാരിഫിക്കേഷൻ വരുത്തിയാൽ ഈ പ്രശ്നം ഉണ്ടാകുകയില്ലായിരുന്നു. ക്ലാരിഫിക്കേഷൻ എന്ന് പറയുന്നത് ഇതിന്റെ വാചക ഘടനയിൽ വന്നിരിക്കുന്ന പ്രശ്നമാണ്. എന്താണെന്നു വച്ചാൽ കോംപൗണ്ടിംഗും അതുമായി ബന്ധപ്പെട്ടു നിൽക്കുന്ന കാര്യങ്ങളും നിലനിൽക്കുന്നു എന്ന് പറഞ്ഞിട്ടുണ്ട്. കോംപൗണ്ടിംഗിന് ആണെങ്കിൽ, അഞ്ച് ഹെക്ടർ വരെ ഏതുഭൂമിയാണെങ്കിലും അത് ഒഴിവാക്കണം. അതുപോലെ തന്നെ പ്ലാന്റേഷൻ ടാക്സിൽ നിന്നും ഈ അഞ്ച് ഹെക്ടർ വരെയുള്ള ഭൂമിയും ഒഴിവാക്കിയിരിക്കണം, ആർക്കു വേണമെങ്കിലും കോംപൗണ്ട് ചെയ്യാം. അതിൽ മാറ്റം വരുത്തിയിട്ടില്ല. അദ്ദേഹം നല്ല കാര്യമാണ് ചെയ്തത്. പക്ഷേ അഞ്ച് ഹെക്ടറിന് താഴെയുള്ള സാധാരണക്കാർ ഇത് അറിയുന്നില്ല. അവർക്ക് കോംപൗണ്ടിംഗ് റിട്ടേൺ ഫോം എല്ലാം സബ്മിറ്റ് ചെയ്യാൻ ബുദ്ധിമുട്ടാണ്. അങ്ങനെ ഫോം സബ്മിറ്റ് ചെയ്യാൻ കഴിയാതെ വരുകയാണെങ്കിൽ, ഈ അഞ്ച് ഹെക്ടറിന് താഴെയുള്ള കൃഷിക്കാർക്ക് കോംപൗണ്ടിംഗിന് ആനുകൂല്യം ഉള്ളതുപോലെ തന്നെ, ആ റിട്ടേൺ

LIBRARY ARCHIVES Kerala Legislative Assembly

സബ്മിറ്റ് ചെയ്യാൻ അവരെ നിർബന്ധിതരാക്കുന്നു. ആ ഫോം സബ്മിറ്റ് ചെയ്യാൻ അവരെ ഒരിക്കലും നിർബന്ധിക്കരുത്. ഇന്ന് നടത്തുന്നതുപോലെ തന്നെ, ആ റിട്ടേൺ സബ്മിറ്റ് ചെയ്തില്ലെങ്കിലും യാതൊരു കാരണവശാലും പ്ലാന്റേഷൻ ടാക്സിൽ നിന്നും അതുപോലെ കാർഷികാദായ നികുതിയിൽ നിന്നും കോംപൗണ്ടിംഗിന് ഒഴിവാക്കിയതുപോലെ തന്നെ ഒഴിവാക്കും എന്ന ഒരു ക്ലാരിഫിക്കേഷൻ മാത്രം വരുകയാണെങ്കിൽ, ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ആ കാര്യങ്ങൾ ഏറ്റവും ശരിയായ കാര്യങ്ങളാണ് എന്നുവരും. അതുപോലെ ഇപ്പോൾ സെൻട്രൽ ഇൻകം ടാക്സിന്റെ അതേ രീതിയിൽ കാർഷികാദായ നികുതി ഏതാണ്ട് കൊണ്ടു വന്നിരിക്കുകയാണ്. പക്ഷേ ചെറിയ ഒരു മാറ്റം എന്ന് പറയുന്നത്, ഹയർ സ്ലാബ് വരുമ്പോൾ സെൻട്രൽ ഇൻകം ടാക്സിന്റെ ആ പരിധിക്ക് അൽപ്പം മുന്നോട്ടു പോയിട്ടുണ്ട്. നേരത്തെ ഉണ്ടായിരുന്നതിനേക്കാൾ കുറവാണ് അദ്ദേഹം ഇപ്പോൾ ചെയ്തിരിക്കുന്നത്. കഴിഞ്ഞ പ്രാവശ്യത്തെ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ വലിയ ബഹളങ്ങളുണ്ടായി.. പത്രങ്ങളിലെല്ലാം വന്നതാണ്. ആ ബഹളങ്ങളെല്ലാം തെറ്റായിരുന്നുവെന്ന് വളരെ വ്യക്തമായിട്ട് ഞങ്ങൾക്ക് അറിയാമായിരുന്നു. പക്ഷേ കർഷകരെ സംബന്ധിച്ച് ഇന്നും പ്രശ്നം നിലനിൽക്കുകയാണ്. അതുപോലെതന്നെ നെൽപ്പാടങ്ങളിൽ ആയാലും പ്ലാന്റേഷൻ രംഗത്താണെങ്കിലും ഒരു കൃഷി പോലും ലാഭകരമല്ല. ഇതിനു മുമ്പ് വാനിലയ്ക്ക് വിലയുണ്ടായിരുന്നു. ഇന്ന് വാനില വാങ്ങിക്കാൻ പോലും ആളില്ല. ഏലത്തിന് വിലയുണ്ടായിരുന്നു. ഇന്ന് ഏലത്തിന്റെ വില മുന്നൂറു രൂപയിൽ താഴ്ന്നു പോയി. കാർഷികോൽപ്പന്നങ്ങൾക്ക് യാതൊരു വിലയുമില്ല. കൃഷിഭൂമി ഉണ്ടെന്ന് പറയുകയാണെങ്കിൽ, അത് ഒരു ആഭരണമായിട്ട് എന്നതുപോലെ, നമുക്ക് ഇത്ര ഏക്കർ ഭൂമി ഉണ്ടെന്ന് പറയാം; എന്നല്ലാതെ, അതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. നമുക്ക് പഴയ രീതിയിലുള്ള കൃഷി രീതികളല്ല നടത്തേണ്ടത്. നമ്മുടെ കൃഷിഭൂമികളെല്ലാം ഹൈടെക് കൃഷി ഭൂമികളായിട്ട് മാറ്റിയെടുക്കണം. 50,000 രൂപയുടേയും 1 ലക്ഷം രൂപയുടേയും അടിസ്ഥാന വിലയുള്ള കൃഷി ഭൂമിയ്ക്കകത്ത് വലിയ ഇൻപുട്ട്സ് വരേണ്ടിയിരിക്കുന്നു. ഏതാണ്ട് രണ്ടുലക്ഷം മുതൽ നാലുലക്ഷം വരെ ക്രോപ്പിന്റെ അടിസ്ഥാനത്തിൽ ഒരേക്കർ ഭൂമിയിൽ ഇൻവെസ്റ്റ് ചെയ്തെങ്കിൽ മാത്രമേ ഹൈടെക് കൃഷി ആക്കാൻ സാധിക്കുകയുള്ളൂ. ഹൈടെക് കൃഷി നടത്താനായിട്ട് നമുക്ക് വലിയ ക്യാപ്പിറ്റൽ വേണം. ഇവിടെ കൃഷിയുടെ ആവശ്യത്തിനുവേണ്ടി ബഡ്ജറ്റ് അലോട്ടുമെന്റ് 330 എന്ന് അദ്ദേഹം പറഞ്ഞപ്പോൾ ഞാൻ വിചാരിച്ചു 330 കോടി രൂപ ആയിരിക്കുമെന്ന്. 330 ലക്ഷം രൂപയാണെന്ന് പറഞ്ഞപ്പോൾ എനിക്ക് ഒരു ഞടുക്കം തോന്നി. 330 ലക്ഷം രൂപ എന്ന് പറയുന്നത് മൂക്കിപ്പൊടി പോലുള്ള കാര്യമേയുള്ളൂ. അതുകൊണ്ട് ഒരു കാര്യവും നടപ്പാവുകയില്ല. എനിക്ക് പറയാനുള്ളത് ഞങ്ങൾക്ക് ആ 330 ലക്ഷം രൂപ വേണ്ട എന്നാണ്. കാരണം അതുകൊണ്ട് വലിയ പ്രയോജനം ഒന്നുമില്ല. ഇന്ന് ബാങ്കുകൾ കൃഷി വായ്പകൾക്ക് ഈടാക്കുന്ന പലിശ എന്ന് പറയുന്നത് 11%, 12%, 13% ഒക്കെയാണ്. ഈ ബാങ്കുകളിൽ നിന്ന് പണമെടുത്ത് ഗവൺമെന്റ് തന്നെ പ്രത്യേക കോർപ്പറേഷൻ പോലെ രൂപീകരിക്കണം. റിലയൻസിന് കിട്ടുന്ന പലിശ 5% ആണ്. ടാറ്റായ്ക്ക് കിട്ടുന്നത് അഞ്ചരയോ ആറോ ശതമാനമായിരിക്കും. പക്ഷേ പാവപ്പെട്ട ഒരു കൃഷിക്കാരനിൽ നിന്നും ഈടാക്കുന്ന പലിശ 11% വും 12-% വുമാണ്. ഇവിടത്തെ തേയില തോട്ടങ്ങൾ എല്ലാം നശിച്ചുപോയി. ഒരു കാലത്ത് അത് നല്ല രീതിയിൽ നല്ലതുപോലെ മാനേജ്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിരുന്നു. കൃഷിയുടെ പ്രിൻസിപ്പിൾ എന്താണെന്ന് വച്ചാൽ നമ്മൾ ഒരു ഗ്ലാസ് വെള്ളത്തിൽ ഉപ്പ് കലക്കുന്നതുപോലെയാണ്. ഉപ്പ് കലക്കി കലക്കി അവസാനം കലങ്ങാതെ വരും. പിന്നെ ആ വെള്ളമെടുത്ത് ഒന്നുകൂടി ചൂടാക്കിയിട്ട് കലക്കിയാൽ കുറച്ചുകൂടി ഉപ്പ് കലരും അതുകഴിഞ്ഞ് ബാക്കിയുള്ള ഉപ്പ് മാത്രമേ പുറത്തേയ്ക്ക് എടുക്കാൻ പാടുള്ളൂ. അതിന്റെയർത്ഥം മാക്സിമം ഇൻപുട്ട്സ് നമ്മൾ ഭൂമിയിലേയ്ക്ക് കൊടുത്തിട്ട് മാത്രമേ ലാഭം എടുക്കാൻ പറ്റുകയുള്ളൂ എന്നാണ്. ഇതിനുമുൻപ് പ്ലാന്റേഷനെല്ലാം നടത്തിയിരുന്ന ആളുകൾ അങ്ങനെയാണ് ചെയ്തത്. നമ്മുടെ പ്ലാന്റേഷൻ ഏരിയ എല്ലാം ഇന്ന് വടക്കേ ഇൻഡ്യയിലെ ആളുകൾ വന്ന് കയ്യടക്കിയിരിക്കുകയാണ്. അവർ ചെയ്യുന്നത് എന്താണെന്നുവച്ചാൽ കിട്ടുന്ന അവസരത്തിൽ അവിടെയുള്ള തടികളെല്ലാം വെട്ടിമുറിക്കുകയും അക്ഷരാർത്ഥത്തിൽ കുത്തിക്കീറുകയും ചെയ്തുകൊണ്ടിരിക്കുന്ന സമ്പ്രദായമാണ് നടപ്പിലാക്കുന്നത്. അപ്പോൾ ഈ പ്ലാന്റേഷൻ നിലനിൽക്കുമെന്ന് ആർക്കും ഒരു ധാരണയുമില്ലാതായിരിക്കുകയാണ്. പീരുമേട് തൊട്ട് എല്ലാ പ്രദേശങ്ങളിലും നോക്കുകയാണെങ്കിൽ നമ്മുടെ തോട്ടങ്ങളെല്ലാം നഷ്ടമായികൊണ്ടിരിക്കുകയാണ്. ഈ തോട്ടങ്ങളുടെ ഇംപ്രൂവ്മെന്റിനുവേണ്ടി അല്ലെങ്കിൽ, തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻവേണ്ടി വലിയ ക്യാപ്പിറ്റൽ വേണം. അപ്പോൾ ഇവിടെയാണ് ഈ വിരോധാഭാസം വരുന്നത്. ഫോറിൻ ഇൻവെസ്റ്റുമെന്റിന് ടാക്സ് 85 ശതമാനത്തിൽ നിന്നും 80 ശതമാനമാക്കി കുറച്ചു. അത് വലിയ ഒരു അനുഗ്രഹമായി തീർന്നു എന്നു കരുതേണ്ട. ഞാൻ ഫോറിനുവേണ്ടി വാദിക്കുകയൊന്നുമല്ല. കാരണം അങ്ങനെ ഒരു ഫോറിൻ ഇൻവെസ്റ്റുമെന്റ് ഇപ്പോൾ ഇല്ല. നേരത്തേ 75 ശതമാനം ഉണ്ടായിരുന്നപ്പോൾ, എല്ലാ ആളുകളും ഇൻഡ്യൻ കമ്പനികൾ ആയി രജിസ്റ്റർ ചെയ്തു കഴിഞ്ഞു. ഫോറിൻ കമ്പനിക്ക് 85 ശതമാനത്തിൽ നിന്നും 80 ശതമാനമാക്കി കുറച്ചു എന്ന് പറഞ്ഞാൽ ഇപ്പോൾ ഇവിടെ ഒരു ഫോറിൻ കമ്പനിയുമില്ല. ആരെങ്കിലും 85 ശതമാനം ടാക്സ് കൊടുത്ത് മുതൽ മുടക്കാൻ പോകുന്നോ? വ്യവസായങ്ങൾക്കും മറ്റു കാര്യങ്ങൾക്കുമെല്ലാം ഫോറിൻ ക്യാപ്പിറ്റൽ വേണമെന്നു പറയുന്നു. എന്തിനാണ് ഇപ്പോൾ ഒരു കപടനാടകം കളിക്കുന്നത്? ഒരു അപ്പിയറൻസിനുവേണ്ടി വെറുതെ കാര്യങ്ങൾ പറയുകയാണ്. നമുക്ക് നല്ല ക്യാപ്പിറ്റൽ എവിടെ നിന്നെങ്കിലും വന്ന് ഈ തോട്ടങ്ങളെല്ലാം ആധുനികവൽക്കരിക്കാൻവേണ്ടി ഒരേക്കറിന് രണ്ട് ലക്ഷം രൂപ, മൂന്ന് ലക്ഷം രൂപ വരെ മുടക്കിയെങ്കിൽ മാത്രമേ നമുക്ക് ഇത് സാദ്ധ്യമാവുകയുള്ളൂ.

കാർഷികാദായ നികുതി എന്നുപറയുന്നത് സത്യസന്ധമാക്കാൻ നമുക്ക് ഒറ്റ വാക്ക് മതി. കേന്ദ്രത്തിൽ എന്ത് ആദായ നികുതി വരുന്നുവോ-എന്ത് ഇൻകം ടാക്സ് വരുന്നുവോ അതുപോലെതന്നെ ഈ പ്ലാന്റേഷൻ വ്യവസായത്തെ അതുപോലുള്ള ഒരു വ്യവസായമായി കണക്കാക്കുകയാണ് വേണ്ടത്. കൃഷി ലാഭകരമായ ഒരു സംഗതിയല്ല വലിയ കാപ്പിറ്റൽ introduce ചെയ്തെങ്കിലേ പറ്റുകയുള്ളൂ. സെൻട്രൽ ഗവൺമെന്റിൽ എന്ത് ടാക്സ് scale ഐ.ടി. ക്ക് കൊടുക്കുന്നുവോ, ആ ടാക്സ് ഇവിടെയും ബാധകമാകും എന്നുപറഞ്ഞാൽ ഏറ്റവും നല്ല കാര്യമാണ്. അങ്ങനെയുള്ള കാര്യത്തിലേക്ക് നീങ്ങണമെന്ന് ഞാൻ പ്രത്യേകമായിട്ട് അഭ്യർത്ഥിക്കുകയാണ്. നമ്മുടെ സ്റ്റാമ്പ് ഡ്യൂട്ടിയുടെ കാര്യം പറഞ്ഞിരിക്കുന്നത് നാലിൽ നിന്ന് എട്ടര ശതമാനമാക്കി എന്നാണ്. ആകെ വരുമ്പോൾ ഒരു 15 ശതമാനം വരുന്നു. കരക്കിരുന്നു മീൻ പിടിക്കുന്നുവെന്ന് കേട്ടിട്ടുണ്ട്. സർക്കാർ ഇങ്ങനെ കരക്കിരിക്കുകയാണ്. ആരെങ്കിലും എന്തെങ്കിലും ക്രയവിക്രയം നടത്തിയെങ്കിൽ ഉടനെ 15 ശതമാനം തരണം,

LIBRARY ARCHIVES Kerala Legislative Assembly

ആരെങ്കിലും തരുമോ 15 ശതമാനം. സംഭവിച്ചത് എന്താണ്? സർക്കാരിന്റെ ഭാഗത്തുനിന്ന് ഭൂമി സംബന്ധിച്ച് വ്യക്തമായിട്ട് ഒരു പ്രൈസ് ഫിക്സ് ചെയ്യണമായിരുന്നു. ആ കാര്യം വരുമ്പോൾ എല്ലാവരും ഉഴപ്പിക്കളഞ്ഞു. ഇപ്പോൾ ഒരു പഞ്ചായത്തിൽ പറയുകയാണെങ്കിൽ, ഒരു സർവ്വേ നമ്പറിൽ തന്നെ വിലകൂടിയ ഭൂമി കാണും, വില കുറഞ്ഞ ഭൂമി കാണും. ലാന്റ് റിഫോംസ് ആക്ടിനകത്ത് നിങ്ങൾ ഒരു കമ്മിറ്റിയെ നിയോഗിച്ച് ലാന്റിന് വില ഫിക്സ് ചെയ്യൂ. അല്ലാതെ ഒന്നും അറിയാൻ വയ്യാത്ത, ഭൂമി എന്താന്നറിയാത്ത ഒരു തഹസീൽദാരെ നിയമിച്ചാൽ ശരിയാകില്ല. റവന്യൂ ഉദ്യോഗസ്ഥൻമാരെ വച്ച് ഭൂമിയുടെ വില നിശ്ചയിച്ചാൽ ശരിയാകില്ല. ഒരു പ്രദേശത്തെ പഞ്ചായത്തോ മറ്റ് ആൾക്കാരോ അല്ലെങ്കിൽ ബന്ധപ്പെട്ട ഒരു ജനകീയ കമ്മിറ്റിയോ ഈ ഭൂമിയുടെ വില ഫിക്സ് ചെയ്താൽ നിങ്ങൾക്ക് യഥാർത്ഥമായ വില കിട്ടും. ആ വിലയ്ക്ക് നിസ്സാരമായ ഒരു ടാക്സ് കിട്ടുകയാണ് വേണ്ടത്. നിങ്ങൾ 15 ശതമാനം മേടിക്കാൻ ഇരിക്കുകയാണ്. ആരും തരാൻ പോകുന്നില്ല. ഇതിന് കോടതിയും മറ്റു മാർഗ്ഗങ്ങളൊക്കെയുണ്ട്. നിയമപരമായിട്ട് ഒരാൾ ഇത്ര വിലയ്ക്ക് ഭൂമി കൊടുത്തു എന്നുപറഞ്ഞാൽ ഒന്നും ചെയ്യാൻ ഒക്കില്ല. ഞങ്ങൾക്കൊക്കെ തമിഴ്നാട്ടിലെ കാര്യം വ്യക്തമായിട്ട് അറിയാമെന്നുള്ളതുകൊണ്ട് പറയുകയാണ്, അവിടെ ചെന്നുകഴിഞ്ഞാൽ ഭൂമിക്ക് ഇത്ര രൂപ ഇല്ലാതെ രജിസ്റ്റർ ചെയ്യാനൊക്കില്ല. അങ്ങനെ ഒരു നിബന്ധന വയ്ക്കും. അതല്ലാതെ സ്റ്റാമ്പ് ഡ്യൂട്ടി പതിനഞ്ചര ശതമാനം ആക്കിക്കൊടുത്തത്-ഇത് നടപ്പില്ലാത്ത കാര്യമാണ്. തീർച്ചയായിട്ടും സ്റ്റാമ്പ് ഡ്യൂട്ടിയിൽ 300 കോടി രൂപ, കുറേപേർ കളിപ്പിച്ചു. കാരണം അതിന്റെ രജിസ്ട്രേഷൻ ഓഫീസർമാരാണ് ഇതിനെല്ലാം പ്രധാന കാരണക്കാർ. അവർക്ക് ഇത്തിരി കൈക്കൂലി കൊടുത്താൽ അവർ വില താഴ്ത്തിവയ്ക്കും. അങ്ങനെയുള്ള ഒരവസ്ഥ വരാതിരിക്കാനായി ഭൂമി സംബന്ധിച്ച് ഫിക്സഡായിട്ടുള്ള ഒരു വില നിശ്ചയിച്ചു വേണം മറ്റു കാര്യങ്ങൾ മുന്നോട്ടുപോകാൻ. അല്ലെങ്കിൽ യാതൊരു കാരണവശാലും നമുക്ക് ഇതുകൊണ്ട് പ്രയോജനം ഉണ്ടാകുകയില്ല. പതിനായിരം ഹെക്ടർ ഭൂമിയിൽ റൈസ് കൾട്ടിവേഷൻ നടത്തും അതുകൊണ്ട് തൊഴിലവസരം ഉണ്ടാകും എന്നുപറയുന്നു. ഞാൻ ക്രിട്ടിക്കലായിട്ടു പറയുകയല്ല, തീർച്ചയായിട്ടും ശ്രീ. വക്കം അത് മനസ്സറിഞ്ഞ് എഴുതി കാണുകയില്ല. അതിനുള്ള പ്രൊപ്പോസൽസ് വന്നതുകൊണ്ട് അതിൽ ഉൾപ്പെടുത്തി എന്നുമാത്രമേയുള്ളൂ. ഒന്നും പ്രായോഗികമല്ല. പാലക്കാട്ട് നെൽകൃഷിക്കാരുടെ കാര്യം പറയുകയാണെങ്കിൽ ഇപ്പോൾ നെല്ല് കെട്ടിക്കിടക്കുകയാണ്. നെല്ല് എടുക്കാൻപോലും പറ്റുന്നില്ല. അതിനിടയ്ക്ക് അഭ്യസ്തവിദ്യരായ ആൾക്കാരെക്കൊണ്ട് കൃഷിചെയ്യിപ്പിക്കാം എന്നുപറയുന്നത് അബദ്ധജടിലമാണ്.

<u>ശ്രീ. എ. എൻ. രാജൻ ബാബു:</u> ഇവിടെ കാർഷിക രംഗത്ത് വികസന പരിപാടി സാദ്ധ്യമല്ല എന്ന തരത്തിൽ പറയുന്നു. പക്ഷെ അങ്ങനെയല്ല. ഇന്ന് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നതും തുടങ്ങിക്കഴിഞ്ഞതുമായ ഒരു പദ്ധതിയാണ് സെൽഫ് ഹെൽപ്പ് ഗ്രൂപ്പ് പദ്ധതി. അഞ്ചു സെന്റ് ഭൂമിവരെയുള്ളവർ ആ സെൽഫ് ഹെൽപ്പ് ഗ്രൂപ്പിൽ ഉണ്ട്. അവർക്ക് പാട്ടത്തിനും സ്ഥലം എടുക്കാം. 50,000 രൂപാവീതം ഓരോരുത്തർക്കും ഈടില്ലാതെ വായ്പ കൊടുക്കുന്നുണ്ട്. അഞ്ചര ലക്ഷം രൂപവരെ ഈടോടുകൂടിയ സെൽഫ് ഹെൽപ്പ് ഗ്രൂപ്പുകൾ കേരളത്തിൽ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു എന്ന കാര്യം അങ്ങേയ്ക്കറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോർജ് ജെ. മാത്യു: ശ്രീ. രാജൻ ബാബു പറയുന്നത് നല്ല കാര്യമാണ്, നടക്കുമെന്നുണ്ടെങ്കിൽ ഏറ്റവും നല്ല കാര്യമാണ്-നടക്കട്ടെ. അതുകൊണ്ട് യാതൊരു കുഴപ്പവും ഇല്ലെന്നാണ് എനിക്ക് പറയാനുള്ളത്. മറ്റൊരു കാര്യം കഴിഞ്ഞ ദിവസങ്ങളിൽ സ്പൈസസ് ബോർഡിന്റെ ചെയർമാൻ കൂറേ പ്രഖ്യാപനങ്ങൾ നടത്തുന്നതായി പത്രത്തിൽ കാണുകയുണ്ടായി. പത്രത്തിൽ പറഞ്ഞിരിക്കുന്നത് അദ്ദേഹമാണ് വാനിലയുടെ വില നിശ്ചയിക്കുന്നതും, ലോക കമ്പോളത്തിൽ അതിന്റെ വിലകളെപ്പറ്റിയുള്ള കാര്യങ്ങൾ തീരുമാനിക്കുന്നതും എന്നാണ്. ഞാൻ അദ്ദേഹം പറഞ്ഞ കാര്യങ്ങൾ പത്രങ്ങളിൽ വന്ന കട്ടിംഗ് സഹിതം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നൽകിയിട്ടുണ്ട്. ഇത് കൃഷിക്കാർക്ക് യാതൊരു സഹായകരവുമല്ലാത്ത നിലപാടാണെന്ന് കാണിച്ച് ഒരു ഫയൽ മുഖ്യമന്ത്രിക്ക് കൊടുത്തിരുന്നു. തീർച്ചയായിട്ടും അദ്ദേഹം ഒരു കാരണവശാലും കൃഷിക്കാർക്ക് അനുകൂലമായിട്ടുള്ള നിലപാടല്ല സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അദ്ദേഹത്തിന്റെ ടേം എക്സ്റ്റന്റ് ചെയ്തു കിട്ടാനായിട്ട് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് കൃഷിക്കാരെ സംബന്ധിച്ചിടത്തോളം യാതൊരു ഗുണവുമില്ല. അതുകൊണ്ട് ഞാൻ ഒരിക്കൽ കൂടി പറയട്ടെ; വളരെ യാഥാർത്ഥ്യ ബോധത്തോടുകൂടിയുള്ള ബഡ്ജറ്റാണ് ബഹുമാന്യനായ ധനകാര്യമന്ത്രി അവതരിപ്പിച്ചിരിക്കുന്നത്. അദ്ദേഹം വളരെ നല്ല രീതിയിൽ കാര്യങ്ങൾ പ്രസന്റ് ചെയ്തിട്ടുണ്ട്. ഇതുവരെ ഇവിടെ പ്രസംഗിച്ച ആൾക്കാർ ആരും ബഡ്ജറ്റിനെക്കുറിച്ച് എതിർപ്പ് പറഞ്ഞിട്ടില്ല. എനിക്കറിയില്ല ഡോ. തോമസ് ഐസക് എന്താണ് പറയാൻ പോകുന്നത് എന്ന്. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ എന്തെങ്കിലും പറയും. ഏതായാലും ഒരിക്കൽ കൂടി ഞാൻ ധനമന്ത്രിയെ ബഡ്ജറ്റിന്റെ കാര്യത്തിൽ അഭിനന്ദിച്ചുകൊണ്ട്, സപ്പോർട്ട് ചെയ്തുകൊണ്ട്, എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ഡോ. തോമസ് ഐസക്: സർ, 2001-2002 ലെ റിവൈസ്ഡ് ബഡ്ജറ്റടക്കം 5 ബഡ്ജറ്റുകൾ ഈ സർക്കാർ ഈ നിയമസഭയിൽ അവതരിപ്പിച്ചിട്ടുണ്ട്. ഈ ബഡ്ജറ്റുകളിലെ നയങ്ങളെക്കുറിച്ച് ശക്തമായ വിമർശനം ഞങ്ങൾ ഈ സഭയിൽ ഉന്നയിച്ചിട്ടുമുണ്ട്. ആ വിമർശനങ്ങൾ ഈ നാട്ടിലെ മഹാഭൂരിപക്ഷം ജനങ്ങളും അംഗീകരിക്കുന്നു എന്നുള്ളതാണ് കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിന്റെ ഫലം. ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജറ്റിന്റെ സ്ഥിതി എന്താണെന്നുവച്ചാൽ അതിനുള്ള പ്രതികരണങ്ങൾ ശ്രദ്ധിച്ചുകഴിഞ്ഞാൽ യു.ഡി.എഫ്. ഒറ്റപ്പെടൽ ഈ ബഡ്ജറ്റ്മൂലം കൂടുതൽ ശക്തമായിരിക്കുകയാണ്. ടെലിവിഷനിൽ എല്ലാം വന്ന പ്രതികരണം ശ്രദ്ധിച്ചാൽ ഒരു സംഘടിത ഗ്രൂപ്പിനുപോലും ജീവനക്കാരുടേതാവട്ടെ, കൃഷിക്കാരുടേതാവട്ടെ, ചേമ്പേഴ്സ് ഓഫ് കോമേഴ്സിന്റേതാകട്ടെ ഈ ബഡ്ജറ്റിനെക്കുറിച്ച് നല്ലതുപറയാൻ ഉണ്ടായില്ല. എന്തുകൊണ്ട് ഇത് സംഭവിച്ചു എന്നുള്ളത് ധനകാര്യമന്ത്രി ഒന്ന് ചിന്തിക്കേണ്ടതുണ്ട്. ഇത് വായിച്ചിട്ടുള്ള നമ്മുടെ ബഹുമാന്യരായിട്ടുള്ള യു.ഡി.എഫ്.-ലെ അംഗങ്ങൾ പോലും ശക്തമായിട്ട് പ്രതികരിച്ച് ഞാൻ കേട്ടു. കാരണം ശ്രീ. ജോർജ് ജെ. മാത്യു പറഞ്ഞതിന് നേരെ വിപരീതമാണ്. യാഥാർത്ഥ്യബോധം പോരാ. മുഖ്യമന്ത്രിയുടെ പ്രതികരണത്തിനുശേഷം സാർവ്വത്രികമായിട്ട് വരുന്ന ഒരു പ്രയോഗമുണ്ട്. പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് യാഥാർത്ഥ്യബോധത്തോടുകൂടിയുള്ള ബഡ്ജറ്റ് എന്ന്. പരിമിതികൾ ഏറെയുണ്ട്.

അതൊന്നും ഞങ്ങൾ നിഷേധിക്കുന്നില്ല. ആര് ഭരിച്ചാലും എൽ.ഡി.എഫ്. വന്നാലും ഈ പരിമിതികൾക്കുള്ളിൽ നിന്നേ ഭരിക്കാൻ പറ്റൂ. പക്ഷെ യാഥാർത്ഥ്യ ബോധമുണ്ടോ? ഞാൻ ഇവിടെ ഒരു ചോദ്യം ചോദിക്കുകയാണ്. നമുക്കെല്ലാവർക്കും യോജിച്ച് ഒരു ഉത്തരത്തിൽ എത്തിച്ചേരാം. ഈ സംസ്ഥാനം ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രശ്നം എന്താണ്, വെല്ലുവിളി എന്താണ്? ഞാൻ പറയുന്നു നമ്മുടെ സംസ്ഥാനത്ത് 45 ശതമാനത്തോളം ജനങ്ങൾ ഉപജീവനം നടത്തുന്ന കാർഷിക മേഖലയുടെ തകർച്ചയാണ്. എക്കണോമിക് റിവ്യൂവിൽ കഴിഞ്ഞ ഒരു അഞ്ചു വർഷക്കാലത്തെ കണക്ക് കൊടുത്തിട്ടുണ്ട്. ഒരു വർഷം ഒഴിച്ച് ബാക്കിയെല്ലാം മൈനസാണ്. 1999-2000-ൽ 12,221 കോടി രൂപയാണ് കാർഷിക മേഖലയുടെ വരുമാനം. ഇന്ന് നിങ്ങളുടെ ഭരണം നാല് വർഷം പിന്നിടുമ്പോൾ സാമ്പത്തിക സർവ്വേയിൽ കണക്കുപ്രകാരം അത് 10,000 കോടി രൂപയേയുള്ളൂ. ഞാൻ കോസ്റ്റ് ആന്റ് ഫ്രൈസിൽ അല്ല, കറണ്ട് ഫ്രൈസിലാണ് പറയുന്നത്. 1930-കളിലെ സാമ്പത്തിക തകർച്ചയ്ക്കു ശേഷം കേരളത്തിലെ കാർഷിക മേഖല ഇതുപോലെ ഒരു തകർച്ച നേരിട്ടിട്ടില്ല. Absolute decline ആണ്. ഇത് നമ്മുടെ കാർഷിക മേഖലയുടെ ഒരു generalised species എന്നുപറയാം. സാധാരണ ഗതിയിൽ കാർഷിക പ്രതിസന്ധി എന്നുപറയുമ്പോൾ മെച്ചപ്പെടുന്ന ചിലരുണ്ട്, തകരുന്ന വേറെ ചിലരുണ്ട്. ഇന്നത്തെ ഈ പ്രതിസന്ധിയുടെ സ്വഭാവം എന്താ, കാർഷിക മേഖല മൊത്തത്തിൽ എടുത്തുകഴിഞ്ഞാൽ വലിയ തോതിലുള്ള വരുമാന തകർച്ച വന്നിരിക്കുന്നു. അതിന്റെ കണക്കുകളിലേക്ക് ഞാൻ കടക്കുന്നില്ല. വിലയിടിവുണ്ടാകാം, വരൾച്ചയുണ്ടാകാം ഇതൊക്കെയാണെങ്കിലും ഇതെല്ലാം കൂടിച്ചേരുമ്പോൾ ആത്യന്തിക ഫലം ഇതാണ്. മറ്റൊരു പത്തു ശതമാനം പേർ ഉപജീവനം നടത്തുന്ന മേഖലയാണ് പരമ്പരാഗത വ്യവസായം. ഈ കാർഷിക മേഖലയെക്കുറിച്ചു പറഞ്ഞതുപോലെ കണക്ക് വയ്ക്കാൻ പറ്റില്ല. അവിതർക്കിതമാണ്, ഈ മേഖലയിലെ വരുമാനം ഇടിഞ്ഞിരിക്കുന്നു.

നമ്മുടെ വരുമാനത്തിന്റെ 20 ശതമാനം പണം ഈ ബഡ്ജറ്റ് വഴി ചെലവാക്കുകയാണ്. അപ്പോൾ ഒരു മുൻഗണന നമുക്ക് വേണ്ടേ? പരിമിതികൾ ഉണ്ട്. പരിമിതികൾ ഉള്ളതുകൊണ്ടാണ് ആസൂത്രണം വേണ്ടിവരുന്നത്. ഏത് ആദ്യം വേണം, ഏത് രണ്ടാമത് വേണം എന്നറിയണം. എല്ലാംകൂടി ചെയ്യാൻ കഴിയില്ല. ഈ പ്രതിസന്ധിയെനേരിടുന്ന കാർഷിക മേഖലയ്ക്ക് എത്രയാണ് ബഡ്ജറ്റിൽ നീക്കിവയ്ക്കുന്നത്. ഞാൻ വാർഷിക പദ്ധതിയാണ് എടുക്കുന്നത്. അതിലാണ് എല്ലാ പുതിയ സ്കീമുകളും പ്രോജക്ടുകളും വരുന്നത്. മറ്റേത് ആവർത്തനച്ചെലവുകൾ ആണ്. യു.ഡി.എഫിന്റെ കാർഷിക മേഖലയിലെ ചെലവ് ഞാൻ അഞ്ചു വർഷത്തേയും തുടർച്ചയായി വായിക്കുകയാണ്. എഴുപത്തിമൂന്നു കോടി, എൺപത്തിയഞ്ചു കോടി, എൺപത്തിയഞ്ചു കോടി, അറുപത്തിയെട്ടു കോടി, എൺപത്തിനാലു കോടി, ഈ വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് ശരാശരി എടുത്താൽ എഴുപത്തിനാലു കോടി രൂപയാണ് കാർഷിക മേഖലയ്ക്കുവേണ്ടി ചെലവഴിക്കുന്നത്. 10-ാം പദ്ധതിയിൽ 74 കോടി രൂപ വീതമാണെങ്കിൽ 9-ാം പദ്ധതിയിൽ 78 കോടി രൂപയാണ് നാല് കോടിരൂപ കൂടുതലാണ്. നാലല്ലേ കുറഞ്ഞുള്ളൂ എന്ന് പറഞ്ഞേക്കാം. പക്ഷെ മനസ്സിലാക്കേണ്ടത് 9-ാം പദ്ധതിയുടെ വാർഷിക അടങ്കൽ ശരാശരി 2920 കോടി രൂപയാണ്. 10-ാം പദ്ധതിയുടേത് 4340 കോടി രൂപയാണ്. 9-ാം പദ്ധതിയുടെ വാർഷിക അടങ്കലിന്റെ 2.6 ശതമാനം കാർഷിക മേഖലയ്ക്കായിരുന്നുവെങ്കിൽ ഇന്ന് കാർഷിക മേഖലയ്ക്ക് 1.7 ശതമാനം മാത്രമേയുള്ളൂ. കൃഷിയും അനുബന്ധ മേഖലയും എടുത്താൽ, 9-ാം പദ്ധതിയിൽ 7.23

LIBRARY ARCHIVES Kerala Legislative Assembly

ശതമാനം നീക്കിവച്ചുവെങ്കിൽ ഇന്ന് ഇപ്പോൾ 4.84 ശതമാനം മാത്രമേയുള്ളൂ. ഇതാണോ കാർഷിക മേഖലയ്ക്ക് ഈ സംസ്ഥാനം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയോട് നമ്മൾ നടത്തേണ്ട പ്രതികരണം. കാർഷിക മേഖലയുടെ പ്രാധാന്യത്തെക്കുറിച്ച് ഒരാൾക്കും തർക്കം ഉണ്ടെന്ന് തോന്നുന്നില്ല. ഏറ്റവും രൂക്ഷമായ പ്രതിസന്ധിയെ നേരിടുന്നുവെന്ന് നമ്മൾക്കെല്ലാപേർക്കും അംഗീകരിക്കാവുന്ന കാര്യമാണ്. ഓരോ വർഷം കഴിയുന്തോറും നമ്മുടെ വാർഷിക പദ്ധതിയിൽ എത്ര എത്ര ശതമാനം--, ശതമാനം ചോദിക്കുന്നതെന്താ? അതാണ് മുൻഗണന നിശ്ചയിക്കുന്നത്. അബ്സലൂട്ട് എമൗണ്ട് അല്ല. മത്സ്യ മേഖലയെക്കുറിച്ച് പറയുന്നുണ്ട്, ഓരോ വർഷത്തേയും കണക്ക് വായിച്ച് ഞാൻ നിങ്ങളെ ബുദ്ധിമുട്ടിക്കുന്നില്ല. മത്സ്യമേഖലയെടുത്തുകഴിഞ്ഞാൽ ഇരുപത്തിയഞ്ചു കോടിയേ പ്ലാനിലുള്ളൂ. 9-ാം പദ്ധതിയിലോ ഒരു ശതമാനം, 9-ാം പദ്ധതിയിൽ മുടക്കിയതിനേക്കാൾ 45 ശതമാനം കുറവാണ്. അപ്പോൾ ഇതാണ് നിങ്ങളുടെ പരിപാടി. നമ്മുടെ വികസന പ്രവർത്തനങ്ങളിൽ, നമ്മുടെ ബഡ്ജറ്റിൽ നാം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിക്ക് നൽകുന്ന മുൻഗണന, ചിലർ പറയും കാർഷിക മേഖലയിൽ ഇപ്പോൾ പണം മുടക്കുന്നത് പഞ്ചായത്താണെന്ന്. ആയിരത്തോളം വീടുകൾ താഴോട്ട് നല്കുന്നുണ്ട്. അതുകൊണ്ട് നിങ്ങൾ ഈ തുക മാത്രമെടുത്ത് പറഞ്ഞാൽ പോരായെന്ന് പറയും. അതിന്റെ കണക്ക് എന്റെ കയ്യിലുണ്ട്. ജനകീയാസൂത്രണക്കാലത്ത് 40 ശതമാനം ഫണ്ടെങ്കിലും പ്രൊഡക്ടീവ് സെക്ടേഴ്സിനു വേണമെന്നുണ്ടായിരുന്നു. അതിൽ എസ്.സി.പി., റ്റി. എസ്.പി., നഗര മേഖലകളിൽ ഇളവ് നൽകിയതിന്റെ ഫലമായി 35 ശതമാനമായിരുന്നു പ്രോഡക്ടീവ് സെക്ടേഴ്സിന്. അതിൽ ഏതാണ്ട് 65 ശതമാനം പഞ്ചായത്തിന് നൽകുന്നു. പഞ്ചായത്തിന് നൽകുന്ന പ്ലാൻ ഫണ്ടിന്റെ ഇരുപത് ശതമാനത്തോളം കാർഷിക മേഖലയ്ക്ക്. എന്നുവച്ചാൽ, സംസ്ഥാന ബഡ്ജറ്റിന്റെ ഇരട്ടിയോളം പഞ്ചായത്ത് കാർഷിക മേഖലയ്ക്ക് വേണ്ടി മുടക്കിയെന്നാണ് സർക്കാരിന്റെ കണക്ക്. 2003-2004-ലെ ഇക്കണോമിക് റിവ്യൂ ഞാൻ നോക്കി, ഉൽപ്പാദന മേഖലകൾക്ക് തന്നെ പഞ്ചായത്ത് നൽകുന്ന പണത്തിന്റെ 17 ശതമാനമേ മുടക്കുന്നുള്ളൂ. അതിൽ കാർഷിക മേഖലയെടുത്താലും ഒരു പത്തു ശതമാനം, ഈ കാർഷികമേഖലയിലെ പൊതു നിക്ഷേപത്തിൽ ഡയറക്ടായിട്ടുള്ള വളരെ വിസ്മയകരമായി ഞെട്ടിപ്പിക്കുന്ന ഇടിവ് കഴിഞ്ഞ വർഷങ്ങളിൽ വന്ന് ചേർന്നിരിക്കുകയാണ്. യാഥാർത്ഥ്യത്തെ അംഗീകരിച്ചേ പറ്റൂ. ഞാൻ വേറെ സ്കീമിലേക്ക് ഒന്നും കടക്കുന്നില്ല. ഏതു സ്കീമും എന്തു പ്രഖ്യാപനമുണ്ടെങ്കിലും കൊടുക്കാനായി ഇത്രയേയുള്ളൂ. ആകെയുള്ള ഒരു വെള്ളിരേഖ എന്താണെന്നറിയാമോ? യു.പി.എ. സർക്കാർ വന്നതിനുശേഷം കാർഷിക മേഖലയ്ക്ക് മുൻഗണന നൽകുന്നുണ്ട്. അതുകൊണ്ട് സെൻട്രലി സ്പോൺസേർഡ് സ്കീം എടുത്തുകഴിഞ്ഞാൽ, മാക്രോ മാനേജുമെന്റ് സ്കീമുകൾ എന്നെല്ലാം പറഞ്ഞ് 149 കോടി രൂപ വരുന്നുണ്ട്. യു.പി.എ. സർക്കാർ മുൻഗണനയിൽ വരുത്തിയ മാറ്റം പോലും, ഈ ലോകസഭാ തെരഞ്ഞെടുപ്പിൽ നാട്ടിലെ മുഴുവൻ ജനങ്ങളും ഒരു തിരിച്ചടി നിങ്ങൾക്ക് തന്നിട്ട്, ചിന്തിക്കാൻ നിങ്ങൾക്ക് ആകുന്നില്ലല്ലോ. പരമ്പരാഗത വ്യവസായ മേഖലയ്ക്ക് അറുപത്തിയൊൻപത് കോടി രൂപ പ്രതിവർഷം 9-ാം പദ്ധതിയിൽ ചെലവാക്കിയിരുന്നെങ്കിൽ, ഇന്ന് അറുപത്തിയാറ് കോടിയേയുള്ളൂ. ഒൻപതാം പദ്ധതിയുടെ 2.37 ശതമാനം പരമ്പരാഗത വ്യവസായങ്ങൾക്കായിരുന്നെങ്കിൽ 10-ാം പദ്ധതിയിൽ 1.53 ശതമാനം മാത്രമേയുള്ളൂ. കയർ വ്യവസായത്തിനാകെ പതിനേഴര കോടി രൂപയാണ്. വാർഷിക പദ്ധതിയിൽ, വേറെ നോൺ പ്ലാനിൽ ചിലതൊക്കെ ഉണ്ടാകാം. വാർഷിക പദ്ധതിയിൽ ചെലവാക്കാൻ വേണ്ടി നിങ്ങളുടെ മനസ്സിൽ വല്ല സ്കീമും ഇരുപ്പുണ്ടെങ്കിൽ അത് എനിക്ക് അറിയില്ല. നിങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

മനസ്സിലേയുള്ളൂ. ഞെട്ടിപ്പിക്കുന്ന ഒരു കാര്യമെന്തെന്നറിയാമോ? ഈ കയർ വ്യവസായത്തിന്റെ സംഘടനയെന്നു പറയുന്നത് സഹകരണ മേഖലയാണ്, എത്രയുണ്ട്? രണ്ടു സ്കീമുകളിലായിട്ട് ഒരു കോടി ഇരുപത് ലക്ഷം. എൻ.ഡി.എ.-യുടെ ഒരു മൂന്നു കോടി രൂപയുണ്ട്. ഐ.സി.ഡി.പി. ഫൈബർ മിൽ തുടങ്ങാനുള്ള ഒന്നുണ്ട്. ഇതല്ലാതെ വേറെ വല്ലതും ഉണ്ടോ? അതേ സമയം സ്വാശ്രയ സംഘങ്ങൾക്ക് ഒന്നരക്കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നമ്മുടെ വലിയ അസറ്റാണ് ഈ സഹകരണ സംഘങ്ങളെന്നു പറഞ്ഞുകഴിഞ്ഞാൽ അതിൽ അൺവയബിൾ ആയിട്ടുള്ളത് ഉണ്ടാകാം. അത് മാറ്റിനിറുത്താം. ആദ്യമുള്ളവയ്ക്ക് ഒരു വർക്കിംഗ് ക്യാപ്പിറ്റൽ നൽകിക്കഴിഞ്ഞാൽ അവർക്ക് ഈ പണിയറിയാവുന്നതുകൊണ്ട് അത് ഉപയോഗിച്ച് അവർചെയ്യും. ഈ നിയമസഭയിൽ കഴിഞ്ഞ മൂന്നു വർഷമായിട്ട് തുടർച്ചയായി തൊണ്ട് ശേഖരണം, അതിന് ഏജൻസി, കുടുംബശ്രീ ഉപയോഗിച്ച് പറ്റുമോയെന്ന് ഞാൻ നോക്കാറുണ്ട്. നമ്മുടെ ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടിയിൽ നിന്ന് ഒരു ഇരുപത്തിയഞ്ചു കോടി രൂപ മാറ്റാൻ പറ്റുമോ? എന്തുകൊണ്ടാണ്? ഇവർ പരമ ദരിദ്രരാണ്. ഈ പരമ ദരിദ്രരായിട്ടുള്ള ആളുകൾക്ക് തൊണ്ട് ശേഖരിക്കുന്നതിന് നിങ്ങൾ തൊണ്ടിന് 15 പൈസയോ, ഇരുപത് പൈസയോ സബ്സിഡി നൽകിക്കഴിഞ്ഞാൽ ആ തൊണ്ട് ചകിരിയാകും. ആ ചകിരി കയറാകും, ആ കയർ കയറുൽപ്പന്നമാകും. ഓരോ സ്റ്റേജിലുമുള്ള വാല്യൂ അഡിഷൻ മൂന്നോ, നാലോ മടങ്ങ്. ഇത്തരത്തിലുള്ള സബ്സിഡി ഏത് സാമ്പത്തിക നീതി വച്ചിട്ടും ശാസ്ത്രം വച്ചിട്ടും അനുവദനീയമാണ്, അംഗീകരിക്കാവുന്നതാണ്. ഇപ്പോൾ ഈ മേഖലയിൽ മുൻഗണനയെന്ത്? ഈ പരമ്പരാഗത വ്യവസായങ്ങൾ മത്സ്യ മേഖല, കാർഷിക മേഖല, നമ്മളെല്ലാപേരും തകർച്ചയിലേക്ക് വരുന്നുവെന്ന് പറയുന്ന ഈ മേഖലകളോടുള്ള പൂർണ്ണമായിട്ടുള്ള അവഗണനയാണ് ഈ ബഡ്ജറ്റുകൾ എന്നുപറയുന്നത്. ഇതാണ് നിങ്ങളുടെ അടിസ്ഥാന പ്രശ്നം. ഇങ്ങനെ ഈ മേഖലകൾ തകരുമ്പോൾ കേരളത്തിലെ അറുപത് ശതമാനം ജനങ്ങൾ ഉപജീവനം നടത്തുന്ന മേഖലകളുടെ വരുമാനം, ഇക്കണോമിക് റവന്യൂ റിപ്പോർട്ട് പ്രകാരംതന്നെ കുറഞ്ഞുകൊണ്ടിരിക്കുമ്പോൾ നമ്മുടെ മൊത്തത്തിലുള്ള സാമ്പത്തിക വളർച്ച മോശമല്ല. പ്രധാനമന്ത്രി പറഞ്ഞത് ശരിയാണ്. ആറര ശതമാനം, നാളെ ഏഴര ശതമാനമായേക്കാം. എവിടെയാണ് ഈ വളർച്ച. സേവന മേഖലയിൽ ഈ പെട്ടിക്കടക്കാരേയും ബാക്കിയുള്ളവരേയും മാറ്റിനിർത്തിക്കഴിഞ്ഞാൽ ഈ സാമ്പത്തിക വളർച്ചയെന്നുപറയുന്നത് ഒരു ഇരുപത് ശതമാനം ജനങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള സാമ്പത്തിക വളർച്ചയാണ്. അറുപത് ശതമാനം ജനങ്ങളുടെ വരുമാനമിടിയുകയും ഇരുപത് ശതമാനം ജനങ്ങളെ ആസ്പദമാക്കിയുള്ള വളർച്ച, അതിനെ ഈന്നിക്കൊണ്ടുള്ള വികസന തന്ത്രമാണ് പ്രഖ്യാപനങ്ങളുടെ ഈ ബഡ്ജറ്റിലുള്ളത്. ആർക്കാണ് മുൻഗണന. ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ ഈ നിയമസഭയിൽ കാസർകോഡുള്ള എം.എൽ.എ.-മാർ പ്ലക്കാർഡ് പിടിച്ചിരുന്നു. ഞങ്ങളുടെ ജില്ലാആശുപത്രിയിൽ പോസ്റ്ററില്ല. നാനൂറ് ബഡ്ഡുള്ള കെട്ടിടം ജില്ലാ പഞ്ചായത്തും എല്ലാം കൂടി തയ്യാറാക്കിയിരിക്കുന്നു. എന്നാൽ ആവശ്യത്തിന്റെ നാലിലൊന്നുപോലും സ്റ്റാഫിനെ അനുവദിച്ചിട്ടില്ല. ഇവിടെ ഒരുപാട് പ്രഖ്യാപനങ്ങൾ വന്നു. ഞാൻ അതിന്റെ മെറിറ്റിലേക്ക് കടന്ന് ഒന്നും പറയുന്നില്ല. പക്ഷെ ബഹുമാനപ്പെട്ട മന്ത്രി ഒരു നിമിഷമിരുന്നിട്ട് ഈ പുതിയ പ്രഖ്യാപനങ്ങൾ, കാസർകോഡ് ജില്ലയിൽ താലൂക്ക് ആശുപത്രി, ഈ പിന്നോക്ക പ്രദേശത്ത് ജില്ലാ ആശുപത്രി ഏതിനാണ് മുൻഗണന നൽകേണ്ടത് എന്ന് ഒന്ന് ചിന്തിച്ചിട്ട് പറയൂ.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ പറഞ്ഞ നിർദ്ദേശങ്ങൾക്കാണ് മുൻഗണന വേണ്ടത്. ജില്ലാ ആശുപത്രിക്കല്ല. ഇതാണ് യാഥാർത്ഥ്യബോധമില്ല എന്നു ഞാൻ പറയുമ്പോൾ വിവക്ഷിച്ചത്. കുടിവെള്ളത്തിന്റെ കാര്യം. ഞാനിപ്പോൾ ഓരോരോ കാര്യങ്ങൾ എടുത്തിട്ട് ഇങ്ങനെ ഒരു പരിശോധനയിലേക്ക് നിങ്ങുന്നില്ല. ഞാൻ പറഞ്ഞുവന്നത് ഈ സമീപനത്തെ ഞങ്ങൾ എതിർക്കും. നിങ്ങളും ഞങ്ങളും തമ്മിലുള്ള വ്യത്യാസമാണത്. നാട്ടിൽ സാമ്പത്തിക പുരോഗതി വേണം. അതിന് ശക്തമായി സർക്കാർ ഇടപെടണം. സർക്കാർ ഇടപെടുമ്പോൾ കൃഷി, പരമ്പരാഗത വ്യവസായങ്ങൾ, മത്സ്യമേഖല എന്നിവയിലൊക്കെ ഇവിടെ പരമാവധി നിക്ഷേപം വർദ്ധിപ്പിക്കുന്ന സമീപനം ഞങ്ങൾ കൈക്കൊള്ളുമെന്ന് പറയുന്നു. നിങ്ങളുടെ കൈക്കൊള്ളലിന്റെ ഫലമെന്താണ്! ഇവ തകരുന്നു. താഴേക്കുപോകുന്നു. താഴേക്കുപോകുമ്പോൾ ബഡ്ജറ്റിൽ ഒന്നു ചെയ്യുന്നുണ്ട് safety net. കുടുംബശ്രീയിൽ ആയിരക്കണക്കിന് പതിനായിരക്കണക്കിന് ലക്ഷക്കണക്കിന് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നു എന്നു പറയുമ്പോൾ ഒരു sustainability problem ഉണ്ട്. അത് മാർക്കറ്റ് ചെയ്യപ്പെടണം. ഇത്ര വിപുലമായ സൂക്ഷ്മ തൊഴിൽ സംരംഭങ്ങളുടെ വിപണനത്തിനാവശ്യമായിട്ടുള്ള ഒരു സംവിധാനത്തെക്കുറിച്ച് കാഴ്ചപ്പാട് ഉണ്ടോ? ഞാൻ അതിന്റെ വിമർശനങ്ങളിലേക്ക് പോകുന്നില്ല. പക്ഷേ എന്താണ് ഏറ്റവും നല്ല Safety net. ഈ പരമദരിദ്രരായ ഇവർക്കു കയറുപിരിക്കാൻ അറിയാം, നെയ്യാനറിയാം, ബീഡി തെറുക്കാനറിയാം കൃഷിപ്പണി അറിയാം. അവർക്ക് കഴിയുന്ന, അവർക്ക് ഉതകുന്ന പണി എടുക്കാൻ കഴിയുന്ന മേഖലയിൽ ആ പണി നടത്താൻ അവരെ സഹായിക്കുന്നതാണോ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനു ഏറ്റവും നല്ലത് അതോ അവർക്ക് അറിഞ്ഞുകൂടാത്ത പുതിയ പണി സൂക്ഷ്മ തൊഴിൽ സംരംഭങ്ങളിൽകൂടി പഠിപ്പിച്ച് Safety net-ൽ പിടിക്കുന്നതാണോ നല്ലത്. ഈ Strategy-യെയാണ് ഞങ്ങൾ എതിർക്കുന്നത്, നിശ്ചയമായിട്ടും IT വേണം, പുതിയ വളർച്ചാകേന്ദ്രങ്ങൾ വേണം, പുതിയ initiatives വേണം, ടൂറിസം വേണം. ഈ മേൻമ പറയുന്ന മുഴുവൻ മേഖലകളിലും IT ആവട്ടെ B.T. ആവട്ടെ, ടൂറിസം ആവട്ടെ, പുതിയ Infrastructure Development ആവട്ടെ കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്തല്ലേ അതിനുവേണ്ടിയുള്ള നിലപാടുകളും പോളിസികളും ഉണ്ടായത്. തുടർച്ചയാണ്, അതുകൊണ്ട് ഞങ്ങൾക്ക് എതിർപ്പ് ഒന്നുമില്ല. ഇതെല്ലാം വേണ്ടതുതന്നെയാണ്. പക്ഷേ ഇതിനുവേണ്ടി വിദേശനിക്ഷേപം വേണം. സ്വകാര്യ നിക്ഷേപം തീർച്ചയായിട്ടും വേണം. പക്ഷേ അത് അങ്ങനെയൊക്കെ കൈകാര്യം ചെയ്യുമ്പോൾ, എതിർപ്പ് എവിടെയാണെന്നോ! ഇതൊക്കെ ഉണ്ടാക്കുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കുന്നതിന് എന്തു വിലയും കൊടുക്കാം എന്നുള്ളതിനാണ്. അതിനില്ല, നമ്മുടെ കേരളത്തിൽ ചില ജനാധിപത്യ പാരമ്പര്യങ്ങളുണ്ട്. ഈ നാട് സമരം ചെയ്തുനേടിയ ചില പൈതൃകങ്ങൾ, അത് ബലി കഴിക്കാൻ ഞങ്ങൾ തയ്യാറല്ല. ഇതാണ് ഈ ബഡ്ജറ്റിനോടുള്ള ഞങ്ങളുടെ വിമർശനം, ഇതിലൂടെ ഞങ്ങൾ മുന്നോട്ടുവയ്ക്കുന്നത്.

ഞാൻ പഞ്ചായത്തുകളെക്കുറിച്ചുപറഞ്ഞു. ഇവിടെ കഴിഞ്ഞദിവസം ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിച്ചപ്പോൾ, നമ്മുടെ തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി (അദ്ദേഹം ഇവിടെ ഇല്ല) ഞാൻ പറഞ്ഞ കണക്ക് ശരിയല്ലെന്നും, ഏറ്റവും റെക്കോഡ് പണം ആണ് കൊടുത്തിട്ടുള്ളത്, കൊടുത്ത പണം എല്ലാം കണക്കുകൂട്ടികഴിഞ്ഞാൽ 732 കോടി ശരാശരി ചെലവാക്കി എന്നൊക്കെ പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷേ ഇപ്പോൾ എ.ജി.യുടെ അക്കൗണ്ട്സ് നമ്മൾക്ക് കിട്ടിയിട്ടുണ്ട്. 2-ാം പേജ് വായിച്ചാൽ മതി അതിൽ പറയുന്നുണ്ട്. 'Recovery in reduction of expenditure amounted to Rs. 8089 crores, reflecting an increase of 7.2 crores viz-a-viz the budget estimates. This is mainly due to closure of PD accounts of Local Self Government'. അപ്പോൾ ഇത് കിഴിക്കേണ്ടേ. 2197 കോടി രൂപ അല്ലേ പഞ്ചായത്തുകൾ ചെലവാക്കിയത്. Economic Review-ലെ കണക്കുപ്രകാരം 3 വർഷം കൊണ്ട് കൊടുക്കേണ്ട 2197 കോടി രൂപ കൊടുക്കേണ്ടിവന്നില്ല. നേരത്തെ കൊടുത്ത 702 കോടി തിരിച്ചു മേടിച്ചു. Plan PD Account അടച്ചുകൊണ്ട് അത് കിഴിച്ചാൽ ഞാൻ പറയുന്നു 500 കോടിയേ കൊടുത്തിട്ടുള്ളു. ഞാൻ പറയുന്നത് പഴയ കണക്കിന്റെ കാര്യമല്ല. ഈ ബഡ്ജറ്റിന്റെ സ്ഥിതി എന്താണ്. 'Annexure-4-ൽ കൃത്യമായി കൊടുത്തിട്ടുണ്ട്. Annexure-4-ൽ പറയുന്നു 1661 കോടി രൂപ നൽകുമെന്ന്. Plan Grant 1225, RIDF—150, Sponsored Schemes—161, MGP—124 അങ്ങനെ എല്ലാം ചേർന്നാലും 1661 മാത്രമേ വരുന്നുള്ളു. ബഹുമാനപ്പെട്ട ധനമന്ത്രിയുടെ പ്രസംഗത്തിൽ 1375 ആണ്. അല്ലെങ്കിൽ കുറച്ചുകൂടി ഇട്ടോളു. എത്ര വരും? നിങ്ങളുടെ രേഖയിൽ പറയുന്നു സംസ്ഥാന പദ്ധതിയുടെ വിഹിതമായ 5369 കോടി രൂപയുടെ 30% ആണ് എന്ന്. ഇവിടെ അലംഘനീയമായ ഒരു നിയമം ഉണ്ടായിരുന്നു. വാർഷിക പദ്ധതിയുടെ 35-40% താഴേക്കുനൽകണമെന്ന്. ഇത് പരസ്യമായി Window dressing പോലുമില്ലാതെ, എത്ര dress ചെയ്താലും MGP എല്ലാം എടുത്ത് ചേർത്തുവച്ചാലും ഒരു ഏജൻസി function മാത്രമാണ് പഞ്ചായത്തിന് ഉള്ളത്. അവയൊക്കെ ചേർത്താൽ പോലും 30% ആണ്. രണ്ടാം ധനകാര്യ കമ്മീഷൻ നിങ്ങൾ അംഗീകരിച്ചതല്ലേ. രണ്ടാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട് എന്താ? ശുദ്ധ plan Grant 30% എങ്കിലും വരണം. RIDF മാറ്റിനിർത്തികഴിഞ്ഞാൽ വാർഷിക പദ്ധതിയുടെ 22%-മേ പഞ്ചായത്തുകൾക്ക് നൽകുന്നുള്ളു. അധികാര വികേന്ദ്രീകരണം സംബന്ധിച്ച് ഞങ്ങളല്ല, നിങ്ങളടക്കം നമ്മളെല്ലാവരും അംഗീകരിച്ച തത്വങ്ങളെ ഈ ബഡ്ജറ്റിലൂടെ അട്ടിമറിച്ചിരിക്കുകയാണ്.

പിന്നെ പൊതുമേഖലാസ്ഥാപനങ്ങൾ വളരെ ദൗർഭാഗ്യകരമായി പോയി. ധനമന്ത്രിയുടെ പ്രസംഗത്തിൽ ഒരു വാചകം പോലും പൊതുമേഖലയെക്കുറിച്ചില്ല. ഞാൻ വിചാരിച്ചു അങ്ങയുടെ പ്രസംഗത്തിൽ ചിലതുപറയുമെന്ന്. നയപ്രഖ്യാപനത്തിൽ ഇതുവരെ UDF എടുത്ത നിലപാടിൽ നിന്ന് വളരെ വ്യത്യസ്തമായ സമീപനം ഉണ്ട്. പ്രസംഗത്തിൽ ഒരു വാചകം തിരുകി കയറ്റി ERC പിരിച്ചുവിടും. ഇത് വിൽക്കലല്ല, Revival നുള്ള പരിപാടി ഉണ്ടാക്കുകയാണ്. അതിന് ERC-യുടെ agenda അല്ല, പുതിയ agenda ഉണ്ടാക്കും. കാരണം ERC-യുടെ നിബന്ധനകളും നിർദ്ദേശങ്ങളും ഈ നാട്ടിൽ നടപ്പാക്കാൻ കഴിയില്ല. തെരഞ്ഞെടുപ്പിലേക്കുപോകുന്ന നിങ്ങൾക്ക് ഒരു കാലത്തും ഈ പൊതുമേഖലാസ്ഥാപനങ്ങളെ അടച്ചുപൂട്ടാൻ കഴിയില്ല. ആ വീണ്ടുവിചാരം നയപ്രഖ്യാപനത്തിൽ ഉണ്ട്. അങ്ങയുടെ ബഡ്ജറ്റിൽ ഉണ്ടോ, എന്താണ് ബഡ്ജറ്റിൽ? Plan എടുത്തുകഴിഞ്ഞാൽ നമ്മുടെ വ്യവസായ മേഖലയ്ക്ക് കഴിഞ്ഞ തവണ 100 കോടി ഉണ്ടെങ്കിൽ ഇപ്പോൾ 105 കോടി ഉണ്ട്. Large & Medium Industries, Restructure & Revival-നു വേണ്ട പണം എന്തുകൊണ്ട് വ്യവസായ ഡിപ്പാർട്ടുമെന്റിന് കൈമാറിയില്ല? അത് എന്തിനാണ് Finance Department- ന്റെ കൈയിൽ വയ്ക്കുന്നത്. KIRF-ന്റെയും RIAB-ന്റെയുമൊക്കെ കീഴിൽ കൊടുത്തത്. വ്യവസായ വകുപ്പിന് മന്ത്രി ഇല്ലേ. ആ വകുപ്പിന്, അവർക്ക് അർഹതപ്പെട്ട പണം

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തിട്ട് അവരുതീരുമാനിക്കട്ടെ പൊതുമേഖലാസ്ഥാപനങ്ങൾ എങ്ങനെ മെച്ചപ്പെടുത്തണമെന്ന്. കഴിഞ്ഞ ദിവസം KSDP-യുടെ ചർച്ചയ്ക്ക് ബഹുമാനപ്പെട്ട വ്യവസായ മന്ത്രിയെ, എത്ര നാളായി പുറകേ നടക്കുന്നു. പ്രശ്നം എന്താ അത് Latex എടുക്കാൻ തയ്യാറായി MOU Sign ചെയ്തില്ല. വർഷം ഒന്നായി നടന്നുകൊണ്ടിരിക്കുന്നു. ആ KSDP-യെക്കുറിച്ച് Public Sector Undertaking-ന്റെ പുതിയ റിപ്പോർട്ടിൽ 7.5 കോടി നഷ്ടം ഉണ്ടാക്കി എന്നെഴുതിയിട്ടുണ്ട്. നഷ്ടം ഉണ്ടാകാതിരിക്കുന്നതെങ്ങനെയാ, ഒരു പൈസയുടെ ഉത്പാദനം ഇല്ല. 15 മാസമായി തൊഴിലാളികൾക്ക് ശമ്പളം കിട്ടിയിട്ട്. Factory-യിൽ Machine മുഴുവൻ തുരുമ്പെടുത്തുകൊണ്ടിരിക്കുകയാണ്. ഏതു കാലത്ത് ആ Factory വിറ്റാലും, മറിച്ചാലും തൊഴിലാളിക്ക് ശമ്പളം കൊടുക്കേണ്ടി വരില്ലേ. എന്നാൽ പിന്നെ സാമാന്യ യുക്തി എന്താണ്. നഷ്ടം ഇല്ലാത്ത രീതിയിൽ എന്തെങ്കിലും ഉത്പാദനം ഉണ്ടാക്കട്ടെ. അവിടത്തെ MD വ്യവസായ മന്ത്രിയോടു പറയുന്നു 25 ലക്ഷം രൂപ തന്നാൽ Firm Order ഉണ്ട് ഉത്പാദിപ്പിക്കാം എന്ന്. KIRF-ന്റെയും RIAB-ന്റെയും നിബന്ധനപ്രകാരം re-structuring-ന്റെ ഭാഗമായി Working Capital കൊടുക്കാൻ കഴിയില്ല. ആര് ഉണ്ടാക്കി ഈ നിയമം. എന്തു കൊടുക്കാം, എന്തു കൊടുക്കാൻ പാടില്ല എന്ന് ദൈവംതമ്പുരാൻ പറഞ്ഞിട്ടുണ്ടോ? വ്യവസായ മന്ത്രിക്ക് കൊടുക്കാൻ കഴിയില്ല, Finance Department-നു കഴിയില്ല ഇപ്പോഴും ഉത്പാദനം ഇല്ല. എന്നാലും ERC പോയല്ലോ. ഈ വർഷത്തെ ബഡ്ജറ്റിൽ വ്യവസായ വകുപ്പിന്റെ കീഴിൽ കിട്ടും. എന്തിനാ Finance Department ഇതെല്ലാം പിടിച്ചുവച്ചിരിക്കുന്നത്. നയം അംഗീകരിച്ചാൽ അതിന് പ്രോഗ്രാമുണ്ടെങ്കിൽ അത് ഡിപ്പാർട്ടുമെന്റ് തീർക്കട്ടേ. ഞാൻ ഓട്ടോ കാസ്റ്റിലേയ്ക്കൊന്നും സമയച്ചുരുക്കംമൂലം കടക്കുന്നില്ല. പൊതുമേഖലയോട് ഈ സമീപനമാണ്. മൊത്തത്തിൽ 21,870 കോടി രൂപയാണ് ചെലവ്. ചെലവിലെ മുൻഗണനയെക്കുറിച്ചാണ് പറഞ്ഞത്. റവന്യൂ വരുമാനം 16,623 കോടി രൂപ. നമ്മൾ 5,000 കോടി രൂപ കടം വാങ്ങി. 80 ശതമാനം റവന്യൂവിനുവേണ്ടി ചെലവഴിച്ചു. അങ്ങനെ റവന്യൂ ഡെഫിസിറ്റ് 4072 കോടി രൂപ. രണ്ടു വർഷം മുമ്പ് 2651 കോടി രൂപയാക്കുമെന്നാണ് പറഞ്ഞിരുന്നത്. ഇരട്ടിയാണിപ്പോൾ. ഇത് മറ്റുള്ള സംസ്ഥാനങ്ങളേക്കാൾ കൂടുതലാണ്. ഡെഫിസിറ്റ് കുറച്ചതിന്റെ മേനി പറയുമ്പോൾ ഇതൊക്കെ മനസ്സിൽ വയ്ക്കുന്നത് നല്ലത്. ഏതായാലും 4707 കോടി രൂപ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ റവന്യൂ ഡെഫിസിറ്റ് ഉണ്ടായിരുന്നത് 209 കോടി രൂപയായി കുറച്ചു വച്ചു. ശ്രീ. സതീശൻ പറയുന്നത് വലിയ നേട്ടമാണെന്നാണ്. എങ്ങനെയാണ്? 550 കോടി രൂപ പ്ലാൻ കട്ട് ചെയ്തിട്ടാണ് 200 കോടി രൂപ റവന്യൂ ഡെഫിസിറ്റ് കുറച്ചത്. നോൺ ഡെവലപ്മെന്റ് എക്സ്പെണ്ടിച്ചർ കുറയുകയൊന്നുമല്ല ചെയ്തിട്ടുള്ളത്. ഇവിടെയുണ്ടല്ലോ. അക്കൗണ്ട് വായിച്ചു നോക്കാവുന്നതാണ്. അതിൽ ഡി. നോൺ പ്ലാൻ ഡെവലപ്മെന്റ് എക്സ്പെണ്ടിച്ചർ. ബഡ്ജറ്റ് എസ്റ്റിമേറ്റ് 14792, റിവൈസ്ഡ് എസ്റ്റിമേറ്റ് 15,345. അടുത്ത വർഷം വരാൻ പോകുന്നത് 21,746. ഇതൊന്നും അടിസ്ഥാനപരമായിട്ടുള്ള ഒരു പുതിയ ദിശയിലേക്കുള്ള മാറ്റമായി ദർശിക്കാൻ നമുക്കാകില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുമ്പോൾ പറയേണ്ട ഒരു കാര്യം, ഈ 12,000 കോടി രൂപയെ എടുത്ത അങ്ങ് റവന്യൂ പ്രതീക്ഷിക്കുന്നതിൽ 4,700-ഓളം കോടി രൂപ കേന്ദ്രത്തിൽനിന്നുള്ള ട്രാൻസ്ഫറാണ്. ബഡ്ജറ്റ് പ്രസംഗത്തിൽ ചില അനിശ്ചിതാവസ്ഥയെക്കുറിച്ചൊക്കെ സൂചനയുണ്ടെങ്കിലും, അങ്ങ് 15 ശതമാനം കൂടുതൽ വകയിരു

LIBRARY ARCHIVES Kerala Legislative Assembly

ത്തിയിരിക്കുകയാണ്. ഞങ്ങൾക്ക് നൽകിയ Medium Term Fiscal Policy and Strategy Statement-ൽ പറഞ്ഞിരിക്കുന്നത്, അങ്ങ് പറഞ്ഞതുപോലെയല്ല. ഇങ്ങനെ സംശയം അറിഞ്ഞിട്ടും പറയാത്തതാണോ? Indications are that horizontal devolutions for all southern states including Kerala..... .താഴും. ഞങ്ങൾ 15 ശതമാനം കൺസർവേറ്റീവ് എസ്റ്റിമേറ്റ് വച്ചിരുന്നു എന്നാണ്. ഞങ്ങൾക്ക് തന്നിരിക്കുന്ന എക്കണോമിക് റിവ്യൂവിൽ കേന്ദ്ര സർക്കാരിൽനിന്നും കിട്ടുന്ന ടാക്സിന്റെ ഷെയറാണെങ്കിൽ 7.6 ശതമാനം വച്ചാണ് വർദ്ധിച്ചിട്ടുള്ളത്. ഗ്രാന്റ് ഇൻ എയ്ഡും മറ്റും 14 ശതമാനം വച്ച് ശരാശരി 11.1 ശതമാനം. 11.1 ശതമാനം വച്ച് കേന്ദ്രത്തിൽനിന്നുള്ള ട്രാൻസ്ഫർ വർദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ എങ്ങനെ കൺസർവേറ്റീവ് എസ്റ്റിമേറ്റ് 15 ശതമാനം വയ്ക്കും. അതാണ് എന്റെ ചോദ്യം. അങ്ങനെയാണെങ്കിൽ അങ്ങയുടെ കണക്കിൽ വല്ല മാറ്റവും വരുത്തേണ്ടേ? എത്രയാണ് കുറയുക? ഏതായാലും സമ്പൂർണ്ണ ബഡ്ജറ്റാണല്ലോ? അങ്ങനെ കുറയുമ്പോൾ എങ്ങനെയാണിത് കണക്കിൽ ഉൾപ്പെടുത്താതെ പോകുന്നത്? നമ്മുടെ കടബാദ്ധ്യത എങ്ങനെ വർദ്ധിക്കും? നമ്മുടെ റവന്യൂ ഡെഫിസിറ്റ് എങ്ങനെ മാറാം എന്നുള്ളതിനെക്കുറിച്ചൊരു സ്റ്റേറ്റ്മെന്റ് നിശ്ചയമായിട്ടും ഇക്കാര്യത്തിന്റെ അടിസ്ഥാനത്തിൽ അങ്ങ് തരണം. രണ്ടാമത്തെ കാര്യം എ.ആർ.എം.-നെക്കുറിച്ചാണ്. കല്യാണ ഹാളിന് 10 കോടി രൂപ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. അത് മാത്രമല്ല ലക്ഷ്വറി ടാക്സ് വേറെയും ഇല്ലേ? അതിൽനിന്നും വരുമാനമില്ലേ? എന്തേ എ.ആർ.എം.-ൽ ഉൾപ്പെടുത്താത്തത്? അങ്ങ് തന്നെ പറഞ്ഞു, Approved revision of rates അതിൽനിന്ന് എ.ആർ.എം. ഉണ്ടോ ഇല്ലയോ? കഴിഞ്ഞ വർഷം സ്റ്റാമ്പ് ഡ്യൂട്ടി പകുതിയായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 25 ശതമാനം വർദ്ധിച്ചു. ഡ്യൂട്ടി കുറവായിട്ടും ആക്ച്വൽ കളക്ഷൻ 25 ശതമാനം വർദ്ധിച്ചു. നിങ്ങൾ ഇത്തവണ 20 ശതമാനമാണ് ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. നാച്ചറൽ പോയിന്റ്സ് മാത്രം. അഡീഷണലായിട്ട് നിങ്ങൾ ഇപ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി കൂട്ടുമ്പോൾ അതിന്റെ എ.ആർ.എം. ഇല്ലേ? എന്തുകൊണ്ടാണിത് ബഡ്ജറ്റിൽ വരുത്താത്തത്? കേന്ദ്രത്തിൽനിന്നും കിട്ടുന്നത് കുറയുമ്പോൾ ആ കുറവ് നികത്താനുള്ള മാജിക് കാണിക്കുന്നതിനാണോ? ഏതായാലും ഈ രണ്ടു കാര്യങ്ങൾക്കും വിശദീകരണം വേണ്ടതാണ്. മൂന്നാമത്തേത് VAT നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടുകൊണ്ടുള്ളതാണ്. ഒന്ന്, അങ്ങ് പുതിയ വ്യവസായ സംരംഭകർക്ക് ടാക്സ് ഹോൾഡിംഗ്സും ഇൻസെന്റീവ്സും നൽകിയത് deferment system വെച്ചല്ലേ? ശ്രീ. സതീശൻ ചെറുകിട വ്യവസായങ്ങളെക്കുറിച്ച് പറഞ്ഞു. ഇതുപോലെ ഒട്ടനവധി ചെറുകിട വ്യവസായങ്ങൾ, സഹകരണ സ്ഥാപനങ്ങൾ ഇവയെല്ലാം വലിയ ബുദ്ധിമുട്ടിലേയ്ക്ക് പോകാൻ പോകുകയാണ്. ഈ ഡിഫർമെന്റ് സിസ്റ്റമെങ്കിലും, മറ്റൊന്നിനും കഴിഞ്ഞിട്ടില്ലെങ്കിലും Quid pro quo ധനസഹായം കൊടുക്കാൻ കഴിയുന്നില്ലെങ്കിൽ deferment system ഈ ടാക്സ് ഹോൾഡേഴ്സ് അനുഭവിക്കുന്നത് മാത്രമല്ല മറ്റ് ചെറുകിട സ്ഥാപനങ്ങൾക്കുംകൂടി ലഭ്യമാക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ? രണ്ട്, ഒരു സംശയവും വേണ്ട, Centre for Taxation Studies-ന്റെ, VAT-ന്റെ impaction report നോക്കിയാൽ വിലക്കയറ്റം അനിവാര്യമാണ്. ആഡംബര വസ്തുക്കൾക്ക് വിലയിടിവ് 12 പെർസെന്റ്. അതേസമയം അവശ്യ വസ്തുക്കൾക്ക് 12-ലേക്കോ 4-ലേക്കോ ഉയരും. ഇതിന്റെ അടിസ്ഥാനത്തിൽ എക്സംപ്ഷൻ ഉൽപന്നങ്ങൾക്ക്, എന്തിന് റേഷനരി മാത്രം. മുഴുവൻ ഭക്ഷ്യധാന്യങ്ങളും ടാക്സ് ഫ്രീ ആക്കണം. അവശ്യ മരുന്നുകൾക്ക് ഇന്ന് ടാക്സില്ല. അവിടെ എന്തിനാണ് പന്ത്രണ്ടര

LIBRARY ARCHIVES Kerala Legislative Assembly

ശതമാനത്തിലേയ്ക്ക് കൊണ്ടു പോകുന്നത്. അത് ഒന്നാമത്തെ ഷെഡ്യൂളിൽ കൊണ്ടു വരണം. ഫ്രോസൺ ഫിഷ്, പോൾട്രി തുടങ്ങിയ കാര്യങ്ങൾ ഒന്നാമത്തെ ഷെഡ്യൂളിൽ കൊണ്ടുവരണം. ചൂരൽ, പനമ്പ് തുടങ്ങിയ കാര്യങ്ങൾ. ഈ വിലക്കയറ്റത്തിന്റെ പശ്ചാത്തലത്തിൽ അവശ്യ സാധനങ്ങളുടെ വില നിലനിർത്തുന്നതിനുള്ള ഒരു നടപടിയിലേയ്ക്ക് അങ്ങ് നീങ്ങണം. ധനകാര്യമന്ത്രി എന്ന നിലയ്ക്ക് ഒരു പക്ഷേ ഈ വരുമാന മേഖലയിലേയ്ക്കുള്ള സാവകാശം ഇനി ഭാവിയിലും ആർക്കും കിട്ടാൻ പോകുന്നില്ല. നമ്മുടെ എന്തെങ്കിലും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നികുതിയുടെ, സാമ്പത്തിക മേഖലയിൽ ഇടപെടാനുള്ള അവകാശങ്ങൾ കേന്ദ്രത്തിന് അടിയറവ് വയ്ക്കേണ്ട ദൗർഭാഗ്യകരമായ സ്ഥിതിവിശേഷമാണ് VAT വന്നതുകൊണ്ട് ഉണ്ടായിട്ടുള്ളത്.

ശ്രീ. ആര്യാടൻ മുഹമ്മദ്: ഇവിടെ എല്ലാ പാർട്ടികളും, ശ്രീ. ശിവദാസമേനോൻ ഇവിടെ മന്ത്രിയായിരുന്നപ്പോൾ കേന്ദ്ര സർക്കാരിന്റെ ധനകാര്യ മന്ത്രി വിളിച്ചു കൂട്ടിയ കോൺഫറൻസിൽ അംഗീകരിച്ച, വെസ്റ്റ് ബംഗാൾ ചീഫ്മിനിസ്റ്റർ ജ്യോതിബസു ചെയർമാനായി, അദ്ദേഹം വച്ച് കമ്മിറ്റിയിൽ അംഗീകരിച്ച, എല്ലാ സ്റ്റേറ്റും അംഗീകരിച്ച കാര്യങ്ങളെയാണ് അങ്ങിപ്പോൾ തള്ളിപ്പറയുന്നത് എന്നുള്ളതറിയാമോ?

ഡോക്ടർ തോമസ് ഐസക്: ചില കാര്യങ്ങളെ നമുക്ക് ഇഷ്ടമില്ലെങ്കിലും അനിവാര്യമാണെന്ന് അംഗീകരിച്ച് അതിന്റെ ഉള്ളിൽനിന്നും എന്തെങ്കിലും നേടാൻ പറ്റുമോയെന്ന് നോക്കും. ഈ VAT-നെക്കുറിച്ചുള്ള ബില്ല് ചർച്ചാ വേളയിലുള്ള വിമർശനങ്ങൾക്കൊന്നും മാറ്റമില്ല. ഈ പരിമിതികളുണ്ടെന്ന് മനസ്സിലാക്കി, നമ്മുടെ ചെറുകിട വ്യവസായങ്ങളെ പ്രതികൂലമായി ബാധിക്കുമെന്ന് മനസ്സിലാക്കി അവ സംരക്ഷിക്കുന്നതിന് ബോധപൂർവ്വമായ ചില ഇടപെടലുകൾ വേണം. അതില്ല. അത് തിരുത്തുന്നതിന് അങ്ങ് തയ്യാറാകണം. ഈ വരുമാനമേഖലയിൽ വളരെ പരിമിതമായിട്ട് ഇടപെടാൻ കഴിയും.

ശ്രീ. കെ. ശങ്കരനാരായണൻ: പ്ലാനിന്റെ കാര്യം പൊക്കിപ്പിടിച്ചുകൊണ്ട് പറഞ്ഞു. ഡോക്ടർ പ്ലാനിംഗ് ബോർഡിലെ മെമ്പറായിരുന്ന കാലത്ത് ഏത് കൊല്ലത്താണ് പ്ലാൻ കട്ട് ചെയ്യാതിരുന്നത്?

ഡോക്ടർ തോമസ് ഐസക്: ഒറ്റക്കൊല്ലം മാത്രമേ മുൻ ധനകാര്യ വകുപ്പുമന്ത്രി പ്ലാൻ കട്ട് ചെയ്തിട്ടുള്ളൂ. ബാക്കി ഒരു വർഷവും പ്ലാൻ കട്ട് ചെയ്തിട്ടില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ്: ആദ്യത്തെ വർഷത്തിൽ കട്ട് ചെയ്തിരുന്നു. കാരണം, 1995-96-ൽത്തന്നെ Balance from current revenue ഞങ്ങൾ ഉണ്ടാക്കിവച്ചിരുന്നു. നിങ്ങളുടെ ഭരണം വന്നപ്പോൾ അത് മുഴുവനും പോയി. അതിനുശേഷം എല്ലാ പ്രാവശ്യവും കട്ടായിരുന്നു എന്നുള്ള കാര്യം അറിയാമോ?

ഡോക്ടർ തോമസ് ഐസക്: കണക്കിന്റെ കാര്യം ആഴത്തുകൊണ്ട് നമുക്ക് കൃത്യമായ നിഗമനത്തിൽ എത്താൻ കഴിയും. അതുകൊണ്ട് നമുക്ക് കണക്കു വച്ച് നോക്കാം. ഈ ബഡ്ജറ്റിന്റെ എക്സ്പെന്റിച്ചർ മുൻഗണനകളിൽ നിങ്ങളുടെ നയത്തിനോട് യോജിക്കാനാകില്ല. ഇത് വളരെ ജനദ്രോഹകരമാണ്. നമ്മുടെ നാട്ടിലെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് അപര്യാപ്തമാണ്. അതുകൊണ്ട് ഞങ്ങൾ ഈ ബഡ്ജറ്റിനെ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും വൈകുന്നേരം 4.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(വൈകുന്നേരം 4.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 2.40-ന്പിരിഞ്ഞു.)

അപരാഹ്ന സമ്മേളനം

സഭ വൈകുന്നേരം 4.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ വീണ്ടും യോഗം ചേർന്നു.

VII. നിയമനിർമ്മാണകാര്യം

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2004-ലെ കേരള ഭൂപരിഷ്കരണ (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2004-ലെ കേരള ഭൂപരിഷ്കരണ (രണ്ടാം) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ.എം. മാണി: 10 വർഷത്തെ യജ്ഞമാണ് ഇന്ന് പൂർത്തിയാകുന്നത്. ഞാൻ ഓർക്കുന്നു, 1995-ൽ ഞാൻ റവന്യൂ മന്ത്രിയായിരുന്നപ്പോൾ കോഴിക്കോട് വച്ച് മലബാറിലെ ജില്ലാ കളക്ടർമാരുടെയും എം.എൽ.എ.-മാരുടെയും കർഷകനേതാക്കളുടേതുമായ ഒരു കോൺഫറൻസ് വയ്ക്കുകയുണ്ടായി. ആ കോൺഫറൻസിൽ ഉയർന്നുവന്ന ഏറ്റവും വലിയ ഡിമാന്റായിരുന്നു, മലബാറിലെ കബളിപ്പിക്കപ്പെട്ട കൃഷിക്കാർക്ക് അവരുടെ കൈവശമിരിക്കുന്ന ഭൂമിക്ക് സ്ഥിരാവകാശം നൽകണം, അവരെ ഒഴിപ്പിക്കരുത് എന്നത്. കാരണം മലബാറിലെ ജൻമിമാർ, പ്രത്യേകിച്ച് വടക്കേക്കളം പോലെയുള്ള ചില ജൻമിമാർ, സറണ്ടർ ചെയ്ത് ഗവൺമെന്റിലേക്ക് മിച്ചഭൂമിയായി കാണിച്ചത് വാസ്തവത്തിൽ കൃഷിക്കാർ പ്രതിഫലം നൽകി വാങ്ങിയ ഭൂമിയാണ്. പ്രതിഫലം കൊടുത്ത് ഭൂമി വാങ്ങി കൈവശം വച്ച് സ്ഥിരദേഹണ്ഡങ്ങൾ ചെയ്തിട്ടുള്ള പാവപ്പെട്ട ആയിരക്കണക്കിന് വരുന്ന കുടിയാൻമാരെ അവർ വാങ്ങിയ സ്ഥലം മിച്ചഭൂമിയാണ് എന്നുള്ളതിന്റെ പേരിൽ കുടിയൊഴിപ്പിക്കാൻ ഒരു ഭീഷണി വരികയുണ്ടായി. അതിൽ നിന്നും അവരെ സംരക്ഷിക്കണം, അവരെ ഒഴിപ്പിക്കരുത് എന്നുള്ള ഡിമാന്റായിരുന്നു വന്നത്. രണ്ട് തരത്തിൽ അത് ചെയ്യേണ്ടിയിരുന്നു. ഒന്ന്, അവരെ ഒഴിപ്പിക്കാനുള്ള താൽക്കാലിക നിയമം കൊണ്ടുവരണം. രണ്ട്, കാർഷിക പരിഷ്കരണ നിയമം ഭേദഗതി ചെയ്തുകൊണ്ട് അവരുടെ കൈവശഭൂമിക്ക് സ്ഥിരാവകാശം നൽകണം. 1996-ലെ യു.ഡി.എഫ്. ഗവൺമെന്റ് ഈ രണ്ട് കാര്യങ്ങൾക്കും വേണ്ടി 170-ാം നമ്പർ ബിൽ അന്ന് സർക്കുലേറ്റ് ചെയ്യുകയുണ്ടായി. ആ ബില്ലിനകത്ത് കാരായ്മയും ഉണ്ടായിരുന്നു അതുപോലെതന്നെ ഇങ്ങനെ മിച്ചഭൂമി വാങ്ങിയ കൃഷിക്കാരന് പരിരക്ഷ കൊടുക്കുന്നതിന് വ്യവസ്ഥയുമുണ്ടായിരുന്നു. പക്ഷേ നിർഭാഗ്യവശാൽ അന്ന് ഒൻപതാം കേരള നിയമസഭയിൽ അത് പാസ്സാക്കാൻ സമയം

LIBRARY ARCHIVES Kerala Legislative Assembly